# ജനകീയ ആസൂത്രണം

## ചെന്നിത്തല-തൃപ്പെരുന്തുറ ഗ്രാമ പഞ്ചായത്ത്



# സമഗ്ര വികസന രേഖ

GALAXY



• ചെന്നിത്തല-തൃപ്പെരുന്തുറ പഞ്ചായത്ത്

44-.

# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

## ചെന്നിത്തല–തൃപ്പെരുന്തുറ ഗ്രാമ പഞ്ചായത്ത്

## വികസന സെമിനാർ

# സമഗ്ര വികസന രേഖ

എഡിറ്റർ :

ജി. ഗംഗാധരൻ നായർ

സബ് എഡിറ്റേഴ്സ്

ആർ. ചന്ദ്രശേഖരൻ നായർ വേണാട്ട്
കെ. നാരായണപിള്ള
എൻ. ആർ. ബി. നായർ
രാജൻ കന്ന്യത്തറ
ലിസ്സി ഡാനിയേൽ
വി. രാമകൃഷ്ണപിള്ള
പ്രൊഫ. വാസുദേവക്കുറുപ്പ്
തുമ്പിനാത്ത് രാധാകൃഷ്ണൻ
കെ. ഗോപാലൻ
ജെയിൻ ജോർജ്ജ്
റ്റി. കെ. രാഘവൻ



ഡി. റ്റി. പി.

ക്ലിയർഗ്രാഫിക്സ്
ചെന്നിത്തല

പ്രിന്റിംഗ്:

ക്ലിയർപ്രിന്റ്സ് ഓഫ്സെറ്റ്
ചെന്നിത്തല

1. ആമുഖം ....................7
2. പഞ്ചായത്ത് പൊതു വിവരണം ....................9
3. ഭരണ ചരിത്രം ....................11
4. സാംസ്കാരിക ചരിത്രം ....................13
5. ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി ....................16
6. സാമൂഹിക സാമ്പത്തിക മേഖലകൾ ....................21
I. കൃഷിയും ജലസേചനവും ....................23
II. മൃഗസംരക്ഷണവും-മത്സ്യ ബന്ധനവും ....................33
III. വ്യവസായം ....................38
IV. വിദ്യാഭ്യാസം ....................41
V. കുടിവെള്ളവും പൊതുജനാരോഗ്യവും ....................47
VI. ഗതാഗതം, ഊർജ്ജം ....................50
VII. പാർപ്പിടവും സാമൂഹ്യ ക്ഷേമവും ....................63
VIII. സംസ്കാരം ....................70
IX. വനിത ക്ഷേമം ....................75
X. സഹകരണം ....................79
XI. പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം ....................83
XII. വിഭവ സമാഹരണം ....................88
7. ഉപസംഹാരം ....................98

# ഭരണസമതി അംഗങ്ങൾ



**ആർ. ചന്ദ്രശേഖരൻ നായർ**
പ്രസിഡന്റ്



**കെ. നാരായണ പിള്ള**
വൈസ് പ്രസിഡന്റ്



**ലിസ്സി ഡാനിയേൽ**
സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ



സിരി സത്യദേവൻ



സി. കെ പുഷ്കരൻ



ഷീല തോമസ്സ്



ആർ. പുരന്ദരദാസ്



കെ. ചെല്ലപ്പൻ



തുമ്പിനാത്ത്
രാധാകൃഷ്ണൻ



റ്റി. ചെല്ലമ്മ



വർഗ്ഗീസ് മാത്യു
(വർക്കി)



ശ്രീ. പി. ജെ. കുര്യൻ
എം. പി.



ശ്രീ. എം. മുരളി
എം. എൽ. എ.



ശ്രീ. ജേക്കബ് തോമസ് അരികുപുറം
ജില്ലാ പഞ്ചായത്ത് മെമ്പർ



ശ്രീ. കെ. സദാശിവൻ പിള്ള
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ



ശ്രീ. വിളയിൽ രാമകൃഷ്ണൻ
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ



ശ്രീ. എം. പി. ക്ലമന്റ്
പഞ്ചായത്ത് സെക്രട്ടറി



1

# ആമുഖം.

നമ്മുടെ രാജ്യം ബ്രിട്ടീഷ് കൊളോണിയൽ വാഴ്ചയിൽ നിന്നു സ്വതന്ത്രമായതിനുശേഷം 49 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. രാജ്യത്തിന്റെ വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള 8 പഞ്ചവത്സര പദ്ധതികൾ നാം നടപ്പിലാക്കിയെങ്കിലും രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ ചിരകാല സ്വപ്നമായിരുന്ന "ഗ്രാമ സ്വരാജ്" എന്ന സങ്കല്പം ഇന്നും പൂർണ്ണമായി സാക്ഷാത്കരിക്കപ്പെട്ടിട്ടില്ല. ജനങ്ങളുടെ അഭിലാഷങ്ങളും ആവശ്യങ്ങളും പ്രതിഫലിപ്പിക്കുന്ന തരത്തിലുള്ള ആസൂത്രണ നയമായിരുന്നില്ല നാം പിന്തുടർന്നത്.

ബ്യൂറോക്രസിയുടെ നീരാളിപ്പിടുത്തത്തിൽ അമർന്നിരുന്ന കേന്ദ്രീകൃത ആസൂത്രണ രീതിയാണ് ഇതുവരെ നാം അവലംബിച്ചത്. അതിന്റെ ഫലമായി വികസന രംഗത്ത് നാം മുടക്കിയ സമ്പത്തിനനുസൃതമായുള്ള വികസനം യാഥാർത്ഥ്യമാക്കുവാൻ കഴിഞ്ഞിട്ടില്ല. ചോർച്ചകൾ പല തട്ടുകളിലും സംഭവിച്ചിരുന്നു. കേരളത്തിൽ 9-ാം പഞ്ചവത്സര പദ്ധതിയുടെ ആസൂത്രണ പ്രക്രിയ ആരംഭിച്ചപ്പോൾ, മുൻ അനുഭവങ്ങളുടെ വെളിച്ചത്തിൽ വികേന്ദ്രീകൃത-ജനപങ്കാളിത്വത്തോടുകൂടിയുള്ള ആസൂത്രണതന്ത്രത്തിന് തുടക്കം കുറിച്ചുകഴിഞ്ഞു. ജാതി-മത-വർഗ്ഗ വ്യത്യാസങ്ങൾക്കതീതമായി വികസന പ്രവർത്തനങ്ങളിൽ തുല്യപങ്കാളിത്തം ഉറപ്പു വരുത്തുവാൻ ജനകീയ ആസൂത്രണ പരിപാടിക്ക് കഴിയും എന്നത് ഉറപ്പാണ്. വികസനത്തിന്റെ പാതയിലൂടെ മുന്നേറുവാൻ മറ്റ് മാർഗ്ഗങ്ങൾ നമ്മളുടെ മുന്നിൽ ഇല്ലതന്നെ. ജനങ്ങൾക്കു നൽകുന്ന അധികാരത്തോടൊപ്പം 40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്കു നൽകുവാനാണ് നിശ്ചയിച്ചിരിക്കുന്നത്. എല്ലാ കാര്യങ്ങളും സർക്കാരിന്റെ കൈകളിൽ കൂടി നടക്കണം എന്ന ഇന്നത്തെ മനോഭാവത്തിൽ നിന്ന്, ലഭ്യമാകുന്ന വികസന ഫണ്ടുകൾക്കൊപ്പം ജനങ്ങളുടെ സംഭാവനകളും (പണം, വിഭവങ്ങൾ, അദ്ധ്വാനം) വികസന പ്രവർത്തനത്തിനുള്ള സ്രോതസ്സുകളായി മാറ്റിയാൽ മാത്രമേ വികസന പ്രക്രിയ ത്വരിതപ്പെടുത്തുവാൻ കഴിയൂ. ജനകീയ പങ്കാളിത്വം ഫലപ്രദമാകുമ്പോൾ സ്വാഭാവികമായും നാം ഏറ്റെടുക്കുവാൻ പോകുന്ന പ്രവർത്തികളുടെ നടത്തിപ്പ് കാര്യക്ഷമവും ശീഘ്രവും സുതാര്യവും തൃപ്തികരവുമായി പൂർത്തിയാക്കുവാൻ സാധിക്കും എന്ന കാര്യം തർക്കമറ്റതാണ്.

പൂർണ്ണമായും ഒരു കാർഷിക മേഖലയായ ഈ പഞ്ചായത്തിൽ കാർഷിക രംഗത്തെ പ്രശ്നങ്ങൽ പരിഹരിക്കുന്നതിന് ചെന്നിത്തല കൃഷിഭവന്റെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട ഒരു കാർഷിക ഉപദേശക സമിതി പ്രവർത്തിക്കുന്നുണ്ട്. നെല്ലുല്പാദക സമിതി ഭാരവാഹികൾ, കേര വികസന സമിതി ഭാരവാഹികൾ, പഞ്ചായത്ത് സമിതിയംഗങ്ങൾ, കാർഷകത്തൊഴിലാളി സംഘടനകളുടെ പ്രതിനിധികൾ തുടങ്ങിയവർ ഈ സമിതി അംഗങ്ങളാണ്.

ജനകീയ ആസൂത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി ഒക്ടോബർ 7 മുതൽ 9 വരെ ചെങ്ങന്നൂരിൽ നടന്ന ജില്ലാതല പരിശീലനത്തിൽ ഈ പഞ്ചായത്തിൽ നിന്നും 7 പേർ പങ്കെടുത്തു. ഒക്ടോബർ 13 ന് പഞ്ചായത്തുതല ജനകീയ ആസൂത്രണ ഏകദിന ശില്പശാല സംഘടിപ്പിച്ചു, വിവിധ വാർഡുകളെ പ്രതിനിധീകരിച്ച് 65 പ്രാദേശിക പരിശീലകർ പങ്കെടുത്തു. ഒക്ടോബർ 14 മുതൽ ഒക്ടോബർ 29 വരെയുള്ള കാലയളവിൽ എല്ലാ വാർഡുകളിലേയും ഗ്രാമസഭകൾ നമുക്ക് പൂർത്തിയാക്കുവാൻ സാധിച്ചു. ഗ്രാമസഭകൾ വികസന സംബന്ധമായ പ്രശ്നങ്ങൾ ചർച്ചചെയ്യുകയും നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു. ആദ്യ ദിവസങ്ങളിൽ നടന്ന ഗ്രാമസഭകളിൽ ജനപങ്കാളിത്വം വേണ്ടത്ര ഉണ്ടായില്ലങ്കിലും പിന്നീട് നടന്നവയിൽ ആ കുറവ് പരിഹരിക്കപ്പെടുകയുണ്ടായി.

11 വാർഡുകളിലായി നടന്ന ഗ്രാമ സഭകളിൽ 2150 പേർ പങ്കെടുത്തു. (സ്ത്രീകൾ 575, പുരുഷന്മാർ 1575) ജനകീയ ആസൂത്രണ പ്രക്രിയയുടെ ഒന്നാം ഘട്ടം അവസാനിച്ചപ്പോൾ, പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ തയ്യാറുള്ള നല്ലൊരു വിഭാഗം ജനങ്ങളെ കണ്ടെത്തുവാൻ കഴിഞ്ഞു.

തുടർ പ്രവർത്തനങ്ങളായ ദ്വിതീയ വിവര ശേഖരണവും പഠന പര്യടനവും, വിഭവഭൂപട നിർമ്മാണവും നിശ്ചയിച്ച സമയത്തുതന്നെ പൂർത്തിയാക്കുവാൻ സാധിച്ചു. ജനകീയ ആസൂത്രണത്തിന്റെ രണ്ടാം ഘട്ട ജില്ലാതല പരിശീലനം നവംബർ 7, 8, 9 തീയതികളിൽ മാവേലിക്കര ഗവ. T. T. I.-ൽ നടക്കുകയും പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാർഡിങ് കമ്മറ്റി ചെയർ പേഴ്സൻ, പഞ്ചായത്ത് സെക്രട്ടറി എന്നിവരുൾപ്പെടെ 16 പേർ പങ്കെടുക്കുകയും ചെയ്തു. രണ്ടാം ഘട്ട പഞ്ചായത്തുതല പരിശീലനം 13-11-96 ന് നടത്തുകയും വിവിധ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർ ഉൾപ്പെടെ 76 പേർ പങ്കെടുത്ത് പരിശീലനം നേടുകയും ചെയ്തു.

12 വികസന വിഷയങ്ങളെ ആധാരമാക്കി വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് പഞ്ചായത്ത് മെമ്പറന്മാർ ചെയർമാന്മാരായും DRP മാർ കൺവീനർന്മാരായും 12 കമ്മറ്റികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. പ്രസ്തുത കമ്മറ്റികൾ തയ്യാറാക്കിയ റിപ്പോർട്ടുകൾ ക്രോഡീകരിച്ച് പഞ്ചായത്തിന്റെ സമഗ്രവികസന രേഖ തയ്യാറാക്കി നമ്മുടെ വികസന ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള ശ്രമത്തിന് തുടക്കം കുറിച്ചിരിക്കുകയാണ്.

ചെന്നിത്തല-തൃപ്പെരുന്തുറ ഗ്രാമ പഞ്ചായത്തിലെ ജനങ്ങളുടെ രാഷ്ട്രീയ- സാമൂഹ്യ ബോധത്തിന്റേയും ജനങ്ങൾ പ്രകടിപ്പിച്ച ആവേശത്തിന്റേയും അന്ത:സത്ത ഉൾക്കൊണ്ടുകൊണ്ട് ജനകീയ ആസൂത്രണ പ്രക്യയയിൽ നമുക്ക് പങ്കുചേരാം.



2

# പഞ്ചായത്ത് പൊതുവിവരണം

| | |
|---|---|
| 1. പഞ്ചായത്തിന്റെ പേര്: | ചെന്നിത്തല-തൃപ്പെരുന്തുറ ഗ്രാമ പഞ്ചായത്ത് |
| 2. ഉൾപ്പെടുന്ന റവന്യൂ വില്ലേജുകൾ: | (i) ചെന്നിത്തല<br>(ii) തൃപ്പെരുന്തുറ |
| 3. ബ്ലോക്ക് പഞ്ചായത്ത്: | മാവേലിക്കര |
| 4. അസംബ്ലി മണ്ഡലം: | മാവേലിക്കര |
| 5. ജില്ലാ പഞ്ചായത്ത് ഡിവിഷൻ: | ചെന്നിത്തല. |
| 6. താലൂക്ക്: | മാവേലിക്കര |
| 7. ജില്ല: | ആലപ്പുഴ |
| 8. വിസ്തീർണ്ണം: | 22.26 ച. കി. മീ. |
| 9. ജനസംഖ്യ: | 27569 |
| 10. ജനസാന്ദ്രത: | 1415/1sq km |
| 11. വാർഡുകളുടെ എണ്ണം: | 11 |
| 12. അതിരുകൾ: | വടക്ക്- മാന്നാർ പഞ്ചായത്ത്<br>കിഴക്ക്- മാന്നാർ, ബുധനൂർ പഞ്ചായത്തുകൾ<br>തെക്ക്- മാവേലിക്കര മുൻസിപ്പാലിറ്റി, ചെട്ടികുളങ്ങര പഞ്ചായത്ത്<br>പടിഞ്ഞാറ്- പള്ളിപ്പാട് പഞ്ചായത്ത് |
| 13 പ്രസിഡന്റ്: | ശ്രീ. ആർ. ചന്ദ്രശേഖരൻ നായർ |
| 14. വൈസ് പ്രസിഡന്റ്: | ശ്രീ. കെ. നാരായണപിള്ള |
| 15. സ്റ്റാൻഡിങ് കമ്മറ്റി ചെയർ പെഴ്സൺ: | ശ്രീമതി. ലിസ്സി ഡാനിയൽ |

# മുൻ പഞ്ചായത്ത് പ്രസിഡന്റുമാർ



കെ. ജി. ദാമോദരൻ നായർ
കൂട്ടുങ്കൽ



കെ. ജി. ഭാസ്ക്കരക്കുറുപ്പ്
തെക്കേവഴിക്കൽ



എൻ. ഗോപാലൻ നായർ
കണ്ണംങ്കര



വി. കൃഷ്ണപിള്ള
നാടാലയ്ക്കൽ



കെ. ഐ. ചാണ്ടപ്പിള്ള
കോട്ടപ്പുറത്ത്



ആർ. ഗോപാലകൃഷ്ണൻ നായർ
കുളത്തൂരാമ്പറമ്പിൽ



കെ. സദാശിവൻ പിള്ള
മണിമന്ദിരം



രാമകൃഷ്ണൻ
വിളയിൽ

3



# ഭരണ ചരിത്രം

റവന്യൂ അധികാരികളെ ഭരണപരമായി സഹായിക്കുന്നതിന് രൂപീകരിക്കപ്പെട്ടിരുന്ന വില്ലേജ് യൂണിയനുകൾ പഞ്ചായത്തുകൾ നിലവിൽ വരുന്നതിന് മുൻപ് നിലനിന്നിരുന്നു. 1947 മാർച്ച് മാസം 11-ാം തീയതിയിലെ ഗവ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1949- ൽ വില്ലേജ് യൂണിയനിലെ അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ചെന്നിത്തല- തൃപ്പെരുന്തുറ അപ്പ്‌ലിഫ്റ്റ് പഞ്ചായത്ത് രൂപീകരിക്കപ്പെടുകയും അധികാര മേഖലയായി ചെന്നിത്തല, തൃപ്പെരുന്തുറ എന്നീ വില്ലേജുകളുടെ പ്രദേശം നിശ്ചയിക്കുകയും ചെയ്തു. പ്രസ്തുത അപ്പ്‌ലിഫ്റ്റ് പഞ്ചായത്ത് സമിതിയുടെ പ്രഥമ യോഗം വില്ലേജ് യൂണിയൻ ഓഫീസിൽ വച്ച് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ. ജി. ദാമോദരൻ നായരുടെ (കൂട്ടുങ്കൽ) അദ്ധ്യക്ഷതയിൽ കൂടി. ആ പഞ്ചായത്ത് ഭരണസമിതിയിൽ ശ്രീ. സി. ഒ. ഇടിക്കുള വക്കീൽ, ശ്രീ. എം. കെ. കൃഷ്ണപിള്ള, ശ്രീ. സി. ജി. ജോർജ്ജ്, ശ്രീ. കെ. കേശവപിള്ള, ശ്രീ. എസ്സ്. നീലകണ്ഠൻ നായർ എന്നിവരും അംഗങ്ങളായിരുന്നു. പഞ്ചായത്തിന് ഒരു ആസ്ഥാനം പണിയുന്നതിന് ആവശ്യമായ സ്ഥലം ഈ ഭരണ സമിതിയുടെ കാലത്താണ് 95-ാം നമ്പർ ഷൺമുഖവിലാസം NSS കരയോഗം "നാഗത്തിൻകീഴ്" പുരയിടത്തിൽ നിന്നും സംഭാവനയായി നൽകിയത്. പഞ്ചായത്തിന്റെ ആദ്യത്തെ സെക്രട്ടറിയായി നാമ്പോഴിൽ ശ്രീ നാണുപിള്ളയേയും പ്യൂണായി കോതകേരിൽ ശ്രീ വാസുപിള്ളയേയും നിയമിച്ചതും ഈ കാലയളവിലാണ്.

1951-ൽ ജനാധിപത്യ രീതിയിൽ പഞ്ചായത്തിലെ ഒൻപത് വാർഡുകളിലേയ്ക്ക് തെരഞ്ഞെടുപ്പ് നടക്കുകയും തുടർന്ന് പഞ്ചായത്ത് പ്രസിഡന്റായി തെക്കേവഴിക്കൽ ശ്രീ. കെ. ജി. ഭാസ്കരക്കുറുപ്പിനേയും വൈസ് പ്രസിഡന്റായി കോട്ടപ്പുറത്ത് ശ്രീ. കെ. സി. ചെറിയാനേയും തെരഞ്ഞെടുക്കുകയും ചെയ്തു. 1963-ൽ ഒൻപതംഗ പഞ്ചായത്ത് ഭരണ സമിതിയിലേയ്ക്ക് വീണ്ടും തെരഞ്ഞെടുപ്പ് നടക്കുകയും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെക്കൂടാതെ വനിതാ പ്രതിനിധിയായി പ്രേംനിവാസിൽ ശ്രീമതി. സുമതി ആർ. വർമ്മയെ പഞ്ചായത്ത് സമിതി നോമിനേറ്റ് ചെയ്യുകയും ചെയ്തു. പ്രസ്തുത പഞ്ചായത്ത് സമിതി പ്രസിഡന്റായി കണ്ണങ്കര ശ്രീ. എൻ. ഗോപാലൻ നായർ തെരഞ്ഞെടുക്കപ്പെട്ട് 1965-ൽ പഞ്ചായത്ത് സമിതിയംഗത്വം രാജിവയ്ക്കുന്നതുവരെ തുടരുകയും ചെയ്തു. തുടർന്ന് പ്രസിഡന്റായി നാടാലയ്ക്കൽ ശ്രീ. വി. കൃഷ്ണപിള്ള തിരഞ്ഞെടുക്കപ്പെട്ടു. 1967-ൽ ശ്രീ. വി. കൃഷ്ണപിള്ള രാജി സമർപ്പിച്ചതിനെ തുടർന്ന് ഉണ്ടായ പഞ്ചായത്ത് പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ കോട്ടപ്പുറത്ത് ശ്രീ. കെ. ഐ ചാണ്ടപ്പിള്ള വിജയിച്ച് പ്രസിഡന്റ് ആയി സ്ഥാനമേറ്റു. 19-11-1973 മുതൽ 9-12-'76 വരെ പ്രസിഡന്റ്-ഇൻ-ചാർജ്, പ്രസിഡന്റ് എന്നീ നിലകളിൽ കുളത്തൂരാംപറമ്പിൽ ശ്രീ. ആർ ഗോപാലകൃഷ്ണൻനായർ ഈ പഞ്ചായത്തിന്റെ ഭരണ നേതൃത്വം വഹിച്ചു. 10-12-1976 മുതൽ ശ്രീ. കെ. ഐ ചാണ്ടപിള്ള വീണ്ടും പഞ്ചായത്ത് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട് ചുമതലയേറ്റു. 1979-ൽ നടന്ന തെരഞ്ഞെടുപ്പിൽ ഈ പഞ്ചായത്തിലെ വാർഡുകളുടെ എണ്ണം 11 ആയി പുനർനിർണ്ണയിച്ച് പ്രതിനി

ധികളെ തെരഞ്ഞെടുത്തു. 28-9-1979 ന് നടന്ന പഞ്ചായത്ത് സമിതിയോഗം മണിമന്ദിരം ശ്രീ. കെ. സദാശിവൻ പിള്ളയെ പ്രസിഡന്റായി തെരഞ്ഞെടുക്കുകയും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഭരണം നടത്തുകയും ചെയ്തു. 1988-ൽ പഞ്ചായത്ത് ഭരണസമിതിയിലേക്ക് തെരഞ്ഞെടുപ്പ് നടക്കുകയുണ്ടായി. 6-2-1988 -ൽ നടന്ന പഞ്ചായത്ത് സമിതി യോഗത്തിൽ വച്ച് ശ്രീ. വിളയിൽ രാമകൃഷ്ണൻ പഞ്ചായത്ത് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട് ചുമതലയേറ്റു.

പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതിനുശേഷവും, പഞ്ചായത്തുകളിലേക്ക് വനിതാ സംവരണം 33% ആയി ഉയിർത്തിയതിനുശേഷവും നടന്ന 1995 ലെ തെരഞ്ഞെടുപ്പ് വളരെ സവിശേഷതകൾ ഉള്ളതായിരുന്നു. 1995 ഒക്ടോബർ 2 ന് പുതിയ പഞ്ചായത്ത് സമിതി നിലവിൽ വരുകയും ശ്രീ. ആർ. ചന്ദ്രശേഖരൻ നായർ വേണാട്ട് പഞ്ചായത്ത് പ്രസിഡന്റായും, വടക്കേപുളിവേലിൽ ശ്രീ. കെ. നാരായണപിള്ള വൈസ് പ്രസിഡന്റായും, ആയിക്കുന്നത്ത് ശ്രീമതി. ലിസ്സി ഡാനിയൽ സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർ പെഴ്സൻ ആയും തെരഞ്ഞെടുക്കപ്പെട്ട് ഭരണം നടത്തിവരികയാണ്. ഇപ്പോഴത്തെ മറ്റ് പഞ്ചായത്ത് സമിതിയംഗങ്ങൾ ശ്രീമതി. സിരി സത്യദേവൻ, ശ്രീ. സി. കെ. പുഷ്കരൻ, ശ്രീമതി ഷീല തോമസ്, ശ്രീ. ആർ പുരന്ദരദാസ്, ശ്രീ. കെ. ചെല്ലപ്പൻ, ശ്രീ. തുമ്പിനാത്ത് രാധാകൃഷ്ണൻ, ശ്രീമതി. റ്റി. ചെല്ലമ്മ, ശ്രീ. വർഗീസ് മാത്യു (വർക്കി) എന്നിവരാണ്.

സർവ്വശ്രീ. സി. ഒ ഇടിക്കുള വക്കീൽ, കോട്ടപ്പുറത്ത് ശ്രീ. കെ. സി. ചെറിയാൻ, നാടാലയ്ക്കൽ ശ്രീ. വി. കൃഷ്ണപിള്ള, കുളത്തുരാമ്പറമ്പിൽ ശ്രീ. ആർ. ഗോപാലകൃഷ്ണൻ നായർ, കാഞ്ഞരത്തുംമൂട്ടിൽ ശ്രീ. കെ. കെ. കുട്ടി, വെട്ടിയാറ്റേത്ത് ശ്രീ. വൈ. യേശുദാസ്, പറയകാട്ട് ശ്രീ. വർഗീസ് മാത്യു (വർക്കി) എന്നിവർ വിവിധ കാലയളവിൽ ഈ പഞ്ചായത്തിന്റെ വൈസ് പ്രസിഡന്റന്മാരായി സേവനം അനുഷ്ടിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ നാളിതുവരെയുള്ള ഭരണചരിത്രത്തിൽ സംഭവബഹുലമായ അനവധി മുഹൂർത്തങ്ങളുണ്ട്. നമ്മളിൽ പലരുടേയും സ്മരണകളിൽ അവ ഇപ്പോഴും തങ്ങി നിൽക്കുന്നുണ്ടാകാം. ഈ പഞ്ചായത്തിന്റെ വികസനത്തിനുവേണ്ടി യത്നിച്ച എല്ലാ മുൻ ഭരണാധികാരികളേയും അവരുടെ സേവനങ്ങളേയും ആദരപൂർവ്വം ഈയവസരത്തിൽ സ്മരിച്ചുകൊള്ളുന്നു.





4

# സംസ്കാരിക ചരിത്രം

ചെന്നിത്തല-തൃപ്പെരുന്തുറ പ്രദേശങ്ങൾക്ക് ഗണനീയമായ സംസ്കാരിക പൈതൃകവും, പാരമ്പര്യവും സാമൂഹ്യ പശ്ചാത്തലവും ഉള്ളതായി വിശ്വസിക്കാവുന്ന സൂചനകളുണ്ട്. അച്ചൻകോവിലാറും വിശാലമായ പാടശേഖരവും കൊണ്ട് അനുഗൃഹീതവും പ്രകൃതിസുന്ദരവുമായ ഈ ഗ്രാമത്തെപ്പറ്റി പ്രാചീന കൃതികളിൽ പരാമർശമുണ്ട്. കൊല്ലവർഷം ആറാം ശതകത്തിൽ രചിച്ചതെന്ന് കരുതപ്പെടുന്ന അജ്ഞാതനായ കവിയുടെ പ്രസിദ്ധ കാവ്യമായ ഉണ്ണുനീലി സന്ദേശത്തിൽ "ഇനിയ പുഴയും ചെറ്റ് പിന്നിട്ട്" "മുറ്റെ ചെന്നിത്തല മറുകരത്ത ന്മിലാ ലോകയേഥാ" എന്നും തൃപ്പെരുന്തുറ മഹാദേവരെ സ്തുതിച്ചും "നാമം ചൊൽവാനരുതവിടവും ചെറ്റു പിന്നിട്ടുപോക" എന്ന് ഇരമത്തൂരിനെ പരാമർശിച്ചും വലിയ പെരുമ്പുഴക്കടവിനെക്കുറിച്ചും പ്രസ്താവമുണ്ട്. പ്രാചീനകാലം മുതൽക്കേ ഈ സ്ഥലങ്ങൾ മറ്റുള്ളവരുടെ സഞ്ചാരത്തിനും പരിഗണനയ്ക്കും വിധേയമായിരുന്നുവെന്ന് ഇങ്ങനെയുള്ള തെളിവുകളിൽ നിന്നും അനുമാനിക്കാവുന്നതാണ്.

ഈ പ്രദേശങ്ങൾ കായംകുളം രാജാവിന്റെ അധീനതയിലും ഭരണത്തിലും ആയിരുന്നതായി പഴമക്കാർ പറഞ്ഞറിവുണ്ട്. കായംകുളം രാജാവിന്റെ മന്ത്രികാര്യാലയം ഇവിടെ പ്രവർത്തിച്ചിരുന്നതായും "കോട്ട മുറി", "കോട്ടയ്ക്കകം" എന്നിവ രാജ്യാതിർത്തിയെ സൂചിപ്പിക്കുന്നതായും കരുതാം. കാലക്രമത്തിൽ അധികാരങ്ങൾ കൈമാറ്റപ്പെടുകയും പുതിയ സംവിധാനങ്ങൾ മാറി മാറി രൂപപ്പെടുകയും ചെയ്തിട്ടുണ്ട്. ഇടപ്പള്ളി സ്വരൂപത്തിനും ഇവിടെ ആസ്ഥാനം ഉണ്ടായിരുന്നു. ഇന്നും സ്വത്തുക്കൾ ഉണ്ട്.

ചെന്നിത്തലയെപ്പറ്റി അംഗീകരിക്കപ്പെടാത്ത ചില ഐതിഹ്യങ്ങളുണ്ട്. ചോള-പാണ്ഡ്യരായ വിദേശികൾ ഇവിടെ താവളം ഉറപ്പിച്ചിരുന്ന കാലത്ത് സംഘട്ടനങ്ങൾ ഉണ്ടാവുകയും രക്തച്ചൊരിച്ചിലുണ്ടായി ചെന്നിണം (ചെന്നീർ) ഒഴുകി ചെന്നീർക്കര ആയതായും കാലക്രമേണ ചെന്നിത്തലയായി അറിയപ്പെട്ടതായും അവകാശപ്പെടുന്നതാണ് ആ ഐതിഹ്യം. തൃപ്പെരുന്തുറ എന്നത് "തിരു-പെരുംതുറൈ" ആണന്ന് പറയപ്പെടുന്നു. കടൽ വളരെ അടുത്തുവരെ ആയിരുന്നുവെന്നും ഇവിടെ തുറ (വാണിജ്യകേന്ദ്രം) ഉണ്ടായിരുന്നതായും, വിദേശവാണിജ്യം പ്രചാരത്തിലും പ്രാബല്യത്തിലും നിലനിന്നിരുന്നതായും പഴമക്കാർ വിശ്വസിക്കുന്നു. പാണ്ഡവന്മാർ വനവാസ കാലത്ത് മത്തുംപടി വഴി കടന്നു പോയതായി ഐതിഹ്യമുണ്ട്. ഐതിഹ്യങ്ങളും കേട്ടുകേഴ്വികളും എന്തായിരുന്നാലും ഇവിടെ ഒരു സാമൂഹ്യ-സാംസ്കാരിക പശ്ചാത്തലം ഉണ്ടായിരുന്നതായി അംഗീകരിക്കാവുന്നതാണ്.

ആദ്ധ്യാത്മിക പാരമ്പര്യവും സാംസ്കാരിക പരിതസ്ഥിതിയും മത സൗഹാർദ്ദവും പരിപാലിച്ചിരുന്നതായി ഇവിടെയുള്ള ക്ഷേത്രങ്ങളും വിവിധ മതാനുയായികളുടെ ആരാധനാ കേന്ദ്രങ്ങളും ആശ്രമങ്ങളും സാമൂഹ്യ- സംഘടനാ സങ്കേതങ്ങളും സാക്ഷ്യം വഹിക്കുന്നു. ചെന്നിത്തല സിദ്ധൻ എന്നറിയപ്പെട്ടിരുന്ന ശ്രീ

ധർമ്മാനന്ദസ്വാമികൾ സാർവ്വാത്മനാ സ്മരണീയനാണ്. ആത്മബോധോദയ സംഘവും ശ്രീ ശുഭാനന്ദാശ്രമവും ആത്മീയ സങ്കേതങ്ങളാണ്. കലാ-സാംസ്കാരിക രംഗങ്ങളിലും ഈ പ്രദേശത്തിനുണ്ടായിരുന്ന പ്രാഗത്ഭ്യവും, പ്രാവിണ്യവും വെളിവാക്കുന്ന ശിലാ ലിഖിതങ്ങളും, ചുവർ ചിത്രങ്ങളും ഇന്നും കാണാവുന്നതാണ്. തൃപ്പെരുന്തുറ മഹാദേവർ ക്ഷേത്രത്തിലും ഇടപ്പള്ളി സ്വരൂപം വക മാളികയിലും (വലിയ മഠത്തിൽ) ഉള്ള ചുവർചിത്രങ്ങൾ പ്രാചീന ചിത്രകലാകാരന്മാരുടെ കൈവിരുതിനെ അനുസ്മരിപ്പിക്കുന്നു. പ്രസിദ്ധ ചിത്രകാരന്മാരായി പലരും അറിയപ്പെട്ടിരുന്നു, അടുത്തകാലത്ത് അന്തരിച്ച ആർട്ടിസ്റ്റ് ചിത്രാലയം ശ്രീ. നാരായണൻ നായർ അനുഗൃഹീതനായ കലാകാരനും പ്രതിമാ നിർമ്മാതാവുമായിരുന്നു.

കഥകളിയിലും പ്രസിദ്ധരായ പലർക്കും ഈ പ്രദേശം ജന്മം നൽകിയിട്ടുണ്ട്. ചെന്നിത്തല കൊച്ചുപിള്ള പണിക്കർ, കുഞ്ഞൻപിള്ള തുടങ്ങിയ കഥകളി നടന്മാരുടെ പിന്മുറക്കാരനായ ശ്രീ. ചെന്നിത്തല ചെല്ലപ്പൻപിള്ള പ്രശസ്തിയുടെ പടവുകൾ കടന്ന് ഇന്ന് ഉന്നത ശ്രേണിയിൽ എത്തിയിട്ടുള്ളതും ചെന്നിത്തലയുടെ അഭിമാനഭാജനമായിട്ടുള്ളതുമാണ്. ചെന്നിത്തല കൊച്ചുപിള്ള നായർ കഥകളി പാട്ടുകാരനായിരുന്നു. ചെന്നിത്തല രാമകൃഷ്ണപിള്ള, ശ്രീ രാമൻനായർ തുടങ്ങിയ തുള്ളൽകലാകാരന്മാരും പ്രസിദ്ധരായിരുന്നു. പ്രസിദ്ധ സാഹിത്യകാരനായിരുന്ന ശ്രീ. എൻ. പി. ചെല്ലപ്പൻ നായർക്ക് ജന്മം നൽകുവാനുള്ള ഭാഗ്യവും ഈ ദേശത്തിനു തന്നെയായിരുന്നു. പ്രശസ്തനും സാഹിത്യ രംഗത്തെ ശക്തി അവാർഡ് തുടങ്ങി നിരവധി അവാർഡുകൾക്ക് അർഹനുമായ യുവകവി ശ്രീ. എം. കൃഷ്ണൻകുട്ടി ചെന്നിത്തലയുടെ അഭിമാനമാണ്. പ്രശസ്ത സാഹിത്യകാരനായ ശ്രീ. കെ. എൽ. മോഹനവർമ്മ ജനിച്ചു വളർന്നതും ചെന്നിത്തലയുടെ മണ്ണിലാണ്. ശ്രീ. ചെന്നിത്തല കൃഷ്ണയ്യർ അറിയപ്പെടുന്ന ഒരു സാഹിത്യകാരനായിരുന്നു. പൊതുവേ അറിയപ്പെടാത്തവരായി വേറേയും സാഹിത്യകാരന്മാരും കലാകാരന്മാരും ചെന്നിത്തല-തൃപ്പെരുന്തുറ പ്രദേശങ്ങളിലുണ്ടായിട്ടുണ്ട്.

സാമാന്യ ജനങ്ങളുടെ ഗ്രന്ഥപാരായണ താല്പര്യവും പൊതുവിജ്ഞാനവും വളർത്തത്തക്കവിധം സാംസ്കാരിക കേന്ദ്രങ്ങളും ഇവിടെയുണ്ട്. പ്രബുദ്ധരും വിജ്ഞാനകുതുകികളുമായ കുറേ പ്രവർത്തകർ അക്ഷീണ പരിശ്രമം ചെയ്ത് സ്ഥാപിച്ച തെക്കുംമുറി, ദേശാഭിമാനി ഗ്രന്ഥശാല ഉന്നതനിലവാരം പുലർത്തുന്നു. പഞ്ചായത്ത് സാംസ്കാരിക കേന്ദ്രമായി പ്രഖ്യാപിച്ച് ഏറ്റെടുത്ത ആ ഗ്രന്ഥശാല പുരോഗതിയുടെ പാതയിലാണ്. കിഴക്കേവഴിയിലെ ജനതാഗ്രന്ഥശാലയും തൃപ്പെരുന്തുറയിലെ കലാപോഷിണി ഗ്രന്ഥശാലയും മികച്ച ഗ്രന്ഥസമ്പത്തുള്ള സാംസ്കാരിക കേന്ദ്രങ്ങളാണ്.

വിദ്യാഭ്യാസ പ്രവർത്തനങ്ങളിലും ഈ പ്രദേശം ഒട്ടം പിന്നിലല്ല. പൊതു വിദ്യാഭ്യാസത്തിനുവേണ്ടി പല മഹത്വ്യക്തികളും നിർലോഭമായ സൗജന്യവും സഹായവും നൽകിയിരുന്നു. പുളിന്താനത്ത് ശ്രീ ശങ്കരപിള്ള അവർകൾ 80 വർഷം മുൻപ് സ്ഥാപിച്ച വെട്ടത്തുവിള എൽ. പി. സ്കൂളും പിന്നീട് സ്ഥാപിച്ച കളരിക്കൽ സ്കൂളുകളും സർക്കാരിലേക്ക് സൗജന്യമായി വിട്ടുകൊടുക്കയും ഇന്ന് ഉന്നത നിലയിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസത്തിൽ പിന്നോക്കാവസ്ഥയിലായിരുന്ന പ്രദേശത്ത് കൊന്നക്കോട്ട് ശ്രീ. രാമൻപിള്ള അവർകൾ വളരെ മുൻപ് സ്ഥാപിച്ച ചെന്നിത്തല തെക്ക് എൽ. പി. സ്കൂളും കൊന്നക്കോട്ട് ശ്രീ. നീലകണ്ഠപിള്ള അവർകൾ കൊല്ലവർഷം 1115-ൽ സ്ഥാപിച്ച ഹരിജനോദ്ധാരണി എൽ. പി. സ്കൂളും സർക്കാരിലേക്ക് പ്രതിഫലം വാങ്ങാതെ വിട്ടുകൊടുത്തു. ചെന്നിത്തല തെക്ക് ശ്രീ. കുമാര ഗണകന്റേയും മറ്റും ശ്രമഫലമായി സ്ഥാപിച്ച സംസ്കൃതസ്കൂൾ കല്ലൂക്കാട്ട് ശ്രീ. കേശവപിള്ളയുടെ മാനേജുമെന്റിൽ സംസ്കൃത ഹൈസ്കൂളായും സർക്കാരിന്റെ ഭരണപരമായ വിദ്യാഭ്യാസ പരിഷ്കാരങ്ങളെ തുടർന്ന് 45 വർഷമായി ചെന്നിത്തല സൗത്ത് യു. പി. സ്കൂളായും പ്രവർത്തിക്കുന്നു.

യശ:ശരീരനായ അമ്പലപ്പാട്ട് എ. എസ്സ്. ദാമോദരൻ ആശാൻ, വിദ്യഭ്യാസ ഡെപ്യൂട്ടി ഡയറക്ടറായിരുന്ന വാരോട്ടുമഠം രാമനാഥ അയ്യർ, കാളിയത്ത് പത്മനാഭപിള്ള, പുളിന്താനത്ത് നീലകണ്ഠപിള്ള, പുതുമഠത്തിൽ കെ. ഇ. ചാക്കോ തുടങ്ങിയവരും, ഇപ്പോഴും പ്രവർത്തന നിരതനായ കോട്ടപ്പുറത്ത് ശ്രീ. കെ. സി. ചെറിയാൻ മുതലായവരും മുൻകൈയ്യെടുത്ത് 1953-ൽ സ്ഥാപിച്ച ചെന്നിത്തല മഹാത്മാ ഹൈസ്കൂൾ ഇന്ന് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമായ രണ്ട് ഹൈസ്കൂളുകളായി പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുന്നു. ഓഹരിയുടമകൾ ചേർന്ന് വർഷംതോറും തെരഞ്ഞെടുക്കുന്ന ഭരണസമിതിയാണ് ആ സ്ഥാപനത്തിന്റെ ഭരണം നടത്തുന്നത്. ഈ വിദ്യാലയത്തിന്റെ സ്ഥാപനത്തിന് അടിസ്ഥാനം കിഴക്കേവഴി എൻ. എസ്സ്. എസ്സ്. കരയോഗത്തിന്റെ അധീനതയിലും ഉടമസ്ഥതയിലും ഭരണത്തിലും ഉണ്ടായിരുന്ന കളരിക്കൽ യു. പി.

സ്കൂളായിരുന്നു എന്ന വസ്തുത വിസ്മരിക്കത്തക്കതല്ല. സ്റ്റേറ്റുബാങ്ക് ഓഫ് ട്രാവൻകൂർ തുടങ്ങിയ സ്ഥാപനങ്ങൾ ഈ പ്രദേശത്ത് പ്രവർത്തനം തുടങ്ങുന്നതിന് ഈ കരയോഗം നൽകിയിട്ടുള്ള സഹകരണം പ്രശംസനീയമാണ്. സാംസ്കാരിക കലാ രംഗങ്ങളിൽ ഈ പ്രദേശത്തുനിന്നുള്ള സംഭാവനകളിൽ കണ്ണോടിക്കുമ്പോൾ ദേശീയ പ്രാധാന്യമുള്ള ആറന്മുള വള്ളംകളിയിൽ സ്ഥിരമായി പങ്കെടുക്കുന്ന ചെന്നിത്തല തെക്ക് എൻ. എസ്സ്. എസ്സ്. കരയോഗം വക പള്ളിയോടം ചൂണ്ടിക്കാണിക്കാവുന്ന ഒരു ഉദാഹരണമാണ്. ഇന്ന് വാഴക്കൂട്ടം കടവിലും പ്രായിക്കരയിലും മറ്റും ജലോത്സവങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഇതെല്ലാം ഈ പ്രദേശത്തെ സാമൂഹ്യ സംഘടനകളുടെ പ്രയത്നത്തിന്റേയും പരസ്പര സൗഹാർദ്ദത്തിന്റേയും പ്രതീകമായി കണക്കാക്കാവുന്നതാണ്.

പുഞ്ചപ്പാടങ്ങൾ ഏറെയുള്ള ഈ പ്രദേശം അപ്പർകുട്ടനാടായി അറിയപ്പെടുന്നു. കൃഷിക്കാരുടേയും കർഷകത്തൊഴിലാളികളുടേയും അഭിവൃദ്ധിക്ക് സഹായകമായ സർക്കാർ സ്ഥാപനങ്ങൾ കാർഷിക മേഖലയിലുണ്ട്.

ഒരുകാലത്ത് എല്ലാ കാര്യങ്ങൾക്കും നഗരങ്ങളെ ആശ്രയിക്കേണ്ടിയിരുന്ന ഈ നാട്ടുകാർക്ക് അഭിമാനിക്കത്തക്ക പല പ്രസ്ഥാനങ്ങളും ഇന്ന് മുതൽകൂട്ടായുണ്ട്. ദേശസാൽകൃത ബാങ്കുകളായ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവർകൂർ, കോർപ്പറേഷൻ ബാങ്ക് എന്നിവയുടെ ശാഖകളെ കൂടാതെ നല്ല നിലയിൽ പ്രവർത്തിക്കുന്ന ചെന്നിത്തല-തൃപ്പെരുന്തുറ സർവ്വീസ് സഹകരണ ബാങ്കും ഉണ്ട്. മറ്റുപല സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളും പ്രശസ്തമായ നിലയിൽ സേവനരംഗത്തുണ്ട്. ഇവയെല്ലാം കാലാകാലങ്ങളിൽ ഇവിടെ ഭരണം നടത്തിയിരുന്ന പഞ്ചായത്ത് സമിതികളുടേയും ജനസേവകരുടേയും ശ്രമഫലമായി ഉണ്ടായതാണന്ന് അനുസ്മരിക്കേണ്ടതുണ്ട്. അങ്ങനെയുള്ള വിശിഷ്ഠ വ്യക്തികളുടെ സേവനം എന്നും ശ്ലാഘനീയമാണ്. മേൽവിവരിച്ച സ്ഥാപനങ്ങൾകൂടാതെ പല സാമൂഹ്യ സാമുദായിക സംഘടനകളും വനിതാക്ഷേമ പ്രവർത്തന സംഘടനകളും നിലവിലുണ്ട്.

ദേശീയ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിൽ പങ്കെടുത്തിട്ടുള്ള സന്നദ്ധ സേവകർ ഇവിടയും ഉണ്ടായിരുന്നു. ദേശീയ പ്രസ്ഥാനത്തിൽ പ്രവർത്തിച്ചിരുന്ന മാന്നാർ രാമൻനായർ എന്നറിയപ്പെട്ടിരുന്ന ഇളന്തോടത്ത് രാമൻനായർ ഈ പഞ്ചായത്തിൽ ജനിച്ചുവളർന്ന വ്യക്തിയായിരുന്നു. അദ്ദേഹം മഹാത്മജിയെ സന്ദർശിക്കുകയും പല നിരാഹാരസമരങ്ങളിലും സത്യാഗ്രഹങ്ങളിലും പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. ഇടതുപക്ഷ ചിന്താഗതിക്കാരും കുറവായിരുന്നില്ല. അയിത്തം നിലനിന്നിരുന്ന കാലത്തുപോലും ജാതിമതഭേദമന്യേ സൗഹാർദ്ദവും, സഹകരണവും നിലനിർത്തുവാനുള്ള പരിശ്രമങ്ങളിൽ ആരംഭിച്ച പ്രവർത്തനം ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്ക് പ്രേരകമായിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധിക്കപ്പെട്ടിരുന്ന കാലത്ത് പല നേതാക്കൾക്കും ഈ പ്രദേശത്ത് അഭയം നൽകുകയും മറ്റും ചെയ്തിട്ടുണ്ട്. രാഷ്ട്രീയ സേവനത്തിലൂടെ ഉന്നത സ്ഥാനങ്ങളിൽ എത്തിയ ശ്രീ. രമേശ് ചെന്നിത്തല എം. പി. യും അന്തരിച്ച കേന്ദ്രമന്ത്രി ശ്രീ. സി. എം. സ്റ്റീഫനും, ശ്രീ. എം. മുരളി എം. എൽ. എ. യും ഈ നാടിന്റെ യശ്ശസ്സ് ഉയിർത്തിയിട്ടുണ്ട്. മറ്റ് പല ജനനേതാക്കളും നാടിന് അഭിമാനിക്കത്തക്കതരത്തിൽ ഉണ്ടന്നുള്ളത് സ്മരണീയമാണ്.

ആകെ കൂടെ നോക്കുമ്പോൾ പ്രശസ്തമായ ഒരു സാംസ്കാരിക സാമൂഹിക പശ്ചാത്തലവും പാരമ്പര്യവും നമ്മുടെ ഈ പഞ്ചായത്തിനുണ്ടന്നുള്ളതും അവിതർക്കിതമായ സത്യമാണ്.



5

# ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി

### *ഭൂപ്രകൃതി*

സഹ്യപർവ്വത നിരയിലെ അച്ചൻകോവിൽ മലമടക്കുകളിൽ നിന്നും ചെറിയ നീർച്ചാലുകളായി നിർഗ്ഗമിച്ച് അറബിക്കടലിനെ ലക്ഷ്യമിട്ടു പടിഞ്ഞാറോട്ടൊഴുകുന്ന അച്ചൻ കോവിലാറ് അത് കടന്നുപോകുന്ന സ്ഥലനാമങ്ങൾ ചേർത്തും അറിയപ്പെടുന്നു. മാവേലിക്കരയിൽ കൂടി കടന്നു പോകുമ്പോൾ 6 കിലോമീറ്റർ ദൂരം ഈ പഞ്ചായത്തിന്റെ തെക്കതിരിട്ടാണ് ഒഴുകുന്നത്.

ചെന്നിത്തല-തൃപ്പെരുന്തുറ ഗ്രാമ പഞ്ചായത്തിന്റെ കിഴക്കുഭാഗത്ത് ചെന്നിത്തല വില്ലേജും പടിഞ്ഞാറു ഭാഗത്ത് തൃപ്പെരുന്തുറ വില്ലേജും സ്ഥിതിചെയ്യുന്നു. ഈ പഞ്ചായത്തിന്റെ കിഴക്കും, തെക്കും, പടിഞ്ഞാറും, പടിഞ്ഞാറ്-വടക്കറ്റവും അച്ചൻകോവിലാറും പോഷക നദിയായ കുട്ടമ്പേരൂർ ആറും അതിരിട്ടു നില്ക്കുന്നതും, സമുദ്രനിരപ്പിൽ നിന്നും ഏകദേശം 7.5 മീറ്റർ ഉയിർന്നതുമായ പുഞ്ചപ്പാടങ്ങളോടു കൂടിയതും ആകുന്നു. തെക്കു-പടിഞ്ഞാറൻ മൺസൂൺ (ഇടവപ്പാതി മുതൽ കർക്കിടകം വരെയുള്ള) കാലവർഷവും വടക്കു- കിഴക്കൻ (തുലാം-വൃശ്ചിക മാസങ്ങളിൽ) തുലാവർഷവും പഞ്ചായത്തിന്റെ തെക്ക് അതിരിട്ടൊഴുകുന്ന അച്ചൻകോവിലാറ്റിലും വടക്ക് മാന്നാർ പഞ്ചായത്തിന്റെ അതിർത്തിയിലൂടെ കടന്നുപോകുന്ന പമ്പയാറിലും മല വെള്ളപ്പാച്ചിലുണ്ടാകുമ്പോൾ ധാരാളമായി എക്കലും മണ്ണും ഈ പാടശേഖരങ്ങളിലും സമീപത്തുള്ള കര പുരയിടങ്ങളിലും എത്തിക്കുകയും, ഈ പ്രദേശം ഫല പുഷ്ടിയുള്ളതാക്കുകയും ചെയ്യുന്നു.

അപ്പർ കുട്ടനാടൻ മേഖലയിൽപെടുന്ന ഈ പ്രദേശവും അറബിക്കടൽ പിൻവാങ്ങിയതിന്റെ ഫലമായി രൂപപ്പെട്ടതാകുന്നു. പശ്ചിമഘട്ട പർവ്വത നിരകളിൽ നിന്നും താഴ്ന്ന ചെളിസ്ഥലത്തേക്ക് ഒലിച്ചിറങ്ങിയ നദീ പ്രവാഹത്തിൽപ്പെട്ടു അളം (Marshy place) ആയി ചേർന്ന അളമായ അതായത് ചേരളം കേരളമായിത്തീർന്നതിന്റെ ഫലമായി ഇവിടെ ഖനനം ചെയ്യുമ്പോൾ 15 മീറ്റർ താഴെയായി കടൽ കക്കായ്, ശംഖ് എന്നിവയുടെയും കാട്ടുതടികളുടേയും ഭാഗങ്ങൾ (കാണ്ടാമരങ്ങൾ) ധാരാളമായി കണ്ടെത്താവുന്നതാണ്. ഇന്നു

ആധികാരികമായി എഴുതപ്പെടുന്ന ആധാരങ്ങളിൽ എല്ലാം പടിഞ്ഞാറ് എന്ന് അർത്ഥം വരുന്നതിന് മേക്ക് എന്നും ഉയർന്ന പ്രദേശമായി കിടക്കുന്ന സ്ഥലത്തിന് കിഴക്ക് എന്നുമാണ് ചേർത്തുവരുന്നത്. സഹ്യപർവ്വതത്തിനു കിഴക്കുവശം മാത്രം തമിഴരായ ദ്രവിഴർ (ദ്രാവിഡർ) പാർത്തിരുന്നു. അളം ചേർന്നുണ്ടായ കരപ്രദേശം നിലവിൽ വന്നതോടുകൂടി തമിഴരുടെ ഉയർന്ന സ്ഥലമെന്ന അർത്ഥത്തിൽ പടിഞ്ഞാറുഭാഗം "മേക്കായി" നിലനിൽക്കുന്നതായി കാണാം. ഇടവപ്പാതി മുതൽ തുലാവർഷം അവസാനിക്കുന്നതുവരെയുള്ള ഏഴു മാസക്കാലം ഈ പാടശേഖരമത്രയും വെള്ളം കയറിക്കിടക്കുന്നു. അഴുകി ദ്രവിക്കാവുന്ന ജൈവ വസ്തുക്കളുടെ സാന്നിദ്ധ്യം H-ion (എച്ച്- അയോൺ) ഘടകം ഉയർത്തുന്നതു നിമിത്തം അമ്ലത നെല്പാടങ്ങളിൽ ഉണ്ടാകുന്നു. തന്മൂലം ഭാവഹ വളങ്ങളുടെ ലഭ്യത തടസ്സപ്പെടുന്നു. ഭാവഹ വളങ്ങൾ നെൽച്ചെടിക്ക് ലഭ്യമാക്കാതെ ഭാവകയൗഗീകരണം (fixation $P_2O_5$) നടക്കുകയും ഇരുമ്പ് മുതലായവയുടെ ലവണങ്ങൾ ചെടിയുടെ വളർച്ചയെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. കുമ്മായ പ്രയോഗം ആവശ്യമായി വരുന്നു. ഇവിടെ അമ്ലത PH 5 നും 6.5 നും മദ്ധ്യേയാകുന്നു.

പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് തെക്കുവടക്ക് എത്തി കരഭൂമിക്ക് ഇടയ്ക്കായി 412.5 ഹെക്ടർ ഇരുപൂവ് (വിരുപ്പ്) നിലങ്ങൾ ഉണ്ട്. മണൽ കലർന്ന പശിമ രാശി മണ്ണ് (Sandy loan) ഉള്ള ഈ ഇരുപ്പൂനിലങ്ങളിൽ കാലാവസ്ഥയെ ആശ്രയിച്ച് അതായത് കാലവർഷം തുടങ്ങുന്ന ഏപ്രിൽ അവസാനം ഉഴവാക്കി നിരപ്പാക്കിയിട്ടുള്ള പാടങ്ങളിൽ ഭരണി ഞാറ്റുവേലയ്ക്ക് കലപ്പച്ചാലിൽ ഞൊരിഞ്ഞൊരിയായി വിത്തിട്ട് കൃഷി ചെയ്ത് ആഗസ്റ്റ് മാസത്തിൽ വിളവെടുക്കുന്ന ഒന്നാം വിളയും മുൻകൂട്ടി പ്രത്യേക ഞാറ്റടിയിൽ ഉയിർത്തിയ ഞാറുകൾ ഇതേ പാടങ്ങളിൽ പറിച്ചുനട്ട് കൃഷിചെയ്ത് ജനുവരിയിൽ വിളവെടുക്കുന്ന രണ്ടാം വിളയും കൃഷി ചെയ്തുവരുന്നു. രണ്ട് പൂവ് കൃഷി ചെയ്യുന്ന വിരിപ്പുനിലങ്ങൾ ഓണാട്ടുകര പ്രദേശത്തിന്റെ തുടർച്ചയാകുന്നു. രണ്ടാംവിള നെല്ല് കൊയ്തൊഴിഞ്ഞ പാടങ്ങളിൽ ഇടക്കാല വിളയായി എള്ളും പയറും കൃഷി ചെയ്യുന്നു.

വിരിപ്പു നിലങ്ങളുടെ നടുക്കോ, ഓരം ചേർന്നോ ജലസേചന ക്ഷമമായ നീരൊഴുക്കു തോടുകളുള്ള ജലസംഭരണികൾ, കുളങ്ങൾ ഇവ ചിലയിടങ്ങളിൽ കാണപ്പെടുന്നു. അവ തന്നെയും നാമമാത്രമായോ പൂർണ്ണമായോ രൂപഭേദപ്പെട്ട് ഉപയോഗ യോഗ്യമല്ലാതായിത്തീർന്നിട്ടുണ്ട്.

പുഞ്ച നിലങ്ങളും വിരിപ്പു നിലങ്ങളും കൂടാതെ സമതലമായിക്കിടക്കുന്ന കരഭൂമി മണലും ജൈവപദാർത്ഥമായ Humous (ഹ്യൂമസ്) ഉം ചേർന്ന് രൂപപ്പെട്ടതാണ്. ഈ മൺതരികൾക്ക് കൊളോയിഡൽ (Colloidal) ചേർന്ന ഉപരിതലത്തിൽ അതിശോഷണം ചെയ്യാനുള്ള കഴിവ് വർദ്ധിച്ചിരിക്കുന്നു. തന്മൂലം കരഭൂമി ഫലഭൂയിഷ്ഠത നിലനിർത്താൻ പറ്റും വിധത്തിലുള്ളതായിത്തീർന്നിരിക്കുന്നു.

തുടർച്ചയായ മഴ കാരണം മണ്ണിലുള്ള ക്ഷാരവസ്തുക്കൾ നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയും (H-ion) എച്ച് അയോണുകളാൽ പൂരിതമാവുകയും മണ്ണ് അമ്ലതയുള്ളതായിത്തീരുകയും ചെയ്യുന്നു.

ഈ പഞ്ചായത്തു പ്രദേശം അക്ഷാംശം വടക്ക് $9^0$ (ഡിഗ്രി) 14′ (മിനിട്ട്) നും രേഖാംശം കിഴക്ക് $76^0$ (ഡിഗ്രി) 33′ (മിനിട്ട്) നും സ്ഥിതി ചെയ്യുന്നു. ഇൻഡ്യൻ സ്റ്റാൻഡേർഡ് സമയത്തിൽ പ്രാദേശിക സമയം കണക്കാക്കുന്നതിന് (-) 0.മ 23മി 48 സെ ആകുന്നു.

ഭൂപ്രകൃതിയനുസരിച്ച് ഈ പഞ്ചായത്തിനെ മൂന്നു മേഖലകളായി തിരിക്കാം

1. വെള്ളം കയറുന്ന താഴ്ന്ന പുഞ്ചപ്പാടം - 1050 ഹെക്ടർ
2. മഴയെത്തുടർന്ന് വെള്ളം കെട്ടിനിൽക്കുന്ന ഇരുപ്പൂനിലങ്ങൽ (ഇവ പുഞ്ചനിലങ്ങളെക്കാൾ ഉയർന്നതാണ്) - 472 ഹെക്ടർ
3. (a) വെള്ളപ്പൊക്കം മൂലം വളരെ കുറച്ചുദിവസം മാത്രം വെള്ളം കയറിക്കിടക്കുന്ന പുഞ്ചപ്പാടത്തിന്റെ അരികിലുള്ള കരഭൂമി.

   (b) വെള്ളപ്പൊക്കം ഒട്ടും ബാധിക്കാത്ത താരതമ്യേന ഉയർന്ന സമതലമായ കരപ്രദേശം.

## ജലപ്രകൃതി

മാന്നാർ വില്ലേജിന്റെ കിഴക്കതിരിട്ട് വടക്ക് പമ്പാ നദിയിൽ നിന്നും ആരംഭിച്ച് തെക്ക് ചെന്നിത്തല തൃപ്പെരുന്തുറ പഞ്ചായത്തിന്റെ കിഴക്കുവശംകൂടി തെക്കോട്ടൊഴുകി പഞ്ചായത്തിന്റെ തെക്ക്-കിഴക്ക് കോണിൽ അച്ചൻ കോവിലാറിന്റെ "തറേമുക്ക്" ഭാഗത്ത് എത്തിച്ചേരുന്ന കുട്ടമ്പേരൂർ ആറ് ഈ പഞ്ചായത്തിന്റെ കിഴക്ക് ഓരത്തുള്ള പുഞ്ചപ്പാടങ്ങളുടെ ജലസേചനത്തിനുപയുക്തമായവിധം കൈവഴി- ചാനലുകളും ഉപതോടുകളും കൊണ്ട് സമ്പുഷ്ടമാക്കുന്നു. പമ്പാ നദിയിലെ ജലവിതാനം ഉയരുമ്പോൾ ഈ ചെറു നദിയിലൂടെയുള്ള ഒഴുക്ക് തെക്ക് അച്ചൻ കോവിലാറിലേക്കും അച്ചൻ കോവിലാറിലെ ജലനിരപ്പ് ഉയരുമ്പോൾ വടക്കു പമ്പാനദിയിലേക്കും ഒഴുക്ക് ഉള്ളതായിക്കാണാം. ഈ പ്രത്യകത കണക്കിലെടുത്ത് ഇരുതലമൂർച്ചയുള്ള കായംകുളം വാളാണ് ഈ നദിയെന്ന് വിശേഷിപ്പിക്കാറുണ്ട്.

തെക്ക് അതിരിട്ടൊഴുകുന്ന അച്ചൻ കോവിലാറിന് "തറേമുക്ക്" മുതൽ പഞ്ചായത്തിന്റെ തെക്ക് പടിഞ്ഞാറ് അതിർത്തിവരെ 6 കിലോമീറ്റർ നീളമുണ്ട്. അച്ചൻ കോവിലാറിന്റെ വലിയപെരുമ്പുഴ കടവിനു പടിഞ്ഞാറുവശംകൂടി പടിഞ്ഞാറ് വടക്കു ഭാഗത്തേക്ക് 70 വർഷം മുൻപ് വെട്ടിവെച്ചിട്ടുള്ള പുത്തനാറ്, ഈ പഞ്ചായത്തിന്റെ പടിഞ്ഞാറതിരിട്ട് വടക്കോട്ട് 4.5 കിലോമീറ്റർ ഒഴുകി പമ്പായാറിന്റെ കൈവഴിയായ വള്ളക്കാലിൽ തോടുമായി ചേരുന്ന അച്ചൻകോവിലാറിന്റെ പ്രധാന സംഗമ ഘട്ടത്തിലെത്തിച്ചേരുന്നു. അച്ചൻകോവിലാറിൽ നിന്നും, അതിന്റെ കൈവഴിയായി തിരിഞ്ഞുപോകുന്ന പറയങ്കേരി ആറിൽനിന്നും പുത്തനാറിൽ നിന്നും അസംഖ്യം തോടുകളും ഉപതോടുകളും ചേർന്ന് ചെന്നിത്തലപ്പാടം എന്നറിയപ്പെടുന്ന തൃപ്പരുന്തുറ വില്ലേജിലെ പുഞ്ചപ്പാടത്തെ എക്കൽമണ്ണ് കയറ്റിയും ജലസേചനം ചെയ്തും സമ്പുഷ്ടമാക്കുന്നു. ഈ പാടങ്ങളുടെ ഈടുതാഴ്ച കണക്കാക്കി 5 പതിറ്റാണ്ടു മുൻപ് മുതൽ മുൻകൂട്ടി വെള്ളം ഓയിൽ എൻജിൻ/മോട്ടോർ എന്നിവ ഉപയോഗിച്ച് പമ്പു ചെയ്തുകളയുന്നതിനും മേൽചാമ്പു നടത്തി ജലസേചനം സുഗമമാക്കുന്നതിനും ബ്ലോക്കുകളായി തിരിച്ച് കൃഷിപ്രവർത്തനം നടത്തിവരുന്നു.

## ജനപ്രകൃതി

1991 ലെ കനേഷുമാരി കണക്കുകൾ പ്രകാരം ചെന്നിത്തല - തൃപ്പെരുന്തുറ പഞ്ചായത്തിലെ ജനസംഖ്യ 27569 ആണ്. ഇതിൽ പുരുഷൻമാർ 13259 ഉം സ്ത്രീകൾ 14310 ഉം ആണ്. പുരുഷൻമാരേക്കാൾ 1051 സ്ത്രീകൾ കൂടുതലുണ്ട്. (അനുപാതം 1:1.08) പഞ്ചായത്തിലെ ജനസാന്ദ്രത ഒരു ച. കി. മീ.-ന് 1415 ആണ്. പട്ടികജാതിക്കാരുടെ ജനസംഖ്യ 3834-ഉം പട്ടികവർഗ്ഗത്തിന്റെ ജനസംഖ്യ 2-ഉം ആണ്. പഞ്ചായത്തിൽ 6 വയസ്സിനു താഴെ പ്രായമുള്ള 3101 കുട്ടികളുണ്ട്. നമ്മുടെ വളർച്ചാനിരക്ക് 7.28-ഉം ആകെ വീടുകളുടെ എണ്ണം 5769-ഉം ആണ്. ശരാശരി ഒരു വീട്ടിൽ 4.7 അംഗങ്ങൾ ഉണ്ട്. വിദ്യാഭ്യാസരംഗത്ത് ഈ പഞ്ചായത്ത് മുന്നിലാണ്. നമ്മുടെ സാക്ഷരതാ നിരക്ക് 93.89% വും സ്ത്രീകളുടെ സാക്ഷരതാ നിരക്ക് 91.12% വും പുരുഷന്മാരുടേത് 96.79% വും ആകുന്നു.

ജനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗമായ കാർഷികരംഗം ഇന്ന് ആദായകരമല്ലാത്തതിനാൽ ഈ രംഗത്തു നിന്നും ജനങ്ങൾ മറ്റു മേഖലകളിലേയ്ക്ക് തിരിയുന്നുണ്ട്. കെട്ടിടനിർമ്മാണം, ഇഷ്ടികനിർമ്മാണം എന്നീരംഗങ്ങൾ കൂടുതൽ ആദായകരമായതിനാൽ തൊഴിലാളികൾ ഈ രംഗത്ത് പ്രവർത്തിക്കുവാൻ താല്പര്യം കാണിക്കുന്നു. കാർഷിക മേഖലയിൽ തൊഴിലാളിക്ഷാമം അനുഭവപ്പെടുന്നുണ്ട്. പരമ്പരാഗത തൊഴിൽ മേഖലകളായ കയർ, തഴപ്പായ് നെയ്ത്, കൈത്തറി എന്നിവ കടുത്ത പ്രതിസന്ധിയെ നേരിടുന്നു. ഈ രംഗങ്ങളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾ തുലോം കുറവാണ്.

അഭ്യസ്ത വിദ്യർക്കിടയിലെ തൊഴിലില്ലായ്മ നാം നേരിടുന്ന ഗൗരവമേറിയ പ്രശ്നമാണ്. സേവന മേഖലകളിൽ പണിയെടുക്കുവാനാണ് ഭൂരിപക്ഷം തൊഴിലില്ലാത്തവരും ഇഷ്ടപ്പെടുന്നത്.

വിവിധ മത വിശ്വാസികൾ ഈ പഞ്ചായത്തിൽ അധിവസിക്കുന്നു. എണ്ണത്തിൽ ഒന്നാം സ്ഥാനത്ത് ഹിന്ദുക്കളും രണ്ടാം സ്ഥാനത്ത് ക്രിസ്ത്യാനികളും അതിനുപിന്നിൽ മുസ്ലീങ്ങളും നിൽക്കുന്നു. പഞ്ചായത്തിലെ പട്ടിക ജാതിവിഭാഗങ്ങൾ കുടുതലും പടിഞ്ഞാറൻ ഭാഗങ്ങളിൽ അധിവസിക്കുന്നു. ജാതി വ്യവസ്ഥയുടെ ഭാഗമായി ഉച്ചനീചത്വങ്ങൾ ഒരുകാലത്ത് ഇവിടെയും നിലനിന്നിരുന്നു. സാമൂഹ്യപരിഷ്കർത്താക്കളുടേയും പുരോഗമന രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും പ്രവർത്തന ഫലമായി അവ തുടച്ചുനീക്കുവാൻ സാധിച്ചിട്ടുണ്ട്. മതമൈത്രി യാതൊരുവിധത്തിലും പരിക്കേൽക്കാതെ കാത്തുസൂക്ഷിക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. മതമൈത്രി തകർക്കുന്നതിനും ജാതീയമായ വേർതിരിവുകൾ സൃഷ്ടിച്ച് മുതലെടുപ്പുനടത്തുന്നതിനും ചില ഒറ്റപ്പെട്ട ശ്രമങ്ങൾ കണ്ടുവരുന്നുണ്ട്. ഈ പ്രദേശത്തെ ജനങ്ങളുടെ മതനിരപേക്ഷ സംസ്കാരവും പുരോഗമന പ്രസ്ഥാനങ്ങളുടെ സമയോചിത ഇടപെടലുകളും ആ ശ്രമങ്ങളെ പരാജയപ്പെടുത്തുന്നതിൽ വിജയിച്ചിട്ടുണ്ട്.



ചെന്നിത്തല തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്ത്

## വികസന സെമിനാർ

ആശംസകൾ



# കൊമ്പശ്ശേരിൽ ജ്യൂവലേഴ്സ്

**മാവേലിക്കര**

6

# സാമൂഹിക സാമ്പത്തിക മേഖലകൾ

"എല്ലാവരുടെയും
അത്യാവശ്യങ്ങൾ
നിറവേറ്റുവാൻ വേണ്ട
വിഭവങ്ങൾ ഈ
പ്രകൃതിയിലുണ്ട്.
എന്നാൽ
ആരുടെയും
ദുരയെ തൃപ്തിപ്പെടുത്തുവാൻ
വിഭവങ്ങളില്ലതാനും"

മഹാത്മാ ഗാന്ധി.



6

I

# കൃഷിയും ജലസേചനവും

*കൃഷി*

ചെന്നിത്തല, തൃപ്പെരുന്തുറ എന്നീ രണ്ടു വില്ലേജുകൾ ചേർന്ന ഈ പഞ്ചായത്ത് പൂർണ്ണമായും കാർഷിക മേഖലയാണ്. സമതലങ്ങളും നീർക്കെട്ടുള്ള താഴ്ന്ന പ്രദേശങ്ങളും ചേർന്നതാണ് ഭൂപ്രകൃതി. ചെളിമണ്ണും പശിമരാശിമണ്ണുമാണ് മണൽത്തരം. ഈ പ്രദേശത്തെ മുഖ്യകൃഷി നെല്ല് തെങ്ങ്, കമുക് എന്നിവയാണ്. എന്നാൽ ഇടവിളകളായി വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, മഞ്ഞൾ, ഇഞ്ചി, പച്ചക്കറി, കൊക്കോ എന്നിവയും കൃഷി ചെയ്യുന്നു. പഞ്ചായത്തിൽ കുരുമുളക് തുടങ്ങിയ സുഗന്ധവ്യജ്ഞനങ്ങളും അപൂർവ്വമായി കൃഷിചെയ്യുന്നുണ്ട്. മാവ്, പ്ലാവ്, കശുമാവ്, ആഞ്ഞിലി, പൂവരശ്ശ് തുടങ്ങിയ വൃക്ഷങ്ങളും ധാരാളമായി കാണപ്പെടുന്നു. ഏതാണ്ട് ഇരുപത് വർഷങ്ങൾക്ക് മുമ്പ് കരിമ്പ് കൃഷി ഈ പഞ്ചായത്തിൽ വ്യാപകമായി നടന്നിരുന്നു. തെങ്ങിന്റെ ഇടവിളയായും വിരുപ്പു നിലങ്ങളിലും ഈ കൃഷി ചെയ്തിരുന്നുവെങ്കിലും പിൽക്കാലത്ത് ഈ കൃഷി ലാഭകരമല്ലാതായിത്തീർന്നതിനാൽ പൂർണ്ണമായും നിലച്ചു. വിരുപ്പ് നിലങ്ങളിൽ ചെയ്തിരുന്ന എള്ളു കൃഷിയും ക്രമേണ കുറഞ്ഞുവരികയാണ്. പാടങ്ങളും വിരുപ്പ് നിലങ്ങളും നികത്തി കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ തുടങ്ങിയത് ഈ കൃഷികൾ കുറയ്ക്കുവാൻ ഇടയാക്കിയിട്ടുണ്ട്. (കൃഷി വിവരങ്ങൾ പട്ടിക 1ൽ ചേർത്തിരിക്കുന്നു.)

## പട്ടിക I

| വിള | വിസ്തീർണ്ണം | മൊത്തം ഉത്പാദനം | ഉത്പാദന ക്ഷമത |
|---|---|---|---|
| നെല്ല് (ഒന്നാം വിള) | 2360 ഹെ. | 460.2 tons | 1950 Kg/Hec. |
| നെല്ല് (രണ്ടാം വിള) | 236 ഹെ | 212.4 tons | 900 Kg/Hec |
| നെല്ല് (മൂന്നാം വിള) | 1050 ഹെ | 4725 tons | 4.5 tons/Hec |
| പയർ | 40 ഹെ | 5.16 tons | 129 Kg/Hec |
| എള്ള് | 200 ഹെ | 28.23 tons | 141 Kg/Hec |
| പച്ചക്കറികൾ | 18 ഹെ | 120 tons | 6.66 Kg/Hec |
| തെങ്ങ് | 560 ഹെ | 2372160 nuts per year | 4236 nuts/Hec/year |
| വാഴ | 44 ഹെ | 325.6 tons | 7400 Kg/Hec |
| മരച്ചീനി | 299 ഹെ | 2691 tons | 9 Ton/Hec |
| കുരുമുളക് | 5 ഹെ | 1500 Kg | 300 Kg/Hec |
| പ്ലാവ് | | | |
| കശുമാവ് | 5 ഹെ | 3750 tons | 750 Kg/Hec |
| മാവ് | | | |
| റബ്ബർ | | | Non Yeilding |
| കവുങ്ങ് | 5 ഹെ | 25000 nuts per year | 5000 nuts/Hec/year |

അപ്പർ കുട്ടനാടിന്റെ ഭാഗമായ 2500 ഏക്കർ വരുന്ന ചെന്നിത്തല പാടശേഖരങ്ങളിൽ മുമ്പ് ഇരു പൂവ് നെൽകൃഷി പ്രകൃതിയേ ആശ്രയിച്ച് ചെയ്തിരുന്നു. നിലമുഴുത് തയ്യാറാക്കുന്നതിന് മരക്കലപ്പ, ചെരുപ്പ്തടി, പല്ലി എന്നിവയുപയോഗിച്ചിരുന്നു. രണ്ടും നാലും ആളുകൾകൂടി ചവിട്ടിത്തിരിക്കുന്ന വലിയ ഇലച്ചക്രങ്ങളും, ചെറിയ ഇലചക്രങ്ങലും, തേക്കുകൊട്ടയും ജലസേചനത്തിനായി ഉപയോഗിച്ചിരുന്നു. പിൽക്കാലത്ത് ഓയിൽ എൻജിൻ ഉപയോഗിച്ചും ഇപ്പോൾ മോട്ടോർ ഉപയോഗിച്ചും ജലസേചന ആവശ്യങ്ങൾ നടത്തിവരുന്നു.

തലമുറകളായി ഇവിടുത്തെ പാടശേഖരങ്ങളിൽ കൃഷിചെയ്തുവന്നിരുന്ന കൊച്ചുവിത്ത്, മുന്നായൻ, മയിലാ, കുളപ്പാല തുടങ്ങിയ നെല്ലിനങ്ങളുടെ സ്ഥാനത്ത് ഇപ്പോൾ അത്യുൽപാദന ശേഷിയുള്ള ജ്യോതി, ജയ തുടങ്ങിയ പുതിയ വിത്തുകൾ പാകി പറിച്ചുനട്ട് മുമ്പ് ലഭിച്ചിരുന്ന 10-15 മേനിയുടെ സ്ഥാനത്ത് 30-40 മേനി വിളവ് ഉത്പാദിപ്പിക്കുന്നു. ഈ പഞ്ചായത്തിലെ പാടശേഖരങ്ങളിൽ ബ്ലോക്കടിസ്ഥാനത്തിൽ നെല്ലുല്പാദക സമതികളും സംയുക്ത പാടശേഖര സമതിയും രൂപീകരിച്ച് കാർഷിക രംഗത്തെ പ്രവർത്തനങ്ങളിൽ കർഷകരെ സഹായിക്കുന്നു. വിരുപ്പ് നിലങ്ങളെ കേന്ദ്രീകരിച്ച് വാർഡ് അടിസ്ഥാനത്തിലുള്ള നെല്ലുല്പാദക സമിതികളും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ വിരുപ്പ് നിലങ്ങളിലെ നെൽകൃഷി രംഗത്ത് അത്യുൽപാദനശേഷിയുള്ള വിത്തുകൾ കടന്നുവന്നെങ്കിലും ഉത്പാദനത്തിൽ കാര്യമായ വർദ്ധന ഉണ്ടാക്കുവാൻ സാധിച്ചിട്ടില്ല. ജലസേചന സൗകര്യക്കുറവും മണ്ണിന്റെ ഗുണക്കുറവും ഇതിന്റെ പ്രധാന കാരണങ്ങളാണ്. വിരുപ്പ് കൃഷി ലാഭകരമല്ലാത്തതിനാൽ കർഷകർ വേണ്ടത്ര താത്പര്യം പ്രകടിപ്പിക്കുന്നില്ല.

ഒരുകാലത്ത് വളരെ മുൻപിൽ നിന്നിരുന്ന ഈ പ്രദേശത്തെ കേരകൃഷി ഇന്ന് തകർച്ചയെ നേരിടുകയാണ്. കാറ്റുവീഴ്ച, മണ്ടചീയൽ, ഓല മഞ്ഞളിപ്പ് എന്നീ രോഗങ്ങൾ വ്യാപകമായ രീതിയിൽ ഈ പ്രദേശത്ത് കണ്ടുവരുന്നു. ശാസ്ത്രീയമായും ചിട്ടയായുമുള്ള പരിചരണക്കുറവും രോഗബാധയും ജലസേചനത്തിന്റെ അപര്യാപ്തതയും കാരണം ഉല്പാദനം 50% ത്തിലേറെ കുറഞ്ഞിട്ടുണ്ട്. ജൈവവള പ്രയോഗവും ഇടവിളകളായി പയറുവർഗ്ഗങ്ങളുടെ കൃഷിയും കേരവൃക്ഷങ്ങളുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനു സഹായിക്കുന്നതാണ്. വെളിച്ചെണ്ണയുടെയും കൊപ്രയുടേയും ന്യായമായ വില സ്ഥിരമായി ലഭിക്കുന്നില്ല. എല്ലാ വാർഡുകളേയും കേന്ദ്രീകരിച്ച കേരസംരക്ഷണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ പട്ടിക-II ലും തെങ്ങുകൃഷി സംബന്ധിച്ച വിവരങ്ങൾ പട്ടിക-III ലും നൽകിയിരിക്കുന്നു.

**പട്ടിക II**

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 1199.89.01 |
| പുരയിടം | 851.45.73 |
| പുറമ്പോക്ക് | 186.72.89 |
| കൃഷിയോഗ്യ തരിശ് | – |
| കൃഷിയോഗ്യമല്ലാത്ത തരിശ് | – |
| ആകെ | 2238.07.63 |

## പട്ടിക III

| വാർഡ് നമ്പർ | തെങ്ങ് എണ്ണം | | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| | തെങ്ങ് കൃഷി വിസ്തീർണ്ണം Acre | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡിംഗ് | കൊമ്പൻ ചെല്ലി മറ്റുള്ളവ | തെങ്ങ് കൃഷി വിസ്തീർണ്ണം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | 135 | 4000 | 6200 | 10200 | 5210 | 2200 | 1500 | 120 | 1100 | |
| 2 | 135 | 3600 | 6800 | 10400 | 5150 | 1800 | 1200 | 75 | 1600 | |
| 3 | 125 | 3700 | 6400 | 10100 | 6075 | 1750 | 1300 | 140 | 1300 | |
| 4 | 135 | 3800 | 7000 | 10800 | 5130 | 1600 | 1250 | 160 | 1250 | |
| 5 | 135 | 3600 | 7200 | 10800 | 5450 | 1450 | 1100 | 110 | 1350 | |
| 6 | 130 | 3200 | 7200 | 10400 | 5075 | 1340 | 1250 | 80 | 1600 | |
| 7 | 120 | 2800 | 6800 | 9600 | 5650 | 1600 | 1300 | 160 | 1800 | |
| 8 | 120 | 3100 | 6900 | 10000 | 5175 | 1400 | 1100 | 180 | 1700 | |
| 9 | 100 | 3000 | 5000 | 8000 | 5400 | 1200 | 1000 | 90 | 1650 | |
| 10 | 130 | 3600 | 6800 | 10400 | 5670 | 1500 | 1150 | 115 | 1750 | |
| 11 | 130 | 3400 | 7000 | 10400 | 5400 | 1500 | 1250 | 130 | 1650 | |

മുഖ്യ ഇടവിളയായി വളരെ പ്രതീക്ഷയോടെ 70 കളിൽ കൊക്കോ കൃഷി രംഗത്തേയ്ക്കു കടന്നു വന്ന ഭൂരിപക്ഷം കർഷകരും ഇന്ന് ഈ കൃഷി ഉപേക്ഷിച്ചിരിക്കുകയാണ്. ന്യായമായ വില സ്ഥിരമായി ലഭിക്കാതിരുന്നതും ഉല്പന്നത്തിന്റെ വിപണനത്തിലുണ്ടായ ബുദ്ധിമുട്ടുകളും കർഷകരെ ഈ കൃഷിയിൽ നിന്നും പിന്മാറുവാൻ പ്രേരിപ്പിച്ചിട്ടുണ്ട്. ഏതാനും ചില കർഷകർ മാത്രമേ ഈ കൃഷി തുടരുന്നുള്ളൂ. മറ്റൊരു മുഖ്യ ഇടവിളയായിരുന്ന മരച്ചീനി കൃഷി അനുദിനം കുറഞ്ഞുവരുകയാണ്. ഒരുകാലത്ത് വ്യാപകമായി കൃഷിചെയ്തിരുന്ന മരച്ചീനി ഈ പ്രദേശത്തെ ജനങ്ങളുടെ മുഖ്യാഹാരപദാർത്ഥങ്ങളിൽ ഒന്നായിരുന്നു. എലി, കുണ്ടളപ്പുഴു എന്നിവയുടെ ആക്രമണം ഈ കൃഷിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. വ്യവസായ സാദ്ധ്യതയുള്ള മരച്ചീനി കൃഷിയെ സംരക്ഷിക്കേണ്ടതും പ്രോത്സാഹിപ്പിക്കേണ്ടതും നാടിന്റെ തന്നെ ആവശ്യമാണ്.

അടുത്തകാലത്തായി വൻതോതിൽ തേക്ക്, മാഞ്ചിയം, 'മംഗളാ' കമുക് എന്നിവ നട്ടുവളർത്തുന്നതിൽ കർഷകർ താല്പര്യം കാണിക്കുന്നുണ്ട്. ഈ പഞ്ചായത്തിലെ 7-ാം വാർഡിന്റെ ചില ഭാഗങ്ങളിൽ പച്ചക്കറി കൃഷി വൻതോതിൽ ചെയ്തുവരുന്നു. ഈ രംഗത്തെ സാദ്ധ്യതകൾ മനസ്സിലാക്കി പഞ്ചായത്ത്, പഞ്ചക പഞ്ചായത്ത് പദ്ധതിയിലൂടെ പച്ചക്കറി കൃഷിയ്ക്ക് പ്രോത്സാഹനം നൽകുന്നുണ്ട്.

കൃഷിയെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളാണ് അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കവും, വരൾച്ചയും. താഴ്ന്ന പ്രദേശത്തെ കൃഷികളെ പ്രത്യേകിച്ചും നെല്ല്, വാഴ എന്നീകൃഷികളെ വെള്ളപ്പൊക്കം സാരമായി ബാധിക്കാറുണ്ട്. വെള്ളപ്പൊക്കക്കെടുതികളിൽ നിന്നും കൃഷിയെ രക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ അപര്യാപ്തമാണ്. വെള്ളപ്പൊക്ക ദുരിതാശ്വാസം എന്ന നിലയിൽ സർക്കാർ നൽകുന്ന സഹായങ്ങൾ മതിയായതോതിൽ അർഹരതപ്പെട്ടവർക്കെല്ലാം ലഭിക്കുന്നില്ല. വരൾച്ച കര കൃഷികളായ തെങ്ങ്, വാഴ, മറ്റ് ഇടവിളകൾ എന്നിവയെ ദോഷകരമായി ബാധിക്കുകയും ഉല്പാദന നഷ്ടത്തിന് ഇടവരുത്തുകയും ചെയ്യുന്നുണ്ട്. നെൽകൃഷിയെ പ്രതികൂലമായി ബാധിക്കുന്ന മറ്റൊരു ഘടകമാണ് കീടബാധ. ഇന്ന് കാർഷിക രംഗത്ത് അനുഭവപ്പെടുന്ന തൊഴിലാളികളുടെ ലഭ്യതക്കുറവ് ഈ രംഗത്ത് യന്ത്രവൽക്കരണം നടപ്പാക്കി പരിഹരിക്കേണ്ടതാണ്.

കാർഷികരംഗത്തെ പ്രവർത്തനങ്ങൾക്ക് ഉപദേശവും, സഹായവും എത്തിക്കുന്നതിന് ഈ പഞ്ചായത്തിൽ കൃഷിഭവൻ പ്രവർത്തിക്കുന്നുണ്ട്. അമിതമായ രാസവളപ്രയോഗം മണ്ണിന്റെ ഗുണമേന്മയെ നശിപ്പിക്കുന്നുണ്ട്. ജൈവവളപ്രയോഗം വ്യാപകമായി പ്രോത്സാഹിപ്പിക്കേണ്ടതാണ്. രാസവള വിപണനത്തെ സംബന്ധിച്ച വിവരങ്ങൾ പട്ടിക IV-ൽ ചേർത്തിരിക്കുന്നു.

## പട്ടിക IV

| വാർഡ് നമ്പർ | വാർഡ് നമ്പർ | വാർഡ് നമ്പർ | | | വാർഡ് നമ്പർ | | | വാർഡ് നമ്പർ | | |
|---|---|---|---|---|---|---|---|---|---|---|
| | | രാസവളം കി. ഗ്രാം | കീടനാശിനി | | രാസവളം കി. ഗ്രാം | കീടനാശിനി | | രാസവളം കി. ഗ്രാം | കീടനാശിനി | |
| | | | ദ്രവം | ഖരം | | ദ്രവം | ഖരം | | ദ്രവം | ഖരം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| | സഹകരണം | 308 T | 1000 L | 20 T | 320 T | 1050L | 22 T | 330 T | 1000 L | 20 T |
| | സ്വകാര്യം | 180 T | 150 L | 6 T | 192 T | 170 L | 7 T | 190 T | 150 L | 5 T |

ഈ പ്രദേശത്തെ മണ്ണിന്റെ ഗുണപരിശോധനയിൽ അമ്ലത വളരെക്കൂടുതലായി കാണപ്പെടുന്നു. സസ്യവളർച്ചയ്ക്കാവശ്യമായ മൂലകങ്ങളിൽ പ്രധാനപ്പെട്ട ഭാവകം ഇതുമൂലം ചെടിക്ക് ലഭ്യമല്ലാതാകുന്നു.

ആധുനിക കാർഷിക ഉപകരണങ്ങൾ പ്രചാരത്തിൽ വന്നതോടെ ബ്ലോക്ക് കലപ്പ എന്നറിയപ്പെടുന്ന (Mord Mould Plough), ട്രില്ലർ/ട്രാക്ടറുകളിൽ ഘടിപ്പിക്കുന്ന ."ഹാരോ", ഡിസ്ക്, ഗേജ്‌വീൽ തുടങ്ങിയ ഉപകരണങ്ങളും പതിരുപിടിക്കുന്ന യന്ത്രവും വ്യാപകമായി പ്രചാരത്തിലുണ്ട്. സസ്യസംരക്ഷണ ഉപകരണങ്ങളായ പവ്വർസ്പ്രെയർ, പവ്വർഡസ്റ്റർ, നാപ്സാക് സ്പ്രെയറുകൾ, ഡസ്റ്ററുൾ, റോക്കർസ്പ്രെയറുകൾ എന്നിവ സർവ്വസാധാരണമായി ഉപയോഗിക്കപ്പെടുന്നു. കാർഷിക ഉപകരണങ്ങളുടെ വിവര പട്ടിക V ൽ കൊടുത്തിരിക്കുന്നു.

## പട്ടിക V

| വാർഡ് നമ്പർ | ഉഴവുപകരണങ്ങൾ | | | മരുന്നുതളി ഉപകരണങ്ങൾ | | | മെതി യന്ത്രം | തെങ്ങുകയറ്റ യന്ത്രം | പോർട്ടബിൾ പമ്പുസെറ്റ് |
|---|---|---|---|---|---|---|---|---|---|
| | ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | റോക്ക് സ്പ്രെയർ | നാപ്സ്സാക്ക് സ്പ്രെയർ | മറ്റുള്ളവ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | 2 | Nil | 20 | 1 | 4 | - | - | - | - |
| 2 | 1 | 1 | 10 | 1 | 3 | - | - | - | 2 |
| 3 | Nil | Nil | 10 | 1 | 5 | - | - | - | 1 |
| 4 | Nil | - | - | 1 | 5 | - | - | - | 1 |
| 5 | Nil | - | 4 | 1 | 3 | - | - | - | - |
| 6 | Nil | - | 15 | 1 | 4 | - | - | - | - |
| 7 | 1 | 1 | 15 | 1 | 5 | - | 1 | - | - |
| 8 | Nil | - | 10 | 1 | 6 | - | - | - | 3 |
| 9 | 1 | 1 | 10 | - | 5 | - | - | - | 2 |
| 10 | Nil | 2 | 15 | 1 | 3 | - | - | - | - |
| 11 | Nil | 1 | 15 | 1 | 3 | - | - | - | - |
| Total | 5 | 6 | 124 | 10 | 46 | - | 1 | - | 11 |

നമ്മുടെ ഔഷധച്ചെടികളും ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. ആരോഗ്യ പരിപാലന രംഗത്ത് അത്യന്താപേക്ഷിതമായ ഔഷധ സസ്യങ്ങളുടെ കൃഷി വ്യാപിപ്പിക്കേണ്ടതുണ്ട്.

## ജലസേചനം

പ്രകൃതിദത്തമായ ജലസ്രോതസ്സുകളാൽ സമ്പുഷ്ടമാണ് നമ്മുടെ പ്രദേശം. ഈ പഞ്ചായത്തിൽ കിഴക്കും, തെക്കും, പടിഞ്ഞാറും അതിരിട്ടൊഴുകുന്ന അച്ചൻകോവിലാറും കൈവഴികളും ഇവിടുത്തെ മുഖ്യ ജലസ്രോതസ്സാണ്. ഇവകൂടാതെ കാർഷിക-ഗാർഹിക ആവശ്യങ്ങൾക്കായി നിർമ്മിച്ചിട്ടുള്ള ഒട്ടനവധി തോടുകളും, കുളങ്ങളും, കിണറുകളും പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലുണ്ട്. പ്രകൃതിയെ ആശ്രയിച്ചായിരുന്നു ഈ പ്രദേശത്തെ കാർഷിക പ്രവർത്തനങ്ങൾ നടന്നിരുന്നത്.

ചെന്നിത്തല പുഞ്ച എന്നറിയപ്പെടുന്ന പാടശേഖരങ്ങളിൽ ജലസേചനത്തിനും ജല നിർഗമനത്തിനും ഇലച്ചക്രങ്ങൾ, തേക്കുകൊട്ടകൾ തുടങ്ങിയ പ്രാചീന കാർഷിക ഉപകരണങ്ങളും ഉപയോഗിച്ചിരുന്നു. ആധുനിക കാർഷികോപകരണങ്ങളുടെ കടന്നുവരവോടെ ഇലച്ചക്രങ്ങൾ ഓയിൽ എൻജിനുകൾക്കും പിന്നീട് ഇലക്ട്രിക് മോട്ടോറുകൾക്കും വഴിമാറി. ചെന്നിത്തല പാടശേഖരങ്ങളുടെ ജലസേചന സൗകര്യവും ഫലഭൂയിഷ്ടതയും വർദ്ധിപ്പിക്കുന്നതിനുവേണ്ടി 70 വർഷങ്ങൾക്കുമുൻപ് അച്ചൻകോവിലാറ്റിൽ വലിയപെരുമ്പുഴ കടവിനു പടിഞ്ഞാറ് അടുക്കളപ്പുറത്തു നിന്നും വെട്ടിയുണ്ടാക്കിയ പുത്തനാറ് നമ്മുടെ കാർഷികമേഖലയുടെ മുഖഛായ തന്നെ മാറ്റിക്കളഞ്ഞു. പുതുതായി വെട്ടിയുണ്ടാക്കിയ പുത്തനാറും അച്ചൻകോവിലാറ്റിൽ നിന്നും മുണ്ടുവേലിക്കടവിലെത്തുന്ന ആറും കൂടി 7-ാം വാർഡിൽ ഉൾപ്പെട്ട ഫലഭൂയിഷ്ടമായ കാങ്കേരിദ്വീപ് രൂപപ്പെടുത്തി.

രണ്ട് പൂവ്വ് കൃഷി ലക്ഷ്യമാക്കിക്കൊണ്ട് കെ. എൽ. ഡി. സി. യുടെ സഹായത്തോടെ 400 ഏക്കർ വരുന്ന ഒന്നാം ബ്ലോക്ക് പാടശേഖരത്തിന് പുറംബണ്ട് നിർമ്മിച്ചുവെങ്കിലും പല ഭാഗങ്ങളിലും ബലക്ഷയമുണ്ടായതിനാൽ ലക്ഷ്യം നിറവേറ്റുവാൻ സാധിച്ചിട്ടില്ല. എന്നാൽ 9-ാം ബ്ലോക്കിന് (വെട്ടത്തേരി) പുറംബണ്ട് നിർമ്മിച്ച് ഇരുപ്പുകൃഷി സാദ്ധ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. 14 ബ്ലോക്കുകളിലായി വ്യാപിച്ചുകിടക്കുന്ന തോടുകളുടെ പട്ടിക-VI ചുവടെ ചേർക്കുന്നു.

### പട്ടിക-VI

### അച്ചൻകോവിൽ ആറ്റിൽ നിന്നും പുത്തനാറ്റിൽ നിന്നും ഈ പഞ്ചായത്തിലെ 14 ബ്ലോക്കുകളിലേക്കും തുറക്കുന്ന തോടുകളുടെ വിവരം

| ക്രമ നമ്പർ | തോടിന്റെപേര് | ഷട്ടർസംവിധാനം -വിവരം | പ്രയോജനപ്പെടുന്ന ബ്ലോക്കുകൾ |
|---|---|---|---|
| 1. | കണ്ണാടിപ്പാടം തോട് | ഉണ്ട് | 13-ാം ബ്ലോക്ക് കണ്ണാടിപ്പാടം |
| 2. | മാവേലിച്ചിറ തോട് | ഇല്ല | 13-ാം ബ്ലോക്ക് കണ്ണാടിപ്പാടം |
| 3. | മേച്ചേരിൽ തോട് | ഇല്ല | മേച്ചേരിപ്പാടം 13-ാം ബ്ലോക്ക് |
| 4. | മുണ്ടാറുതോട് | ചീപ്പുണ്ട് | 8-ാം ബ്ലോക്ക് |
| 5. | അടുക്കളപ്പുറംതോട് | ഇല്ല | 10-ാം ബ്ലോക്ക് കോയിക്കൽപ്പള്ളം |
| 6. | ഞാറക്കുഴി-കുന്നേൽപ്പടിതോട് | ഇല്ല | 10-ാം ബ്ലോക്ക് |
| 7. | ചോവാലിൽ കണ്ണാംമാലിതോട് | ഇല്ല | 10-ാം ബ്ലോക്ക് |
| 8. | മുതലക്കുന്നംപാട്ട് മുണ്ടോലിൽ കടവ് (പുത്തനാറിലേക്കു തുറക്കുന്നു, കൈയ്യേറിയിരിക്കുന്നു, വികസനം വേണം) | | |
| 9 | മുരിക്കിൻമൂട് നൂറ്റഞ്ചിൽതോട് | ഷട്ടർ ഉണ്ട് | വെട്ടത്തേരി 9-ാം ബ്ലോക്ക് |
| 10. | കളപ്പുരപടി വള്ളുവൻകേരി തോട് | ഷട്ടറുണ്ട് | വെട്ടത്തേരി 9-ാം ബ്ലോക്ക് |
| 11. | വേലിയിൽ പടി കാരിക്കുഴിതോട് | ഇല്ല | വെട്ടത്തേരി 9-ാം ബ്ലോക്ക് |
| 12. | കുത്തുകുഴി കോയിപ്രംതോട് പുറക്കാട്ടുപൊഴിതോട് | ഇല്ല | വെട്ടത്തേരി 9-ാം ബ്ലോക്ക് |

| | | | |
|---|---|---|---|
| 13. | കുത്തുകുഴി എഴുപത്തഞ്ചിൽ തോട് (കോതകേരിൽതോട്) | ഇല്ല | 11-ാം ബ്ലോക്ക് ചെണ്ടങ്കേരിപ്പാടം |

## *പുത്തനാറ്റിൽ നിന്നും പുറപ്പെടുന്നതോടുകൾ*

| | | | |
|---|---|---|---|
| 14. | ചാലേവടക്കതിൽപടി വെട്ടത്തേരിതോട് | ഷട്ടറുണ്ട് | 9-ാം ബ്ലോക്ക് വെട്ടത്തേരിപാടം |
| 15. | വാര്യത്തുതോട് | ഷട്ടറില്ല | 1-ാം ബ്ലോക്ക് |

## *പുത്തനാറ്, പഴയ പറയങ്കരിതോട്ടിൽ നിന്നുള്ളത്*

| | | | |
|---|---|---|---|
| 16. | വല്ലൂർപടി ചെന്നെല്ലുവാതുക്കൽതോട് | ഷട്ടറില്ല | 9-ാം ബ്ലോക്ക് |
| 17. | വല്ലൂർപടി അമ്പതിൽ (വല്ലൂർതോട്) | ഷട്ടറില്ല | 9-ാം ബ്ലോക്ക് |
| 18. | വല്ലൂർകാട്ടിൽ മൂന്നുമൂല തോട് | ഷട്ടറില്ല | 11-ാംബ്ലോക്ക് ചെണ്ടങ്കേരി |
| 19. | വെട്ടിക്കൊമ്പൻകേരിൽ തോട് | ഷട്ടറില്ല | 2-ാം ബ്ലോക്ക് 7-ാം ബ്ലോക്ക് |
| 20. | കരിക്കാട്ട് | ഷട്ടറില്ല | 2-ാം ബ്ലോക്ക് |
| 21. | വല്ലൂർ തോട് | ഷട്ടറില്ല | 2-ാം ബ്ലോക്ക് |
| 22. | വല്ലൂർകാട്ടിൽ തോട് | ഷട്ടറില്ല | 2-ാം ബ്ലോക്ക് |
| 23. | നാമങ്കേരിൽ പാമ്പനം ചിറതോട് | ഷട്ടറില്ല | 3-ാം ബ്ലോക്ക് |
| 24. | ഒതളപ്പുഴതോട് | ഷട്ടറില്ല | 2-ാം ബ്ലോക്ക് |
| 25. | ചെറുകരതോട് | ഷട്ടറില്ല | 4-ാം ബ്ലോക്ക്, 7-ാം ബ്ലോക്ക് |
| 26. | പാമ്പനം മഠത്തും പടി | ഷട്ടറുണ്ട് | 1-ാം ബ്ലോക്ക് |
| 27. | തേവർകടവുതോട് | ഷട്ടറുണ്ട് | 1-ാം ബ്ലോക്ക് |
| 28. | വള്ളുവൻകടവ് | ഇല്ല | 6-ാം ബ്ലോക്ക് |
| 29. | പൊറ്റൻകേരിൽതോട് | ഇല്ല | 3-ാം ബ്ലോക്ക് |

## *കുട്ടമ്പേരൂർ ആറ്റിൽനിന്നുമുള്ളതോട്*

| | | | |
|---|---|---|---|
| 30. | തോപ്പിൽതോട് | ഇല്ല | തോപ്പിൽപാടം |

ജലസേചന ആവശ്യത്തിലേക്ക് വിവിധ ബ്ലോക്കുകളിലായി 30 തോളം പമ്പുസെറ്റുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചുവരുന്നു. കരകൃഷികൾ പൂർണ്ണമായും മഴയെ ആശ്രയിച്ചാണ് ഇന്നും ചെയ്തുവരുന്നത്. എന്നാൽ വിവിധ കാർഷികോൽപ്പന്നങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിലേക്ക് കൃഷിഭവൻ മുഖേന നല്കുന്ന സാമ്പത്തികസഹായത്തോടെയും അല്ലാതയും സ്ഥാപിച്ചിട്ടുള്ള കിണറുകൾ, പമ്പുസെറ്റുകൾ എന്നിവ ഉപയോഗിച്ചും പരിമിതമായി ജലസേചനം നടത്തിവരുന്നുണ്ട്.

ജലസേചന സൗകര്യം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടുകൂടി പി. ഐ. പി. നിർമ്മിച്ചിട്ടുള്ള രണ്ട് സബ്കനാലുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലൂടെ കടന്നുപോകുന്നുണ്ട്. പ്രാദേശികജലസേചന ആവശ്യങ്ങൾ പരിഗണിക്കാതെ നിർമ്മിക്കപ്പെട്ട ഈ കനാലുകൾകൊണ്ട് കർഷകർക്ക് വേണ്ടത്ര പ്രയോജനം ലഭിക്കുന്നില്ല. ഈ പഞ്ചായത്ത് പ്രദേശത്ത് ജലസേചനവകുപ്പ് നടപ്പാക്കിക്കൊണ്ടിരിക്കുന്നതും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിവരം പട്ടിക VII ൽ കൊടുത്തിരിക്കുന്നു.

## പട്ടിക VII

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ആയക്കെട്ട് വിസ്തീർണ്ണം (ഹെ.) | എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടെങ്കിൽ അടങ്കൽ തുക | ലക്ഷ്യം |
|---|---|---|---|---|
| | **നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ** | | | |
| | **മേജർ** | | | |
| 1. | വലിയപെരുമ്പുഴ കടവിൽ സ്റ്റെപ്പും റാമ്പും നിർമ്മിക്കുക | | 200000 | യാത്രാ സൗകര്യം |
| 2 | പറക്കടവിൽ സൈഡ് പ്രൊട്ടക്ഷൻ | | 150000 | റോഡും വസ്തുവും സംരക്ഷിക്കുക |
| | **മൈനർ** | | | |
| 3 | വെട്ടത്തേരി ബണ്ട് | 110 ഏക്കർ | 280000 | കൃഷി |
| 4 | മുണ്ടുവേലിക്കടവ് കരിയിലത്തറ കോളനി | 20 ഹെക്ടർ | 165000 | കൃഷി |

| ക്രമ നമ്പർ | തോടിന്റെ പേര് | ആകെ നീളം മീറ്റർ | ശരാശരി വീതി മീറ്റർ | സംരക്ഷിക്കപ്പെട്ട തോടിന്റെ നീളം | തൻവർഷം ചെലവഴിച്ച തുക |
|---|---|---|---|---|---|
| | **നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ** | | | | |
| 1 | മുളമൂട്ടിൽ – പള്ളം | 450 | 3.5 | | 200000 |
| 2 | തേവർകടവ് മുതൽ പുത്തനാവുവരെ | 230 | 6 | | 342000 |
| 3 | പാമ്പൻ തോട് കമ്മ്യൂണിറ്റി ഹാൾ ബണ്ട് നിർമ്മാണം | | | | 320000 |
| 4 | വേലംപടി-പള്ളം കലുങ്ക്, സൈഡ് പ്രൊട്ടക്ഷൻ | 240 | 8 | | 500000 |
| 5 | പട്ടരുകാട്ടിൽ മുക്ക് തെക്കോട്ട് മൂലേപണം സൈഡ് പ്രൊട്ടക്ഷൻ കലുങ്ക് | 310 | 3 | | 400000 |
| 6 | കൂട്ടങ്കൽ പടിഞ്ഞാറ് ഭാഗം ഡ്രെയിനേജ് കെട്ടുന്നതിന് | 180 | | | 120000 |
| | **മേജർ** | | | | |
| 7 | ആറാട്ടുകടവ് പറക്കടവ് | | | | 170000 |
| 8 | മൊഴക്കടവ് സൈഡ് പ്രൊട്ടക്ഷൻ | | | | 175000 |
| 9 | പറയങ്കേരിപാലം മുതൽ പുളിന്താനം പടിവരെ | 1 K. M | | | 1000000 |

### *കൃഷി/ജലസേചന പ്രശ്നങ്ങൾ*

1) വെള്ളപ്പൊക്കവും വരൾച്ചയും മൂലം ഉണ്ടാകുന്ന കെടുതികൾ
2) തെങ്ങിനെ ബാധിക്കുന്ന രോഗങ്ങൾ
3) കാർഷികോൽപ്പന്നങ്ങൾക്ക് മതിയായ വില സ്ഥിരമായി ലഭിക്കാതിരിക്കൽ
4) എലി, കീടങ്ങൾ എന്നിവയുടെ ആക്രമണം
5) മണ്ണ് പരിശോധനാ സൗകര്യങ്ങളുടെ അഭാവം
6) കാർഷികരംഗത്ത് പ്രവർത്തിക്കുന്ന വിവിധ സമിതികളുടേയും കൃഷിഭവന്റേയും പ്രവർത്തന ക്ഷമതയുടെ കുറവ്
7) കൃഷിഭൂമിയുടെ തരശ്ശിടൽ/നികത്തൽ

8) കാർഷികരംഗത്ത് തൊഴിലാളികളുടെ ലഭ്യതക്കുറവ്.

9) വളം, കീടനാശിനി എന്നിവയുടെ വിലവർദ്ധന

10) പാടശേഖരങ്ങളിലേയ്ക്കുള്ള യാത്രാ സൗകര്യങ്ങളുടെ അപര്യാപ്തത.

11) രാസവളത്തിന്റേയും കീടനാശിനിയുടേയും അമിതപ്രയോഗം കൊണ്ട് ഉണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൽ

12) ചെന്നിത്തല പാടശേഖരങ്ങളിൽ രണ്ട് പൂവ് കൃഷി ചെയ്യുന്നതിനുള്ള സൗകര്യങ്ങളുടെ കുറവ്.

13) ആധുനിക കാർഷിക ഉപകരണങ്ങളുടെ കുറവ്.

14) പി. ഐ. പി. കനാലിന്റെ ശോച്യാവസ്ഥ.

15) പുതിയ തലമുറയ്ക്ക് കൃഷിയോടുള്ള ആഭിമുഖ്യക്കുറവ്.

16) കൃഷിചെയ്യുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത.

17) ജലസേചനത്തിനായുള്ള തോടുകളുടെ കൈയ്യേറ്റം, ആഴക്കുറവ് തുടങ്ങിയവ

18) പാടശേഖരങ്ങളിൽ വാച്ചാൽ, തൂമ്പ് എന്നിവയുടെ അപര്യാപ്തത.

19) പാടശേഖരങ്ങളിൽ പമ്പിങ്ങ് നടത്തുന്നതിന് സ്ഥിരമായുള്ള മോട്ടോർ തറയുടെയും ഉപകരണങ്ങളുടേയും കുറവ്.

20) കൊക്കോ, നാളീകേരം, അടയ്ക്കാ തുടങ്ങിയ കൃഷിക്കാർ നേരിടുന്ന വിപണന പ്രശ്നങ്ങൾ.

21) വിത്ത്, നടീൽ വസ്തുക്കുൾ എന്നിവയുടെ ദൗർലഭ്യം

22) ചെന്നിത്തല പാടശേഖരത്തിൽ പുറംബണ്ടുകളുടെ അഭാവം.

23) 8, 10 ബ്ലോക്കുകളിൽ ജലസേചനത്തിനുള്ള മോട്ടോറുകൾ നിലവിലില്ല.

24) 10-ാം വാർഡിലെ കോയിക്കൽ പള്ളം, 10-ാം ബ്ലോക്കിന്റെ കിഴക്കേചിറ എന്നിവിടങ്ങളിലുണ്ടാകുന്ന മണ്ണൊലിപ്പ്.

25) 1, 6, 10 ബ്ലോക്കുകളിൽ കര ഉറവകൊണ്ടുണ്ടാക്കുന്ന ബുദ്ധിമുട്ടുകൾ

26) പമ്പിംങ്ങ് ലേലത്തിലെ അപാകതകൾ

27) മരം കയറ്റതൊഴിലാളികളുടെ ലഭ്യതക്കുറവ്

28) യന്ത്രവൽക്കരണത്തിന്റേയും ആധുനിക കാർഷിക സാങ്കേതിക വിദ്യയുടേയും പോരാഴ്മ.

29) കാർഷികപ്രവർത്തനങ്ങളിൽ കർഷകരുടെ പരസ്പര സഹകരണമില്ലായ്മ.

### *സാദ്ധ്യതകൾ*

1) വെള്ളപ്പൊക്കം, വരൾച്ച തുടങ്ങിയ പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് മതിയായ നഷ്ടപരിഹാരം അർഹരായ എല്ലാവർക്കും ലഭ്യമാക്കുക.

2) തെങ്ങിനെ ബാധിക്കുന്ന രോഗങ്ങൾക്കെതിരെ പ്രതിരോധ നടപടികൾ വ്യാപകമാക്കുക. സമഗ്ര നാളീകേര വികസന പദ്ധതിയിലുൾപ്പെടുത്തി രോഗബാധയുള്ള മുഴുവൻ തെങ്ങുകളും വെട്ടിമാറ്റി മതിയായ നഷ്ടപരിഹാരവും തെങ്ങിൻ തൈകളും നൽകുക.

3) ഇടവിളകളായ പയർ, ഉഴുന്ന്, മുതിര, ചണമ്പ് എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുക.

4) കേരവികസന സമിതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

5) എലി നശീകരണത്തിനും പഞ്ചായത്തിലൊന്നാകെ പരിപാടി ആവിഷ്കരിച്ച് നടപ്പാക്കുക.

6) കൃഷിഭവന്റെ കീഴിൽ പ്രവർത്തിക്കുന്ന കാർഷികവികസന സമിതിയിൽ യഥാർത്ഥ കൃഷിക്കാരെ ഉൾപ്പെടുത്തുക.

7) ഉല്പാദന ബോണസ് എല്ലാ കൃഷിക്കും ബാധകമാക്കുക.

8) കാർഷികോല്പന്നമായ നെല്ല് സംഭരണം സഹകരണ സംഘങ്ങൾ ഏറ്റെടുക്കുക.

9) മൂപ്പ് കുറഞ്ഞ നെൽവിത്തുകൾ ലഭ്യമാക്കുക.

10) പാഡി ബോർഡ് രൂപീകരിക്കുക.

11) കൊക്കോ കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിനായി വിപണന സൗകര്യം ഏർപ്പെടുത്തുക.

12) സംയുക്ത പാടശേഖര സമിതിയുടെ സൈറൻ പ്രവർത്തിപ്പിക്കുന്നതിന് പഞ്ചായത്തിൽ നിന്നും സഹായം നൽകുക.

13) കീടം. കുമിൾ എന്നിവ നശിപ്പിക്കുന്നതിനുള്ള പദ്ധതി വ്യാപകമാക്കുക. ആവശ്യമായ ഉപകരണങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.

14) സഞ്ചരിക്കുന്ന മണ്ണു പരിശോധന കേന്ദ്രത്തിന്റെ സേവനം കാലാകാലങ്ങളിൽ ലഭ്യമാക്കുക.

15) മണ്ണിലെ അമ്ലത കുറയ്ക്കുവാൻ സബ്സിഡിയോടുകൂടി കുമ്മായം വിതരണം ചെയ്യുക.

16) കൃഷിയിൽ പുതിയ തലമുറയുടെ താല്പര്യം വർദ്ധിപ്പിക്കുവാൻ ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കുക.

17) തൊഴിലാളികളുടെ ലഭ്യതക്കുറവ് പരിഹരിക്കുവാൻ ബന്ധപ്പെട്ടവർ കൂടിയാലോചിച്ച് യന്ത്രവൽക്കരണം ഘട്ടം ഘട്ടമായി നടപ്പാക്കുക.

18) പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും പഞ്ചക പഞ്ചായത്ത് പദ്ധതി തുടർന്നും നടപ്പാക്കുക.

19) കൃഷിഭവൻ ഉപദേശക സമിതിയിൽ വിവിധവിളകളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന പഞ്ചായത്തുതല സമിതി പ്രതിനിധികളെ ഉൾപ്പെടുത്തുക.

20) കൃഷിഭൂമി നികത്തൽ, തരിശ്ശിടൽ എന്നിവ നിയമം മൂലം കർശനമായി തടയുക

21) പാടശേഖരങ്ങളിലേയ്ക്കുള്ള യാത്രാ സൗകര്യം മെച്ചപ്പെടുത്തുക.

22) ചെന്നിത്തല പാടശേഖരത്തിലെ എല്ലാ ബ്ലോക്കുകളിലും രണ്ട് പൂവ് കൃഷി ചെയ്യുന്നതിനുള്ള സൗകര്യമുണ്ടാക്കുന്നതിന് ബണ്ട് നിർമ്മിക്കുക.

23) പി. ഐ. പി. കനാലിന്റെ അറ്റകുറ്റപ്പണികൾ നടത്തുക

24) പി. ഐ. പി. കനാലിന്റെ ജലനിയന്ത്രണം പഞ്ചായത്ത് കൃഷിഭവനുമായി ബന്ധപ്പെടുത്തുക.

25) ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനായ താഴെപ്പറയുന്ന നടപടികൾ നിർദ്ദേശിക്കുന്നു.
   I) ആറുകൾ, തോടുകൾ എന്നിവയുടെ ആഴവും, വീതിയും വർദ്ധിപ്പിച്ച്, പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുക.
   II) സ്ഥിരമായി മോട്ടോർ തറകൾ നിർമ്മിക്കുക.
   III) പമ്പിംങ് ലേലം കൃഷിഭവന്റെ ചുമതലയിൽ നൽകുകയും ജോലി നെല്ലുല്പാദക സമിതികളെ ഏല്പിക്കുകയും ചെയ്യുക.
   IV) കര-ഉറവ തടയുന്നതിന് 1, 6, 10 തുടങ്ങിയ ബ്ലോക്കുകളുടെ കര ചേർന്ന ഭാഗങ്ങളിൽ തോടുകൾ നിർമ്മിച്ച് കല്ല് കെട്ടി സംരക്ഷിക്കുക.
   V) ലോഡ്ഷെഡ്ഡിങ് പമ്പിങ് ജോലികൾക്ക് ബാധകമാക്കാതിരിക്കുക.
   VI) ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ചെയ്യേണ്ട മറ്റ് ജോലികളുടെ വിവരം പട്ടിക VIII ൽ (പേജ് 32) നൽകിയിരിക്കുന്നു.

26. ജലധാര പദ്ധതിയിൽ ഉൾപ്പെടുത്തി പുഞ്ച, വിരുപ്പ്, കര എന്നിവിടങ്ങളിലെ ജലക്ഷാമം പരിഹരിക്കുക.

27. വാർഡ് 2-ൽ വന്നുനിൽക്കുന്ന P. I. P. കനാൽ 'പള്ളം' (8-ാം ബ്ലോക്ക്) പുഞ്ചയിലേയ്ക്ക് നീട്ടുക.

28. 3-ാം വാർഡിൽ തോപ്പിൽ ഭാഗത്ത് പി. ഐ. പി. കനാലിൽ നിന്നും കൈവഴികൾ നിർമ്മിക്കുക.

29. 10-ാം വാർഡിൽ ഫെറോന പള്ളിക്കു സമീപം വരെയുള്ള കനാൽ എറുകാട് വരെ നീട്ടുക.

30. 10-ാം വാർഡിൽ പണിക്കരോടത്ത് ജംങ്ഷനു കിഴക്കുവശമുള്ള പാടത്തേയ്ക്ക് പി. ഐ. പി. കനാലിൽ നിന്നും കൈവറി നിർമ്മിക്കുക.

31. ചെന്നിത്തല പാടശേഖരത്തിൽ ഇന്ന് ലഭിക്കാതിരിക്കുന്ന "മേൽചാമ്പ്" ആനുകൂല്യം അനുവദിക്കുക.

32. 10-ാം വാർഡിൽ ചെന്നിത്തല ക്ഷേത്രത്തിനു പടിഞ്ഞാറു ഭാഗത്തുനിന്നും പി. ഐ. പി. കനാലിൽ നിന്നുള്ള കൈവഴി ഇടപ്പള്ളത്തേയ്ക്ക് നീട്ടി നിർമ്മിക്കുക.

33. മൂന്നാം വാർഡിൽ വെളുത്താടത്ത് മണമേൽ നെടുവക്കാട്ട് കിഴക്കതിൽ, കോട്ടൂർ, തോപ്പിൽ, മഠത്തിൽ കിഴക്കതിൽ, വിരുപ്പ് നിലങ്ങളിൽ നിന്നും വെള്ളം ഒഴുകിപോകുവാൻ പുതിയ തോടുകൾ നിർമ്മിക്കുക.

34. നാലാം വാർഡിൽ കണ്ണാടിപ്പാടത്തേക്ക് ആറ്റിൽ നിന്നും പുതിയ തോട് നിർമ്മിക്കുക.

35. മഠത്തുംപടിക്കൽ വന്നുനിൽക്കുന്ന P. I. P. കനാൽ ഒന്നാംബ്ലോക്കിലെ തോട്ടിലേക്ക് നീട്ടുക.

## പട്ടിക VIII

| വാർഡ് നമ്പർ | തോടിന്റെ പേര് | വീതി കൂട്ടുക | ആഴം കൂട്ടുക | പിച്ചിങ് കെട്ടുക | കലുങ്ക് പണിയുക | ചീപ്പ് ഇടുക | പൈപ്പ് ഇടുക | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|
| 1. | വാലാടത്തുപടി – മാവോലിൽ | ✓ | ✓ | ✓ | | | | |
| 1. | നാലാംമൈൽ – കാരാഴ്മ ചന്ത (കിഴക്ക്) ✓ | ✓ | ✓ | | | | | |
| 1. | കൈമാട്ടിൽ പടി കാരാവള്ളിൽ പടി | ✓ | | ✓ | | | | |
| 2. | കാരാഴ്മ ചന്തയ്ക്ക് കിഴക്കുവശമുള്ള തോട് | | ✓ | | ✓ | | | |
| 2. | നമ്പോഴിൽ ഭാഗത്തുനിന്നും വട്ടശ്ശേരിപ്പുഴിലേക്കുള്ള തോട് | | | ✓ | | | | |
| 4. | നിലവിലുള്ള തോടുകൾക്ക് ചീപ്പിടുക | | | | | ✓ | | |
| 6. | തെക്കെ മേൽപ്പാടത്ത് ചിറയിൽ തോട്ടുമുഖത്ത് | | | | | ✓ | | |
| 6. | നിലവിലുള്ള തോടുകൾക്ക് | ✓ | ✓ | ✓ | | | | കൈയ്യേറിയ തോടുകൾ തിരിച്ചെടുക്കുക |
| 7. | പുറക്കാട്ട് പൊഴി, വല്ലൂർ, വള്ളുവൻകേരി, കാരിക്കുഴി, മുതലക്കുന്നുംപാട്ട്, ചെന്നെല്ലുവാതുക്കൽ, കോതകേരി, വെട്ടിക്കൊമ്പൻകേരി, കരിക്കാട്ട്, ഒതളപ്പുഴ✓ | ✓ | | | | | | അളന്നു തിരിച്ച് കയ്യേറ്റം തടയുക |
| 7. | പഴയ പറയങ്കേരി ആറ് | | ✓ | | | | | |
| 8. | നിലവിലുള്ള തോടുകൾക്ക് | ✓ | ✓ | | | | | അളന്നു തിരിച്ച് കയ്യേറ്റം തടയുക |
| 8. | തോട്ടങ്കര കലുങ്ക്, മുടവണ്ടൂർ പടിഞ്ഞാറ് കലുങ്ക് | | | | ✓ | | | |
| 8. | കുമ്പളശ്ശേരി–തോട്ടങ്കര | | | | | | | സംരക്ഷിക്കുക |
| 9. | തായംകുളം മുതൽ തെക്കൊട്ട് പാടശേഖരത്തിലേക്ക് | | ✓ | | | | | പുതിയ തോട് നിർമ്മിക്കുക |
| 9. | വള്ളാംകടവ്, തേവർകടവ്, പമ്പനംചിറ, പുളിന്താനം, ചെറുകര, പോട്ടങ്കേരി, | ✓ | ✓ | | | | | ക്രോസ്സ്ബാർ നിർമ്മിക്കുക |
| 9. | വാര്യത്ത് തോടിന്റെ ഉത്ഭവസ്ഥാനം | | | | | ✓ | | |
| 9. | വാര്യത്ത് തോട്, ചോവാലിൽ തോട് | ✓ | ✓ | ✓ | | | | |
| 9. | കുന്നേൽ പടി– ചിറയിൽ | | ✓ | | | ✓ | | |
| 9. | കുന്നേൽ പടി– കൊച്ചുതറ, കണ്ണാംമാലി–കൊറ്റോട്ട് കലുങ്ക് | ✓ | ✓ | | | ✓ | | അളന്നു തിരിച്ച് കയ്യേറ്റം തടയുക |
| 9. | കൊച്ചുതറ തോട്ടുമുഖം | | | | | ✓ | | |
| 10. | പുത്തനാറ് | | ✓ | | | | | അളന്നു തിരിച്ച് കയ്യേറ്റം തടയുക |
| 10. | കൂട്ടുങ്കൽ പടി – വേണാട്ടേത്ത് കിഴക്കുവശം | | | | | | ✓ | വാച്ചാൽ നിർമ്മിക്കുക. |
| 10. | കൂട്ടുങ്കൽ കിഴക്കുവശം – മാവോലിൽ പടിഞ്ഞാറുവശം | | | | | | | വാച്ചാൽ നിർമ്മിക്കുക. |
| 10. | കുറത്തുണ്ടിൽ ഭാഗത്തെ കലുങ്ക് | | ✓ | | | | | |
| 10. | കണ്ടത്തിൽപടി കലുങ്കിന്റെ വടക്കുവശത്തെ ഓടയുടെ പടിഞ്ഞാറുഭാഗം | | ✓ | | | | | |
| 10. | നെടുമുറ്റത്തുപടി–തെന്നടിപ്പടി റോഡിന് (പാടത്ത്) | | | ✓ | | | | |
| 10. | കോട്ടക്കുഴി നിന്നും കിഴക്കോട്ട് | | | ✓ | | | | |
| 10. | കാട്ടിൽ – പെരുമ്പാറ | ✓ | ✓ | | | | | |
| 10. | നവോദയയുടെ പടിഞ്ഞാറുവശം | | | | | | | കുഴൽമാറ്റി കലുങ്ക് പണിയു |
| 10. | ചിറ്റാടത്ത് ഭാഗത്തുനിന്നും മാവോലിൽ തോട്ടിലേക്ക് | | | | | | | പുതിയ തോട് വെട്ടിയോജിപ്പിക്കുക |

6

II



# മൃഗസംരക്ഷണവും, മത്സ്യ ബന്ധനവും

***മൃഗസംരക്ഷണം***

കേരളത്തിന്റെ നെല്ലറയായ കുട്ടനാടിനോട് ചേർന്നുകിടക്കുന്ന അപ്പർകുട്ടനാട് മേഖലയിൽ ഉൾപ്പെടുന്ന ഈ പ്രദേശത്തെ കർഷകരുടെ ഒരു ഉപതൊഴിലാണ് കന്നുകാലിവളർത്തൽ. പശു, ആട് എന്നിവയാണ് പ്രധാന വളർത്തുമൃഗങ്ങളെങ്കിലും എരുമ, പോത്ത്, കാള എന്നിവയും വളർത്തപ്പെടുന്നുണ്ട്. പക്ഷികളിൽ കോഴിയും, താറാവും വൻതോതിൽ വളർത്തപ്പെടുന്നു. ഗിനികോഴി, കൽഗം തുടങ്ങിയ പക്ഷികളേയും മുയൽ, പന്നി തുടങ്ങിയ മൃഗങ്ങളേയും അപൂർവ്വമായി വളർത്തുന്നുണ്ട്.

കാർഷികരംഗത്തുണ്ടായ അടിസ്ഥാനപരമായ മാറ്റങ്ങളും, യന്ത്രവത്കരണവും വളർത്തുമൃഗങ്ങളുടെ എണ്ണത്തിൽ കുറവുണ്ടാകുവാൻ ഇടയാക്കിയിട്ടുണ്ട്. 1987, 1996 വർഷങ്ങളിലെ സെൻസസ് റിപ്പോർട്ട് അനുസരിച്ചുള്ള വളർത്തുമൃഗങ്ങളുടെ എണ്ണം താരതമ്യപഠനത്തിനായി പട്ടിക I ൽ ചേർത്തിരിക്കുന്നു.

***പട്ടിക I***

| ഇനം | 1987 | 1996 |
|---|---|---|
| പശു | 2413 | 2630 |
| എരുമ | 217 | 187 |
| ആട് | 1031 | 1437 |
| പോത്ത് | 577 | 396 |
| കാള | 304 | 72 |
| കോഴി | 10346 | 12136 |
| താറാവ് | 28135 | 87118 |

പാൽ ഉത്പാദനരംഗത്ത് പശുക്കളെയാണ് ഭൂരിപക്ഷം കർഷകരും വളർത്തുന്നത്. ഏകദേശം 90% ത്തോളം അത്യുത്പാദനശേഷിയുള്ള സങ്കരഇനങ്ങളാണ് വളർത്തപ്പെടുന്നത്. പാലുല്പാദനരംഗത്ത് വൻപിച്ച സാധ്യതയുള്ള പ്രദേശമാണെങ്കിലും വൈക്കോൽ, തീറ്റപ്പുല്ല് എന്നിവയുടെ ക്ഷാമവും കാലിതീറ്റയുടെ അമിതമായ വിലയും പാൽ വിപണനരംഗത്തെ പോരാഴ്മകളും കാരണം ഈ രംഗം മുരടിച്ച് നിൽക്കുന്നു. ഈ പഞ്ചായത്തിലെ 8, 10 വാർഡുകളിൽ ഓരോ ക്ഷീരസംഘങ്ങൾ പ്രവർത്തിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ ഒരു മൃഗാശുപത്രി 10-ാം വാർഡിൽ പ്രവർത്തിക്കുന്നുണ്ട്. ഈ ആശുപത്രിയുടെ സേവനം പഞ്ചായത്തിന്റെ

തെക്കൻ മേഖലയിൽ വേണ്ടറിധത്തിൽ ലഭിക്കുന്നില്ല. രണ്ടാംവാർഡിൽ ഒരു ക്രിത്യമ ബീജസങ്കലനകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. കുളമ്പുരോഗം കന്നുകാലുകളിൽ സാർവത്രികമായി കണ്ടുവരുന്നു. രോഗപ്രതിരോധ നടപടികളെക്കുറിച്ച് കർഷകർക്കിടയിൽ കൂടുതൽ ബോധവത്കരണം ആവശ്യമാണ്. കന്നുകാലി വളർത്ത ലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് ഗോബർഗ്യാസ്സ് പ്ലാന്റുകൾ സ്ഥാപിച്ച് അവർ നേരിടുന്ന ഇന്ധനക്ഷാമം പരിഹരിക്കാവുന്നതാണ്. ഈ രംഗത്ത് ആവശ്യമായ ശ്രദ്ധപതിഞ്ഞു കാണുന്നില്ല. പഞ്ചായത്തിൽ 7 ഗോവർഗ്യാസ്സ് പ്ലാന്റുകൾ പ്രവർത്തിക്കുന്നുണ്ട്.

നാടൻ കോഴികളാണ് പ്രധാനമായും ഈ പ്രദേശത്തെ വീടുകളിൽ വളർത്തപ്പെടുന്നത്. കോഴികൃഷി ഒരു പ്രധാനതൊഴിലായി സ്വീകരിച്ച് കോഴികളെ വളർത്തുന്ന 4 കേന്ദ്രങ്ങൾ ഈ പഞ്ചായത്തിലുണ്ട്. കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചാൽ സ്വയം പര്യാപ്തത കൈവരിക്കാനും അന്യനാടുകളിൽ നിന്നുള്ള ഉത്പന്നത്തിന്റെ ഇറക്കുമതി ഒഴിവാക്കാനും സാധിക്കും.

താറാവ് കൃഷി പരമ്പരാഗതമായി വൻതോതിൽ ഈ പ്രദേശത്ത് നടക്കുന്നുണ്ട്. ഏകദേശം 150 കുടുംബങ്ങളിലായി ആയിരത്തോളം കർഷകർ നേരിട്ട് ഈ രംഗത്ത് പ്രവർത്തിക്കുന്നു. പഞ്ചായത്തിൽ ഏക ദേശം 1 ലക്ഷത്തോളം താറാവുകൾ വളർത്തപ്പെടുന്നുണ്ട്. കോഴി, താറാവ് എന്നിവയുടെ മുട്ടകൾ വിരിയി ക്കുന്ന 5 യൂണിറ്റുകൾ ഈ പഞ്ചായത്തിൽ 2, 7, 11 വാർഡുകളിലായി പ്രവർത്തിക്കുന്നു. താറാവ് കൃഷിയെ പ്രതികൂലമായി ബാധിച്ചിട്ടുള്ള മാരകമായ പകർച്ചവ്യാധിക്ക് ശാശ്വതമായ ഒരു പ്രതിവിധി ഇനിയും കണ്ടുപി ടിച്ചിട്ടില്ല. രോഗബാധയെതുടർന്ന് വൻതോതിൽ താറാവുകൾ മരിക്കുന്നതിനാൽ കർഷകർക്ക് വൻപിച്ച നഷ്ടം ഓരോവർഷവും നേരിടേണ്ടിവരുന്നു.

ഉഴവ് ജോലികൾക്കായി കർഷകർ വളർത്തിയിരുന്ന പോത്ത്, കാള എന്നീമൃഗങ്ങളുടെ എണ്ണം അനു ദിനം കുറഞ്ഞുവരികയാണ്. കാർഷികരംഗത്തെ യന്ത്രവത്ക്കരണം ഇതിനൊരുകാരണമാണ്. മാംസ്യ ആവശ്യ ങ്ങൾക്കായി വളർത്തപ്പെടുന്ന മുയൽ, പന്നി എന്നീ മൃഗങ്ങളുടെ കൃഷി വളരെ കുറഞ്ഞ തോതിലേ ചെയ്തു വരുന്നുള്ളൂ. ഇവയുടെ കൃഷിക്ക് സഹായങ്ങൾ ലഭ്യമാക്കി വ്യാപിപ്പിച്ചാൽ ഇറച്ചിയുടെ ലഭ്യതയിൽ അനുഭവ പ്പെടുന്ന ക്ഷാമവും തൊഴിലില്ലാഴ്മയും കുറയൊക്കെ പരിഹരിക്കുവാൻ സാധിക്കുന്നതാണ്.

### *പ്രധാന പ്രശ്നങ്ങൾ*

1. വൈക്കോൽ, തീറ്റപ്പുല്ല് എന്നിവയുടെ ലഭ്യതക്കുറവ്.
2. കാലിത്തീറ്റയുടെ അമിതമായ വില.
3. മൃഗ ചികിൽസാരംഗത്തെ അപര്യാപ്തത.
4. കോഴി, താറാവ് എന്നിവയെ ബാധിക്കുന്ന മാരകമായ പകർച്ചവ്യാധികൾ.
5. ക്ഷീരവിപണനരംഗത്ത് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ
6. ക്ഷീരോത്പാദകർക്ക് പാലിന് മതിയായ വില ലഭിക്കാതിരിക്കൽ
7. കന്നുകാലി കൃഷിയിൽ പുതിയ തലമുറയ്ക്കുള്ള താത്പര്യക്കുറവ്.
8. രോഗബാധയെ തുടർന്ന് മരിക്കുന്ന വളർത്തുമൃഗങ്ങൾക്കും പക്ഷികൾക്കും നഷ്ടപരിഹാരം ലഭ്യമാ ക്കൽ.
9. മൃഗാശുപത്രി പ്രവർത്തിക്കുന്ന കെട്ടിടം, ഉപകരണങ്ങൾ എന്നിവയുടെ പരിമിതി.

### *സാദ്ധ്യതകൾ*

1. എല്ലാ വാർഡുകളിലും ക്ഷീര വ്യവസായസഹകരണസംഘങ്ങൾ രൂപീകരിക്കുക.
2. കർഷകരിൽനിന്നും ക്ഷീരസംഘങ്ങൾ വഴി പാൽ ശേഖരിക്കുകയും കാലിതീറ്റ, തീറ്റപുൽവിത്ത്, വളം

എന്നിവ സൗജന്യനിരക്കിൽ വിതരണം നടത്തുകയും ചെയ്യുക. കാലിത്തീറ്റ നിർമാണ യൂണിറ്റുകൾ സ്ഥാപിക്കുക.

3. പഞ്ചായത്ത് മൃഗാശുപത്രിയുടെ ഒരു സബ്-സെന്റർ 4, 5, 6 വാർഡുകൾ കേന്ദ്രീകരിച്ച് പ്രവർത്തനം തുടങ്ങുക.
4. സഹകരണാടിസ്ഥാനത്തിൽ ഒരു കോഴിക്കുഞ്ഞ് ഉത്പാദന-വളർത്തൽ- വിതരണ സംഘം രൂപീകരിക്കുക.
5. താറാവ് വളർത്തൽ രംഗത്ത് പ്രവർത്തിക്കുന്ന രണ്ട് സഹകരണസംഘങ്ങളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുക.
6. കോഴിവസന്ത, താറാവുകളെ ബാധിക്കുന്ന പകർച്ചവ്യാധി എന്നിവയ്ക്ക് ഫലപ്രദമായ പ്രതിരോധചികിത്സ ഏർപ്പെടുത്തുക. / കർഷകർക്ക് വാക്സിനേഷൻ പരിശീലനം നൽകുക, ഗവേഷണകേന്ദ്രം ഈ പഞ്ചായത്തിൽ തുടങ്ങുക.
7. പകർച്ചവ്യാധിമൂലം മരിക്കുന്ന കോഴി/താറാവ് എന്നിവയ്ക്ക് 75 രൂപയിൽ കുറയാതെ സൗജന്യ ഇൻഷുറൻസ് സഹായം അനുവദിക്കുക.
8. പന്നി, മുയൽ എന്നിവയുടെ കൃഷിക്ക് ധനസഹായം നൽകുക.
9. വർഷത്തിൽ രണ്ട്പ്രാവശ്യം പേ വിഷബാധയ്ക്കെതിരെ നായ്ക്കൾക്ക് കുത്തിവെയ്പ്പ് നടത്തുകയും അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുകയും ചെയ്യുക.
10. രോഗപ്രതിരോധ കുത്തിവയ്പ്പുകൾ ഓരോ വാർഡിലും ക്യാമ്പുകൾ നടത്തി പൂർത്തിയാക്കുക.
11. കന്നുകാലികൃഷിക്കാരിൽ ഗോബർഗ്യാസ് പ്ലാന്റുകൾ പ്രചരിപ്പിക്കുക.
12. ബീജസങ്കലനത്തിന് ഈടാക്കുന്ന ഫീസ് പഴയനിരക്കിൽ പുന:സ്ഥിപിക്കുക.
13. മാതൃകാ കന്നുകാലിതൊഴുത്തുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ പദ്ധതി ആവിഷ്ക്കരിക്കുക.
14. പശുക്കൾക്ക് ഗർഭകാല പോഷകാഹാരപദ്ധതി നടപ്പാക്കുക.
15. ക്ഷീരോത്പാദന നിർമ്മാണയൂണിറ്റ് സ്ഥാപിക്കുക.
16. മാതൃകാ ഡയറി യൂണിറ്റുകൾ, മാതൃകാ ആടു വളർത്തൽ യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുക.
17. ക്ഷീരോത്പാദനത്തെ സംബന്ധിച്ച് ശാസ്ത്രീയബോധവത്ക്കരണം നടത്തുക.
18. ദുർബലജനവിഭാഗങ്ങൾക്ക് വളർത്തുമൃഗങ്ങളേയും പക്ഷികളേയും സൗജന്യമായി വിതരണം ചെയ്യുക.
19. പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി ഈ പഞ്ചായത്തിൽ നടപ്പാക്കുക.
20. തൊഴിൽ രഹിതരായ യുവജനങ്ങളെ "പശുക്കറവ" പരിശീലനം നൽകി മിൽക്ക് സൊസൈറ്റികളിൽകൂടി അവരുടെ സേവനം കർഷകർക്ക് ലഭ്യമാക്കുക.

## മത്സ്യബന്ധനം

ചെന്നിത്തല-തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്തിന്റെ കിഴക്ക്, തെക്ക്, പടിഞ്ഞാറു ഭാഗങ്ങളെ ചുറ്റി ഒഴുകുന്ന അച്ചൻകോവിലാറും കൈവഴികളും കാർഷികാവശ്യങ്ങൾക്കായി നിർമ്മിച്ചിട്ടുള്ള തോടുകളും പ്രകൃതിദത്തമായ കുളങ്ങളും കൊണ്ട് ജലസമ്പത്തിൽ ഈ പ്രദേശം സമ്പുഷ്ടമാണ്. പരമ്പരാഗതമായി മത്സ്യബന്ധനം തൊഴിലായി സ്വീകരിച്ചിട്ടുള്ള 200- റോളം കുടുംബങ്ങളിൽപ്പെട്ട 1500-റോളം തൊഴിലാളികൾ ഈ രംഗത്ത് പ്രവർത്തിക്കുന്നു. മത്സ്യത്തൊഴിലാളികൾ ഭൂരിപക്ഷവും ഈ പഞ്ചായത്തിലെ 3, 4, 5, 7, 9 വാർഡുകളിലായി താമസിക്കുന്നു. പ്രധാനമായും ഉൾനാടൻ ശുദ്ധജല മത്സ്യങ്ങളായ വാള, വരാൽ, കരിമീൻ, മുശി, കാരി, കുറുവ, കല്ലേമുട്ടി, ചെമ്മീൻ എന്നിവയാണ് ഇവിടെ ലഭിക്കുന്ന ഇനങ്ങൽ. പരമ്പരാഗത മത്സ്യബന്ധന രീതികൾ ഇന്നും തുടർന്നുപോരുന്നു. മത്സ്യബന്ധനത്തിനായി വട്ടവല, കോരുവല, പെരുവല, നീട്ടുവല എന്നീ

ഇനം വലകളും ഒറ്റാൽ, ചൂണ്ട, പെരുംകൂടി എന്നീ ഉപകരണങ്ങളും ഉപയോഗിക്കുന്നു. സംഘങ്ങളായി വള്ളങ്ങളിൽ മത്സ്യബന്ധനം നടത്തുന്ന നിരവധി ആളുകൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. യന്ത്രവൽക്കരണവും ആധുനികവൽക്കരണവും ഈ രംഗത്തേയ്ക്ക് ഇനിയും കടന്നുവന്നിട്ടില്ല. ഈ പ്രദേശത്ത് ലഭിച്ചുകൊണ്ടിരിക്കുന്ന മത്സ്യങ്ങളുടെ ഏകദേശകണക്ക് (ഈ രംഗത്തെ തൊഴിലാളികളിൽനിന്നും ശേഖരിച്ചത്) പട്ടിക ഒന്നിൽ കൊടുത്തിരിക്കുന്നു.

**പട്ടിക I**

| ക്രമനമ്പർ | മത്സ്യ ഇനം | ലഭ്യത |
|---|---|---|
| 1 | വാള | 1200 kg |
| 2 | കരിമീൻ | 150 |
| 3 | വരാൽ | 1480 |
| 4 | കാരി | 2760 |
| 5 | കല്ലേമുട്ടി | 3068 |
| 6 | മുശി | 1100 |
| 7 | ചെമ്മീൻ (ആറ്റുകൊഞ്ച്) | 2345 |
| 8 | മറ്റുള്ളവ | 9635 |
| | ആകെ | 21,738 |

മത്സ്യബന്ധന വിപണനരംഗത്ത് ഈ പ്രദേശത്തിന്റെ പ്രത്യേകത പരിഗണിക്കുമ്പോൾ വളരെയേറെ സാദ്ധ്യകളുണ്ടെങ്കിലും അവ പൂർണ്ണമായും പ്രയോജനപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. മത്സ്യകൃഷി ഇന്നും ഗൗരവമായി പരിഗണിക്കപ്പെട്ടിട്ടില്ല. ഈ പഞ്ചായത്തിൽ രണ്ട് കേന്ദ്രങ്ങളിൽ മാത്രമാണ് മത്സ്യകൃഷി ശാസ്ത്രീയമായ രീതിയിൽ നടത്തിവരുന്നത്. മത്സ്യബന്ധനവിപണന രംഗത്ത് ഇടത്തട്ടുകാരുടെ ചൂഷണം ഒരു പരിധി വരെ ഒഴിവാക്കപ്പെട്ടിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ ഉല്പന്നങ്ങൾ ശേഖരിക്കുന്നതിനും അവ കേടുകൂടാതെ സൂക്ഷിക്കുന്നതിനുമുള്ള സംവിധാനങ്ങൾ ഇന്ന് ലഭ്യമല്ല. മത്സ്യരോഗം മൂലം മത്സ്യസമ്പത്തിനുണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടം ഗൗരവമേറിയ ഒരു പ്രശ്നമാണ്.

വിദ്യാഭ്യാസ-സാമൂഹിക രംഗങ്ങളിൽ പിന്നോക്കം നിന്നിരുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളി വിഭാഗങ്ങൾ ഇന്ന് സാമ്പത്തിക-സാമൂഹിക രംഗങ്ങളിൽ കുറെയൊക്കെ മുന്നേറിയിട്ടുണ്ട്. മത്സ്യ വിപണന രംഗത്ത് കൂടുതലായി പണിയെടുക്കുന്ന സ്ത്രീതൊഴിലാളികളുടെ പ്രശ്നങ്ങൾ പ്രത്യേക ശ്രദ്ധ ആർഹിക്കുന്നു.

## പ്രശ്നങ്ങൾ

1. ഉൾനാടൻ മത്സ്യ സമ്പത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന കുറവ്.
2. പകർച്ചവ്യാധിമൂലം മത്സ്യസമ്പത്തിനുണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടം.
3. ആധുനിക മത്സ്യബന്ധന രീതികളുടെ അഭാവം.
4. മത്സ്യഉത്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള സൗകര്യങ്ങളുടെ അഭാവം.
5. വിപണനരംഗത്ത് ഇടത്തട്ടുകാരുടെ ചൂഷണം.
6. മത്സ്യബന്ധനവിപണന രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികളുടേയും കുടുംബാംഗങ്ങളുടേയും സാമൂഹികസുരക്ഷയുടെ അഭാവം.
7. അശാസ്ത്രീയമായ മത്സ്യബന്ധനത്തിലൂടെയും, അമിതമായ കീടനാശിനപ്രയോഗത്തിലൂടെയും മത്സ്യസമ്പത്തിനുണ്ടായിക്കൊണ്ടിരിക്കുന്ന നാശം.
8. പുതിയ തലമുറ ഈ രംഗത്തേയ്ക്ക് കടന്നുവരുവാൻ കാണിക്കുന്ന വൈമുഖ്യം.

9. ഫിഷ്‌ലാന്റിങ്ങ് സെന്ററിന്റെ അഭാവം.

## സാദ്ധ്യതകൾ

1. ശുദ്ധജലമത്സ്യങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുവാൻ ജലാശയങ്ങളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുക.
2. കൊയ്ത്തുകഴിഞ്ഞ് പാടശേഖരങ്ങളിൽ സഹകരണാടിസ്ഥാനത്തിൽ മത്സ്യകൃഷി നടത്തുക.
3. മത്സ്യ-ഉല്പാദന വിപണനരംഗത്ത് മത്സ്യഫെഡിന്റെ കീഴിൽ രണ്ട് സഹകരണസംഘങ്ങൾ രൂപീകരിച്ച് ചൂഷണം ഒഴിവാക്കുക.
4. മത്സ്യവിപണന കേന്ദ്രങ്ങൾ പുതിയതായി സ്ഥാപിക്കുക.
5. 1-ാം വാർഡിലെ പുത്തൻകുളം, 10-ാം വാർഡിലെ തായംകുളം, 11-ാം വാർഡിലെ നാരായണത്തുകുളം എന്നിവ വൃത്തിയാക്കി മത്സ്യകൃഷി ആരംഭിക്കുക.
6. മത്സ്യകൃഷിക്ക് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുക.
7. മത്സ്യ-മാംസാദികൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള സ്റ്റോറേജുകൾ പ്രധാനമത്സ്യബന്ധന കേന്ദ്രങ്ങളിൽ സ്ഥാപിക്കുക.
8. കാരാഴ്മ മാർക്കറ്റിൽ ഒരു കോൾഡ് സ്റ്റോറേജ് സ്ഥാപിക്കുക.
9. കുളങ്ങളിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മത്സ്യകുഞ്ഞുങ്ങളെ സൗജന്യമായി നൽകുക.
10. മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണസഹായം ലഭ്യമാക്കുക.
11. ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ മത്സ്യഭവൻ പഞ്ചായത്തിൽ സ്ഥാപിക്കുക.
12. മത്സ്യവിപണനരംഗത്ത് പണിയെടുക്കുന്ന സ്ത്രീതൊഴിലാളികൾക്ക് വാഹനസൗകര്യം ഏർപ്പെടുത്തുക.
13. മത്സ്യത്തൊഴിലാളികൾ തിങ്ങിപാർക്കുന്ന കേന്ദ്രങ്ങളായ മഠത്തുംപടി, ചെറുകോൽ എന്നിവിടങ്ങളിൽ ഡേ കെയർ സെന്ററുകൾ സ്ഥാപിക്കുക.
14. ചെന്നിത്തല-പഞ്ചായത്തിലെ 8-ാം ബ്ലോക്കിൽ മത്സ്യകൃഷി അനുവദിക്കുക.
15. അശാസ്ത്രീയമായ മത്സ്യബന്ധനത്തിലൂടെയും അമിതമായ കീടനാശിനി പ്രയോഗത്തിലൂടെയും മത്സ്യസമ്പത്തിനുണ്ടാകുന്ന നാശം കർശനമായി നിയന്ത്രിക്കുക.





6

III

# വ്യവസായം

വ്യവസായ ഭൂപടത്തിൽ ചെന്നിത്തല-തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്തിന് തിളക്കമാർന്ന സ്ഥാനങ്ങൾ ഒന്നുംതന്നെയില്ലായെങ്കിലും 1950 കളുടെ മധ്യം മുതൽ ഈ പഞ്ചായത്തിൽ തീപ്പെട്ടി വ്യവസായം വളരുവാൻ തുടങ്ങിയിരിക്കുന്നു. തീപ്പെട്ടി വ്യവസായ രംഗത്ത് തീപ്പെട്ടി നിർമ്മാണവും അതിനാവശ്യമായ അസംസ്കൃതവസ്തു സംസ്കരണവും നടക്കുന്നു. ഈ രംഗത്ത് ശിവകാശി കഴിഞ്ഞാൽ ചെന്നിത്തലയ്ക്ക് പ്രധാനമായ ഒരു സ്ഥാനം നേടാൻ കഴിഞ്ഞത് സോഫ്റ്റ് വുഡ് ഈ പ്രദേശത്ത് സുലഭമായിരുന്നതിലായിരുന്നു. 1970 കാലഘട്ടങ്ങളിൽ ഈ പഞ്ചായത്തിൽ 15 ലേറെ തീപ്പട്ടി നിർമ്മാണ യൂണിറ്റുകളായി ആയിരക്കണക്കിന് തൊഴിലാളികളും പണിയെടുത്തിരുന്നു. തീപ്പെട്ടി നിർമ്മാണ രംഗത്തേയ്ക്ക് വൻതോതിൽ അന്യസംസ്ഥാനങ്ങളിലെ വ്യവസായ സംരഭകരുടെ കടന്നുവരവും അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും, വിലവർദ്ധനയും, തൊഴിലാളികളുടെ ലഭ്യതക്കുറവും തീപ്പെട്ടി നിർമ്മാണ യൂണിറ്റുകൾ അടച്ചുപൂട്ടുവാൻ ഇടയായി. ഇന്ന് ഈ പഞ്ചായത്തിൽ 7 തീപ്പെട്ടിക്കൊള്ളി നിർമ്മാണ ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ ഉൽപന്നങ്ങൾ അന്യനാട്ടിലെ തീപ്പെട്ടി നിർമ്മാണ യൂണിറ്റുകളിലേയ്ക്ക് കയറ്റിയയക്കുന്നു. ഏകദേശം 600-700 തൊഴിലാളികൾ ഈ രംഗത്ത് പണിയെടുക്കുന്നു. തൊഴിലാളികളിൽ 80% വും സ്ത്രികളാണ്. അവരിൽ തന്നെ നല്ലൊരു വിഭാഗം തൊഴിൽ നിയമ സംബന്ധമായ ശരിയായ ആനുകൂല്യങ്ങൾ ലഭിക്കാത്ത താല്കാലിക തൊഴിലാളികളാണ്.

കയർ വ്യവസായ രംഗത്ത് തൊണ്ട് അഴുക്കി ചകിരിയാക്കി കയർ പിരിക്കുന്ന നിരവധി തൊഴിലാളികൾ ഈ പഞ്ചായത്തിന്റെ 1, 6, 10 വാർഡുകളിൽ ഉണ്ടായിരുന്നു. സാമ്പത്തിക സാമൂഹ്യരംഗങ്ങളിലുണ്ടായ മാറ്റങ്ങളും തൊണ്ടു ദൗർലഭ്യവും ഈ രംഗം ലാഭകരമല്ലാതാക്കിത്തീർത്തു. ഇന്ന് ഈ രംഗത്ത് രണ്ട് കയർപിരി യൂണിറ്റുകൾ (റാട്ട് ഉപയോഗിച്ച്) മാത്രമാണ് പ്രവർത്തിക്കുന്നത്. പരമ്പരാഗത കുടിൽ വ്യവസായമായിരുന്ന

തഴപ്പായ് നെയ്ത്ത് രംഗത്തുനിന്നും തൊഴിലാളികൾ ഏറെക്കുറെ പൂർണ്ണമായും പിന്മാറിയിരിക്കുന്നു. ഈ കാലഘട്ടത്തിൽതന്നെ ഉയർന്നുവന്ന ഒരു വ്യവസായ മേഖലയാണ് ഇഷ്ടികനിർമ്മാണം. കെട്ടിട നിർമ്മാണരംഗത്തെ ഇഷ്ടികയുടെ ആവശ്യം വർദ്ധിച്ചതനുസരിച്ച് ഈ വ്യവസായം പുഷ്ടിപ്പെട്ടിട്ടുണ്ട്. ഈ രംഗത്ത് ഉൽപാദനം നടത്തുന്ന രണ്ട് ഫാക്ടറികളും 27 ഓളം ചെറുകിട നാടൻ ചൂളകളും ഇന്ന് പ്രവർത്തിക്കുന്നു. വ്യവസായ സാദ്ധ്യത മനസ്സിലാക്കി ഈ രംഗത്തേയ്ക്ക് വൻതോതിൽ മൂലധനം മുടക്കി ഫാക്ടറികൾ തുടങ്ങുവാനുള്ള പ്രവണതയുണ്ടായിട്ടുണ്ട്. ചെന്നിത്തല-തൃപ്പെരുന്തുറ പഞ്ചായത്തിലും പരിസര പഞ്ചായത്തുകളിലുമായി ആയിരത്തിലേറെ പുരുഷതൊഴിലാളികൾ ഈ രംഗത്ത് പ്രവർത്തിക്കുന്നു. ആകർഷകമായ കൂലി

യുവജനങ്ങളെ ഈ രംഗത്ത് പിടിച്ച് നിർത്തുന്നതിന് സഹായിക്കുന്നു.

നാളികേര വ്യവസായവുമായി ബന്ധപ്പെട്ട് 3-ാം വാർഡിൽ ഒരു വെളിച്ചെണ്ണ ഉത്പാദന ഫാക്ടറിയും ഒരു എണ്ണ സംസ്ക്കരണ ഫാക്ടറിയും പ്രവർത്തിക്കുന്നുണ്ട്.

പർപ്പടക നിർമ്മാണം, സോഡാനിർമ്മാണം, പടക്കനിർമ്മാണം എന്നീ മേഖലകളിൽ അസംഘടിതനായ തൊഴിലാളികൾ പ്രവർത്തിക്കുന്നുണ്ട്.

ചെന്നിത്തല-തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്ത് പ്രദേശം പ്രധാനമായും ഒരു നെല്ലുല്പാദക മേഖലയാണെങ്കിലും നെല്ലിന്റെ സാംസ്ക്കരണവുമായി ബന്ധപ്പെട്ട വ്യവസായ യൂണീറ്റുകൾ കുറവാണ്. വൈക്കോൽ, പാടശേഖരങ്ങളിലും ജലാശയങ്ങളിലും കാണുന്ന കുടുക്കപായൽ എന്നിവ അസംസ്കൃതവസ്തുവാക്കികൊണ്ടുള്ള വ്യവസായ യൂണിറ്റുകൾക്കും സാദ്ധ്യതയുണ്ടെങ്കിലും പ്രയോജനപ്പെടുത്തിയിട്ടില്ല. ഖാദി-ഗ്രാമവ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന ഒരു നെയ്ത്തുശാല (വാർഡ് III) ഇന്ന് പ്രവർത്തന രഹിതമാണ്. ഈ രംഗത്ത് ഏതാനും നൂൽനൂല്പു കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

ചെറുകിട വ്യവസായ മേഖലയിൽ തടിവ്യവസായം, നാളികേരം, അച്ചടി, എഞ്ചിനിയറിംങ്ങ് തുടങ്ങിയ രംഗത്ത് പ്രവർത്തിക്കുന്ന യൂണിറ്റുകളുടെ വിവരം താഴെ പട്ടികയിൽ ചേർക്കുന്നു.

*പട്ടിക- I*

| ക്രമനമ്പർ | വ്യവസായം | യൂണീറ്റുകളുടെ എണ്ണം |
|---|---|---|
| 1 | കൊപ്ര സംസ്ക്കരണം | 9 |
| 2 | അച്ചടി | 5 |
| 3 | ബേക്കറി | 2 |
| 4 | പർപ്പടകം | 1 |
| 5 | ഭക്ഷ്യധാന്യം പൊടിക്കൽ | 12 |
| 6 | സോഡാ വ്യവസായം | 8 |
| 7 | പടക്ക നിർമ്മാണം | 4 |
| 8 | ഖാദി മേഖല | 1 |
| 9 | തീപ്പെട്ടി വ്യവസായം | 6 |
| 10 | ഇഷ്ടിക നിർമ്മാണം | 30 |
| 11 | നെല്ല് സംസ്ക്കരണം | 12 |
| 12 | സിമിന്റ് ഇഷ്ടിക/കിണർ | 10 |
| 13 | ഗാർമന്റ്സ് | 1 |
| 14 | ഡി. റ്റി. പി. യൂണിറ്റ് | 1 |
| 15 | ഓഫ്സെറ്റ് പ്രിന്റിംഗ് യൂണിറ്റ് | 1 |

വ്യവസായ രംഗത്ത് സഹകരണ സംഘങ്ങൾ ഒന്നും തന്നെ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. 1923-ൽ രൂപീകരിക്കപ്പെട്ട A. 361-ാം നമ്പർ വ്യവസായ വർദ്ധിനി സഹകരണ സംഘം ഇന്ന് പ്രവർത്തന രഹിതമാണ്. വ്യവസായ രംഗത്ത് ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ആശാവഹമായ ഒരു സ്ഥിതിയല്ല നിലനിൽക്കുന്നത്. പൊതുവേ അഭ്യസ്ഥവിദ്യരിൽ സർവ്വീസ് മേഖലയോടുള്ള താൽപര്യവും വ്യവസായ രംഗത്തെ അനിശ്ചിതത്വവും ഈ സ്ഥിതിക്ക് പിന്നിലുള്ള ഘടകങ്ങളാണ്. ക്രിയാത്മകമായ നടപടികളിലൂടെ മാത്രമേ ഈ സ്ഥിതി മാറ്റിയെടുക്കുവാൻ സാധിക്കുകയുള്ളൂ.

*പ്രശ്നങ്ങൾ*

വൈദ്യുതി, ഗതാഗതം എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഈ പ്രദേശത്ത് ലഭ്യമാണെങ്കിലും കേവലം ഒരു ഉപഭോക്ത മേഖലയായി ഇന്നും ഈ പഞ്ചായത്ത് തുടരുന്നതിന്റെ കാരണങ്ങൾ ഗൗരവപൂർവ്വം പരിശോധിക്കേണ്ടതാണ്. നാം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ താഴെപ്പറയുന്നു.

1. കാർഷികോല്പന്നങ്ങളായ നെല്ല്, നാളീകേരം, കൊക്കോ എന്നിവയുടെ അനുബന്ധ/സംസ്കരണ വ്യവസായ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നില്ല.
2. വ്യവസായ സംരംഭകർക്ക് അനുയോജ്യമായ ഭൂമിയുടെ ലഭ്യതക്കുറവ്/ഭൂമിയുടെ അമിതവില.
3. വ്യവസായ രംഗത്തോട് സംരംഭകരുടെ സമീപനം.
4. വ്യവസായ സംരംഭകർക്ക് ധനസഹായം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ
5. പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച.
6. വൈദ്യുതി/ലൈസൻസ് എന്നിവ ലഭിക്കുന്നതിലെ ബുദ്ധിമുട്ടുകൾ.
7. വനിതാവ്യവസായ സംരംഭകർക്ക് സാങ്കേതിക പരിജ്ഞാനത്തിന്റേയും പ്രോത്സാഹനത്തിന്റേയും കുറവ്.
8. പൊതു മേഖലയിലോ-സ്വകാര്യ മേഖലയിലോ പ്രധാന വ്യവസായശാലകളുടെ അഭാവം.
9. വിപണന സാദ്ധ്യതക്കുറവ്.

*സാദ്ധ്യതകൾ*

1. ഒന്നാംവാർഡിൽ പ്രവർത്തന രഹിതമായിരിക്കുന്ന ഖാദി വ്യവസായ യൂണിറ്റായ "കൈക്കുത്ത് അരി സംഘം" പുന:ജീവിപ്പിക്കുക.
2. എല്ലാ വാർഡുകളിലും വനിതാവ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.
3. ഇലക്ട്രോണിക്സ് കമ്പോണന്റ്സ് നിർമ്മിക്കുന്ന വ്യവസായം തുടങ്ങുക.
4. പാൽ ഉല്പന്നങ്ങൾ, അച്ചാർ, സ്ക്വാഷ് നിർമ്മാണം, സോപ്പ്, മെഴുകുതിരി, ഇഷ്ടിക, റെഡിമെയ്ഡ് വസ്ത്രങ്ങൾ, പ്രിന്റിങ്ങ് പ്രസ്സ്, ബുക്ക് ബയന്റിങ്ങ്, കറിപൗഡർ, സിമിന്റിഷ്ടിക, നെല്ല് സംസ്കരണം, ബീഡി, ബേക്കറി എന്നീ രംഗങ്ങളിൽ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.
5. ഉപയോഗശൂന്യമായ വൈക്കോൽ, പായൽ എന്നിവ ഉപയോഗിച്ച് സ്ട്രോ ബോർഡ് നിർമ്മാണം, കാലിത്തീറ്റ നിർമ്മാണം എന്നിവയും വ്യവസായികാടിസ്ഥാനത്തിൽ കൂൺ ഉല്പാദനവും തുടങ്ങുക.
6. വ്യവസായ വർദ്ധിനി സഹകരണസംഘം പുന:ജീവിപ്പിച്ച് റബ്ബർ ഉല്പന്ന നിർമ്മാണ യൂണിറ്റ് തുടങ്ങുക.
7. നെല്ലുസംസ്കരണത്തിനായി 7, 10, 11 വാർഡുകളിൽ മോഡേൺ റൈസ് മില്ലുകൾ സ്ഥാപിക്കുക.
8. പുതിയ ചെറുകിട വ്യവസായ സംരംഭകർക്ക് പ്രോത്സാഹനമായി 5 വർഷത്തേയ്ക്ക് കെട്ടിടനികുതി ഇളവ് അനുവദിക്കുക.
9. പാത്രനിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.
10. 10-ാം വാർഡിൽ ഒരു പായ്കിങ്ങ്കേസ് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.
11. കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.
12. കേരോല്പന്നങ്ങൾകൊണ്ട് കരകൗശല വസ്തുക്കൾ നിർമ്മിക്കുന്ന യൂണിറ്റ് സ്ഥാപിക്കുക.
13. മുട്ട-സംഭരണ-വിതരണ സഹകരണസംഘം 10-ാം വാർഡിൽ സ്ഥാപിക്കുക.
14. പട്ടുനൂൽ വ്യവസായം പ്രോത്സാഹിപ്പിക്കുകയും സഹകരണാടിസ്ഥാനത്തിൽ ഉല്പാദനയൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്യുക.
15. വ്യാവസായികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ യുദ്ധകാലാടിസ്ഥാനത്തിൽ നൽകുക.
16. വ്യവസായ ലൈസൻസ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടു പരിഹരിക്കുന്നതിനായി ഗ്രീൻചാനൽ എക്സ്റ്റൻഷൻ കൗണ്ടറുകൾ താലൂക്ക് അടിസ്ഥാനത്തിൽ സ്ഥാപിക്കുക.
17. വ്യവസായ സംരംഭകർക്ക് സാമ്പത്തിക സഹായ വ്യവസ്ഥകൾ ഉദാരമാക്കുക.
18. 7-ാം വാർഡിൽ ഒരു കൊക്കോ സംസ്കരണ കേന്ദ്രം ആരംഭിക്കുക.
19. 2-ാം വാർഡിൽ ഒരു കമ്പ്യൂട്ടർ സോഫ്റ്റ് വെയർ യൂണിറ്റ് സ്ഥാപിക്കുക.
20. റേഡിയോ. ടി. വി. എന്നിവയുടെ കമ്പോണന്റ്സ് ഉല്പാദിപ്പിക്കുന്ന യൂണിറ്റ് സ്ഥാപിക്കുക.



6

IV

# വിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്ത് മുൻപന്തിയിൽ നിൽക്കുന്ന ചെന്നിത്തല- തൃപ്പെരുന്തുറ പഞ്ചായത്തിന് വളരെ വലിയ വിദ്യാഭ്യാസ-സാംസ്കാരിക പശ്ചാത്തലമുണ്ട്. സമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും പ്രതീകമായ നീലകൊടുവേലി വളരുന്ന അച്ചൻകോവിൽ മലകളിൽനിന്ന് പുറപ്പെടുന്ന ഔഷധവാഹിയായ അച്ചൻകോവിലാറ് മൂന്നുവശവും പമ്പാസരിത്തിന്റെ പരിലാളനമേറ്റ് പുളികിതഗാത്രിയായ മാന്നാർ പഞ്ചായത്ത് ഒരുവശത്തുമായി സ്ഥിതിചെയ്യുന്ന ഫലഭൂയിഷ്ടമായ പ്രദേശമാണ് ഈ പഞ്ചായത്ത്. ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭകാലത്ത് നാട്ടിലെ ഉദാരമതികളും മഹാമനസ്ക്കരുമായിരുന്ന ചില വ്യക്തികൾ വിദ്യാഭ്യാസരംഗത്ത് നല്കിയ സംഭാവനകൾ വിലപ്പെട്ടതാണ്. എന്നാൽ പട്ടികജാതി- പിന്നോക്കവർഗ്ഗവിഭാഗങ്ങളിൽപ്പെട്ടവർക്ക് വിദ്യാലയ പ്രവേശനം പൊതുവേ അപ്രാപ്യമായിരുന്നു. ഔപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽതന്നെ തുടങ്ങികഴിഞ്ഞിരുന്നു. ഏകദേശം 80 വർഷങ്ങൾക്കുമുമ്പ് പുളിന്താനത്ത് ശങ്കരപിള്ള മുൻകൈയ്യെടുത്ത് സ്ഥാപിച്ച വെട്ടത്തുവിള പ്രൈമറിസ്കൂൾ ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനമായി കരുതപ്പെടുന്നു. ഏകദേശം അതേ കാലയളവിൽതന്നെ സ്ഥാപിതമായ മറ്റൊരു വിദ്യാഭ്യാസ സ്ഥാപനമാണ് ചെന്നിത്തല ഗവൺമെന്റ് മോഡൽ സ്കൂൾ. ഗവൺമെന്റ് ഉടമയിൽ സ്ഥാപിക്കപ്പെട്ട ഈ വിദ്യാലയത്തിൽ മലയാളം ഏഴാംതരം വരെ പഠിക്കുവാൻ സൗകര്യം ഉണ്ടായിരുന്നതിനാൽ സമീപപ്രദേശങ്ങളിൽ നിന്ന് അനേകം വിദ്യാർത്ഥികൾ ഈ സ്കൂളിൽ പഠനം നടത്തിയിരുന്നു. പെൺകുട്ടികൾക്കായി അതിന് തൊട്ടടുത്ത് ഗേൾസ് എം. എം. എസ്. സ്ഥാപിതമായി. ഇതേതുടർന്ന് 1918-ൽ ചെന്നിത്തല തെക്ക് പ്രൈമറിസ്കൂൾ കൊന്നക്കോട്ട് ശ്രീ. രാമൻപിള്ളയുടെ നേതൃത്വത്തിൽ കരക്കാർ നിർമ്മിച്ചു. ഈ പഞ്ചായത്തിൽ ആദ്യമായി ഒരു സംസ്കൃതസ്കൂൾ ജോത്സ്യൻ കുമാരഗുരു ഗണകന്റെ മാനേജ്മെന്റിൽ ആരംഭിച്ചു. തുടർന്ന് പല പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനങ്ങളും പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ സ്ഥാപിക്കപ്പെട്ടു. ഇവയിൽ പലതും പിന്നീട് ഗവൺമെന്റ് ഉടമയിൽ ആയിതീർന്നു.

എന്നാൽ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുള്ള സൗകര്യം 1953 വരെ ഈ പഞ്ചായത്തിൽ ഇല്ലായിരുന്നു. കിഴക്കേവഴി 95-ാം നമ്പർ എൻ. എസ്. എസ്. കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുവന്നിരുന്ന കളരിയ്ക്കൽ യു. പി. എസ്. അപ്ഗ്രേഡ് ചെയ്ത് മഹാത്മാഹൈസ്കൂളായി പ്രവർത്തനമാരംഭിച്ചത് 1953-ൽ ആയിരുന്നു. ശ്രീ. അമ്പലപ്പാട്ട് ദാമോദരൻ ആശാൻ, പുളിന്താനത്ത് ശ്രീ. നീലകണ്ഠൻ നായർ, കാളിയത്ത്

ശ്രീ. പത്മനാഭപിള്ള, പുന്നശ്ശേരിൽ പടിറ്റതിൽ ശ്രീ. കെ. ഈ. ചാക്കോ, വാര്യോട്ടിൽമഠം ശ്രീ. ജി. രാമനാഥയ്യർ തുടങ്ങിയ മഹാന്മാർ ഈ ഹൈസ്കൂളിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് ഗണ്യമായ പങ്ക് വഹിച്ചിട്ടുണ്ട്. 1953ൽ മൂന്ന് ഡിവിഷനുകളിലായി 106 വിദ്യാർത്ഥികളോടെ ആരംഭിച്ച മഹാത്മാഹൈസ്കൂൾ1970 ആയപ്പോഴേക്കും 83 ക്ലാസ്സ് ഡിവിഷനുകളായി 3600-റോളം വിദ്യാർത്ഥികളും 125-ൽ പരം അദ്ധ്യാപകരും ഉൾക്കൊള്ളുന്ന ഒരു മഹാസ്ഥാപനമായി വളർന്നു കഴിഞ്ഞിരുന്നു. 1970 ആഗസ്റ്റിൽ ഈ സ്ഥാപനം രണ്ട് സംപൂർണ്ണ ഹൈസ്കൂളുകളായി വിഭജിക്കപ്പെട്ടു. അന്നുമുതൽ മഹാത്മാ ബോയിസ് ഹൈസ്കൂൾ-മഹാത്മാ ഗേൾസ് ഹൈസ്കൂൾ എന്നിവ നിലവിൽ വന്നു. 1979-ൽ തൃപ്പെരുന്തുറ എൽ. പി. എസ്. അപ്പർ പ്രൈമറി സ്കൂളായി ഉയർത്തപ്പെട്ടു. കേന്ദ്രഗവൺമെന്റിന്റെ നിയന്ത്രണത്തിൽ പന്ത്രണ്ടാംതരം വരെ അദ്ധ്യായനം നടത്തത്തക്കവണ്ണം നവോദയാ വിദ്യാലയം 1992-ൽ പഞ്ചായത്തിൽ സ്ഥാപിതമായി. ഇപ്പോൾ ഈ പഞ്ചായത്തിൽ രണ്ട് ഹൈസ്കൂളുകളും മൂന്ന് യു. പി. എസുകളും എട്ട് എൽ. പി. എസ്. കളും, രണ്ട് പ്രീപ്രൈമറികളും ഉൾപ്പെടെ പതിനഞ്ച് വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. വിദ്യാലയങ്ങളുടേയും അവയിലെ അദ്ധ്യാപക വിദ്യാർത്ഥികളുടെയും പട്ടിക താഴെ ചേർക്കുന്നു. (*പട്ടിക 1*)

***പട്ടിക 1***

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ഡിവിഷൻ | വിദ്യാർത്ഥികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | പട്ടിക ജാതി വർഗ്ഗം |
|---|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | മൊത്തം | ആൺ | പെൺ | മൊത്തം | |
| 1. | മഹാത്മ ബോയിസ് ഹൈസ്കൂൾ | 22 | 867 | | 867 | 5 | 30 | 35 | 161 |
| 2. | മഹാത്മ ഗേൾസ് ഹൈസ്കൂൾ | 23 | | 904 | 904 | 5 | 32 | 37 | 161 |
| 3. | ഗവ: മോഡൽ യു. പി. എസ്. | 13 | 186 | 211 | 397 | 2 | 11 | 13 | 55 |
| 4. | ഗവ: യു. പി. എസ്. തൃപ്പെരുന്തുറ | 10 | 148 | 151 | 299 | 1 | 10 | 11 | 101 |
| 5. | ചെന്നിത്തല സൗത്ത് യു.പി.എസ് | 3 | 51 | 36 | 87 | - | 5 | 5 | 34 |
| 6. | കളരിക്കൽ എൽ. പി. എസ്. | 7 | 112 | 118 | 230 | 2 | 5 | 7 | 50 |
| 7. | വെട്ടത്തുവിള എൽ. പി. എസ്. | 4 | 37 | 35 | 72 | 1 | 3 | 4 | 4 |
| 8. | കാരാഴ്മ ഈസ്റ്റ് എൽ. പി. എസ്. | 4 | 14 | 12 | 26 | 1 | 2 | 3 | 6 |
| 9. | ചെന്നിത്തല സൗത്ത് എൽ.പി.എസ്. | 4 | 47 | 46 | 93 | - | 4 | 4 | 31 |
| 10. | ഹരിജനോദ്ധാരിണി എൽ.പി.എസ് | 4 | 29 | 35 | 64 | - | 3 | 3 | 30 |
| 11. | എം. ഡി. എൽ. പി. എസ്. | 4 | 32 | 34 | 66 | 1 | 2 | 3 | 14 |
| 12. | പുത്തൻകോട്ടയ്ക്കകം എൽ.പി.എസ് | 4 | 43 | 46 | 89 | - | 4 | 4 | 5 |
| 13. | ചാങ്ങവിള എൽ. പി. എസ്. | 4 | 45 | 56 | 101 | - | 4 | 4 | 19 |
| 14. | മഹാത്മ പ്രീപ്രൈമറി സ്കൂൾ | 5 | 84 | 88 | 172 | 1 | 8 | 9 | - |

കഴിഞ്ഞ പത്ത് വർഷങ്ങളായി ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ എണ്ണം കൂടുകയോ കുറയുകയോ ചെയ്തിട്ടില്ല. എന്നാൽ പ്രീപ്രൈമറി രംഗത്തുള്ള രണ്ട് വിദ്യാലയങ്ങളും നവോദയ വിദ്യാലയവും 1990 നു ശേഷം ഉണ്ടായവയാണ്. എല്ലാ സർക്കാർ-എയിഡഡ് സ്കൂളുകളിലേയും വിദ്യാർത്ഥികളുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. എൽ. പി. എസ്. കളിൽ പകുതിയിലും നൂറിൽ താഴെ വിദ്യാർത്ഥികൾ മാത്രമേ അദ്ധ്യയനം നടത്തുന്നുള്ളൂ. മൂവായിരത്തിൽപരം വിദ്യാർത്ഥികൾ ഉണ്ടായിരുന്ന ഹൈസ്കൂളിൽ ഇപ്പോൾ 1771 വിദ്യാർത്ഥികൾ മാത്രമാണുള്ളത്. അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേയ്ക്കുള്ള അനിയന്ത്രിതമായ പ്രവാഹമാണിതിന് മുഖ്യ കാരണം. സർക്കാർ എയിഡഡ് സ്കൂളിൽ നടക്കുന്ന സമരങ്ങൾ, പഠിപ്പ് മുടക്ക്, അച്ചടക്കമില്ലായ്മ എന്നിവ വിദ്യാർത്ഥികളെ അൺ എയിഡഡ് സ്കൂളുകളിൽ ചേർത്ത് പഠിപ്പിക്കുന്നതിന് രക്ഷാകർത്താക്കളെ പ്രേരിപ്പിക്കുന്നു. അഖിലേന്ത്യാ മത്സര പരീക്ഷകളും ഉന്നത വിദ്യാഭ്യാസ മാദ്ധ്യമവും ഇംഗ്ലീഷിൽ ആയ

തിനാൽ കുട്ടികളെ പ്രീപ്രൈമറി മുതൽ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിപ്പിക്കുന്നതിന് രക്ഷാതാക്കൾക്ക് താല്പര്യമേറുന്നു. ജനന നിരക്കിലുണ്ടായ കുറവും ഒരു പരിധിവരെ വിദ്യാർത്ഥികളുടെ എണ്ണം കുറയുന്ന തിന് കാരണമായിട്ടുണ്ട്. ഇന്നുള്ള അദ്ധ്യാപകരിൽ ബഹുഭൂരിപക്ഷവും സ്ത്രീകളാണ്. അദ്ധ്യാപന രംഗത്ത് നിന്ന് പുരുഷൻമാർ അപ്രത്യക്ഷരായിക്കൊണ്ടിരിക്കുന്നൊരവസ്ഥയാണ് കാണുന്നത്. ഇപ്പോഴുള്ള അദ്ധ്യാപ കരിൽ 14% മാത്രമാണ് പുരുഷൻമാർ. *(പട്ടിക 2)*

*പട്ടിക 2*

| സ്കൂളുകൾ | ആൺ | പെൺ | ആകെ |
|---|---|---|---|
| ഹൈസ്കൂൾ | 10 | 62 | 72 |
| യു. പി. സ്കൂൾ | 3 | 26 | 29 |
| എൽ. പി. സ്കൂൾ | 5 | 27 | 32 |
| ആകെ | 18 | 115 | 133 |

പ്രൈമറിസ്കൂളുകളിൽ അദ്ധ്യാപനത്തിന് വനിതകളാണ് അനുയോജ്യരെങ്കിലും ഹൈസ്കൂളിൽ പുരു ഷൻമാരുടെ കുറവ് അച്ചടക്കത്തെയും വിദ്യാഭ്യാസാനുബന്ധ പ്രവർത്തനങ്ങളെയും സാരമായി ബാധിക്കു ന്നുണ്ട്.

പല വിദ്യാലയങ്ങളുടെയും ഭൗതിക സാഹചര്യങ്ങൾ ഇപ്പോഴും മെച്ചപ്പെട്ടതല്ല. പ്രൈവറ്റ് വിദ്യാലയ ങ്ങളിൽ പലതിലും കുട്ടികൾക്ക് ആവശ്യമുള്ള കളിസ്ഥലങ്ങളില്ല. കുടിവെള്ള പ്രശ്നം അപൂർവ്വം ചില സ്കൂളു കളിലെങ്കിലും ഉണ്ട്. മിക്ക സ്കൂളുകളിലും മൂത്രപ്പുരകളിൽ വെള്ളം ലഭ്യമല്ലാത്തതിനാൽ ശുചിത്വ പ്രശ്ന ങ്ങളും, തന്മൂലമുള്ള അരോഗ്യ പ്രശ്നങ്ങളും നിലനില്ക്കുന്നു. മിക്ക പ്രൈമറി സ്കൂളുകളിലും ആവശ്യമുള്ള ഉപകരണങ്ങൾ ഇല്ല. ഉള്ളവയ്ക്കു തന്നെ ശരിയായി അറ്റകുറ്റപണികൾ നടത്തുന്നതുമില്ല. കായിക വിദ്യാഭ്യാ സത്തിന് ശരിയായ പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ അഭാവമുണ്ട്. പഠനോപകരണങ്ങൾ ആവശ്യത്തിന് വാങ്ങുകയോ ശരിയായി പ്രയോജനപ്പെടുത്തുകയോ ചെയ്യുന്നില്ല. സ്കൂൾ ഗ്രന്ഥശാലകളിൽ ക്രമമായി പുസ്തക വിതരണം നടത്തുകയോ കുട്ടികളിൽ വായനാശീലം വളർത്തിയെടുക്കുന്നതിനാവശ്യമായ പ്രേരണ ചെലുത്തുകയോ ചെയ്യുന്നില്ല. ഹൈസ്കൂളുകളിൽ ലാബട്ടറികൾ ഉണ്ടങ്കിലും അവ ഫലപ്രദമായി പ്രയോജന പ്പെടുത്തുന്നില്ല. രണ്ട് സർക്കാർ സ്കൂളുകളിലും മൂന്ന് സ്വകാര്യമാനേജ്മെന്റ് സ്കൂളുകളിലും കളിസ്ഥലങ്ങ ളില്ല. വിദ്യാർത്ഥികൾക്കായി കക്കൂസുകൾ മിക്ക സ്ഥാപനങ്ങളിലും നിലവിലില്ല. ഉള്ളവതന്നെ ശരിയായി സംര ക്ഷിക്കപ്പെടുന്നുമില്ല. എൽ. പി. സ്കൂളുകളിൽ ഒരിടത്തും വിദ്യാർത്ഥികൾക്ക് വേണ്ടി ഡസ്കുകളില്ല. ആഫീസ് ഉപകരണങ്ങളും പൊതുവെ കുറവാണ്. രണ്ട് അപ്പർ പ്രൈമറി സ്കൂളുകളിലുള്ള അർദ്ധസ്ഥിരകെട്ടിടങ്ങൾ മേൽക്കൂരയിലെ തകരാറുമൂലം ഉപയോഗയോഗ്യമല്ലാതായി തീർന്നിരിക്കുന്നു. സ്കൂളുകളുടെ ഭൗതിക സാഹ ചര്യങ്ങൾ കാണിക്കുന്ന പട്ടിക 3 (പേജ് 46)

അദ്ധ്യാപക രക്ഷകർത്തൃ സംഘടന എല്ലാ വിദ്യാലയങ്ങളിലും പ്രവർത്തിക്കുന്നുണ്ടെങ്കിലും ചില തിൽ ഫലപ്രദമല്ല. മഹാത്മാഗേൾസ് ഹൈസ്കൂൾ കളരിയ്ക്കൽ എൽ. പി. എസ്., വെട്ടത്തുവിള എൽ. പി. എസ്., ചാങ്ങുവിള എൽ. പി. എസ്. എന്നിവിടങ്ങളിൽ ഈ സംഘടനയുടെ പ്രവർത്തനഫലമായി പല നിർമ്മാണ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. ഉച്ചക്കഞ്ഞി വിതരണത്തിന് സർക്കാരിൽ നിന്നും നല്കുന്ന തുക തുലോം അപര്യാപ്തമാകയാൽ കൂടുതൽ ആവശ്യമായ തുക രക്ഷാകർത്തൃ സംഘടന നൽകുന്നുണ്ട്. ഇതിന്റെ ഫല പ്രദമായ പ്രവർത്തനത്തിന് പഞ്ചായത്ത് ഓരോ സ്കൂളുകളെയും കേന്ദ്രീകരിച്ച് ഓരോ കമ്മറ്റി രൂപീകരിക്കു ന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. മാതൃസംഗമം എല്ലാ സ്കൂളുകളിലും നിലവിലുണ്ട്. അദ്ധ്യാപകരും രക്ഷാ കർത്താക്കളും തമ്മിൽ നിരന്തര സമ്പർക്കം പുലർത്തുന്നതിന് ഇത് സഹായകമാണ്. ഈ രംഗത്ത് കൂടുതൽ പ്രോത്സാഹനം നൽകുന്നത് അദ്ധ്യാപനകാര്യത്തിലും അച്ചടക്കം നിലനിർത്തുന്നതിനും സഹായകമായിരിക്കും. വിദ്യാർത്ഥികളുടെ പഠന നിലവാരം അത്ര മെച്ചപ്പെട്ടതല്ലെങ്കിലും ആശാവഹമാണ്. കഴിഞ്ഞ അഞ്ചുവർഷത്തെ എസ്. എസ്. എൽ. സി. വിജയവും മൂന്നാം തരം മുതൽ പത്താം തരംവരെയുള്ള അക്കാഡമിക് നിലവാരവും പരിശോധിച്ചതിൽ അദ്ധ്യയന നിലവാരം ശരാശരിയാണ് എന്നുകാണുന്നു. എസ്. എസ്. എൽ. സി. വിജയശ തമാനം കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ ഒരെത്തിനോട്ടം പട്ടിക 4

| Sl: No: | സ്കൂളിന്റെ പേര് | ആകെ ഡിവിഷൻ | കെട്ടിടങ്ങൾ | | | മുറികളുടെ എണ്ണം | കെട്ടിടം മതിയോ ഇല്ലയോ | മൂത്രപ്പുര എണ്ണം | ഇനിയും ആവശ്യമുള്ളത് | നിലവിലുള്ള കക്കൂസ് | കുടിവെള്ളസംവിധാനം | വൈദ്യുതീകരണം | പാചകമുറി | സ്റ്റാഫ് റൂം | അദ്ധ്യാപകർ മതിയാകുമോ | ആഫീസ് റൂം | ബോർഡ് | വിസ്തീർണ്ണം | കളിസ്ഥലം ഉണ്ടോ | ചുറ്റുമതിൽ ഉണ്ടോ | ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ | | | | | മാതൃ സംഗമം | പി. റ്റി. എ | സ്ഥാ: പ്രീ: |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | സ്ഥിരം | അർദ്ധ സ്ഥിരം | താൽക്കാലികം | | | | | | | | | | | | | | | | റേഡിയോ | ടി. വി. | കംപ്യൂട്ടർ | ടേപ്പ് റിക്കാർഡർ | സിനിമാ പ്രൊജക്ടർ | | | |
| 1. | മഹാത്മ ബോയിസ് ഹൈസ്ക്കൂൾ | 22 | 1 | 3 | - | 27 | ✓ | 3 | - | 1 | P/W | ✓ | ✓ | ✓ | Y | ✓ | 30 | 3.70 | ✓ | 3 | ✓ | ✗ | ✓ | ✗ | ✗ | ✓ | ✓ | A |
| 2. | മഹാത്മ ഗേൾസ് ഹൈസ്ക്കൂൾ | 23 | 1 | 6 | - | 35 | ✓ | 3 | - | 1 | P/W | ✓ | ✓ | ✓ | Y | ✓ | 25 | 3.44 | ✓ | 2 | ✗ | ✗ | ✗ | ✗ | ✗ | ✓ | ✓ | A |
| 3. | ഗവ: മോഡൽ യു. പി. സ്കൂൾ | 16 | 2 | 3 | - | 18 | ✓ | 2 | - | ✗ | P/W | ✓ | ✓ | ✓ | N | ✓ | 15 | 1.50 | ✓ | 1 | ✓ | ✗ | ✗ | ✗ | ✗ | ✓ | ✓ | G |
| 4. | ഗവ: യു. പി. സ്കൂൾ, തൃപ്പെരുന്തുറ | 11 | 2 | 1 | - | 12 | ✓ | 2 | - | ✗ | P/W | ✓ | ✗ | ✗ | N | ✓ | 9 | 1.50 | ✓ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✓ | ✓ | A |
| 5. | ചെന്നിത്തല സൗത്ത് യു. പി. സ്കൂൾ, | 3 | 1 | 1 | - | 6 | ✗ | 1 | 1 | ✗ | P | ✗ | ✓ | ✓ | N | ✓ | 3 | 60 | ✗ | 1 | ✗ | ✗ | ✗ | ✗ | ✗ | ✓ | ✓ | G |
| 6. | കളരിക്കൽ എൽ. പി. | 7 | 2 | - | - | 2 | ✓ | 2 | 1 | ✗ | P/W | ✓ | ✓ | ✓ | N | ✓ | 9 | 50 | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✓ | ✓ | G |
| 7. | വെട്ടത്തുവിള എൽ. പി. | 4 | 1 | - | - | 5 | ✗ | 1 | 1 | 1 | W | ✗ | ✓ | ✓ | Y | ✓ | 4 | 25 | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✓ | ✓ | G |
| 8. | കാരാഴ്മ ഈസ്റ്റ് എൽ. പി. | 4 | 1 | - | - | 2 | ✗ | 1 | 1 | 1 | ✗ | ✗ | ✗ | ✗ | Y | ✓ | 4 | 50 | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✓ | ✓ | G |
| 9. | ചെന്നിത്തല സൗത്ത് എൽ. പി. | 4 | 1 | - | - | 1 | ✗ | 1 | 1 | ✗ | W | ✗ | ✓ | ✗ | N | ✓ | 5 | 25 | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✓ | ✓ | G |
| 10. | ഹരിജനോദ്ധാരിണി എൽ. പി. | 4 | 1 | - | - | 4 | ✓ | 1 | 1 | ✗ | W | ✗ | ✗ | ✗ | Y | ✓ | 4 | 50 | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✓ | ✓ | G |
| 11. | എം. ഡി. എൽ. പി., ഇരമത്തൂർ | 4 | - | 1 | - | 1 | ✓ | 1 | 1 | ✗ | ✗ | ✗ | ✓ | ✓ | Y | ✓ | 4 | 100 | 25 | ✗ | ✗ | ✗ | ✗ | ✗ | ✗ | ✓ | ✓ | A |
| 12. | പുത്തൻകോട്ടയ്ക്കകം എൽ. പി. | 4 | 1 | - | - | 1 | ✗ | 1 | 1 | ✗ | W | ✓ | ✓ | ✗ | Y | ✓ | 6 | 25 | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✓ | ✓ | A |
| 13. | ചാങ്ങവിള എൽ. പി. | 4 | 1 | - | - | 2 | ✗ | 1 | 1 | ✗ | W | ✗ | ✗ | ✗ | N | ✓ | 4 | 25 | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✓ | ✓ | A |
| 14. | മഹാത്മ ഫ്രീ പ്രൈമറി | 5 | 1 | 1 | - | 6 | ✓ | 2 | - | 4 | P | ✓ | ✓ | ✓ | Y | ✓ | 7 | 70 | ✓ | 3 | ✗ | ✗ | ✗ | ✗ | ✗ | ✓ | ✓ | U |
| 13. | കസ്തൂർബാ ഫ്രീ പ്രൈമറി | 2 | - | - | 1 | 1 | ✓ | 1 | - | ✗ | W | ✗ | ✗ | ✗ | N | ✗ | 2 | 14 | ✓ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✓ | ✓ | U |

✗ ഇല്ല, ✓ ഉണ്ട്, W കിണർ P പൈപ്പ് A എയ്ഡഡ് G ഗവ: U അൺ എയിഡഡ് Y - Yes N - No

| സ്കൂളിന്റെ പേര് | 1992 | | 1993 | | 1994 | | 1995 | | 1996 | |
|---|---|---|---|---|---|---|---|---|---|---|
| | ചേർന്നവർ | വിജയിച്ചവർ | ചേർന്നവർ | വിജയിച്ചവർ | ചേർന്നവർ | വിജയിച്ചവർ | ചേർന്നവർ | വിജയിച്ചവർ | ചേർന്നവർ | വിജയിച്ചവർ |
| M. H. S. (Boys) | 170 | 109 | 177 | 109 | 165 | 109 | 185 | 119 | 167 | 76 |
| M. H. S. (Girls) | 159 | 112 | 187 | 94 | 154 | 95 | 155 | 104 | 157 | 119 |

അദ്ധ്യാപകർക്ക് ശാസ്ത്രസാങ്കേതിക രംഗങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ ഉൾക്കൊള്ളത്തക്കരീതിയിൽ ഇൻ – സർവീസ് കോഴ്സുകൾ ഫലപ്രദമായി നടത്തേണ്ടതാണ്. അദ്ധ്യാപക സംഘടനകൾ വളരെ ശക്തമായി പ്രവർത്തിക്കുന്നു. ഈ സംഘടനകൾ അദ്ധ്യയന കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ഈ പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങളൊന്നും തന്നെയില്ല. ധാരാളം വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസത്തിനായി പുറം പ്രദേശങ്ങളിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങലെ ആശ്രയിക്കുന്നു. ഇവിടെയുള്ള രണ്ട് ഹൈസ്കൂളുകളിൽ സ്ഥലവും കെട്ടിടവും സൗകര്യമുള്ളതിനാൽ അവിടെ പ്ലസ് ടു കോഴ്സുകളും, വൊക്കേഷനൽ ഹയർ സെക്കന്ററി സ്കൂളുകളും അനുവദിക്കേണ്ടതാണ്. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളൊന്നും തന്നെ ഇവിടെ പ്രവർത്തിക്കുന്നില്ല. പൊതുമേഖലയിൽ ഐ. റ്റി. സി. പോളിടെക്നിക്ക് തുടങ്ങിയവ സ്ഥാപിച്ച് പ്രവർത്തിക്കേണ്ടതാണ്. പഞ്ചായത്തിൽ അഞ്ചിലേറെ ട്യൂട്ടോറിയലുകൾ പ്രവർത്തിക്കുന്നുണ്ട്. സ്കൂൾ വിദ്യാഭ്യാസത്തിലെ കുറവ് പരിഹരിക്കുന്നതിനുള്ള മാർഗ്ഗമായി ഈ സ്ഥാപനങ്ങൾ കരുതപ്പെടുന്നുണ്ടെങ്കിലും അനധികൃതമാർഗ്ഗങ്ങളുലൂടെ പരീക്ഷയ്ക്ക് കടന്നുകൂടുവാനുള്ള പരിശീലനമാണ് ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്നത്.

രണ്ട് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രൈവറ്റ് മേഖലയിൽ പ്രവർത്തിക്കുന്നു. രണ്ട് അൺ എയിഡഡ് പ്രീപ്രൈമറികൾ സ്വകാര്യ മാനേജ്മെന്റ് ഇവിടെ നടത്തുന്നുണ്ട്. അതിൽ മഹാത്മാ ഇംഗ്ലീഷ് മീഡിയം പ്രീപ്രൈമറിയ്ക്ക് ഭൗതികവും, അക്കാഡമികവും ആയ സൗകര്യങ്ങൾ ആവിശ്യത്തിനുണ്ട്. എട്ട് അംഗൻവാടികൾ ഈ പഞ്ചായത്തിലുണ്ട്. ഇവ ഓരോ വാർഡിന് രണ്ട് എന്ന തോതിൽ വർദ്ധിപ്പിക്കേണ്ടതാണ്. അംഗൻവാടികളിലെ ശിശുസംരക്ഷണ സംവിധാനം മെച്ചപ്പെടുത്തേണ്ടതാണ്.

കുട്ടികളുടെ കലാ-കായികവാസനകൾ വികസിപ്പിക്കുന്നതിനുള്ള മത്സരങ്ങൾ സ്കൂൾതലങ്ങളിലും സബ്ജില്ല, ജില്ലാ ദേശീയതലങ്ങളിൽ നടക്കുന്നുണ്ട്. കളരിയ്ക്കൽ എൽ. പി. എസ്. തുടർച്ചയായി സബ്ജില്ലാ തലങ്ങളിൽ ധാരാളം കുട്ടികളെ പങ്കെടുപ്പിച്ച് മികച്ച നേട്ടങ്ങൾ കൈവരിയ്ക്കുകയും ചെയ്യുന്നുണ്ട്. ചെന്നിത്തല ഗവ. മോഡൽ യു. പി. എസ്സും ഈ രംഗങ്ങളിൽ ഒട്ടും പിന്നിലല്ല. കബഡി, നീന്തൽ, ക്രിക്കറ്റ് എന്നീ ഇനങ്ങളിൽ ജില്ലാതലങ്ങളിൽ നേട്ടങ്ങൾ കൈവരിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങളാണ് ഇവിടത്തെ രണ്ടു ഹൈസ്കൂളുകളും മഹാത്മാഗേൾസ് ഹൈസ്കൂളിൽ ദേശീയ മത്സരത്തിൽ പങ്കെടുക്കുവാനുള്ള അർഹത കബഡിയിൽ ഒരു പെൺകുട്ടി നേടിയിട്ടുണ്ട്. എന്നിരുന്നാലും കുട്ടികളുടെ കലാ-കായികരാഗത്തുള്ള കഴിവുകൾ പ്രദർശിപ്പിക്കുന്നതിന് കൂടുതൽ കൂടുതൽ പരിശീലനം സ്കൂൾതലത്തിലും പഞ്ചായത്ത് തലത്തിലും നടത്തേണ്ടതാണ്.

*ഗ്രാമസഭകളിലെ ചർച്ചകളിൽനിന്ന് പൊന്തിവന്ന പ്രശ്നങ്ങളും*
*അവയ്ക്കുള്ള പരിഹാരങ്ങളും ചുവടെ ചേർക്കുന്നു.*

1. പഞ്ചായത്തിൽ തൊഴിലധിഷ്ഠിത-സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല.
2. S. S. L. C. പാസാകുന്ന പകുതി വിദ്യാർത്ഥികൾക്കുപോലും ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യം ലഭിക്കുന്നില്ല.
3. മിക്ക സ്കൂളുകളിലും P. T. A., മാതൃസംഗം ഇവ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.
4. സ്കൂളുകളിലും കലാ-കായികരംഗത്ത് പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ എണ്ണം കുറവാണ്.
5. ഇപ്പോൾ നിലവിലുള്ള ആരോഗ്യപരിപാലന പരിപാടി ഫലപ്രദമല്ല.

6. എല്ലാ സ്കൂളുകളിലേയും വിദ്യാർത്ഥികളുടെ എണ്ണം ക്രമേണ കുറഞ്ഞുവരുന്നു.
7. പ്രീപ്രൈമറി വിദ്യാഭ്യാസം സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് അപ്രാപ്യമാണ്.
8. മിക്കവാറും എല്ലാ പ്രൈമറി സ്കൂളുകൾക്കും മൂത്രപ്പുരകൾ, പാചകശാലകൾ, കളിസ്ഥലങ്ങൾ, ഡസ്ക്, ബഞ്ച് തുടങ്ങിയ അപര്യാപ്തമാണ്.
9. അംഗൻവാടികളുടെ എണ്ണം കുറവാണ്.
10. ഹരിജനോദ്ധ്യാരണി എൽ. പി. എസിന്റെ ഭൗതിക സൗകര്യം വളരെ അപര്യാപ്തമാണ്.
11. ചെന്നിത്തല സൗത്ത് എൽ. പി. എസ്സിനോട് ചേർന്ന് കിടക്കുന്ന കുളത്തിൽ പായൽ അഴുകി കൊതുകളും മറ്റും വർദ്ധിക്കുന്നുണ്ട്. ഇത് കുട്ടികളുടെ ആരോഗ്യപ്രശ്നത്തിന് കാരണമാകുന്നു.
12. സ്കൂൾ ലാബോറട്ടറികൾ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിൽ അനാസ്ഥ കാണിക്കുന്നുണ്ട്.
13. സ്കൂൾ ഗ്രന്ഥശാലകളിലെ പുസ്തക വിതരണം കാര്യമായി നടക്കുന്നില്ല. മാത്രമല്ല, ഗുണമേന്മയുള്ള പുസ്തകങ്ങളുടെ അഭാവം കാണുന്നു.
14. കൊഴിഞ്ഞുപോകുന്ന വിദ്യാരത്ഥികളുടെ എണ്ണം സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്കിടയിൽ കൂടുതലാണ്.

### *സാദ്ധ്യതകൾ*

1. പൊതുമേഖലയിൽ തൊഴിൽ അധിഷ്ഠിത-സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാകണം.
2. നിലവിലുള്ള ഹൈസ്കൂളുകളിൽ പ്ലസ്ടു-വൊക്കേഷനൽ ഹയർ സെക്കണ്ടറി എന്നിവ ഉടനടി അനുവദിക്കേണ്ടതാണ്.
3. P. T. A. മാതൃസംഗമം ഇവ ഫലപ്രദമായി സംഘടിപ്പിക്കുകയും ഇവ മാസത്തിലൊരിക്കലെങ്കിലും കൂടി സ്കൂളിന്റെ ഭൗതികവും അക്കാദമികവുമായ കാര്യങ്ങളിൽ ശ്രദ്ധപതിപ്പിക്കുകയും വേണം.
4. കലാ-കായികരംഗത്ത് അദ്ധ്യാപകർക്ക് പരിചയം നേടുന്നതിന് കൂടുതൽ പരിശീലന സൗകര്യം ചെയ്തു കൊടുക്കേണ്ടതാണ്.
5. ആരോഗ്യപരിപാലനപരിപാടി ഫലപ്രദമാക്കണം.
6. അൺ എയിഡഡ് സ്കൂളുകൾ അനുവദിക്കാതിരിക്കണം. നിലവിലുള്ള സ്കൂളുകളിൽ അച്ചടക്കം ശരിയായി പാലിക്കുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനും ആവശ്യമായ സംവിധാനം ഉണ്ടാക്കണം.
7. എല്ലാ പ്രൈമറിസ്കൂളുകളോടും അനുബന്ധിച്ച് നല്ലരീതിയിലുള്ള പ്രീപ്രൈമറി സ്കൂൾ നിർമ്മിക്കണം.
8. മൂത്രപുരകളും മറ്റ് ഭൗതിക സാഹചര്യങ്ങളുമില്ലാത്ത സ്കൂളുകളിൽ അവ ഉടനടി നിർമ്മിക്കേണ്ടതാണ്.
9. ഓരോ വാർഡിലും രണ്ട് അംഗൻവാടികൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കേണ്ടതാണ്.
10. ചെന്നത്തല സൗത്ത് എൽ. പി. എസ്. നോട് തൊട്ട് കിടക്കുന്ന കളം നികത്തി കുട്ടികളുടെ കളിസ്ഥലമാക്കണം.
11. സ്കൂൾ ഗ്രന്ഥശാലകളിൽ നിന്ന് ക്രമമായി ഗുണമേന്മയുള്ള പുസ്തകങ്ങൾ ക്രമമായി വിതരണം ചെയ്യുകയും വിദ്യാർത്ഥികളിൽ വായനാശീലം വളർത്തിയെടുക്കുന്നതിനുള്ള പ്രേരണ നല്കുകയും ചെയ്യണം.
12. സിലബസ്സും അദ്ധ്യാപകരുമായും ഏകീകരണം.
13. തായംകുളം വാട്ടർ സ്റ്റേഡിയം ആക്കണം.
14. സ്കൂൾ കോംപ്ലക്സ് പ്രവർത്തനം ഫലപ്രദമാക്കണം.
15. കമ്പ്യൂട്ടർ-ഇലക്ട്രോണിക്ക് ട്രേയിനിംഗ് സെന്റർ മഹാത്മാ ബോയിസ് ഹൈസ്കൂളിനോട് ചേർന്ന് സ്ഥാപിച്ച് മറ്റ് യുവജനങ്ങൾക്കുകൂടി പരിശീലനത്തിന് അവസരം നല്കണം.
16. തൃപ്പെരുന്തുറ യു. പി. സ്കൂൾ, ചെന്നിത്തല മോഡൽ യു. പി. എസ്സ്. എന്നീ സ്കൂളുകൾക്ക് ചുറ്റുമതിൽ നിർമ്മിക്കുക.



6

V

# കുടിവെള്ളവും പൊതുജനാരോഗ്യവും

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തോടെ ആധുനിക വൈദ്യശാസ്ത്രം ജനങ്ങളിലേക്ക് സേവനവുമായി കടന്നുചെല്ലുവാൻ തുടങ്ങി. അന്ധവിശ്വാസങ്ങളിലധിഷ്ഠിതമായ തന്ത്രമന്ത്രങ്ങളിലൂടെ രോഗനിവാരണം നടത്താമെന്ന ധാരണയ്ക്ക് വളരെ പതുക്കെയാണെങ്കിലും മാറ്റം വരുവാൻ തുടങ്ങിയിരുന്നു. ആരോഗ്യരംഗത്തെ ധാരണകളിലും പ്രവർത്തനങ്ങളിലുമുണ്ടായ പരിവർത്തനം ജനങ്ങളുടെ പൊതു ആരോഗ്യസ്ഥിതിയിൽ പ്രകടമായതിന്റെ ഫലമായി മരണനിരക്ക്, പ്രത്യേകിച്ചും സ്ത്രീകളുടെയും കുട്ടികളുടേയും കുറച്ചുകൊണ്ടുവരുവാൻ സാധിച്ചിട്ടുണ്ട്. മൂന്നുപതിറ്റാണ്ടുകൾക്ക് മുൻപുവരെ ആധുനിക ചികിത്സാരംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ സേവനത്തിനായി ഈ പ്രദേശത്തുകാർ മാവേലിക്കരയേയോ മാന്നാറിനേയോ ആശ്രയിച്ചിരുന്നു. 1970 ൽ സർക്കാർ ഉടമയിലുള്ള ഒരു പ്രാഥമിക ആരോഗ്യകേന്ദ്രം ഈ പഞ്ചായത്തിൽ പ്രവർത്തനം തുടങ്ങി. പഞ്ചായത്ത് പണിയിച്ചുനൽകിയ സ്വന്തം കെട്ടിടത്തിൽ പ്രസ്തുത കേന്ദ്രം ഇന്ന് പ്രവർത്തിക്കുന്നു. ഇതുകൂടാതെ 1992-ൽ ഈ പഞ്ചായത്തിൽ ഒരു ഹോമിയോ ഡിസ്പെൻസറിയും 1993-ൽ ഒരു ആയുർവേദ ആശുപത്രിയും സർക്കാർ ഉടമയിൽ തുടങ്ങിയിട്ടുണ്ട്. ഇവരണ്ടും വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ ഈ പഞ്ചായത്തിൽ മൂന്ന് അലോപ്പതി ക്ലിനിക്കുകളും ആറ് ആയുർവേദ ചികിത്സാകേന്ദ്രങ്ങളും ഇന്ന് സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ആയുർവേദത്തിലും വിഷചികിത്സയിലും പരമ്പരാഗത ചികിത്സ നടത്തുന്ന ചില വ്യക്തികളും സ്ഥാപനങ്ങളും ഇപ്പോഴും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. രോഗികളെ കിടത്തി ചികിത്സിക്കുവാൻ കഴിയുന്നതും ആധുനിക സജ്ജീകരണങ്ങളുള്ളതുമായ ഒരു ആശുപത്രിയുടെ സേവനം ആവശ്യമായി വരുമ്പോൾ നാം ഇപ്പോഴും മറ്റ് പ്രദേശങ്ങളിലേക്ക് പോകേണ്ട സ്ഥിതിയാണ്.

വിദ്യാഭ്യാസ-സാമൂഹിക-സാമ്പത്തിക രംഗങ്ങളുലുണ്ടായ മാറ്റങ്ങൾ ആരോഗ്യ പരിപാലനത്തെക്കുറിച്ചുണ്ടായ ബോധം, ചികിത്സാസൗകര്യങ്ങളുടെ ലഭ്യത എന്നീ ഘടകങ്ങൾ ഈ പ്രദേശത്തെ ജനങ്ങളുടെ പൊതു ആരോഗ്യസ്ഥിതിയിൽ പുരോഗതിയുണ്ടാക്കിയിട്ടുണ്ട്. നമ്മുടെ പ്രദേശത്തെ ജനന നിരക്ക് ഇരുപതും മരണനിരക്ക് അഞ്ചുമാണ്.

കുട്ടികൾക്കായുള്ള പ്രതിരോധ കുത്തിവെയ്പുകൾ നടക്കുന്നുണ്ട്. പ്രാഥമിക ആരോഗ്യകേന്ദ്രം, സബ്സെന്ററുകൾ, അംഗനവാടികൾ, മഹിളാസമാജങ്ങൾ, ഫീഡിങ്ങ്സെന്ററുകൾ എന്നിവിടങ്ങളിൽവെച്ച് കുട്ടികൾക്ക് പോളിയോ, ട്രിപ്പിൾടെറ്റനസ് എന്നിവയ്ക്ക് പ്രതിരോധകുത്തിവെയ്പുകൾ നടത്തുന്നു. കുട്ടികളുടെയും, ഗർഭിണികളുടെയും, മുലയൂട്ടുന്ന അമ്മമാരുടേയും പോഷകാഹാരകുറവ് പരിഹരിക്കുന്നതിനായി അംഗനവാടികൾ, ഡേകെയർ സെന്ററുകൾ എന്നിവിടങ്ങളിൽ പോഷകാഹാരം വിതരണം നടത്തുന്നു. ഈ പഞ്ചായത്തിലെ വിവിധ പ്രായത്തിലുള്ള കുട്ടികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ഒരുവയസ്സിൽ താഴെയുള്ള കുട്ടികൾ | ഒരുവയസ്സിനും അഞ്ചുവയസ്സിനും ഇടയിലുള്ളവർ | ആറുവയസ്സിനും പന്ത്രണ്ടുവയസ്സിനും ഇടയിലുള്ളവർ | പതിമൂന്ന് വയസ്സിനും പതിനേഴ് വയസ്സിനും ഇടയിലുള്ളവർ |
|---|---|---|---|
| 1208 | 2026 | 3005 | 2761 |

ആരോഗ്യ രംഗത്ത് ഈ പ്രദേശം നേരിടുന്ന ഗുരുതരമായ പ്രശ്നം കുടിവെള്ളത്തിന്റെ ദൗർലഭ്യമാണ്. ഈ പഞ്ചായത്തിന്റെ പടിഞ്ഞാറൻ ഭാഗങ്ങളിൽ ശുദ്ധജലം ഒരിക്കലും ലഭിക്കുന്നില്ല. പലതരത്തിൽ മലിനപ്പെടുന്ന ജലമാണ് ഇന്നും നല്ലൊരു വിഭാഗം ജനങ്ങളും ഈ പ്രദേശത്ത് കുടിക്കുവാൻ ഉപയോഗിക്കുന്നത്. ജാനുവരി മുതൽ ഏപ്രിൽ വരെയുള്ള മാസങ്ങളിൽ കിണറുകളിലെ ജലം വറ്റുന്നതിനാൽ ആ മേഖലകളിലും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. 57% ജനങ്ങൾക്കുമാത്രമേ സ്വന്തമായി കക്കൂസുകളുള്ളൂ. ഈ രംഗത്ത് വിവിധ സാമൂഹിക ക്ഷേമപദ്ധതികളിലൂടെയും സന്നദ്ധസംഘടനകളുടെയും പ്രവർത്തനത്തിലൂടെ കുറെയൊക്കെ നേട്ടങ്ങളുണ്ടായിയെങ്കിലും ഇനിയും 50% ത്തോളം വരുന്ന ജനവിഭാഗങ്ങൾക്ക് സഹായമെത്തിക്കേണ്ടിയിരിക്കുന്നു. ശുദ്ധജലത്തിന്റെ അഭാവവും മലിനീകരണപ്രശ്നങ്ങളും പല പകർച്ചവ്യാധികൾക്കും ഇടയാക്കുന്നുണ്ട്. പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖല വെള്ളക്കെട്ടുള്ള പ്രദേശമാകയാൽ കൊതുകുമൂലം പകരുന്ന പല സാക്രമികരോഗങ്ങളും പിടിപെടാനുള്ള സാദ്ധ്യത ഏറെയാണ്. ഈ പഞ്ചായത്തിൽ പൊതുവെ കാണുന്ന രോഗങ്ങൾ മലമ്പനി, ടൈഫോയിഡ്, വയറിളക്കം, ക്ഷയം, കാൻസർ, കോളറ, വാതസംബന്ധമായ രോഗങ്ങൾ, മെനഞ്ചയിറ്റീസ് എന്നിവയാണ്.

പൊതുവായ ശുചീകരണ സംവിധാനം ഈ പഞ്ചായത്തിലില്ല. പഞ്ചായത്തിന്റെ നേതൃത്വത്തിൽ കൊതുകുനശീകരണം, ജപ്പാൻജ്വരം, കോളറ തുടങ്ങിയ രോഗങ്ങൾക്കെതിരേയുള്ള പ്രതിരോധപ്രവർത്തനം, ചികിത്സാക്യാമ്പുകൾ എന്നിവ മുൻകാലങ്ങളിൽ സംഘടിപ്പിച്ചിട്ടുണ്ട്. അന്തരീക്ഷമലിനീകരണം, അമിതമായ കീടനാശിനിപ്രയോഗം എന്നിവയും പലതരത്തിലുള്ള രോഗങ്ങൾക്കു കാരണമായി കരുതുന്നു. വ്യക്തിശുചിത്വം പാലിക്കുന്നതിൽ നാം ശ്രദ്ധിക്കുന്നുണ്ടെങ്കിലും പരിസര ശുചിത്വത്തിൽ നാം വേണ്ടത്ര ശ്രദ്ധിക്കുന്നില്ലാ എന്നത് പരക്കെ അംഗീകരിക്കപ്പെട്ട ഒരു സംഗതിയാണ്. അംഗവൈകല്യം സംഭവിച്ചവർ, മന്ദബുദ്ധികൾ എന്നീ വിഭാഗത്തിലുള്ളവർ സമൂഹത്തിന്റെ പ്രത്യേകപരിഗണന അർഹിക്കുന്നവരാണ്. അവരുടെ പ്രശ്നങ്ങൾക്കു നേരെ നാം വേണ്ടത്ര പരിഗണന നൽകുന്നില്ല. ഈ പഞ്ചായത്തിലെ അംഗവൈകല്യം സംഭവിച്ചിട്ടുള്ളവരുടെ വിവരങ്ങൾ താഴെ പട്ടികയിൽ നൽകിയിരിക്കുന്നു.

| ബധിരർ | മൂകർ | മറ്റ് അംഗവൈകല്യം ഉള്ളവർ |
|---|---|---|
| 437 | 168 | 439 |

ഇന്ന് നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന പരമ്പരാഗത ചികിത്സാരീതികളെ കൂടുതൽ പ്രോത്സാഹിപ്പിക്കുകയും പുനരുദ്ധരിപ്പിക്കുകയും ചെയ്യേണ്ടതാണ്. വിവിധ സർക്കാർ ഏജൻസികൾ, സന്നദ്ധസംഘടനകൾ, പൊതുജനങ്ങളെന്നിവരുടെ കൂട്ടായ ഒരു ശ്രമത്തിനു മാത്രമേ പൊതുജനാരോഗ്യരംഗത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ സാധിക്കൂ.

## *പ്രശ്നങ്ങൾ*

1. കുടിവെള്ള ക്ഷാമം
2. പകർച്ചവ്യാധികൾ
3. ശുചീകരണത്തിന്റെ അഭാവം
4. പരിസര മലിനീകരണം.
5. ആരോഗ്യകേന്ദ്രങ്ങളിലെ/ആശുപത്രികളിലെ ചികിത്സാരംഗത്തെ പോരായ്മകൾ.
6. പേ വിഷബാധയ്ക്കെതിരെയുള്ള നടപടികളിലെ അപര്യാപ്തതകൾ
7. മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള സംവിധാനം ഇല്ലാതിരിക്കൽ
8. ഭക്ഷണ സാധനങ്ങളിലെ മായം ചേർക്കൽ.
9. ആരോഗ്യരംഗത്തെ ബോധവൽക്കരണം.
10. അന്തരീക്ഷ മലിനീകരണം.

## *സാദ്ധ്യതകൾ*

1. ചെന്നിത്തല പഞ്ചായത്ത് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള വാർഡുകൾ നിർമ്മിച്ച് സൗകര്യമുണ്ടാക്കുക, മരുന്നുകൾ ലഭ്യമാക്കുക, മുഴുവൻ സമയസേവനം ലഭ്യമാക്കുക.
2. കുട്ടികൾക്കും, ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും നൽകുന്ന പോഷകാഹാര വിതരണം കുറ്റമറ്റതും വ്യാപകവുമാക്കുക.
3. അംഗവൈകല്യം സംഭവിച്ചവരെ പുനരധിവസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.
4. പ്രാഥമികാരോഗ്യ കേന്ദ്രത്തിന് ചുറ്റുമതിൽ ഉണ്ടാക്കുക.
5. ശുദ്ധജല വിതരണ പദ്ധതി പഞ്ചായത്തിൽ നടപ്പാക്കുക.
6. കക്കൂസില്ലാത്ത മുഴുവൻ ജനങ്ങൾക്കും കക്കൂസ് നിർമ്മിച്ച് നൽകുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ സ്കീം നടപ്പാക്കുക, സന്നദ്ധ സംഘടനകളുടെ സഹായം കണ്ടെത്തുക.
7. പൊതുസ്ഥലങ്ങളിലെ മലിനവസ്തുക്കൾ നീക്കം ചെയ്യുന്നതിനുള്ള സംവിധാനം പഞ്ചായത്ത് ഏർപ്പെടുത്തുക. പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നതിന് വീപ്പകൾ സ്ഥാപിക്കുക.
8. കൊതുക്, ഈച്ച, എലി, അലഞ്ഞുനടക്കുന്ന നായ്ക്കൾ എന്നിവയെ നശിപ്പിക്കാൻ നടപടി സ്വീകരിക്കുക.
9. കിണറുകളിലെ ജലം ശുദ്ധീകരിക്കുവാൻ വ്യാപകമായി ക്ലോറിനേഷൻ നടത്തുക.
10. പൊതു കുളങ്ങളിലെ പായൽ/പോള നീക്കംചെയ്ത് വൃത്തിയായി സൂക്ഷിക്കുക.
11. മായംചേർക്കൽ നടപടിക്കെതിരെ പരിശോധന കർശനമാക്കുക.
12. കീടനാശിനികളുടെ അമിതവും, അനിയന്ത്രിതവുമായ ഉപയോഗം മൂലമുണ്ടാകുന്ന മലിനീകരണം തടയുവാൻ ബോധവൽക്കരണം നടത്തുക.
13. പകർച്ചവ്യാധികൾക്കെതിരെയും, പരിസര ശുചീകരണത്തെക്കുറിച്ചും ബോധവൽക്കരണം നടത്തുക.
14. അനധികൃത മദ്യവില്പനയ്ക്കും വ്യാജമദ്യത്തിനുമെതിരെ ശക്തമായ നടപടി കൈക്കൊള്ളുക.
15. ഹോമിയോ–ആയുർവേദ ആശുപത്രികളിലെ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുക. അവയ്ക്ക് സ്വന്തമായ കെട്ടിടം നിർമ്മിച്ച് നൽകുക. ആവശ്യാനുസരണം മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുക.
16. ശുദ്ധജലം ലഭിക്കുന്ന കുഴൽകിണറുകൾ പ്രവർത്തനയോഗ്യമാക്കുക.
17. പൊതുസ്ഥലങ്ങളിൽ നിന്നും നീക്കം ചെയ്യുന്ന മാലിന്യമുപയോഗിച്ച് ജൈവവളം നിർമ്മിക്കുക.
18. പഞ്ചായത്തിന്റെ വകയും സ്മശാനത്തിനുവേണ്ടിയുള്ളതുമായ സ്ഥലത്ത് ആധുനിക സംവിധാനങ്ങളോടുകൂടിയ (Electrical Cremetorium) സ്മശാനം നിർമ്മിക്കുക.

6

VI



# ഗതാഗതം, ഉർജ്ജം

*ഗതാഗതം*

ഈ പഞ്ചായത്തിൽ ഗതാഗതരംഗത്ത് റോഡ് മാർഗ്ഗമുള്ള ഗതാഗതമാണ് മുഖ്യം. പതിറ്റാണ്ടുകൾക്കപ്പുറം റോഡുഗതാഗതവും ജലമാർഗ്ഗമുള്ള ഗതാഗതവുമുണ്ടായിരുന്നു. റോഡുകളുടെ വികസനവും മോട്ടോർവാഹനങ്ങളുടെ വൻതോതിലുള്ള ലഭ്യതയും ജനങ്ങളെ റോഡുഗതാഗതം പ്രധാന ഗതാഗതമാർഗ്ഗമായി സ്വീകരിക്കുവാൻ പ്രേരിപ്പിച്ചിട്ടുണ്ട്. കേവു വള്ളങ്ങളും, കാളവണ്ടികളുമൊക്കെ ഈ പ്രദേശത്തെ സംബന്ധിച്ചിടത്തോളം ഓർമ്മകൾ മാത്രമാണ്. 1951-ൽ ഈ പഞ്ചായത്ത് രൂപീകരിക്കുമ്പോൾ പ്രധാനമായും അഞ്ച് റോഡുകളും ഏതാനും ഇടവഴികളും മാത്രമാണ് ഗതാഗതത്തിനുണ്ടായിരുന്നത്. മാവേലിക്കര- തിരുവല്ല, തട്ടാരമ്പലം-മാന്നാർ (വലിയപെരുമ്പുഴകടവ് വഴി), പറക്കടവ്- വൈപ്പുവിള ജംഗ്ഷൻ, കല്ലുംമൂട്-കോട്ടമുറി, ഹരിപ്പാട്- ഇലഞ്ഞിമേൽ റോഡ് എന്നീ റോഡുകളിൽ ആദ്യം സൂചിപ്പിച്ച രണ്ട് റോഡുകളിൽകൂടി ബസ്സ് സർവ്വീസ് നടത്തിയിരുന്നു. പഞ്ചായത്തുഭരണത്തിൽ ജനാധിപത്യമായി തിരഞ്ഞെടുക്കപ്പെട്ടവരുടെ വരവോടെ ജനങ്ങളെ സംഘടിപ്പിച്ച് ശ്രമദാനത്തിലൂടെ നിർമ്മിച്ചതാണ് ഈ പഞ്ചായത്തിലെ മറ്റെല്ലാ റോഡുകളും. ഈ രംഗത്ത് നാം കൈവരിച്ച കുതിച്ചുചാട്ടത്തിന്റെ ഫലമായി 25.3 കി. മീ. ടാർ റോഡും 86 കി. മീ. ഗ്രാവൽ റോഡും 10.7 കി. മീ. എർത്ത് റോഡും ഇന്ന് നമുക്കുണ്ട്. ഇതിന്റെ വാർഡ് തിരിച്ചുള്ള കണക്ക് പട്ടിക-I ൽ കൊടുത്തിരിക്കുന്നു. ഈ പഞ്ചായത്തിൽകൂടി കടന്നുപോകുന്ന നാല് P. W. D. റോഡുകൾക്ക് മൊത്തം ഏകദേശം 16.5 കി. മീ. നീളം ഉണ്ട്. N. H. 47, M. C. റോഡ് എന്നീ ഹൈവേകളെ കായംകുളം, തിരുവല്ലാ എന്നിവിടങ്ങളിൽ പരസ്പരം ബന്ധിപ്പിക്കുന്ന പ്രധാനറോഡ് ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്നു. വളരെയധികം ഗതാഗത തിരക്കുള്ള ഈ റോഡിൽ K. S. R. T. C. യുടെയും സ്വകാര്യവ്യക്തികളുടെയും സഹകരണസംഘങ്ങളുടേതുമായ 150-ഓളം ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. പഞ്ചായത്തിന്റെ പടിഞ്ഞാറൻമേഘലയിലെ യാത്രാക്ലേശം ഇനിയും പരിഹരിക്കപ്പെട്ടിട്ടില്ല.

പഞ്ചായത്ത് ഫണ്ടിൽനിന്ന് പ്രതിവർഷം മൂന്നുലക്ഷത്തോളം രൂപായും മറ്റ് ഘടകപദ്ധതികളിൽകൂടി ഗ്രാമീണറോഡുകൾക്ക് ലഭ്യമാകുന്ന തുകയും പഞ്ചായത്തുറോഡുകളുടെ അറ്റകുറ്റപ്പണിക്കും നിർമ്മാണത്തിനുമായി ചെലവാക്കുന്നുണ്ട്. നമ്മുടെ പഞ്ചായത്തിലെ റോഡിന്റെ നീളവും പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഘലയിലെ ഭൂപ്രകൃതിപരമായ പ്രത്യേകതയും കണക്കാക്കുമ്പോൾ റോഡുകൾക്കായി ചെലവിടുന്ന തുക അപ

ര്യാപ്തമാണ്. റോഡുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് ജനങ്ങളുടെ ശ്രദ്ധയും താല്പര്യവും വേണ്ടരീതിയിൽ ഉയർന്നുവന്നിട്ടില്ല. ഗ്രാമീണറോഡുകളിൽ വാർഡുകളെ തമ്മിൽ പരസ്പരം ബന്ധിപ്പിക്കുന്ന 25 ടാർ റോഡുകളാണ് (ഭാഗികമായി ടാർ ചെയ്തവയുൾപ്പെടെ) നമുക്കുള്ളത്. ഈ റോഡുകളിലായി 27 കലുങ്കുകൾ ഉണ്ട്. ടാർറോഡുകളുടെ അറ്റകുറ്റപ്പണി നടത്താത്തതിനാൽ ഇവയിൽ പലതും ഇന്ന് സഞ്ചാരയോഗ്യമല്ല. അതേപോലെ സൈഡ് ഭിത്തികെട്ടി സംരക്ഷിക്കാത്തതിനാൽ തകർന്നുകൊണ്ടിരിക്കുന്ന നിരവധി റോഡുകൾ കാണാൻ കഴിയും.

ഗ്രാവൽ ചെയ്ത റോഡുകളാണ് നമുക്ക് കൂടുതലുള്ളത്. ശരിയായ അറ്റകുറ്റപ്പണികൾ നടത്താത്തതിനാലും ജലനിർഗ്ഗമത്തിന് ഓടകൾ നിർമ്മിക്കാത്തതിനാലും വെള്ളം കെട്ടിക്കിടക്കുന്നതിനാലും ഈ റോഡുകളുടെ സ്ഥിതി പരിതാപകരമാണ്. പടിഞ്ഞാറൻ മേഖലയിലെ റോഡുകൾ ആവശ്യാനുസരണം ഉയർത്താത്തതിനാൽ അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കത്താൽ റോഡുകൾ തകർന്നുകൊണ്ടിരിക്കുന്നു. എർത്ത് റോഡുകളുടെ സ്ഥിതിയും വ്യത്യസ്തമല്ല.

യാത്രക്കാരുടെ സൗകര്യാർത്ഥം വിശ്രമത്തിനായി നിർമ്മിച്ച 5 വെയിറ്റിംഗ് ഷെഡുകളാണ് ഈ പഞ്ചായത്തിലുള്ളത്. അതിൽ ഒരെണ്ണം പഞ്ചായത്ത് വകയും ബാക്കിയുള്ളവ സംഘടനകളോ വ്യക്തികളോ നിർമ്മിച്ചവയുമാണ്. എല്ലാപ്രധാന സ്റ്റോപ്പുകളിലും യാത്രക്കാർക്കുവേണ്ടി വെയ്റ്റിംഗ് ഷെഡുകൾ നിർമ്മിക്കേണ്ടതാണ്.

ഓട്ടോറിക്ഷാ, ടാക്സികാറുകൾ, ജിപ്പ് എന്നിവ ഗതാഗതത്തിന് സുലഭമാണ്. ഇത്തരം വാഹനങ്ങളുടെ പാർക്കിംഗ് സ്റ്റാന്റുകൾ പുത്തൂവിളപ്പടി, കല്ലുംമൂട്, കാരാഴ്മ ജംഗ്ഷൻ, പ്രായിക്കര എന്നിവിടങ്ങളിലുണ്ട്. ചെറിയ ദൂരം സഞ്ചരിക്കുന്നവർക്ക്, പ്രത്യേകിച്ച് പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയിലുള്ള യാത്രക്കാർക്ക് ഇവ സൗകര്യപ്രദമാണ്. ചെന്നിത്തല പുഞ്ചപ്രദേശത്തെ കാർഷികാവശ്യങ്ങൾക്കും മനുഷ്യ ഗതാഗതത്തിനും യോഗ്യമായ റോഡുകൾ ഇല്ലാത്തതിനാൽ ഇന്നും വളരെയേറെ ബുദ്ധിമുട്ടുകളുണ്ട്.

ചരക്കുഗതാഗതരംഗത്ത് ഇന്ന് മോട്ടോർ വാഹനങ്ങളാണ് പ്രധാന ആശ്രയം. ഈ രംഗത്ത് സേവനം ചെയ്യുന്ന വാഹനങ്ങൾ നമ്മുടെ പഞ്ചായത്തിൽ സുലഭമാണ്.

ഈ പഞ്ചായത്തിൽ 5 കടത്തു സർവ്വീസുകൾ പഞ്ചായത്തു ചെലവിൽ പ്രവർത്തിക്കുന്നുണ്ട്. കോൺട്രാക്ട് വ്യവസ്ഥയിൽ മൂന്നും, സ്ഥിരം ജീവനക്കാരായി രണ്ടുപേരും ജോലിചെയ്യുന്നു. ഇതുകൂടാതെ ആറ് P. W. D. കടത്ത് സർവ്വീസുകൾകൂടി നിലവിലുണ്ട്.

*പ്രശ്നങ്ങൾ*

1. ടാർറോഡുകളുടെ ശരിയായ അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം ഗതാഗതയോഗ്യമല്ല.
2. ഗ്രാവൽ/എർത്ത് റോഡുകളിൽ വെള്ളം കെട്ടിനിൽക്കുന്ന സ്ഥിതി.
3. പാർശ്വഭിത്തികൾ കെട്ടി റോഡുകൾ സംരക്ഷിക്കാത്തതുമൂലം ഉണ്ടാകുന്ന റോഡുകളുടെ തകർച്ച.
4. കായംകുളം-തിരുവല്ല റോഡിലെ ഗതാഗതത്തിന്റെ ആധിക്യം മൂലമുണ്ടാകുന്ന അപകടങ്ങൾ.
5. റോഡിൽ ഗതാഗത തടസ്സമുണ്ടാകുന്ന ഇലക്ട്രിക്/ടെലഫോൺ പോസ്റ്റുകൾ.
6. റോഡുകൾ വെട്ടിപ്പൊളിച്ച് സേവനം നടത്തുന്ന ടെലഗ്രാഫ്, വാട്ടർ അതോറിറ്റി തുടങ്ങിയ ഡിപ്പാർട്ട്മെന്റുകൾ വെട്ടിപ്പൊളിക്കുന്ന ഭാഗം റിപ്പയർ ചെയ്യാതെ ഉപേക്ഷിക്കുന്ന അവസ്ഥ.
7. വലിയപെരുമ്പുഴ പാലത്തിന്റെ പണിയിലുണ്ടായിരിക്കുന്ന സ്തംഭനാവസ്ഥ.
8. റോഡരുകിലുള്ള മരങ്ങളിൽനിന്നും വർഷകാലങ്ങളിൽ വീഴുന്ന മഴവെള്ളം റോഡിനെ നശിപ്പിക്കുന്ന സ്ഥിതി.
9. ബസ് സ്റ്റോപ്പുകളിൽ വെയ്റ്റിംഗ് ഷെഡുകളുടെ അഭാവം.
10. അംഗീകൃത ഓട്ടോ/ടാക്സി, ടെമ്പോ/ലോറി സ്റ്റാന്റുകളുടെ അഭാവം.
11. പഞ്ചായത്തുവക കടത്തുവഞ്ചികളുടെ സേവനം കാര്യക്ഷമമല്ല.
12. പൊതുനിരത്തുകൾ കൈവശപ്പെടുത്തുന്ന പ്രവണത.
13. നിലവിലുള്ള ഓടകൾ സംരക്ഷിക്കുന്നതിലെ വീഴ്ച.
14. പ്രായിക്കര പാലത്തിന്റെ സമീപത്തുനിന്നും ദൂരപരിധി ലംഘിച്ചുള്ള മണൽവാരൽ പാലത്തിന് അപകട ഭീഷണിയുണ്ടാക്കുന്നു.

## സാദ്ധ്യതകൾ

1. ടാറിങ്ങ് നടത്തേണ്ട റോഡുകളുടെ വിവരം പട്ടിക II-ൽ കൊടുത്തിരിക്കുന്നു.
2. പട്ടിക-III ൽ കൊടുത്തിരിക്കുന്ന റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തുകയും ഗ്രാവൽ ഇടുകയും ചെയ്യുക.
3. പട്ടിക-IV ൽ കൊടുത്തിരിക്കുന്ന എർത്ത് റോഡുകൾ ഗ്രാവൽ ചെയ്യണം.
4. 1-ാം വാർഡിൽ നിലയ്ക്കാവിളപ്പടി-പുത്തൻകുളങ്ങര റോഡിലുള്ള കലുങ്ക് റിപ്പയർ ചെയ്യുക.
5. 1-ാം വാർഡിൽ നാലാംമൈൽ-അടക്കത്ത് കുരിശുംമൂട് റോഡിൽ തെന്നടി കിഴക്കുഭാഗത്തുള്ള പൈപ്പുകൾ മാറ്റി കലുങ്ക് നിർമ്മിക്കുക.
6. 4-ാം വാർഡിൽ വട്ടശ്ശേരിപ്പുഴ കലുങ്കിന്റെ ഇരുവശവും പിച്ചിങ്ങ് നിർമ്മിക്കുക.
7. ശാന്തിവനം ജങ്ഷനിൽ വന്നുനിൽക്കുന്ന ഓട പാവൂരേത്ത് പടിവരെ നീട്ടി കനാലിൽ യോജപ്പിക്കുക.
8. V-ാം വാർഡിൽ ചെറുകോൽ ക്ഷേത്രത്തിന് മുൻപിലുള്ള കരിങ്കൽ അടുക്കിനു മുകളിൽ പ്ലാസ്റ്ററിംഗ് നടത്തുക.
9. V-ാം വാർഡിൽ ചെറിയപെരുമ്പുഴ ഈഴക്കടവ് റോഡിൽ രണ്ട് കലുങ്കുകൾ നിർമ്മിക്കുക.
10. പട്ടിക-V ൽ കാണിച്ചിരിക്കുന്ന ടാർ റോഡുകളുടെ അറ്റകുറ്റപ്പണികൾ/റീടാറിങ്ങ് നടത്തുക.
11. VII-ാം വാർഡിൽ പുളിമൂട്ടിൽപടി എഴുപത്തഞ്ചിൽ റോഡിൽ എഴുപത്തിഞ്ചിൽ കുത്തുകുഴി കാരാവള്ളിൽ ഭാഗങ്ങളിൽ കലുങ്കുകൾ പണിയുക.
12. VIII-ാം വാർഡിൽ കോടോലിൽപടിയ്ക്കും – കുമ്പളശ്ശേരിൽപടിക്കും ഇടയിൽ കലുങ്ക് പണിയുക.
13. IX-ാം വാർഡിൽ മുളപ്പുറത്ത്-കരുവേലിൽ റോഡിൽ കലുങ്ക് പണിയുക.
14. X-ാം വാർഡിൽ ആറാം ബ്ലോക്കിനെയും അഞ്ചാം ബ്ലോക്കിനേയും ബന്ധിപ്പിക്കുന്ന പാലം പണിയുക.
15. VII-ാം വാർഡിൽ മുണ്ടോലിൽകടവിൽ പാലം നിർമ്മിക്കുക.
16. XI-ാം വാർഡിൽ ആശാരീപറമ്പിൽ ജംഗ്ഷൻ മുതൽ സ്തുതുക്കോട്ടു ജംഗ്ഷൻവരെ ഓട നിർമ്മിക്കുക.
17. X, XI വാർഡുകളിൽ കടന്നുപോകുന്ന മാർത്തോമാ പള്ളി – കോട്ടക്കുഴി റോഡിൽ സ്ലാബ് മാറ്റി കലുങ്ക് പണിയുക.
18. X-XI വാർഡുകളിൽ ചേർന്നുകിടക്കുന്ന കോട്ടക്കുഴി മുതൽ കോയിക്കൽമുക്ക് വരെയുള്ള ഭാഗത്ത് റോഡിൽ ഓട നിർമ്മിച്ച് റോഡ് ഉയർത്തുക.
19. V-ാം വാർഡിൽ പറക്കടവിൽ പാലം നിർമ്മിക്കുക.
20. IX-X വാർഡുകളെ ബന്ധിപ്പിക്കുന്ന പുത്തനാറ്റിൽ ഒരു ഫുട്ട്ബ്രിഡ്ജ് നിർമ്മിക്കുക.
21. വലിയപെരുമ്പുഴ പാലത്തിന്റെ പണി പൂർത്തിയാക്കി പഞ്ചായത്തിന്റെ പടിഞ്ഞാറൻ ഭാഗത്തുള്ള യാത്രാക്ലേശത്തിന് അറുതിവരുത്തുക. കായംകുളം-തിരുവല്ല റൂട്ടിലെ ഗതാഗതതിരക്ക് കുറയ്ക്കുവാനും ഇത് സഹായിക്കും.
22. എല്ലാപ്രധാന ബസ് സ്റ്റോപ്പുകളിലും വ്യക്തികളുടെയും സന്നദ്ധസംഘടനകളുടെയും സഹായത്തോടെ വെയ്റ്റിംഗ് ഷെഡുകൾ പണിയുക.

23. റോഡുകൾ മുറിക്കുന്ന ഡിപ്പാർട്ടമെന്റുകൾക്ക് ആവശ്യമായ കർശന നിർദ്ദേശം നൽകുക.

24. റോഡു സംരക്ഷണത്തിന് ജനങ്ങളെ ബോധവാന്മാരാക്കുവാൻ സെമിനാറുകൾ നടത്തുക.

25. പഞ്ചായത്തുവക ടാക്സി സ്റ്റാന്റുകൾ ഏർപ്പെടുത്തുക.

26. പഞ്ചായത്തുവക കടത്തിറക്കുജോലി ചെയ്യുന്നവരുടെ സേവനനിലവാരം പരിശോധിക്കുക.

27. പാടശേഖരങ്ങളെ (പുഞ്ച–ബ്ലോക്കുകളെ) ബന്ധിപ്പിക്കുന്ന ലിങ്ക്റോഡ് നിർമ്മിക്കുക.

28. VIII-ാം വാർഡിൽ തായംകുളങ്ങര–പയ്യമ്പള്ളിൽ റോഡിൽ തായംകുളങ്ങര ഭാഗത്ത് ഓടകെട്ടി സ്ലാബിട്ട് സഞ്ചാരയോഗ്യമാക്കുക.

29. VI-VII വാർഡുകളെ ബന്ധിപ്പിക്കുന്ന അടുക്കളപ്പുറം കടവിൽ ഫുട്ട്ബ്രിഡ്ജ് നിർമ്മിക്കുക.

30. V-VI വാർഡുകളെ ബന്ധിപ്പിക്കുന്ന ഒരു റോട് നിർമ്മിക്കുകയും അതിൽ പാലം പണിയുകയും ചെയ്യുക.

31. VII-ാം വാർഡിൽ കന്നിമേൽപടി ഭാഗത്ത് ഫുട്ട്ബ്രിഡ്ജ് നിർമ്മിക്കുക.

32. II-ാം വാർഡിൽ കാരാഴ്മ ക്ഷേത്ര പരിസരത്ത് നിന്ന് വെള്ളം ഒഴുകിപോകുന്നതിന് ഓട നിർമ്മിക്കുക.

33. II-ാം വാർഡിൽ പുന്നശ്ശേരിപടിയിൽ നിന്നും വടക്കോട്ട് ഇറങ്ങുന്നതിന് ഒരു റാമ്പ് നിർമ്മിക്കണം.

34. മഹാത്മാ ഗേൾസ് ഹൈസ്കൂൾ ജംഗ്ഷൻ മുതൽ കോട്ടമുറിവരെ രണ്ടുസൈഡിലും ഓട നിർമ്മിക്കുക.

35. II-ാം വാർഡിൽ നെച്ചാട്ട്പടി–തൈരുമാംമൂട്ടിവരെയുള്ള റോഡിലേയ്ക്കുള്ള കുന്നേൽ റോഡിൽ കലുങ്ക് നിർമ്മിക്കുക.

36. XI കോട്ടക്കുഴി കലുങ്ക് മുതൽ വടക്കോട്ട് നാരായണത്തുപടി കലുങ്ക് വരെയുള്ള പഞ്ചായത്ത് വക പുറമ്പോക്ക് നീരൊഴുക്കുതോട് താഴ്ത്തിവെട്ടി കൃഷിയ്ക്കും, യാത്രയ്ക്കും ഉപയുക്തമാക്കത്തക്ക രീതിയിൽ സംരക്ഷണഭിത്തി കെട്ടുക.

37. X-XI വാർഡിൽ മുക്കത്തുകടവ് മുതൽ തെക്കോട്ട് ചെങ്കിളിൽ പടിവരെ ആറാംബ്ലോക്ക് പാടശേഖരത്തിന്റെ കിഴക്കുവശത്തുകൂടി കടന്നുപോകുന്ന പുമ്പോക്ക് വഴി ഗ്രാവൽ ചെയ്ത് സംരക്ഷണ ഭിത്തി കെട്ടി മുക്കത്ത് കടവിൽ വാഹനം തിരിയ്ക്കുന്നതിന് സംവിധാനം ചെയ്യുക.

38. XI-ാം വാർഡൽ കോമാട്ടുകിഴക്കുവശം മുതൽ വടക്കോട്ട് പഴക്കര പടിവരെ പുറമ്പോക്ക് നീരൊഴുക്ക് തോട് താഴ്ത്തി വെട്ടി സംരക്ഷണഭിത്തി കെട്ടി കൃഷിയ്ക്കും, യാത്രയ്ക്കും ഉപയുക്തമാക്കുക.

**പട്ടിക I**

| ക്രമ നമ്പർ | വാർഡ് | ടാർ K. M. | മെറ്റൽ, ഗ്രാവൽ K. M. | എർത്ത് K. M. |
|---|---|---|---|---|
| 1 | 1 | 1.650 | 5.250 | 0.850 |
| 2 | 1 | 4.820 | 7.600 | 0.600 |
| 3 | 3 | 2.00 | 14.450 | 0.100 |
| 4 | 4 | 9.200 | 8.600 | - |
| 5 | 5 | 0.350 | 7.850 | 0.650 |
| 6 | 6 | 1.150 | 7.750 | 0.950 |
| 7 | 7 | - | 10.150 | 5.700 |
| 8 | 8 | 2.850 | 8.900 | 2.500 |
| 9 | 9 | - | 2.650 | 2.550 |
| 10 | 10 | 2.100 | 7.350 | 0.650 |
| 11 | 11 | 1.450 | 3.620 | 0.200 |
| ആകെ | - | 25.570 | 84.170 | 14.750 |

## പട്ടിക II

| ക്രമ നമ്പർ | വാർഡ് | നീളം | വീതി | റോഡിന്റെപേര് |
|---|---|---|---|---|
| 1 | 1 | 150 m | 6 m | അരീക്കരപടി-പട്ടരുകാട്ടിൽ (ടാറിങ് ബാക്കിയുള്ളത്) |
| 2 | I | 750 m | 6 m | കുരിശുംമൂട്-പണിക്കരോടത്ത് ജംങ്ഷൻ (ടാറിങ് ബാക്കിയുള്ളത്) |
| 3 | I | 700 m | 6 m | കോമന്റേത്തുപടി-കാവിൽ പടി |
| 4 | II | 1000 m | 4 m | നെച്ചാട്ടുപടി-തൈരുംമാംമൂട്ടിൽ |
| 5 | II | 1000 m | 3.5 m | പട്ടരുകാട്ടിൽ-ബഥേൽ ജംഗ്ഷൻ |
| 6 | | | | |
| 7 | II | 400 m | 4 m | കല്ലിക്കാണത്ത്-ആശാരിപറമ്പ് |
| 8 | III | 1000 m | 5 m | ആൽത്തറ-പതിയാൻ കുന്ന് |
| 9 | III | 1500 m | 4 m | നാടാലയ്ക്കൽ-ഉളുന്തി പള്ളിക്കടവ് |
| 10 | III | 1000 m | 6 m | കാരാഴ്മ ക്ഷേത്രം-മഠത്തിൽ കടവ് |
| 11 | III | 1500 m | 4 m | കൊടുവേലിൽ-മെറിലാന്റ് ജംഗ്ഷൻ |
| 12 | III | 400 m | 5 m | വാഴുവിലേത്ത്പടി-മാവിണേത്ത്പടി |
| 13 | IV | 600 m | 4 m | കൊപ്പാറപ്പടി-കുളത്തിന്റെ കിഴക്കേതിൽ |
| 14 | IV | 600 m | 4 m | കാട്ടിൽമുക്ക്-ചാങ്ങവിളപ്പടി |
| 15 | IV | 1000 m | 4 m | വൈപ്പുവിള-വല്യത്ത് ജംഗ്ഷൻ |
| 16 | IV | 1000 m | 4 m | കോണാട്ട് കിഴക്കേതിൽ-ചാങ്ങുവിള |
| 17 | V | 1500 m | 4 m | പറക്കടവ്-തൈത്തറമുക്ക് |
| 18 | V | 250 m | 3.60 m | ഈഴക്കടവ് പോസ്റ്റാഫീസ്-കണത്തിൽമുക്ക് |
| 19 | V | 1500 m | 4 m | പറക്കടവ്-തൈത്തറപടി |
| 20 | VI | 800 m | 4 m | പുത്തൻകോട്ടയ്ക്കകം-കോയിക്കുളം |
| 21 | VI | 750 m | 4 m | ചാലക്ഷേത്രം-ഊട്ടുകണക്കിൽ |
| 22 | VI | 1500 m | 4 m | തോപ്പിൽ കലുങ്ക്-മുണ്ടുവേലികടവ് |
| 23 | VI | 400 m | 4 m | മുണ്ടുവേലിക്കടറ്-കരിമ്പിൽപടി |
| 24 | VI | 1500 m | 4 m | തറയിൽപടി-തോപ്പിൽപടി,കോതകേരിപ്പടി-മുണ്ടുവേലിക്കടവ് |
| 25 | VII | 3500 m | 6 m | കാരിക്കുഴി-തിരുമാലക്കേരി |
| 26 | VII | 200 m | 4 m | വല്ലൂർപടി-തിരുമാലക്കേരി |
| 27 | VIII | 800 m | 4 m | പാണ്ടവത്തുപടി-മഠത്തുമ്പടി |
| 28 | VIII | 1000 m | 4 m | മഹാത്മാ ഗേൾസ് ഹൈസ്കൂൾ- നാടാലയ്ക്കൽപടി |
| 29 | VIII | 800 m | 4 m | ചക്കുംമൂട്-പവനത്തിൽപടി |
| 30 | IX | 350 m | 4 m | മഠത്തുംപടി-ഫിഷർമെൻ കോളനി |
| 31 | X, I | 1200 m | 4 m | അടക്കത്ത് കുരിശുംമൂട്-നാലാംമൈൽ |
| 32 | X | 500 m | 6 m | അടക്കത്ത് കോളനി-കിടങ്ങല്ലൂർ |
| 33 | XI | 800 m | 5 m | വല്യത്ത് ആൽത്തറ-ഊട്ടുപറമ്പ് |
| 34 | XI | 250 m | 4 m | മഠത്തിൽപടി-കവർക്കാട്ട്പടി |
| 35 | XI | 700 m | 4 m | സ്തുതിക്കോട്ട് ജംഗ്ഷൻ-പുതുക്കര |
| 36 | II | 450 m | 4 m | മഴിപ്പഴിഞ്ഞയിൽ-ബോയ്സ് ഹൈസ്കൂൾ |
| 37 | III | 250 m | 3.5 m | ശാന്തിവനം-കുറ്റിയാറപ്പടി |

## പട്ടിക III

| ക്രമ നമ്പർ | വാർഡ് | നീളം | വീതി | റോഡിന്റെ പേര് | |
|---|---|---|---|---|---|
| 1 | I | 500 m | 5 m | കൈമാട്ടിൽപടി-തണ്ടാമ്പറമ്പിൽ (ഓട/ഗ്രാവൽ) | |
| 2 | I | 850 m | 3.5 m | ആഞ്ഞിലിക്കുളങ്ങര-മാവോലിൽ | (ഉയർത്തി/ഗ്രാവൽ) |
| 3 | I | 200 m | 4 m | നാലാംമൈൽ-പല്ലാട്ടുശ്ശേരിൽ | " |
| 4 | I | 100 m | 3 m | കുരിശുംമൂട്-പുതുശ്ശേരിപ്പടി | " |
| 5 | I | 150 m | 3.5 m | കീത്തമത്തുപടി-ജന്മത്തിൽപടി | " |
| 6 | II | 800 m | 4 m | ചാന്ദിനിപ്പടി-ആശാരിപറമ്പിൽ | " |
| 7 | II | 300 m | 3 m | ഇളംതോടത്ത്-തറമേൽ | " |
| 8 | II | 300 m | 3 m | ചന്ദ്രാലയം-കുറ്റിമേൽ | " |
| 9 | II | 300 m | 3 m | കാരാഴ്മ മാർക്കറ്റ്-മൂലയിൽ | " |
| 10 | II | 500 m | 3.5 m | പുഴിക്കാട്ട്പടി-മുണ്ടുകാട്ടിൽ | " |
| 11 | II | 300 m | 3.5 m | കാരാഴ്മക്ഷേത്രം-ആശാരിപറമ്പ് | " |
| 12 | II | 150 m | 3.5 m | പുതുപ്പുരയ്ക്കൽ-അമ്പനാട്ട് | " |
| 13 | III | 800 m | 3 m | ശാന്തിവനം-അമ്പുവിള | " |
| 14 | III | 600 m | 3.5 m | പുതുശ്ശേരിപ്പടി-ചേങ്കരപ്പടി | " |
| 15 | III | 1000 m | 4 m | പൂയപ്പള്ളി-തോപ്പിൽകോളനി | (ഓട/ഗ്രാവൽ) |
| 16 | III | 200 m | 3.5 m | വാഴുവിലേത്ത്പടി-കളീക്കൽപടി | " |
| 17 | III | 750 m | 4 m | പള്ളിമുക്ക്-പാണ്ടിയാൻ കടവ് | " |
| 18 | III | 500 m | 3.5 m | പാണ്ടിശ്ശേരി-മണലിൽ | ഗ്രാവൽ |
| 19 | III | 150 m | 3 m | അൻജനത്തിൽപടി-മരക്കാശ്ശേരിപടി | " |
| 20 | III | 250 m | 3.5 m | കുമനയ്യത്ത്-കുറ്റിയാറപ്പടി | |
| 21 | III | 250 m | 3.5 m | വടക്കേത്തലയ്ക്കൽ-പുതുശ്ശേരിപ്പടി | " |
| 22 | III | 250 m | 3 m | രാമനയ്യത്ത്-ശുഭാനന്ദാശ്രമം | " |
| 23 | III | 100 m | 4m | ലക്ഷംവീട്കോളനി-നൂറാട്ടുപടി | " |
| 24 | IV | 1000 m | 4 m | മാർത്തോമാപള്ളി-ആറ്റുപുറത്ത് | " |
| 25 | IV | 400 m | 4 m | പേരാമ്പിൽചിറ-തുണ്ടയ്യത്ത് പടി | ഓട/ഗ്രാവൽ |
| 26 | IV | 150 m | 3.6 m | കീളാട്ടിൽ-മീനത്തേക്കാട്ടിൽ | ഗ്രാവൽ |
| 27 | IV | 200 m | 4 m | കല്ലിക്കോത്ത്-വാര്യമ്പള്ളിൽ | ഗ്രാവൽ |
| 28 | IV | 100 m | 3.5 m | കോണാട്ട്-കൊപ്പാറപ്പടി | |
| 29 | IV | 200 m | 3.6 m | ഇഞ്ചക്കൽ-ആറ്റുപുറം | |
| 30 | IV | 250 m | 3.6 m | പാണ്ടിശ്ശേരി ജംഗ്ഷൻ-ഇടശ്ശേരേത്ത്കോളനി | |
| 31 | IV | 150 m | 4 m | കുന്നുംപുറത്ത്-കണ്ണാടികോളനി | |
| 32 | V | 250 m | 3.6 m | ഈഴക്കടവ്-പുതുമന | |
| 33 | V | 2000 m | 4 m | കണ്ടത്തിൽമുക്ക്-ചെറിയപെരുമ്പുഴ | |
| 34 | V | 1000 m | 4 m | പറക്കടവ്-ഹരിജൻ കോളനി | |
| 35 | V | 250 m | 3.5 m | വിളയിൽപടി-കിഴക്കംവേലിൽ | |
| 36 | V | 250 m | 3.5 m | മുണ്ടുചിറ-കുറ്റിക്കാട്ടിൽ കോളനി | |
| 37 | V | 250 m | 3.6 m | പറക്കാട്ടിൽ-കിഴക്കംവേലിൽ | |
| 38 | V | 200 m | 4 m | വാഴൂർക്കടവ്-പുത്തൻപറമ്പ് | |
| 39 | V | 200 m | 3m | വേട്ടമ്പള്ളിൽ-ഈഴക്കടവ് കോളനി | |
| 40 | V | 200 m | 3.6 m | ആശ്രമം-മന്ദാനി ജംഗ്ഷൻ | |
| 41 | VI | 350 m | 3 m | വലിയപെരുമ്പുഴ-അടുക്കളപ്പുറം | |
| 42 | VI | 300 m | 4 m | NSS കരയോഗം-ചുടുകാട്ടിൽ | |
| 43 | VI | 200 m | 3.5 m | NSS കരയോഗം-കണ്ണന്നൂർ ക്ഷേത്രം | |

| | | | | | |
|---|---|---|---|---|---|
| 44 | VI | 300 m | 3.20 m | കൊച്ചുപ്ലാംമൂട്ടിൽ - തെക്കേചുടുകാട്ടിൽ | |
| 45 | VII | 1500 m | 4 m | വാഴക്കൂട്ടംകടവ് - പാമ്പനംചിറ | |
| 46 | VII | 1500 m | 4.5 m | പുളിമൂട്ടിൽ പടി - പാലക്കണ്ടത്തിൽപടി | |
| 47 | VII | 1500 m | 4 m | പറയംകേരി - കമ്മ്യൂണിറ്റിഹാൾ | |
| 48 | VII | 150 m | 3.5 m | മുണ്ടുവേലിൽകടവ്-കോതകേരിപ്പടി | |
| 49 | VII | 200 m | 3.6 m | കാരിക്കുഴി-കോളനിറോഡ് | |
| 50 | VII | 150 m | 3.5 m | കോന്നാട്ടുപടി-മുണ്ടുവേലിക്കടവ് | |
| 51 | VII | 360 m | 4 m | മേക്കാട്ട്പടി-വാഴക്കൂട്ടം കടവ് | |
| 52 | VII | 1500 m | 4.5 m | പുളിമൂട്ടിൽപടി-പാലകണ്ടത്തിൽ | |
| 53 | VIII | 1000 m | 4 m | പാലപ്പള്ളി-ചാണാംച്ചേരിൽ | |
| 54 | VIII | 800 m | 4 m | പുളിയിലേത്ത്-പാണ്ടവത്ത് പടി | |
| 55 | VIII | 1000 m | 4.10 m | തായംകുളങ്ങര-കൊടുവേലിൽപടി | |
| 56 | VIII | 1000 m | 4 m | നാരായണവല്ലൂർ-പയ്യംപള്ളിൽ | |
| 57 | VIII | 800 m | 3.5 m | കോതകുളങ്ങര-തേവർകുളം | |
| 58 | VIII | 100 m | 3.5 m | കാട്ടൂർപടി-തായംകുളങ്ങര | |
| 59 | IX | 1200 m | 4 m | തേവർകടവ്-പുത്തനാറ് | |
| 60 | IX, X | 600 m | 4 m | വള്ളാംകടവ്-നമ്പൂണാരി പൊതുവൻ | |
| 61 | IX | 350 m | 4 m | മടത്തുംപടി-ഏറുദ്ദൂശി | |
| 62 | X | 150 m | 4m | ആയിക്കാട്ട്-തൃപ്പെരുന്തുറ ക്ഷേത്രം | |
| 63 | X | 400 m | 4 m | നടയിൽപടി-വേണാട്ട് പടി | |
| 64 | X, XI | 1500 m | 5 m | ചെങ്കള്ളിൽപടി-മുക്കത്തുകടവ് | ഉയർത്തി ഗ്രാവൽ ചെയ്യുക |
| 65 | X | 200 m | 3.5 m | കോട്ടുവിള-പുല്ലാശ്ശേരിപ്പടി | |
| 66 | X | 300 m | 4 m | സിദ്ധാശ്രമം-താവളയിൽപടി | |
| 67 | X | 500 m | 3.5 m | ജന്മത്തിൽപടി-പൈനുംതറ | |
| 68 | X | 100 m | 3.5 m | ആയിക്കാട്ട്പടി-ചേലക്കോട്ട്പടി | |
| 69 | XI | 400 m | 4 m | പുലിത്തിട്ടപ്പടി-ശാസ്താക്ഷേത്രം | |
| 70 | XI | 750 m | 4 m | കോട്ടക്കുഴി-ചെമ്പോട്ടിയിൽ | |
| 71 | XI | 100 m | 4 m | വല്യത്തുപടി-മഠത്തിൽപടി | |
| 72 | XI | 600 m | 4 m | സ്തുതിക്കോട്ടുപടി-ചെന്നിത്തല പുഞ്ച | |
| 73 | XI | 350 m | 4 m | കൊച്ചുതെക്കേതിൽ-കൊറ്റാത്തുവിള | |
| 74 | III | 200 m | 4 m | മണലിക്കുളങ്ങര-തെക്കേമുക്കാൽ | |
| 75 | X | 450 m | 4 m | കൊടശ്ശേരിപടി - ആലപ്പുഴപ്പടി | |

## പട്ടിക IV

### ഗ്രാവൽ ചെയ്യേണ്ട എർത്ത് റോഡുകൾ

| ക്രമ നമ്പർ | വാർഡ് | നീളം | വീതി | പേര് | കുറിപ്പ |
|---|---|---|---|---|---|
| 1 | V | 200 m | 3.5 m | വേണാട്ടുപടി-മുളയ്ക്കൽ | ഗ്രാവൽചെയ്യുക |
| 2 | V | 350 m | 3.5 m | ചെറിയപെരുമ്പുഴ-വിഴയിൽ | |
| 3 | VII | 500 m | 4 m | തകടിയിൽ-പുത്തൻപുരക്കടവ് | |
| 4 | VII | 800 m | 3 m | കാരിക്കുഴി-കുത്തുകുഴി റോഡ് | |
| 5 | VII | 200 m | 3 m | കാരിക്കുഴി-കോളനിറോഡ് | ഉയർത്തി ഗ്രാവൽചെയ്യുക |
| 6 | VIII | 500 m | 3 m | കാളിയത്തുപടി-ശ്രീഭവനം | ഗ്രാവൽ |
| 7 | VII | 800 m | 3 m | കോയിപ്പുറം-ചെണ്ടക്കേരി | |
| 8 | V | 200 m | 3 m | കൊട്ടക്കാട്-മാർത്തോമ്മാ പള്ളി | |
| 9 | IX | 500 m | 4 m | മഠത്തിൽപടി-കളീപ്പുര (കരീലത്തറ കോളനി) | ചെളി/ഗ്രാവൽ |
| 10 | IX | 1200 m | 6 m | പുളിന്താനത്ത്-കൂരയ്ക്കലാറ് | |
| 11 | X | 300 m | 4 m | ആഞ്ഞിലിക്കുളങ്ങര-പൈനുംതറ | |
| 12 | X | 150 m | 4 m | ചെങ്കോട്ട-വേണാത്തേത്ത് | |
| 13 | X | 300 m | 5 m | കനാൽ ജംഗ്ഷൻ-അമ്പിയിൽ | |
| 14 | XI | 350 m | 4 m | പുതുപ്പള്ളി കോളനി | |
| 15 | XI | 300 m | 3.5 m | മല്ലപ്പള്ളിപ്പടി-പെരുമന്നാർപടി | |
| 16 | XI | 200 m | 3.5 m | കലാലയം-പിഴക്കരപ്പടി | |

## പട്ടിക V

### റീട്ടാർ ചെയ്യേണ്ട റോഡുകൾ

| ക്രമനമ്പർ | വാർഡ് | നീളം | വീതി | പേര് |
|---|---|---|---|---|
| 1 | 2 | 800 m | 6 m | കാരാഴ്മ ജംഗ്ഷൻ-പട്ടരുകാട് ജംഗ്ഷൻ |
| 2 | 2 | 2.500 m | 6 m | കല്ലുംമൂട്-കോയിക്കുളം |
| 3 | 3 | 2 km | 6 m | നാടാലയ്ക്കൽ-ആൽത്തറ ജംഗ്ഷൻ |
| 4 | 4 | 2 km | 6 m | ചെറുകോൽക്ഷേത്രം-മാവിലേത്ത് |
| 5 | 6 | 4 km | 6 m | ശാന്തിവനം-വലിയപെരുമ്പുഴ |
| 6 | 8 | 1.5 km | 6 m | വെട്ടത്തുവിള-മഠത്തുംപടി |
| 7 | 9 | 3 km | 6 m | കോട്ടമുറി-പറയങ്കേരിക്കടവ് |
| 8 | 10 | 800 km | 5 m | പണിക്കരോടത്ത് മുക്ക് - കോളാശ്ശേരിപ്പടി |

# ഊർജ്ജം

പരമ്പരാഗത ഊർജ്ജ സ്രോതസ്സുകളായ വിറക്, മണ്ണെണ്ണ, എണ്ണ, മരക്കരി എന്നിവയായിരുന്നു ഈ പ്രദേശത്തെ ജനങ്ങൾ ഉപയോഗിച്ചിരുന്നത്. എന്നാൽ പ്രകൃതിവിഭവങ്ങളായ വിറകിന്റേയും മരക്കരിയുടെയും ദൗർലഭ്യവും എണ്ണ, മണ്ണെണ്ണ തുടങ്ങിയവയുടെ വിലവർദ്ധനയും ഇതര ഊർജ്ജ ഉപാധികളിലേക്ക് തിരിയുന്നതിന് ജനങ്ങളെ പ്രേരിപ്പിച്ചു. വൈദ്യുതിയുടെ കടന്നുവരവ് ഊർജ്ജരംഗത്ത് വമ്പിച്ച വിപ്ലവത്തിനുതന്നെ തുടക്കം കുറിച്ചു. പാചകവാതകം, ഗോബർഗ്യാസ് തുടങ്ങിയവയും ഇന്ന് വ്യാപകമായി പ്രചരിച്ചുതുടങ്ങിയിരിക്കുന്നു.

1951-ൽ നമ്മുടെ പഞ്ചായത്തിലെ തൃപ്പെരുന്തുറ വില്ലേജിലുള്ള പേരയിൽ ജംഗ്ഷനു സമീപമൊരു ട്രാൻഫോർമർ സ്ഥാപിച്ചുകൊണ്ടാണ് ചെന്നിത്തലയിൽ വൈദ്യുതി വിതരണം ആരംഭിക്കുന്നത്. ഇന്ന് നമ്മുടെ പഞ്ചായത്തിന്റെ നാനാഭാഗങ്ങളിലായി 186.8 കി. മീ. വൈദ്യുതിലൈനുകളും 29 L. T. ട്രാൻസ്ഫോർമറുകളും പ്രവർത്തിക്കുന്നുണ്ട്. കൊല്ലകടവ് മേജർ ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലുള്ള ഒരു സെക്ഷൻ ഓഫീസ് ഈ പഞ്ചായത്ത് ഓഫീസിന് സമീപം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ പ്രവർത്തനമേഖലയിൽ നൽകിയിട്ടുള്ള വിവിധ വൈദ്യുതി കണക്ഷനുകളുടെ പട്ടിക ചുവടേ ചേർത്തിരിക്കുന്നു.

**പട്ടിക I**

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | ഗാർഹികം | 5100 |
| 2 | വ്യാപാരം | 667 |
| 3 | വ്യാവസായികം | 78 |
| 4 | കാർഷികം | 78 |
| | ആകെ | 5923 |

ചെന്നിത്തല ഇലക്ട്രിക്കൽ സെക്ഷൻ കൂടാതെ മാന്നാർ മേജർ ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും ഈ പഞ്ചായത്തിന്റെ വടക്കൻ മേഖലയായ ഇരമത്തൂർ പ്രദേശത്ത് വൈദ്യുതി വിതരണം നടത്തുന്നുണ്ട്. ഇന്ന് നിലനില്ക്കുന്ന വൈദ്യുതിക്ഷാമവും, വിതരണത്തിനാവശ്യമായ സാമഗ്രികളുടെ ലഭ്യതക്കുറവും നിമിത്തം വൈദ്യുതിക്കായി കാത്തിരിക്കുന്നവരുടെ എണ്ണം 464 ആണ്.

പഞ്ചായത്തിന്റെ മൊത്തം ചെലവിന്റെ 10% ത്തോളം തെരുവുവിളക്കുകൾ കത്തിക്കുന്നതിലേയ്ക്ക് വൈദ്യുതി ബോർഡിന് നൽകപ്പെടുന്നു (പ്രതിമാസം 1,18,141 രൂപ). പഞ്ചായത്തിലെ ഒട്ടുമിക്ക പ്രധാന റോഡുകളിലും തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

**പട്ടിക-II**

| വാർഡ് നമ്പർ | വിളക്കുകളുടെ എണ്ണം ഫ്ളൂറസെന്റ് ട്യൂബ് | ബൾബ് | ആകെ |
|---|---|---|---|
| 1 | 8 | 35 | 43 |
| 2 | 19 | 48 | 67 |
| 3 | 17 | 40 | 57 |
| 4 | 20 | 38 | 58 |
| 5 | 12 | 40 | 52 |
| 6 | 13 | 42 | 55 |
| 7 | 5 | 40 | 45 |
| 8 | 8 | 30 | 38 |
| 9 | 8 | 30 | 38 |
| 10 | 20 | 55 | 75 |
| 11 | 13 | 65 | 78 |

ഈ പഞ്ചായത്തിൽ ആവശ്യമായ എല്ലാ നിരത്തുകളിലും തെരുവുവിളക്കുകൾ സ്ഥാപിക്കുവാൻ ഇനിയും കഴിഞ്ഞിട്ടില്ല. ഈ പ്രശ്നം പരിഹരിക്കുന്നതിന് പഞ്ചായത്തിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടേണ്ട തായിട്ടുണ്ട്. പഞ്ചായത്തിൽ ഇനിയും വൈദ്യുതിയെത്തിച്ചേർന്നിട്ടില്ലാത്ത ചില പ്രദേശങ്ങളും കോളനികളു മുണ്ട്. വോൾട്ടേജ് ക്ഷാമം ഈ രംഗത്ത് അനുഭവപ്പെടുന്ന ഗുരുതരമായ പ്രശ്നമാണ്.

ഗാർഹിക ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ ഏഴ് ഗോബർ ഗ്യാസ്പ്ലാന്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ മേഖലയിൽ കൂടുതൽ പ്രോത്സാഹനം നൽകി ഗാർഹികാവശ്യങ്ങൾക്കുള്ള ഊർജ്ജത്തിന്റെ ദൗർലഭ്യം പരിഹരിക്കുവാൻ കഴിയും.

ജനങ്ങളുടെ ജീവിത നിലവാരത്തിലും സാമ്പത്തിക സ്ഥിതിയിലും ഉണ്ടായ ഉയർച്ച ഗാർഹികാവശ്യ ങ്ങൾക്കായി വൻ തോതിൽ പാചക വാതകത്തെ ആശ്രയിക്കുന്നതിന് അവരെ പ്രേരിപ്പിക്കുന്നു. മാവേലിക്കര യിലും മാന്നാറിലുമുള്ള പാചകവാതക ഏജൻസികളിൽനിന്നാണ് ഈ പ്രദേശത്തെ ഉപഭോക്താക്കൾക്ക് പാച കവാതകം വിതരണം ചെയ്യുന്നത്. പാചകവാതകം ലഭിക്കുന്നതിന് അപേക്ഷ നൽകി വർഷങ്ങളായി കാത്തി രിക്കുന്ന ആയിരക്കണക്കിന് ജനങ്ങൾ ഈ പഞ്ചായത്തിലുണ്ട്.

ഇന്ധനക്ഷാമം പരിഹരിക്കുന്നതിനായി പുകയില്ലാത്ത അടുപ്പുകളുടെ പ്രചാരണം വർദ്ധിപ്പിക്കേണ്ട താണ്. ഈ പഞ്ചായത്തിൽ ഇരുന്നൂറിലേറെ പുകയില്ലാത്ത അടുപ്പുകൾ കേരളാ ശാസ്ത്രസാഹിത്യ പരിഷത്തിന്റെ നേതൃത്വത്തിൽ സബ്സിഡിയോടുകൂടി സ്ഥാപിച്ചിട്ടുണ്ട്.

വ്യാവസായിക മേഖലയിൽ ഈ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ഊർജ്ജം ഉപയോഗിക്കപ്പെടു ന്നത് ഇഷ്ടിക നിർമ്മാണ മേഖലയിലാണ്. വിറകാണ് ഇന്ധനമായി ഉപയോഗിക്കുന്നത്. വിറകിന്റെ ദൗർല ഭ്യവും വിലക്കൂടുതലും ഈ മേഖലയെ പ്രതികൂലമായി ബാധിക്കുന്ന പ്രശ്നങ്ങളാണ്.

കാർഷികരംഗത്ത് വൈദ്യുതിയുടെ ഉപയോഗം ഇന്ന് മുഖ്യമായും ജലസേചനത്തിനുവേണ്ടിയാണ്. വൈദ്യുതിയ്ക്ക് കൂടെക്കൂടെയുണ്ടാകുന്ന തടസ്സം ഈ മേഖലയിൽ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു. കാർഷി കരംഗത്ത് ഉപയോഗിക്കുന്ന വൈദ്യുതിക്ക് സർക്കാരിൽനിന്നും സബ്സിഡി ലഭിക്കുന്നുണ്ട്.

ഈ പഞ്ചായത്തിലെ ഹരിജൻ കോളനികളുടെ വൈദ്യുതീകരണം പൂർത്തിയായിട്ടില്ല. വിവിധകാര ണങ്ങളാൽ വൈദ്യുതികണക്ഷൻ ലഭിക്കാത്ത നിരവധി കോളനി നിവാസികളുണ്ട്. അടിയന്തിര പ്രാധാന്യ ത്തോടെ പരിഹരിക്കപ്പെടേണ്ട ഒരു പ്രശ്നമാണിത്.

പൊതുവിതരണ കേന്ദ്രങ്ങൾ മുഖേന മണ്ണെണ്ണ വിതരണം ചെയ്യുന്നുണ്ടെങ്കിലും വിതരണം ശരിയായ സമയത്തോ കൃത്യമായ അളവിലോ അല്ല. അധികാരികളുടെ ശ്രദ്ധ വേണ്ടത്ര പതിഞ്ഞുകാണുന്നില്ല. പൊതു മാർക്കറ്റിൽ മണ്ണെണ്ണ ലഭ്യമാണെങ്കിലും യാതൊരു നിയന്ത്രണവുമില്ലാത്ത വില ഈടാക്കുന്നുണ്ട്.

### *പ്രശ്നങ്ങൾ*

1. വിറകിന്റെ ലഭ്യതക്കുറവും വിലക്കൂടുതലും.
2. വൈദ്യുതി കണക്ഷനുകൾ ലഭിക്കുന്നതിനുള്ള താമസം.
3. ഈ പ്രദേശത്ത് അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം.
4. വൈദ്യുതി മോഷണം, പ്രസരണ നഷ്ടം, ദുർവിനിയോഗം എന്നിവകൊണ്ടുള്ള വൈദ്യുതി നഷ്ടം.
5. മണ്ണെണ്ണയുടെ വിതരണരംഗത്തെ അപാകതകൾ.
6. ഹരിജൻ കോളനികളിൽ വൈദ്യുതി കണക്ഷൻ ലഭിക്കാത്ത സ്ഥിതി.
7. തെരുവുവിളക്കുകളുടെ അപര്യാപ്തത.
8. പാചകവാതകം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.
9. കാർഷികമേഖലയിൽ ഉപയോഗിക്കുന്ന വൈദ്യുതിയുടെ സബ്സിഡി.

### സാദ്ധ്യതകൾ

1. എല്ലാ പൊതു സ്ഥലങ്ങളിലും ഗൃഹപരിസരങ്ങളിലും വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുക. പുകയില്ലാത്ത ഇന്ധനലാഭമുള്ള അടുപ്പുകൾ പ്രചരിപ്പിക്കുക.
2. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക.
3. ആവശ്യമുള്ള വോൾട്ടേജിൽ വൈദ്യുതി ലഭിക്കുന്നതിന് കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക./നിലവിലുള്ളവയുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുക.
4. വൈദ്യുതി മോഷണം, പ്രസരണനഷ്ടം, ദുർവിനിയോഗം എന്നിവ ഒഴിവാക്കുന്നതിന് കർശനമായ നടപടികൾ സ്വീകരിക്കുക.
5. പൊതുവിതരണ കേന്ദ്രങ്ങളിലൂടെ നടത്തുന്ന മണ്ണെണ്ണ വിതരണം പരിശോധിക്കുന്നതിനു സംവിധാനം ഉണ്ടാക്കുകയും ക്രമക്കേടുകൾ ഇല്ലാതാക്കുകയും ചെയ്യുക.
6. എല്ലാ കോളനികളും പൂർണ്ണമായും വൈദ്യുതീകരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുക.
7. എല്ലാ പ്രധാന കേന്ദ്രങ്ങളിലും ജംഗ്ഷനുകളിലും ഫ്ളൂറസെന്റ് ട്യൂബ്, കോമ്പാക്ട് ഫ്ളൂറസെന്റ് ലാമ്പുകൾ, സോളാർ വിളക്കുകൾ എന്നിവ സ്ഥാപിക്കുക.
8. പട്ടിക III-ൽ കൊടുത്തിരിക്കുന്ന റോഡുകളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുക.
9. പാചക വാതകത്തിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന് പഞ്ചായത്തിൽ ഒരു പാചകവാതക ഏജൻസി അനുവദിക്കുക.
10. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ ഉപയോഗിക്കുന്നതിന് ANERT ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പരിപാടി ഇവിടെയും നടപ്പാക്കി വൈദ്യുതി ലാഭിക്കുക.
11. കാർഷികരംഗത്ത് ഉപയോഗിക്കുന്ന മുഴുവൻ വൈദ്യുതിയും സൗജന്യമായി നൽകുക.
12. ചെന്നിത്തല പുഞ്ചയിലെ ഇലക്ട്രിസിറ്റി സേവനത്തിന് സ്ഥിരം ലാന്റിങ് കേന്ദ്രം വള്ളാംകടവിൽ (വാർഡ്–10) ഉണ്ടാക്കുക.
13. ചെന്നിത്തല ഇലക്ട്രിക്കൽ സെക്ഷൻ കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് മേജർ ഇലക്ട്രിക്കൽ സെക്ഷൻ ആയി ഉയർത്തുക (ചെന്നിത്തല പുഞ്ചയിൽ കാർഷികാവശ്യത്തിനായുള്ള മുപ്പത് കണക്ഷനുകളുണ്ട്).
14. തെരുവ് വിളക്കുകളുടെ ഫ്യൂസായ ബൾബുകൾ മാറ്റിയിടുന്ന ചുമതല ഗ്രാമപഞ്ചായത്തിനെ ഏൽപ്പിക്കുക.
15. വൈദ്യുതി ഉപഭോക്താക്കൾ സ്വയം മീറ്റർ റീഡിംഗ് നടത്തി വൈദ്യുതി ചാർജ് അടയ്ക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുക.
16. പഴകി ദ്രവിച്ചതും അപകടകരമായ നിലയിലുള്ളതുമായ മുഴുവൻ ഇലക്ട്രിക്ക് പോസ്റ്റുകൾക്കും പകരം കോൺക്രീറ്റ് പോസ്റ്റുകൾ സ്ഥാപിക്കുക.
17. റോഡിൽ ഗതാഗത തടസ്സം ഉണ്ടാക്കുന്ന ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക.

### പട്ടിക III

| ക്രമനമ്പർ | വാർഡ് | റോഡുകൾ |
|---|---|---|
| 1. | 1 | പുത്തുവിളപ്പടി – ആഞ്ഞിലിക്കുളങ്ങര |
| 2. | 1 | പട്ടരുകാട് – മഴപ്പുഴിഞ്ഞയിൽപ്പടി |
| 3. | 1 | നിലയ്ക്കാവിളപ്പടി – പുത്തൻകുളങ്ങര |
| 4. | 1 | കണ്ണംചേത്ത് പടി –കളത്തൂരേത്ത് പടി |
| 5. | 1 | കൈമാട്ടിൽപ്പടി – തണ്ടാമ്പറമ്പിൽ റോഡ് |
| 6. | 1, 10 | നാലാം മൈൽ – ഇരമത്തൂർ അയക്കത്ത് Jn. |
| 7. | 2 | പോളയിൽപടി – കിഴക്കോട്ടുള്ള റോഡ് |

| | | |
|---|---|---|
| 8. | 2. | ചന്ദ്രാലയത്തിൽപ്പടി - കുറ്റിയിൽ ക്ഷേത്രം |
| 9. | 3. | ഉലച്ചിക്കാട് ക്ഷേത്രം - തോപ്പിൽ കോളനി |
| 10. | 3. | വാഴുവിലേത്ത് പടി - മാവിണേത്ത് പടി |
| 11. | 3 | സെന്റ് മേരീസ് ചർച്ച് - പാണ്ടിയൻ കടവ് |
| 12. | 3 | ചേങ്കര ജംഗ്ഷൻ - വടക്കോട്ട് 300 മീ. |
| 13. | 3 | മണലിക്കുളം - പടിഞ്ഞാറോട്ട് 250 മീ. |
| 14. | 3 | പൂയപ്പള്ളി ജം. - ചെമ്പകപള്ളിക്കടവ് |
| 15 | 3 | ചേങ്കര ജം. - പരിഭ്രമത്ത് കടവ് |
| 16. | 4 | വൈപ്പുവിള ജം. - വല്യത്ത് ജം. |
| 17. | 5 | തൈത്തറ മുക്ക് - പറക്കടവ് |
| 18. | 5 | പറക്കടവ് - പറക്കടവ് ഹരിജൻ കോളനി |
| 19. | 6 | തറയിൽപടി - ചൊവ്വാലിൽ പടി |
| 20 | 7 | ഇഞ്ചക്കൽ തറ കോളനി - ഹരിജൻ കമ്മ്യൂണിറ്റി ഹാൾ |
| 21 | 8 | പവനത്തിൽപടി - ചക്കുംമൂട് |
| 22 | 8 | കോടോളിപ്പടി - കുമ്പളശ്ശേരിപ്പടി |
| 23 | 8 | വെട്ടത്തുവിള സ്കൂൾ - മടത്തുംപടി ജം. |
| 24 | 8 | തായംകുളം - പയ്യംപള്ളപ്പടി |
| 25 | 8 | പാണ്ടവത്ത് പടി - ആശാരിപറമ്പിൽ |
| 26 | 8 | മഹാത്മ ഗി. എച്ച്. എസ്. - തൃപ്പെരുന്തുറ വില്ലേജാഫീസ് |
| 27 | 8 | പുളിയിലേത്ത് പടി - സെന്റ് പീറ്റേഴ്സ് മാർത്തോമ്മാ പള്ളി |
| 28 | 8 | പേരകത്ത് - ഗി. എച്ച്. എസ്. |
| 29 | 8 | തായംകുളം - കുമ്പളത്ത് തറ |
| 30 | 9 | പോട്ടംകേരിൽപുതുവൽ - പടിഞ്ഞാറോട്ട് |
| 31 | 9 | വാഴക്കൂട്ടംകടവ് - കോട്ടപ്പുറം |
| 32 | 9 | പുളിന്താനത്ത് പടി - കുരയ്ക്കലാർ |
| 33 | 9 | നാടാലയ്ക്കൽ - തറയിലേത്ത് |
| 34 | 9 | ചാവടി - ഏറ്ദൂശി |
| 35 | 10 | കിടങ്ങല്ലൂർപടി - അടക്കത്ത് കോളനി |
| 36 | 10 | തെന്നടി പടി - ഏരൂർ പടി |

| | | |
|---|---|---|
| 37 | 10 | കൃഷിഭവൻ - കുടശ്ശേരിക്കാവ് |
| 38 | 10 | ചെങ്കോട്ടപ്പടി - വേണാട്ടേത്ത് പടി |
| 39 | 10 | ആയിക്കാട്ട് പടി - ചെന്നിത്തല ക്ഷേത്രം |
| 40 | 10 | നടയിൽപടി - വേണാട്ടേത്ത് |
| 41 | 1 | ആഞ്ഞലിക്കുളങ്ങര - നെല്ലിത്താനം |
| 42 | 10 | വള്ളാംകടവ് - പണിക്കരോടത്ത് |
| 43 | 10 | കനാൽ ജം. - അംബിയിൽ പടി |
| 44 | 10,1 | പണിക്കരോടത്ത് - ഒരിപ്രം കുരിശുംമൂട് |
| 45 | 10 | ചെങ്കള്ളിൽ പടി - മുക്കത്തുപടി |
| 46 | 10 | വലിയമഠം - പുഞ്ച റോഡ് |
| 47 | 10 | സിദ്ധാശ്രമം - എമ്പ്രാൻ മഠം |
| 48 | 10 | പുലിത്തിട്ട - ജന്മത്തിൽ പടി |
| 49 | 11 | ഇരമത്തൂർ കുരിശിൻമൂട് - താഴ്ചയിൽ പടി |
| 50 | 11 | മാർത്തോമ്മാ പള്ളി - കോട്ടക്കുഴി |
| 51 | 11 | ചാപ്രയിൽ പടി - പുഞ്ച റോഡ് |
| 52 | 11 | ചേങ്കര - പള്ളിക്കടവ് |
| 53 | 11 | മഠത്തിക്കടവ് (ഫ്ളൂറസെന്റ്) |
| 54 | 11 | കോഴിക്കാല ജം. " |
| 55 | 11 | പാണ്ടിശ്ശേരി ജം " |
| 56 | 2 | വെച്ചാട്ട് പടി - തൈരുവാമൂട്ടിൽ പടി |





6 VII

# പാർപ്പിടവും സാമൂഹ്യ ക്ഷേമവും

## *ഭവന നിർമ്മാണം*

കേരള സംസ്ക്കാരത്തനിമ നിലനിർത്തുന്നതും പാരമ്പര്യ വാസ്തുശില്പ ശൈലിയിൽ നിർമ്മിച്ചിരുന്നതുമായ "നാലുകെട്ട്", "എട്ടുകെട്ട്" തുടങ്ങിയ തച്ചുശാസ്ത്രത്തിന്റെ ചാരുത വിളിച്ചോതുന്ന കെട്ടിടങ്ങൾ ഈ പ്രദേശത്ത് സുലഭമായിരുന്നു. അതോടൊപ്പംതന്നെ ജന്മിത്വത്തിന്റെ കാൽക്കീഴിൽ ഞെരിഞ്ഞ് ജീവിതം നയിച്ചിരുന്ന "പണിയാളന്മാരുടെ" ചെറ്റക്കുടിലുകൾക്കും ഇവിടെ ക്ഷാമമുണ്ടായിരുന്നില്ല. സാമൂഹിക സാമ്പത്തിക രംഗങ്ങളിലെ മാറ്റം ജീവിതത്തിലെന്നപോലെ ഭവന നിർമ്മാണ രംഗത്തും പ്രതിഫലിച്ചിട്ടുണ്ട്. വിവിധ സാമൂഹിക ഭവനനിർമ്മാണ പദ്ധതികളിൽകൂടിയും ഈ രംഗത്ത് പ്രവർത്തിക്കുന്ന കേരളാ ഹൗസിംഗ് ബോർഡ് പോലെയുള്ള ഏജൻസികളിൽനിന്നും ധനസഹായം സ്വീകരിച്ചും ദുർബല ജനവിഭാഗങ്ങൾക്ക് ഭവനനിർമ്മാണരംഗത്ത് വളരെ മുൻപോട്ട് പോകുവാൻ സാധിച്ചിട്ടുണ്ട്. ചാരിറ്റബിൾ സൊസൈറ്റികൾ, ക്രിസ്തീയ ഇടവകകൾ, എൻ. എസ്. എസ്. തുടങ്ങിയ സംഘടനകളുടെ സംഭാവനകളും ഈ രംഗത്ത് ഉണ്ടായിട്ടുണ്ട്.

ഗൾഫ് നാടുകളിൽ നിന്നുള്ള പണം ഏറ്റവും കൂടുതൽ ചെലവഴിക്കപ്പെടുന്നതും ഈ രംഗത്താണ്. പാരമ്പര്യ ശൈലിയിലുള്ള കെട്ടിട നിർമ്മാണ സാമഗ്രികളായ വെട്ടുകല്ല്, കുമ്മായം, തടി, ഓട്, ഓല തുടങ്ങിയ നിർമ്മാണ സാമഗ്രികളുടെ സ്ഥാനം ഇന്ന് കമ്പി, സിമന്റ്, ഇഷ്ടിക, മെറ്റൽ തുടങ്ങിയവ കൈയ്യടക്കിയിരിക്കുന്നു. ഇത്രയേറെ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ടെങ്കിലും 5% ത്തോളം വീടുകൾ ഇന്നും ചെറ്റക്കുടിലുകളാണ്. ഭവനനിർമ്മാണരംഗത്ത് കടുത്ത ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന ഈ വിഭാഗമാണ് കൂടുതൽ പരിഗണിക്കപ്പെടേണ്ടത്. ഈ പഞ്ചായത്തിലെ വിവിധതരം വീടുകളുടെ വാർഡുതിരിച്ചുള്ള പട്ടിക ചുവടെ.

| വാർഡ് | കോൺക്രീറ്റ് | ഷീറ്റ്/ഓട് | ഓല/കുടിൽ | ആകെ |
|---|---|---|---|---|
| 1 | 261 | 469 | 50 | 780 |
| 2 | 330 | 361 | 125 | 816 |
| 3 | 330 | 348 | 130 | 817 |
| 4 | 375 | 116 | 40 | 531 |
| 5 | 287 | 252 | 195 | 734 |
| 6 | 325 | 306 | 72 | 703 |
| 7 | 162 | 300 | 202 | 664 |
| 8 | 215 | 379 | 50 | 644 |
| 9 | 155 | 305 | 110 | 570 |
| 10 | 370 | 500 | 130 | 1000 |
| 11 | 331 | 216 | 30 | 577 |
| ആകെ | 3,150 | 3,552 | 1,134 | 7,836 |

ഭവന നിർമ്മാണരംഗത്ത് കോൺക്രീറ്റ് കെട്ടിടങ്ങളോടുള്ള താൽപര്യം വർദ്ധിച്ചുവരികയാണ്. അതു പോലെ ഈ രംഗത്തെ ധൂർത്ത് യാതൊരു നിയന്ത്രണവുമില്ലാതെ തുടർന്നുപോരുന്നതിനാൽ നിർമ്മാണ സാമ ഗ്രികളുടെ ക്ഷാമത്തിനും വിലവർദ്ധനയ്ക്കും ഇടയാക്കിയിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ ഇഷ്ടിക നിർമ്മാ ണരംഗത്ത് രണ്ട് ഫാക്ടറികളും, കുടിൽ വ്യവസായമെന്ന രീതിയിൽ ഇരുപത്തിയെട്ട് നാടൻ ചൂളകളും പ്രവർത്തി ക്കുന്നുണ്ട്. ഇവ കൂടാതെ സിമന്റ് ഇഷ്ടിക നിർമ്മിക്കുന്ന ഏതാനും യൂണിറ്റുകളുമുണ്ട്. ഇഷ്ടിക ഒഴികയുള്ള എല്ലാ നിർമ്മാണ സാമഗ്രികൾക്കും നാം മറ്റുപ്രദേശങ്ങളെയാണ് ആശ്രയിക്കുന്നത്. ഈ രംഗത്തനുഭവപ്പെ ടുന്ന മറ്റൊരു പ്രശ്നം തൊഴിലാളിക്ഷാമമാണ്. തൊഴിലില്ലായ്മ രൂക്ഷമായ നമ്മുടെ നാട്ടിൽ അന്യനാടുക ളിൽ നിന്നുള്ള തൊഴിലാളികളുടെ കടന്നുകയറ്റം വിശദമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. കെട്ടി ടനിർമ്മാണരംഗത്ത് ഭൂരിപക്ഷം തൊഴിലാളികളും അസംഘടിതരാണ്. സേവന വേതന വ്യവസ്ഥകൾ കൃത്യ മായി പാലിക്കപ്പെടുന്നില്ല. കെട്ടിടനിർമ്മാണരംഗത്തെ കൂലിവ്യവസ്ഥയുടെ താരതമ്യപഠനം ചുവടെ പട്ടിക യിൽ ചേർക്കുന്നു.

| ഇനം | കൂലി 1985 | കൂലി 1990 | കൂലി 1996 |
|---|---|---|---|
| വിദഗ്ദ തൊഴിലാളി | 80 | 100 | 125 |
| " പാറപണി | 100 | 125 | 150 |
| അവിദഗ്ദ തൊഴിലാളി | | | |
| പുരുഷൻ | 60 | 80 | 100 |
| " സ്ത്രീ | 40 | 60 | 80 |

വിവിധ ഏജൻസികളിലൂടെ നൽകുന്ന ഭവന നിർമ്മാണ സഹായത്താൽ നിർമ്മിച്ച വീടുകളുടെ വിവ രങ്ങൾ ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്നു.

***പഞ്ചായത്ത്.***

| പദ്ധതി | 89-90 | 90-91 | 91-92 | 92-93 | 93-94 | 94-95 | 95-96 | ആകെ |
|---|---|---|---|---|---|---|---|---|
| JRY | 11 | 11 | 11 | 11 | 11 | 2 | 7 | 64 |
| അൺടൈഡ് | - | - | - | - | 7 | - | - | 7 |
| | | | | | | | ആകെ | 71 |

***മറ്റ് ഏജൻസികൾ***

| പദ്ധതി | |
|---|---|
| ഫിഷറീസ് | 10 |
| ബ്ലോക്ക് | 59 |

കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലയിലുണ്ടായ വർദ്ധന ആരേയും അമ്പരപ്പിക്കുന്നതാണ്. പക്ഷേ അതിനനുസരണമായി വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ നൽകുന്ന സഹായ തുകയിൽ വർദ്ധനവു ണ്ടായി കാണുന്നില്ല.

നിർമ്മാണ സാമഗ്രികളുടെ വിലയിലുണ്ടായിട്ടുള്ള വർദ്ധനവ് ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്നു.

| സാമഗ്രികൾ | വില 1990 | വില 1996 |
|---|---|---|
| സിമന്റ് | 90 | 180 |
| ഇഷ്ടിക | 650-750 | 1700 |
| കമ്പി | 14.50 | 16.50 |
| പാറ | 650-700 | 1000-1100 |
| ചരൽ | 600 | 1200-1400 |

വിവിധ ഭവന നിർമ്മാണ സഹായ പദ്ധതിയിലൂടെ ഇന്ന് ലഭ്യമാകുന്ന തുക അപര്യാപ്തമാണെന്ന് മുൻപ് സൂചിപ്പിച്ചുവല്ലോ? പ്രസ്തുത തുകകൊണ്ട് ഭവനനിർമ്മാണം പൂർത്തിയാക്കുവാൻ ഗുണഭോക്താക്കൾ വിഷമിക്കുകയാണ്. വിവിധ പദ്ധതികളിൽകൂടി കഴിഞ്ഞ ഏതാനും വർഷങ്ങളിൽ ഈ പഞ്ചായത്തിൽ നിർമ്മിക്കപ്പെട്ട വീടുകളുടെ സംഖ്യ ആവശ്യക്കാരുടെ എണ്ണവുമായി തട്ടിച്ചുനോക്കുമ്പോൾ തുലോം കുറവാണ്. ഈ ആനുപാതത്തിൽ നീങ്ങിയാൽ വരുന്ന നൂറ്റാണ്ടിൽപോലും നമ്മുടെ ഭവന നിർമ്മാണരംഗത്തെ ലക്ഷ്യം പൂർത്തിയാക്കുവാൻ സാധ്യമല്ല. സർക്കാർ ഏജൻസികളെയും സന്നദ്ധസംഘടനകളെയും, ഗുണഭോക്താക്കളെയും മറ്റും സംയുക്തമായി വിളിച്ചുചേർത്ത് സാമ്പത്തികം, നിർമ്മാണ സാമഗ്രികൾ, അദ്ധ്വാനം എന്നിവയുടെ സമാഹരണസാധ്യത കണ്ടുപിടിച്ച് ഒരു പരിധിവരെ ഈ പ്രശ്നം പരിഹരിക്കുവാൻ സാധിക്കുന്നതാണ്. വിവിധ ഏജൻസികളുടെ സഹായത്തോടെ കൂട്ടായ ഒരു ശ്രമത്തിനു മാത്രമേ വരുന്ന അഞ്ച് വർഷത്തിനുള്ളിൽ ഈ പ്രശ്നത്തിനു പരിഹാരം കണ്ടെത്തുവാൻ സാധിക്കുകയുള്ളൂ. അതിനുവേണ്ടി നമുക്ക് ഒന്നിച്ച് ശ്രമിക്കാം.

### *പ്രശ്നങ്ങൾ*

1. വാസയോഗ്യമായ ഭൂമിയുടെ അനിയന്ത്രിതമായ വിലവർദ്ധന.
2. വാസയോഗ്യമായ ഭൂമിയുടെ ലഭ്യതക്കുറവ്.
3. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനയും ലഭ്യതക്കുറവും.
4. തൊഴിലാളിക്ഷാമം, കൂലി വ്യവസ്ഥയിലെ അസ്ഥിരത.
5. നിലവിലുള്ള കോളനികളിലെ അടിസ്ഥാന സൗകര്യങ്ങളായ വെള്ളം, വെളിച്ചം, ശുചീകരണസംവിധാനം എന്നിവയുടെ കുറവ്.
6. ഈ രംഗത്ത് കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കുവാൻ കഴിയുന്ന ഹൗസിംഗ് സൊസൈറ്റിയുടെ അഭാവം.
7. ഹൗസിംഗ് ലോണുകളുടെ ഉയർന്ന പലിശനിരക്ക്.
8. കെട്ടിട നിർമ്മാണരംഗത്ത് നടപ്പാക്കിയിട്ടുള്ള അശാസ്ത്രീയമായ നിയമങ്ങൾ
9. ഇന്ന് സാർവ്വത്രികമായി കണ്ടുവരുന്ന ചുറ്റുമതിൽ, ഭൂമിനികത്തൽ എന്നിവകൊണ്ട് ഉയർന്നുവരുന്ന പരിസ്ഥിതി പ്രശ്നങ്ങൾ.

### *സാദ്ധ്യതകൾ*

1. ദുർബല ജനവിഭാഗങ്ങൾക്ക് ഭവനനിർമ്മാണത്തിന് യോഗ്യമായ ഭൂമി ഏറ്റെടുത്ത് വിതരണം ചെയ്യുക.
2. ഭവന നിർമ്മാണ സഹായം നിർമ്മാണചെലവിനനുസൃതമായി പരിഷ്കരിക്കുക.
3. ലക്ഷംവീട് പദ്ധതി മാതൃകയിൽ ഫ്ളാറ്റുകളായുള്ള ഗ്രൂപ്പ് ഹൗസിംഗ് പദ്ധതികൾ ആവിഷ്ക്കരിക്കുക.
4. കെട്ടിട നിർമ്മാണ രംഗത്തെ ധൂർത്ത് നിയന്ത്രിക്കുവാൻ നികുതിനിയമങ്ങളും കെട്ടിടനിർമ്മാണ നിയമങ്ങളും പരിഷ്ക്കരിക്കുക.
5. ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണരീതി പ്രചരിപ്പിക്കുകയും ഭവനനിർമ്മാണ പദ്ധതിയിലൂടെ ഇത്തരം വീടുകൾക്ക് മാത്രം സഹായം നൽകുകയും ചെയ്യുക,
6. ചെന്നിത്തല പഞ്ചായത്തിൽ ഒരു ഹൗസിംഗ് സൊസൈറ്റിക്ക് രൂപം നൽകുക.
7. നിലവിലുള്ള കെട്ടിടനികുതി നിർണ്ണയ രീതിയിലെ അപാകതകൾ പരിഹരിക്കുക.
8. സ്ഥലപരിമിതിയില്ലാത്ത ഇടങ്ങളിൽ പരമ്പരാഗത ശൈലിയിലുള്ള കെട്ടിട നിർമ്മാണത്തെ പ്രോത്സാഹിപ്പിക്കുക.
9. ഭൂമി നികത്തലും മതിൽ നിർമ്മാണവും മൂലമുണ്ടാകുന്ന ജലനിർഗ്ഗമന തടസ്സം ജലം കെട്ടിക്കിടക്കുന്നതിനിടയാക്കുന്നു. ഇതിനെതിരേ ബോധവൽക്കരണവും നിയമനിർമ്മാണവും നടത്തുക.
10. വരുന്ന അഞ്ച് വർഷങ്ങളിലെ ഓരോ വർഷവും നൂറ് വീടുകൾ എന്ന കണക്കിൽ ഈ പഞ്ചായത്തിൽ നിർമ്മിക്കണം.
11. ഗവ. സബ്സിഡിയ്ക്കൊപ്പം ഗുണഭോക്താവിന്റെ വിഹിതവും സന്നദ്ധസംഘടനകളുടെ പങ്കും ഉൾപ്പെടുത്തി മുപ്പത്തയ്യായിരം രൂപാ മതിപ്പു ചെലവു വരുന്ന വീടുകൾ നിർമ്മിച്ചു നൽകണം.

# ക്ഷേമ പ്രവർത്തനങ്ങൾ

സാമൂഹിക ക്ഷേമരംഗത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ ലക്ഷ്യം വച്ചുകൊണ്ടുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളും വിവിധ മേഖലകളിലെ തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികളുമാണ് നിലവിലുള്ളത്. ഇവ കൂടാതെ പട്ടികജാതി വികസനത്തിനായി പട്ടികജാതി വികസന കോർപ്പറേഷനും, വനിതകളുടെ പുരോഗതിക്കായി വനിതാ വികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്.

കുറഞ്ഞ തോതിലാണെങ്കിലും നടപ്പാക്കിവരുന്ന ഈ പദ്ധതികളുടെ പോരായ്മകൾ മുഖ്യമായും പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവരെ പരിഗണിക്കാതിരിക്കുക, പദ്ധിതി നടപ്പിലാക്കുന്നതിലെ നൂലാമാലകൾ, ഉദ്യോഗസ്ഥ തലങ്ങളിലെ സമീപനം എന്നിവയാണ്.

പട്ടികജാതി വികസന കോർപ്പറേഷൻ മുഖേന ലഭ്യമാക്കുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് ആ വിഭാഗത്തിലെ ഭൂരിപക്ഷവും ബോധവാന്മാരല്ലാത്തതിനാൽ അർഹതപ്പെട്ടവർക്ക് പരിഗണന ലഭിക്കുന്നില്ല.

വനിതാ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന പദ്ധതികളേയും ആനുകൂല്യങ്ങളെയും കുറിച്ച് സാധാരണ ജനങ്ങളുടെയിടയിൽ ഒരു ധാരണയുമില്ല. പലർക്കും ഈ പദ്ധതികളെക്കുറിച്ച് അറിയുക പോലുമില്ല.

സാമൂഹിക ക്ഷേമരംഗത്ത് സഹായം ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത് മാവേലിക്കര ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസിനു കീഴിൽ പ്രവർത്തിക്കുന്ന 3 VEO സർക്കിളുകളിൽ കൂടിയാണ്. അപ്രകാരം നടപ്പാക്കിയിട്ടുള്ള വിവിധ പദ്ധതികളെ സംബന്ധിച്ച് വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

***IRDP സഹായ ലഭ്യതാ കണക്ക്***

| വർഷം | എണ്ണം | സബ്സിഡി | വായ്പ |
|---|---|---|---|
| 92-93 | 86 | 2.67 lakhs | 3.67 lakhs |
| 93-94 | 113 | 3.79 lakhs | 5.47 lakhs |
| 94-95 | 75 | 3.28 lakhs | 5.50 lakhs |
| 95-96 | 75 | 3.17 lakhs | 8.64 lakhs |
| Total | 349 | 12.91 lakhs | 23.28 lakhs |

ചെന്നിത്തല-തൃപ്പെരുന്തുറ പഞ്ചായത്തിൽ 92 ലെ IRDP സർവ്വേയും 95 ലെ അഡീഷണൽ സർവ്വേയും പ്രകാരം 1550 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

ദേശസാൽകൃത ബാങ്കുകൾ ഈ സ്കീമുകളനുസരിച്ച് വായ്പ നൽകുന്നതിൽ വലിയ ഉത്സാഹം കാണിക്കാറില്ല. ഈ ചുമതല സഹകരണ ബാങ്കുകൾക്ക് കൂടി പങ്കിട്ട് നൽകുന്നത് ഗുണഭോക്താക്കൾക്ക് കൂടുതൽ ആശ്വാസപ്രദമാകും. IRDP ലോൺ ലഭ്യമാക്കുന്ന കുടുംബങ്ങൾ അത് തിരിച്ചടക്കുന്നതിൽ വീഴ്ച വരുത്തുന്നു എന്നത് ശ്രദ്ധേയമാണ്. ഇത് തിരുത്തിയെടുക്കുന്നതിനുള്ള ബോധവൽക്കരണ നടപടിയും തുടങ്ങേണ്ടിയിരിക്കുന്നു.

DWCRA സഹായ പദ്ധതി (Development of Women and Children in Rural Area)

പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരഭമാണ് DWCRA. സ്ത്രീകളുടെയും കുട്ടികളുടെയും സാമ്പത്തികവും, തൊഴിൽപരവുമായ ഉന്നമനമാണ് ഇതിന്റെ ലക്ഷ്യം. ഈ പദ്ധതിയുടെ ആനുകൂല്യം വളരെ ആകർഷകമാണങ്കിൽകൂടിയും സ്ത്രീകൾ അതിന്റെ പ്രയോജനം നേടുവാൻ കൂടുതലായി മുന്നോട്ട് വരുന്നില്ല. നമ്മുടെ പഞ്ചായത്തിൽ ഇതുവരെ ഇത്തരം രണ്ട് യൂണിറ്റുകളുടെ പ്രവർത്തനത്തിനുള്ള നടപടികൾ മാത്രമാണ് നടന്നുകൊണ്ടിരിക്കുന്നത്.

### *TRYSEM (Training Rural Youth's for Self Employment)*

യുവജനങ്ങൾ നേരിടുന്ന ഇന്നത്തെ രൂക്ഷമായ തൊഴിലില്ലായ്മ പ്രശ്നത്തിന് ഒരു ആശ്വാസം നൽകുവാൻ കഴിയുന്ന പദ്ധതിയാണിത്. ഓരോ ഗ്രാമത്തിന്റെയും പ്രത്യേകത പരിഗണിച്ച് അവിടുത്തെ തൊഴിൽ സാദ്ധ്യതക്കനുസൃതമായി പരിശീലനം നൽകുവാനും അപ്രകാരം പരിശീലനം സിദ്ധിച്ചവർക്ക് വായ്പകൾ ലഭ്യമാക്ക് സ്വന്തമായി തൊഴിൽ ചെയ്യുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുകയുമാണ് ഇതിന്റെ ഉദ്ദേശ്യം. നമ്മുടെ പഞ്ചായത്തിലെ 3 VEO സർക്കിളുകളിലായി പരിശീലനം നേടിയവരുടെ സംഖ്യ താഴെ പട്ടികയിൽ ചേർത്തിരിക്കുന്നു.

| | |
|---|---|
| 92-93 | .10 |
| 93-94 | 8 |
| 94-95 | 15 |
| 95-96 | 23 (പരിശീലനം നടന്നുകൊണ്ടിരിക്കുന്നു) |

### *CRSP കക്കൂസുകൾ*

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ ക്ഷേമം ലക്ഷ്യമാക്കി കക്കൂസ് നിർമ്മിക്കുന്നതിനു നൽകുന്ന ധനസഹായമാണിത്. നമ്മുടെ പഞ്ചായത്തിൽ ഈ ആനുകൂല്യം പ്രയോജനപ്പെടുത്തിയ 114 കുടുംബങ്ങളുണ്ട്. അവർക്കായി 2,34,000 രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്.

### *വില്ലേജ് ഓഫീസുകൾ വഴിയുള്ള ക്ഷേമ പദ്ധതികൾ*

ഒട്ടനവധി ക്ഷേമ പദ്ധതികൾ ഈ ആഫീസുകൾ മുഖേന കൈകാര്യം ചെയ്തിരുന്നു. അവയെ സംബന്ധിച്ച ആക്ഷേപങ്ങളും ആവലാതികളും അനവധിയാണ്. അർഹരായ പലരും പിന്തള്ളപ്പെടുമ്പോൾ അനർഹർ ആനുകൂല്യം കൈപ്പറ്റുന്ന സ്ഥിതി പെൻഷൻ സ്കീമുകളുടെ കാര്യത്തിലും നിലനിൽക്കുന്നു.

വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ എന്നിവ ഇതിനകം വിവിധതലത്തിലുള്ള പഞ്ചായത്തുകളിലേക്ക് കൈമാറിക്കഴിഞ്ഞു. പെൻഷൻ അനുവദിച്ചവർക്ക് യഥാകാലം ലഭിക്കുന്നില്ലായെന്നത് പരക്കെ ഉയർന്നുവന്ന ഒരു പരാതിയാണ്.

### *തൊഴിലില്ലായ്മാ വേതനം*

അനർഹർ അനവധി കടന്നുകൂടിയിട്ടുള്ള ഒരു ക്ഷേമ പദ്ധതിയാണിത്. ശരിയായ രീതിയിൽ പരിശോധന നടത്തി അനർഹരായവരെ ഒഴിവാക്കി അർഹരായവർക്ക് വേതനം ലഭ്യമാക്കുന്നതിനുള്ള നടപടി ഉണ്ടാകേണ്ടിയിരിക്കുന്നു. ഈ പഞ്ചായത്തിലെ ചെന്നിത്തല വില്ലേജിൽ 325 ഉം, തൃപ്പെരുന്തുറ വില്ലേജിൽ 392 ഉം ആളുകൾ തൊഴിലില്ലായ്മ വേതനമായി പ്രതിമാസം 70 രൂപാ വീതം കൈപ്പറ്റുന്നുണ്ട്.

വിവിധ പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ

| | |
|---|---|
| 1. വാർദ്ധ്യകാല പെൻഷൻ | - 39 |
| 2. അഗതി പെൻഷൻ | - 76 |
| 3. വിധവാ പെൻഷൻ | - 113 |
| 4. വികലാംഗ പെൻഷൻ | - 88 |
| 5. കർഷകതൊഴിലാളി പെൻഷൻ | - 779 |
| 6. തൊഴിലില്ലായ്മ പെൻഷൻ | - 717 |
| 7. ക്യാൻസർ പെൻഷൻ | - 2 |

***അംഗൻ വാടികൾ***

സാമൂഹിക ക്ഷേമരംഗത്ത് നല്ല രീതിയിൽ പ്രവർത്തിക്കുന്നതിനും ഉദ്ദേശിക്കുന്ന ലക്ഷ്യം നേടുന്നതിന് കഴിയുകയും ചെയ്യുന്ന സ്ഥാപനങ്ങളാണ് അംഗൻവാടികൾ. നമ്മുടെ പഞ്ചായത്തിൽ 8 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. 1000 ജനങ്ങൾക്ക് ഒരു അംഗൻവാടി എന്നതാണ് ഐ. സി. ഡി. എസ് ന്റെ ലക്ഷ്യമെങ്കിലും നാം ഈ രംഗത്ത് അത്രത്തോളം പുരോഗമിച്ചിട്ടില്ല. ഇന്ന് അംഗൻവാടികൾ ഭൂരിപക്ഷവും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കൂടാതെ കുട്ടികൾക്കുള്ള കളിപ്പാട്ടങ്ങളുടെ കുറവ്, വാടക കെട്ടിടത്തിലെ അസൗകര്യങ്ങൾ എന്നിങ്ങനെ നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നു. അംഗനവാടി ജീവനക്കാരുടെ സ്ഥിതിയും പരിതാപകരമാണ്. തുച്ഛമായ വേതനമാണ് അവർക്ക് ഇന്ന് നൽകിവരുന്നത്. പുതിയ അംഗനവാടികൾ തുടങ്ങുന്നതിന്റെ ഭാഗമായി ടീച്ചർ, വർക്കർ എന്നീ തസ്തികയിലേക്ക് നമ്മുടെ പഞ്ചായത്തിൽ നിന്നും അപേക്ഷക്ഷണിച്ചിട്ടുണ്ട്.

***അംഗൻവാടികളുടെ വിവരം***

| ക്രമ നമ്പർ | വാർഡ് | സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. | സ്വന്തമായി സ്ഥലമുള്ളത് | കളിപ്പാട്ടം ഉള്ളത് | കുട്ടികളുടെ എണ്ണം |
|---|---|---|---|---|---|---|
| 1. | 2 | ✗ | ✓ | ✗ | ✗ | 15 |
| 2. | 3 | ✓ | - | ✓ | ✗ | 20 |
| 3. | 3 | ✗ | ✓ | ✗ | ✗ | 20 |
| 4. | 5 | ✓ | - | ✓ | ✗ | 35 |
| 5. | 5 | ✗ | ✓ | ✗ | ✗ | 15 |
| 6. | 8 | ✓ | - | ✓ | ✗ | 40 |
| 7. | 10 | ✗ | ✓ | ✗ | ✗ | 20 |
| 7. | 10 | ✗ | ✓ | ✗ | ✗ | 20 |

***റേഷൻ കടകൾ***

ഈ പഞ്ചായത്തിൽ 19 പൊതുവിതരണ കേന്ദ്രങ്ങളുണ്ട്. പ്രവർത്തനരംഗത്ത് വളരെയധികം താളപ്പിഴകളും പരാതികളും ദൈനംദിനം ഉയർന്നു വരുന്ന മേഖലയാണ് ഇത്.

പഞ്ചായത്തിലെ റേഷൻ ഷാപ്പുകളുടെ നിയന്ത്രണം പൂർണ്ണമായും പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കണം. റേഷൻകാർഡുകളുമായി ബന്ധപ്പെട്ട് ഉള്ള അപേക്ഷകൾക്ക് പഞ്ചായത്ത് തലത്തിൽ പരിഹാരം ഉണ്ടാക്കുവാൻ കഴിയണം. പട്ടയം കിട്ടിയിട്ടില്ലാത്ത ഭൂമിയിലെ താമസക്കാർക്ക് വീട്ടുനമ്പർ നൽകുവാൻ പഞ്ചായത്ത് നടപടി വേണം.

***പ്രശ്നങ്ങൾ***

1. സാമൂഹ്യ ക്ഷേമരംഗത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളെ സംബന്ധിച്ച് ജനങ്ങൾക്ക് അറിവില്ലായ്മ.
2. I. R. D. P. ലിസ്റ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ
3. വനിതകൾക്കായി നിശ്ചയിച്ചിട്ടുള്ള പദ്ധതികൾ നടപ്പാക്കുവാൻ താല്പര്യമുള്ള ഗുണഭോക്താക്കളെ കിട്ടാനുള്ള ബുദ്ധിമുട്ട്.
4. വിവിധ പെൻഷൻ പദ്ധതികൾ നടപ്പാക്കുന്നതിലെ അപാകതകൾ. പെൻഷൻ തുക യഥാസമയം വിതരണം ചെയ്യാതിരിക്കൽ

5. ഈ പഞ്ചായത്തിലെ അംഗനവാടികളുടെ കുറവ് (13 എണ്ണം)

6. അംഗനവാടികൾ സുഗമമായി പ്രവർത്തിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ. (സ്വന്തമായി സ്ഥലവും കെട്ടിടവും, കളിപ്പാട്ടങ്ങൾ തുടങ്ങിയവയ്ക്ക്)

7. അംഗനവാടി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കൽ.

8. അംഗനവാടികളിൽ ആഹാരം പാചകം ചെയ്യുന്നതിനുള്ള വിറകിനായി നൽകുന്ന തുകയുടെ അപര്യാപ്തത.

9. റേഷൻ ഷോപ്പുകളിൽ കൂടി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണക്കുറവ്.

10. റേഷൻ ഷോപ്പുകളിൽ നിന്നും സാധനങ്ങൾ ശരിയായ സമയത്തും ശരിയായ അളവിലും ലഭിക്കാതിരിക്കൽ

11. റേഷൻ കാർഡ് നിർമ്മിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ.

*സാദ്ധ്യതകൾ*

1. IRDP ലിസ്റ്റ് തയ്യാറാക്കുന്ന ഇന്നത്തെ സമ്പ്രദായം പരിഷ്കരിച്ച് ആ ചുമതല ഗ്രാമസഭകൾക്ക് നൽകുക.

2. വനിതാ വ്യവസായ സംരംഭകർക്ക് കൂടുതൽ പ്രോത്സാഹനങ്ങളും ആനുകൂല്യങ്ങളും നൽകുന്ന DWCRA പോലുള്ള പദ്ധതികൾ എല്ലാ വാർഡിലും നടപ്പിലാക്കുക.

3. വിവിധ ക്ഷേമ പെൻഷൻ കുടിശിക വിതരണം ചെയ്യുക.

4. പെൻഷൻ കാലാകാലങ്ങളിൽ പരിശോധിക്കുകയും അനർഹരായവരുടെ പെൻഷൻ നിർത്തൽ ചെയ്യുകയും ചെയ്യുക.

5. 60 വയസ്സു തികയുന്ന എല്ലാ അർഹരായവർക്കും ക്ഷേമ പെൻഷൻ അനുവദിക്കുക.

6. ഈ പഞ്ചായത്തിൽ ഇനിയും പ്രവർത്തനം തുടങ്ങാത്ത 13 അംഗനവാടികൾ എത്രയും പെട്ടന്ന് പ്രവർത്തനം തുടങ്ങുക.

7. അംഗനവാടികൾക്ക് പൊതുജന സഹകരണത്തോടെ വസ്തുവും കെട്ടിടവും ഉണ്ടാക്കുക.

8. അംഗനവാടി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുക.

9. അംഗനവാടികളിൽ ആഹാരം പാകം ചെയ്യുവാൻ ആവശ്യമായത്ര വിറക് നൽകുക./പണം നൽകുക.

10. അംഗനവാടി ടീച്ചർമാർ/ഹെൽപ്പർമാർ എന്നിവരെ നിയമിക്കുക.

11. റേഷൻ കടകളിലെ ക്രമക്കേടുകളും വിതരണവും പരിശോധിക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിനു നൽകുക.

12. റേഷൻ കാർഡ് വിതരണത്തിൽ ഇന്ന് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ ഈ അധികാരം ഗ്രാമ പഞ്ചായത്തുകളെ ഏൽപ്പിക്കുക.



6

VIII

# സംസ്കാരം

ചെന്നിത്തല-തൃപ്പെരുന്തുറ പഞ്ചായത്തിന് തനതായ ഒരു സാംസ്കാരിക പൈതൃകമുണ്ട്. പ്രാന്തപ്രദേശങ്ങളെ അപേക്ഷിച്ച് വിവിധ ജാതിമതസ്ഥരുടെ ആരാധനാലയങ്ങൾ വളരെയധികം ഈ പഞ്ചായത്തിൽ കാണപ്പെടുന്നു. കലാകേന്ദ്രമായ മാവേലിക്കരയിലെ കലാസാംസ്കാരിക പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിനെ ഒട്ടേറെ സ്വാധീനിച്ചിട്ടുണ്ട്. നൂറ്റാണ്ടുകളായി ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട ധാരാളം ദൃശ്യ-ശ്രവ്യകലാരൂപങ്ങൾ നിലനിന്നിരുന്നു. കഥകളി, ഓട്ടൻതുള്ളൽ, പാഠകം, വേലകളി, കമ്പടി, കാക്കാരിശ്ശിനാടകം, പഞ്ചവാദ്യം, നാദസ്വരം, ചെണ്ടമേളം തുടങ്ങിയവ അവയിൽ ചിലതുമാത്രമാണ്. ക്ഷേത്രോത്സവങ്ങളോടനുബന്ധിച്ച് മനോഹരമായ കെട്ടുകാഴ്ചകളും വളരെനാളുകളായി നടന്നുവന്നിരുന്നു. കുതിര, തേര്, അന്നം, കാള, ഭീമൻ, പാഞ്ചാലി, ഘടോൽകചൻ തുടങ്ങിയ കെട്ടുകാഴ്ചാരൂപങ്ങൾ പ്രസിദ്ധങ്ങളായിരുന്നു. എന്നാൽ ഇപ്പോൾ അവ നാമമാത്രമായി കാണപ്പെടുന്നു. കാരാഴ്മ ഭഗവതീക്ഷേത്രത്തിൽ ഇടവം ഒന്നിനു നടക്കുന്ന "അരീപ്പറ മഹോത്സവത്തോടനുബന്ധിച്ചുള്ള കുടകളി" ഇപ്പോഴും നിലനിൽക്കുന്ന ആകർഷകമായ ഒരു കലാരൂപമാണ്. ചിങ്ങമാസത്തിലെ ഉത്രിട്ടാദി നാളിൽ തിരുവാറന്മുളയപ്പന്റെ തിരുവോണത്തോണിക്ക് അകമ്പടി സേവിക്കുന്ന പള്ളിയോടങ്ങളിൽ ഒന്ന് ഈ പഞ്ചായത്തിലേതാണ്.

ഹൈന്ദവദേവാലയങ്ങളോടൊപ്പം നിരവധി ക്രിസ്തീയ ദേവാലയങ്ങളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. ഈ ദേവാലയങ്ങളിലെ പെരുനാളുകളോടനുബന്ധിച്ചുള്ള ഘോഷയാത്രകളിൽ വിവിധ വർണ്ണങ്ങളിലുള്ള മുത്തുക്കുടകളും ചെണ്ടമേളങ്ങളും ബാന്റുവായനയും മറ്റുകലാരൂപങ്ങളും അകമ്പടി സേവിയ്ക്കുന്നു.

ഈ പ്രദേശത്തുനിന്ന് ക്ഷയോന്മുഖമായിക്കൊണ്ടിരിയ്ക്കുന്ന കലാരൂപങ്ങളാണ് പാണൻപാട്ട്, തിരുവാതിര, പുള്ളുവൻപാട്ട്, കളമെഴുത്ത് തുടങ്ങിയവ. പ്രസിദ്ധ സാഹത്യകാരനായ എൻ. പി. ചെല്ലപ്പൻ നായർ അദ്ദേഹത്തിന്റെ ആദ്യകാലനാടക പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിലെ അദ്ദേഹത്തിന്റെ ജന്മസ്ഥലമായ ഇരമത്തൂർ കേന്ദ്രീകരിച്ച് നടത്തിയിരുന്നു. സാഹിത്യരംഗത്ത് പ്രസിദ്ധരായി തീർന്ന ചെന്നിത്തല കൃഷ്ണയ്യരും, കഥകളി ആചാര്യനായിരുന്ന ശ്രീ. കൊച്ചുപിള്ളപണിക്കരും, കഥകളി സംഗീത വിദ്വാനായിരുന്ന കൊച്ചുപിള്ള നായരും കഥകളി നടന്മാരായിരുന്ന അണിഞ്ഞാംപറമ്പിൽ കുഞ്ഞൻപിള്ള, കടച്ചക്കാട്ടിൽ രാഘവൻ പിള്ള തുടങ്ങിയ നിരവധി കലാകാരൻമാർ ഈ നാടിന്റെ യശ്ശസ്തംഭങ്ങൾ ആയിരുന്നു. കൊച്ചുപിള്ള പണിക്കരുടെ

പൗത്രനും ദേശീയ പുരസ്കാര ജേതാവുമായ ശ്രീ. ചെന്നിത്തല ചെല്ലപ്പൻപിള്ള ഇപ്പോൾ ജീവിച്ചിരിക്കുന്ന കഥകളി കലാകാരൻമാരിൽ അഗ്രഗണ്യനാണ്. അങ്ങനെ കഥകളി നടന്മാരും, സംഗീത വിദ്വാന്മാരും അനുഗ്രഹിച്ച ഈ നാടിനെ കഥകളിയുടെ നാട് എന്നു വിശേഷിപ്പിക്കാവുന്നതാണ്. ഓട്ടംതുള്ളൽ കലാകാരൻമാരായിരുന്ന ചെന്നിത്തല രാമകൃഷ്ണ പിള്ളയും കുഞ്ഞൻപിള്ളയും കുട്ടപ്പപ്പണിക്കരും ഈ നാടിന്റെ അരുമ സന്തതികളായിരുന്നു. ചിത്രകലാരംഗത്ത് പ്രസിദ്ധനായിരുന്ന ചിത്രാലയം നാരായണൻ നായർ, പഞ്ചവാദ്യ വിദ്വാനായിരുന്ന ശ്രീ ശങ്കരപണിക്കർ, മൃദംഗ വിദ്വാനായിരുന്ന ചെന്നിത്തല കൃഷ്ണൻകുട്ടി എന്നിവരും ഇവിടുത്തെ കലാകാരന്മാരുടെ പട്ടികയിൽപ്പെടുന്നു.

വിവിധ ജാതി മതസ്തർ തിങ്ങിപാർക്കുന്ന ഈ ഗ്രാമത്തിലെ പ്രധാന മത വിഭാഗങ്ങൾ ഹിന്ദുക്കളും ക്രിസ്ത്യാനികളും ചുരുക്കം മുസ്ലീങ്ങളുമാണ്. ഈ പഞ്ചായത്തിൽ ഹിന്ദുക്കൾ താരതമ്യേന കൂടുതലാണ്. ഹിന്ദുക്കളുടെ ഇടയിൽ ചിരപുരാതനമായി ഉണ്ടായിരുന്ന സങ്കീർണ്ണമായ ജാതി വിഭാഗങ്ങൾ ഇന്നും നിലനിൽക്കുന്നു. ഇതുപതാം നൂറ്റാണ്ടിന്റെ ആദ്യ പാദം വരെ തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും, ആരാധനാസ്വാതന്ത്ര്യമില്ലായ്മയും, അന്ധവിശ്വാസങ്ങളും, ആനാചാരങ്ങളും നിലനിന്നിരുന്നു. എന്നാൽ ദേശീയ പ്രസ്ഥാനത്തിന്റെ ആവിർഭാവവും സാമൂഹിക സാംസ്കാരിക പ്രവർത്തകരുടെ ബോധപൂർവ്വമായ ഇടപെടലും, വിദ്യാഭ്യാസരംഗത്തുണ്ടായ അഭൂതപൂർവ്വമായ വളർച്ചയും ഈ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരായ മുന്നേറ്റത്തിനു കാരണനായിട്ടുണ്ട്. സാമൂഹികമായും, സാംസ്കാരികമായും സാമ്പത്തികമായും വളരെ പിന്നിൽ നിന്നിരുന്ന വിഭാഗങ്ങൾ പലതും പുരോഗതിയുടെ പാതയിലൂടെ നീങ്ങികൊണ്ടിരിക്കുന്നു. പ്രമുഖ മതാചാരങ്ങളിൽ നിന്നും വിഭിന്നമായി പൊതു ആരാധനാലയങ്ങൾ ഇല്ലാത്തതും മത്സ്യം, മാംസം, മദ്യം, ആഭരണം എന്നിവ വർജ്ജിച്ചിട്ടുള്ളതും വിവാഹം, ശവസംസ്കാരം എന്നിവ സ്വന്തം വീട്ടുവളപ്പിൽ നടത്തുന്നതുമായ യുയോമയ മതക്കാരുടെ ഏതാനും കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഇവർക്ക് പ്രത്യേക ഭാഷയും ഉണ്ട്. ഇത് ഈരഞ്ചിക്കാനാവ എന്ന് അറിയപ്പെടുന്നു.

മതസൗഹാർദ്ദത്തിനെതിരായ പ്രവണതകൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ കാണപ്പെടുന്നില്ല. മതസൗഹാർദ്ദത്തിന്റെ പ്രതീകമെന്നോണം തൊട്ടുരുമ്മിനിൽക്കുന്ന ഹിന്ദു ക്രൈസ്തവ ദേവാലയങ്ങൾ പഞ്ചായത്തിൽ ദൃശ്യമാണ്. വിവിധ ജാതിമതസ്തരുടെ ഉത്സവാഘോഷങ്ങളിൽ വിഭാഗീയ ചിന്തകൾ ഇല്ലാതെ എല്ലാവരും പങ്കെടുക്കുകയും സഹകരിക്കുകയും ചെയ്യുന്നുണ്ട്. ആയിരത്തിതൊള്ളായിരത്തി എഴുപതുകളുടെ തുടക്കത്തിൽ ആരംഭിച്ച യുക്തിവാദി പ്രസ്ഥാനം അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

ഈ പഞ്ചായത്തിൽ ഗ്രന്ഥശാലകളുടേയും വായനശാലകളുടെയും, കലാകായിക സംഘടനകളുടേയും പ്രവർത്തനങ്ങൾ ഏതാണ്ട് അര നൂറ്റാണ്ട്കാലത്തോളം പിന്നിട്ടിട്ടുണ്ട്.

| ക്രമ നമ്പർ | പേര് | സ്ഥാപിത വർഷം | പഞ്ചായത്തു വക | മറ്റു ഉളവ | ഗ്രേഡ് | പുസ്തകങ്ങളുടെ എണ്ണം | ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | ***ഗ്രന്ഥശാലകൾ*** | | | | | | | |
| 1. | കലാപോഷിണി (വാർഡ് 10) | 1950 | | ✓ | A | 13929 | - | വരിക്കാരുടെ എണ്ണം കൂടുന്നു |
| 2. | ജനതാ (വാർഡ് 8) | 1952 | | ✓ | A | 12000 | - | വരിക്കാരുടെ എണ്ണം കൂടുന്നു |
| 3. | ദേശാഭിമാനി (വാർഡ് 6) | 1960 | ✓ | | A | 8118 | - | വരിക്കാരുടെ എണ്ണം കുറയുന്നു |
| | ***വായശാലകൾ*** | | | | | | | |
| 1. | കലാപോഷിണി (വാർഡ് 10) | 1956 | | ✓ | | | 11 | സൗകര്യം ഉണ്ട് |
| 2. | ജനതാ (വാർഡ് 8) | 1952 | | ✓ | | | 25 | സ്ഥലസൗകര്യം കുറവാണ് |
| 3. | ദേശാഭിമാനി (വാർഡ് 6) | 1960 | ✓ | | | | 8 | റീഡിംഗിനുള്ള സൗകര്യം കുറവാണ് |

ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട ഗ്രന്ഥശാലകളും അവയോട് അനുബന്ധിച്ചുള്ള വായനശാലകളും രൂപീകരിച്ചിട്ടുള്ളത് അതാത് പ്രദേശത്തെ സാംസ്കാരിക പ്രവർത്തകരുടെ കൂട്ടായ പ്രവർത്തനം കൊണ്ടുതന്നെയാണ്. ഗ്രന്ഥശാലകളിൽ പൊതുവെ വരിക്കാരുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണപ്പെടുന്നു. അപൂർവ്വം ചില മദ്ധ്യവയസ്കന്മാർ മാത്രമാണ് ഇപ്പോൾ ഗ്രന്ഥശാല പ്രയോജനപ്പെടുത്തുന്നത്. സ്ത്രീകളും വിദ്യർത്ഥികളും ഗ്രന്ഥശാലകളോ വായനശാലകളോ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നില്ല. വായനാശീലം പൊതുവെ കുറഞ്ഞുവരുന്നതായി കാണുന്നു. എന്നാൽ "പൈങ്കിളി" സാഹിത്യങ്ങളും അശ്ലീല സാഹിത്യവും അടങ്ങുന്ന പ്രസിദ്ധീകരണങ്ങൾ വായിക്കുന്നതിനുള്ള ഔത്സുക്യം പൊതുവെ വർദ്ധിച്ചുവരുന്നു. രണ്ടു വാർഡിന് ഒരു വായനശാല എന്ന ക്രമത്തിലെങ്കിലും ഇവയുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതാണ്. നിലവിലുള്ള വായനശാലകളിൽ ഇരുന്ന് വായിക്കുന്നതിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്. സ്ത്രീകളിൽ വായനാശീലം വർദ്ധിപ്പിക്കുന്നതിനാവശ്യമായ ബോധവൽക്കരണം നടത്തേണ്ടതാണ്.

ഈ പഞ്ചായത്തിൽ ഇപ്പോൾ പ്രചാരത്തിലുള്ള ദിനപ്രത്രങ്ങൾ താഴെപ്പറയുന്നവയാണ്.

| | | | |
|---|---|---|---|
| 1. മലയാള മനോരമ | 2. മാതൃഭൂമി | 3. കേരളകൗമുദി | 4. ദേശാഭിമാനി |
| 5. മംഗളം | 6. ദീപിക | 7. ഇൻഡ്യൻ എക്സ്പ്രസ്സ് | 8. ഹിന്ദു. |

പ്രാദേശിക സാംസ്കാരിക പ്രസിദ്ധീകരണങ്ങൾ ഒന്നുംതന്നെയില്ല.

ഈ പഞ്ചായത്തിലെ നിലവിലുള്ള ആർട്ട്സ് ആൻഡ് സ്പോർട്ടസ് ക്ലബുകൾ താഴെ പറയുന്നവയാണ്.

| | | |
|---|---|---|
| 1. | പൂക്കളം ആർട്ട്സ് ക്ലബ് | ഒരിപ്രം |
| 2. | മാതൃഭൂമി സ്റ്റഡി സർക്കിൾ | കാരാഴ്മ |
| 3. | വേദി സ്പോർട്ടസ് ആൻഡ് ആർട്ട്സ് ക്ലബ് | ചെന്നിത്തല സൗത്ത് |
| 4. | സന്തോഷ് സ്പോർട്ടസ് ആൻഡ് ആർട്ട്സ് ക്ലബ് | തൃപ്പെരുന്തുറ |
| 5. | മാതൃഭുമി സ്റ്റഡി സർക്കിൾ | കിഴക്കേവഴി |
| 6. | കലാപോഷിണി ആർട്ട്സ് സ്പോർട്ടസ് | തൃപ്പെരുന്തുറ |
| 7. | യുവവേദി | ഇരമത്തൂർ |
| 8. | ബ്രദേഴ്സ് സ്പോർട്ടസ് ക്ലബ് | ഇരമത്തൂർ |
| 9. | ഹരിശ്രീ ആർട്ട്സ് ആൻഡ് സ്പോർട്ട്സ് | കിഴക്കേവഴി |
| 10. | രശ്മി ആർട്ട്സ് ആൻഡ് സ്പോർട്ട്സ് | ഇരമത്തൂർ |
| 11. | യൂത്ത് അസോസിയേഷൻ | ഇരമത്തൂർ |
| 12. | സംഗീർത്തന ആർട്ട്സ് ആൻഡ് സ്പോർട്ട്സ് | വള്ളംകടവ് |
| 13. | ഫ്ളോളറീസ് ആർട്ട്സ് ആൻഡ് സ്പോർട്ട്സ് | പറക്കടവ് |
| 14. | ബ്ലാക്ക് സ്റ്റാർ ബാലജനസഖ്യം | പറക്കടവ് |
| 15. | മന്നം ആർട്ട്സ് ആൻഡ് സ്പോർട്ടസ് ക്ലബ് | കാരാഴ്മ കിഴക്ക് |
| 16. | ജനതാ റിക്രിയേഷൻ | കിഴക്കേവഴി |
| 17. | പൗരസമിതി ആർട്ട്സ് ആൻഡ് സ്പോർട്ടസ് ക്ലബ് | തേവർകടവ് |
| 15. | ഫ്രണ്ട്സ് ആർട്ട്സ് ആൻഡ് സ്പോർട്ടസ് ക്ലബ് | ഒരിപ്രം. |

ഈ കലാകായിക സമിതികൾ എല്ലാം തന്നെ ഓണത്തോടടുത്ത സമയത്ത് മാത്രം സജീവമായി പ്രവർത്തിക്കുന്നു. കലാ മത്സരങ്ങളും കായിക മത്സരങ്ങളും ഈ അവസരത്തിൽ സംഘടിപ്പിക്കുകയും വിജയികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്. മറ്റ് അവസരങ്ങളിൽ ഇവ നിർജീവമെന്നുതന്നെ പറയാം.

സജീവമായ സാഹിത്യചർച്ചകളോ കായിക പരിശീലനങ്ങളോ ഇവിടെ നടക്കുന്നില്ല. സ്ഥിരമായി പ്രവർത്തിക്കന്ന നാടകസമിതികൾ ഒന്നും തന്നെയില്ല. മിക്കവാറും എല്ലാ സ്കൂളുകളും സ്കൂൾ തലത്തിലും സബ് ജില്ലാതലത്തിലും ജില്ലാതലത്തിലും നടക്കുന്ന യുവജനോത്സവങ്ങളിലും കായിക മത്സരങ്ങലിലും പങ്കെടുക്കാറുണ്ട്. പഞ്ചായത്തിൽ എല്ലാവർഷവും കേരളോത്സവവും ഓണം കായിക മത്സരവും നടത്താറുണ്ട്.

ദൂരദർശൻ പരിപാടികൾ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ആളുകളേയും കാര്യമായി സ്വാധീനിച്ചിട്ടുണ്ട്. മൂല്യം കുറഞ്ഞ സീരിയലുകളുടെയും മറ്റു പരിപാടികളുടെയും പ്രക്ഷേപണം സമൂഹത്തിലും പ്രത്യേകിച്ച് യുവജനങ്ങളുടെ ഇടയിലും സാംസ്കാരിക ച്യുതിക്കും, ധാർമ്മികധഃപതനത്തിനും സ്വാധീനം ചെലുത്തുന്നു. വിദ്യാഭ്യാസ പരിപാടികൾക്കും മാനുഷിക മൂല്യങ്ങൾ വളർത്തുന്നതിനും സഹായകരമായ പരിപാടികൾ കൂടുതലായി പ്രക്ഷേപണം ചെയ്യേണ്ടതാണ്. കേബിൾ ടി. വി. നെറ്റ്വർക്കുകൾ വ്യാപകമായി ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഈ പഞ്ചായത്തിൽ സിനിമാശാലകളോ നാടകശാലകളോ ഇല്ല.

പഞ്ചായത്തുവകയായി പൊതുകളിസ്ഥലം ഉണ്ടെങ്കിലും പ്രവർത്തനക്ഷമമായിട്ടില്ല. ഹൈസ്കൂളുമായി ബന്ധപ്പെട്ട് ഫുട്ബോൾ, ഹോക്കി, വോളിബോൾ, ക്രിക്കറ്റ്, ബാസ്കറ്റ് ബോൾ തുടങ്ങിയവ കളിക്കുന്നതിന് സ്ഥലമുണ്ട്. എന്നാൽ ഇത് അപര്യാപ്തമാണ്. ജിംനേഷ്യം, കരാട്ടേ പരിശീലന കേന്ദ്രം എന്നിവ ഇവിടെ ചിലഭാഗങ്ങളിൽ പ്രവർത്തിച്ചിരുന്നെങ്കിലും ഇപ്പോൾ അവ സജീവമല്ല. സ്ത്രീകൾക്കായി പ്രത്യേക കളിസ്ഥലങ്ങളില്ല. പഞ്ചായത്തിലെ പുരാതനമായ നാടൻ പന്തുകളി ഇപ്പോൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ക്രിക്കറ്റിന്റെ അതിപ്രസരം ഇതിനുകാരണമായി കരുതാവുന്നതാണ്.

ഗ്രാമ സഭകളിലെ ചർച്ചകളിൽ നിന്ന് ഉരുത്തിരിഞ്ഞ പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളും താഴെക്കൊടുക്കന്നു.

***പ്രശ്നങ്ങൾ***

1. ആറ്, എട്ട്, പത്ത്, എന്നീ വാർഡുകൾ ഒഴികെ മറ്റ് വാർഡുകളിലൊന്നും ഗ്രന്ഥശാലകളോ വായനശാലകളോ പ്രവർത്തിക്കുന്നില്ല.
2. ബാലജനസഖ്യങ്ങളുടെയും യുവജനകേന്ദ്രങ്ങളുടേയും പ്രവർത്തനം കാര്യക്ഷമമല്ല.
3. നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന നാടൻകലാരൂപങ്ങളും നാടൻ പാട്ടുകളും സംരക്ഷിക്കുന്നതിനുള്ള സംവിധാനമില്ല.
4. പല കുടുംബത്തിലേയും സമാധാനാന്തരീക്ഷം തകർക്കുന്ന തരത്തിലുള്ള മദ്യപാനാസക്തി ഇപ്പോൾ ഫലപ്രദമായി തടയുവാൻ കഴിഞ്ഞിട്ടില്ല.
5. പഞ്ചായത്ത് അടിസ്ഥാനത്തിൽ നടക്കുന്ന കലാകായിക മത്സരങ്ങൾ ഫലപ്രദമല്ല.
6. പഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റി ഹാൾ മാത്രമേ നിലവിലുള്ളു.
7. പഞ്ചായത്തും പൊതുജനങ്ങളും ആയുള്ള സമ്പർക്കത്തിന് ആവശ്യമായ സംവിധാനം ഇല്ല.
8. പൊതുവേ സ്ത്രീകളിൽ വായനാശീലം കുറവായി കാണുന്നു.

***പരിഹാരങ്ങൾ***

1. എല്ലാ വാർഡുകളിലും ഗ്രന്ഥശാലകലുടെ സബ് സെന്ററുകളും വായനശാലകളും പ്രവർത്തിപ്പിക്കണം.
2. വീടുകൾതോറും പുസ്തക വിതരണം നടത്താനുള്ള സംവിധാനം ഉണ്ടാക്കുക.
3. ഓഡിയോ വീഡിയോ കാസറ്റുകളിൽ നാടൻ കലാരൂപങ്ങളെ നിർമ്മിച്ച് അവയ്ക്ക് പ്രചാരണവും സംരക്ഷണവും നൽകണം.
4. മദ്യനിരോധനം ഫലപ്രദമായി നടപ്പിലാക്കുക.
5. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഇന്ന് നാമമാത്രമായി നടക്കുന്ന കായിക മേളകൾ പുനരുദ്ധരിച്ച് യഥാർത്ഥ പ്രതിഭകളെ കണ്ടെപിടിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.
6. കഴിവുള്ളത്ര എല്ലാ വാർഡുകളിലും കമ്മ്യൂണിറ്റി ഹാളുകൾ സ്ഥാപിയ്ക്കണം.

7. എല്ലാ വാർഡുകളിലും സ്ഥാപിച്ചിട്ടുള്ള പഞ്ചായത്ത് വക നോട്ടീസ് ബോർഡുകൾ യഥാസമയം പഞ്ചായത്തിന്റെ അറിയപ്പുകൾ പതിക്കാൻ ശ്രമിക്കണം.

8. കുടുംബങ്ങളിലെ സമാധാനാന്തരീക്ഷം നിലനിർത്തുന്നതിന് കൗൺസിലിംഗ് നടത്തേണ്ടതാണ്.

9. മതസൗഹാർദ്ദം നിലനിർത്തുന്നതിനാവശ്യമായ സാംസ്കാരിക സമ്മേളനങ്ങളും മതസമ്മേളനങ്ങളും നടത്തേണ്ടതാണ്.

10. പഞ്ചായത്തിൽ എല്ലാ വാർഡുകളിലും പൊതു ടി. വി. / റേഡിയോ കേന്ദ്രം സ്ഥാപിക്കണം.

11. പഞ്ചായത്ത് വക പൊതു കളിസ്ഥലം പ്രവർത്തനക്ഷമമാക്കുക.



6

IX



# വനിതാ ക്ഷേമം

ചരിത്രാതീത കാലം മുതൽ സ്ത്രീകൾക്ക് ഭാരതത്തിൽ മാന്യമായ സ്ഥാനമായിരുന്നല്ലോ ഉണ്ടായിരുന്നത്. എന്നാൽ ഇന്ന് സാരമായ മാറ്റം സംഭവിച്ചുരിക്കുന്നു. സമസ്ത മേഖലകളിലും സ്ത്രീകൾ പിന്നോക്കം പോകുന്ന അവസ്ഥയാണിന്നുള്ളത്. നമ്മുടെ പഞ്ചായത്തിലെ സ്ത്രീകളുടെ അവസ്ഥയും ഇതിൽനിന്ന് വ്യത്യസ്ഥമല്ല. ഈ പോരായ്മ നികത്തുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ഒൻപതാം പദ്ധതിക്ക് രൂപം നൽകുന്നത്. എല്ലാ മേഖലകളിലും സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവുരത്തേണ്ടത് അനിവാര്യമാണ്.

ചെന്നിത്തല തൃപ്പെരുന്തുറ പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 27569 ആകുന്നു. ഇതിൽ സ്ത്രീകളുടെ എണ്ണം 14310 ആകുന്നു.

നിലവിലുണ്ടായിരുന്ന സാമൂഹ്യ വ്യവസ്ഥിതി സ്ത്രികളെ വിദ്യാഭ്യാസം ചെയ്യുന്നതിന് അനുവദിച്ചിരുന്നില്ല. കുടുംബ വ്യവസ്ഥിതി, ശൈശവ വിവാഹം, പുരുഷ മേധാവിത്വം, ഇവ അതിനുള്ള മുഖ്യകാരണങ്ങളാണ്. "നഃ സ്ത്രീ സ്വാതന്ത്ര്യമർഹതി" എന്ന ആപ്തവാക്യത്തിന്റെ സത്ത ഉൾക്കൊണ്ടുകൊണ്ട് സമൂഹം സ്ത്രീകളെ വിദ്യാഭ്യാസം ചെയ്യാൻ അനുവദിച്ചിട്ടില്ല. എന്നാൽ കാലാകാലങ്ങളിൽ രാഷ്ട്രീയ-സാമൂഹ്യ-സാമ്പത്തിക രംഗങ്ങളിൽ ഉണ്ടായ നവോത്ഥാനത്തിന്റെ ഫലമായി സ്ത്രീകൾ സാമൂഹ്യവും, രാഷ്ട്രീയവും, സാമ്പത്തികവും, ഭരണപരവുമായ രംഗങ്ങളിലേക്ക് കടന്നുവരുവാൻ തുടങ്ങി. ഗാർഹികവും ഗാർഹികേതരവുമായ ജോലികളിൽ പുരുഷന്മാരോടൊപ്പം സ്ത്രീകൾക്കും നിൽക്കുവാനുള്ള കാര്യക്ഷമത നേടിക്കഴിഞ്ഞു.

തൊഴിൽ മേഖലകളിൽ സ്ത്രീകൾക്കെതിരായുള്ള അവഗണന നിലനിൽക്കുന്നു. ചെറുകിട വ്യവസായമായ കോഴി വളർത്തൽ, അടുക്കളത്തോട്ടം, തയ്യൽ, ബുക്ക് ബയന്റിംഗ്, ധാന്യങ്ങൾ പൊടിച്ച് പായ്ക്കു ചെയ്യുക, സോപ്പു നിർമ്മാണം, മെഴുകുതിരി നിർമ്മാണം തുടങ്ങിയ സ്വയം തൊഴിൽ സംരംഭങ്ങളിൽ സ്ത്രീകളെ കേന്ദ്രീകരിച്ചുള്ള തീവ്രയത്ന പരിപാടികൾ ആവിഷ്കരിക്കേണ്ടതാണ്. പല തൊഴിൽ മേഖലകളിലും സ്ത്രീയുടെ പങ്കാളിത്തം കുറാണങ്കിലും അദ്ധ്യാപന രംഗത്തും, ആതുര ശുശ്രൂഷാരംഗത്തും സ്ത്രീകളുടെ എണ്ണം കൂടുതലാണ്.

| തൊഴിൽ മേഖല | സ്ത്രീകളുടെ എണ്ണം | പുരുഷൻമാരുടെ എണ്ണം |
|---|---|---|
| കർഷകർ | 169 | 2487 |
| ആതുര സേവകർ | 32 | 77 |
| കർഷക തൊഴിലാളി | 2269 | 1725 |
| മൃഗസംരക്ഷണം | 210 | 430 |
| ചെറുകിട വ്യവസായം | 148 | 650 |
| കെട്ടിട നിർമ്മാണം | 130 | 700 |
| ഗതാഗതം / വാർത്താവിനിമയം | 28 | 937 |
| വ്യാപാരം | 80 | 750 |
| അദ്ധ്യാപകർ | 123 | 19 |
| മറ്റുള്ളവ | 637 | 1169 |

സ്വാതന്ത്ര്യസമരകാലഘട്ടങ്ങളിലുള്ള പ്രക്ഷോഭണങ്ങളിൽ സ്ത്രീ പങ്കാളിത്തം കുറവായിരുന്നു. ജനാധിപത്യ മഹിളാ അസോസിയേഷന്റെ പ്രവർത്തനം ഈ പഞ്ചായത്തിൽ കാര്യക്ഷമമായി നടക്കുന്നുണ്ട്. സ്ത്രീ പീഢനം, സ്ത്രീധന സമ്പ്രദായം, സ്ത്രീയുടെ സാമൂഹ്യമായ പദവി ഉയർത്തൽ, സത്രീ വിദ്യാഭ്യസം തുടങ്ങിയ മേഖലകളിൽ സ്ത്രീകളുടെ അഭ്യുദയത്തെ ലാക്കാക്കിയുള്ള പ്രവർത്തനങ്ങളാണ് ഈ സംഘടന നടത്തുന്നത്. കൂടാതെ പ്രാദേശിക തലത്തിലുള്ള മഹിളാ സമാജങ്ങളും സ്ത്രീകളുടെ ഉന്നമനത്തെ ലാക്കാക്കി പ്രവർത്തിച്ചു വരുന്നു.

പഞ്ചായത്തിലുള്ള വനിതകളുടെ ആരോഗ്യ പരിരക്ഷണത്തിൽ കാര്യമായ മാറ്റം ഉണ്ടായിട്ടില്ല. ഇതിനു കാരണം വർദ്ധിച്ച കുടുംബ ഭാരം, പോഷണക്കുറവ് തക്കസമയത്ത് ചികിത്സ ലഭിക്കാതിരിക്കൽ, ആധുനിക ചികിത്സാരീതികളെക്കുറിച്ചുള്ള അറിവില്ലായ്മ, മാരകങ്ങളായ രോഗങ്ങൾ ഉണ്ടായാൽ പുറത്തുപറയാനുള്ള മടി, അടുക്കളയിലെ അനാരോഗ്യകരങ്ങളായ ചുറ്റുപാടുകൾ തുടങ്ങിയവയാണ്.

സാമ്പത്തികരംഗങ്ങളിൽ സ്ത്രീകൾക്ക് വരുമാനം ഉണ്ടാക്കുന്നതിന് കാര്യമായ ശ്രദ്ധപതിപ്പിക്കുന്നില്ല. ഇതിനുകാരണം ഇടത്തരക്കാരുടെയിടയിൽ ജോലിചെയ്യുന്നതിനുള്ള അപകർഷകാബോധം, ഭർത്താവിന്റെ വരുമാനത്തിൽ മാത്രം ഒതുങ്ങിനിന്നുകൊണ്ടുള്ള ജീവിതം, അന്ധമായ പാരമ്പര്യവിശ്വാസം, ജോലിയിലും വേതനത്തിലുമുള്ള അന്തരം, ഭാരിച്ച കുടുംബജോലി എന്നിവ ഇവയിൽ ചിലതാണ്. എന്നാൽ താഴ്ന്ന വരുമാനക്കാരായ സ്ത്രീകൾ ഏതു ജോലിയും സ്വീകരിക്കാൻ തയ്യാറാകുന്നു. കൂടാതെ അനിയന്ത്രിതമായ ആർഭാട ജീവിതം നയിക്കുന്നതിനാൽ സാമ്പത്തികനഷ്ടം ഉണ്ടാകുകയും ജീവിതക്ലേശങ്ങൾ കൂടുകയും ചെയ്യുന്നു.

പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖല ഭൂരിഭാഗവും കാർഷിക മേഖലയിൽപ്പെട്ടതാണ്. ഇവിടുത്തെ സ്ത്രീകളുടെ മുഖ്യതൊഴിൽ കൃഷിയെ ആശ്രയിച്ചിരിക്കുന്നു. എന്നാൽ വിദ്യാസമ്പന്നരും ജോലിയോടു ആഭിമുഖ്യമുള്ളവരും സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ വ്യത്യസ്ഥ ജോലികൾ നിർവ്വഹിക്കുന്നു. കൂടാതെ രാഷ്ട്രീയരംഗങ്ങളിലും പൊതുപ്രവർത്തനങ്ങളിലും ഇവിടുത്തെ സ്ത്രീകൾ പിന്നിലല്ല. ഈ പഞ്ചായത്തിലെ തൊഴിൽ മേഖലയിൽ സ്ത്രീ-പുരുഷ അനുപാതം പരിഗണിക്കുമ്പോൾ ജോലിയുള്ള സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടെ എണ്ണത്തേക്കാൾ വളരെക്കുറവാണ്.

തുല്യജോലിക്ക് തുല്യവേതനം എന്ന അലിഖിതനിയമം നിലവിലുണ്ടെങ്കിലും ദേശീയ-സംസ്ഥാന തലത്തിലുള്ള വ്യത്യാസം ഈ പഞ്ചായത്തിലും നിലനിൽക്കുന്നു. പുരുഷനും സ്ത്രീക്കും ഉള്ള ജോലിസമയം തുല്യമാണെങ്കിലും കൂലി വ്യത്യസ്ഥമാണ്.

*പട്ടിക ശ്രദ്ധിക്കുക*

| തൊഴിൽ മേഖല | സ്ത്രീകൾ | പുരുഷന്മാർ |
|---|---|---|
| കർഷകത്തൊഴിലാളി | 44-50 | 80-100 |
| നിർമ്മാണത്തൊഴിലാളി | 75-80 | 100-130 |
| തീപ്പെട്ടി വ്യവസായം | 20-30 | 40-60 |

സ്ഥായിയായി തൊഴിലില്ലാത്ത വനിതകൾ അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഉപതൊഴിലുകളായ തയ്യൽ, കോഴിവളർത്തൽ, തീപ്പെട്ടി നിർമ്മാണം തുടങ്ങിയ പണികളിലേർപ്പെട്ട് നിത്യജീവിതം നയിക്കുന്നു. ഇവരുടെ വരുമാനം തുച്ഛമാണ്.

ഈ പഞ്ചായത്തിലുള്ള വിധവകളിൽ 109 പേർ പെൻഷൻ വാങ്ങുന്നവരാണ്. ഇനിയും വളരെയധികംപേർക്ക് പെൻഷൻ കിട്ടാനുണ്ട്. ഇവരുടെ കാര്യവും സർക്കാർ സജീവമായി പരിഗണിക്കേണ്ടതാണ്. അർഹതയുള്ള വിധവകളുടെ കാര്യത്തിൽ സർക്കാർ നടപടികൾ സാവധാനം നീങ്ങുന്നതിൽ ഈ വിഭാഗം വളരെയേറെ ജീവിതക്ലേശം അനുഭവിക്കുന്നു. ഇന്നത്തെ വർദ്ധിച്ചുവരുന്ന ജീവിതാവശ്യങ്ങളുടെയും വിലവർദ്ധനവിന്റേയും അടിസ്ഥാനത്തിൽ നിലവിലുള്ള പെൻഷൻവിഹിതം വർദ്ധിപ്പിക്കേണ്ടതാണ്.

ഈ പഞ്ചായത്തിന്റെ കീഴിൽ വിവിധസ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടി, മഹിളാസമാജങ്ങൾ എന്നിവവഴി മുലയൂട്ടുന്ന അമ്മമാർക്കും കുട്ടികൾക്കും പോഷകാഹാരം വിതരണം ചെയ്തുവരുന്നുണ്ട്. എന്നാൽ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും എണ്ണമനുസരിച്ച് ആവശ്യമായ പോഷകാഹാരവും മരുന്നും മറ്റും കിട്ടുന്നില്ല. അമ്മമാരുടേയും കുട്ടികളുടേയും എണ്ണമനുസരിച്ച് ആരോഗ്യസംരക്ഷണത്തിനായി ലഭിക്കേണ്ട പദാർത്ഥങ്ങൾ ഈ പഞ്ചായത്തിലെ വിതരണകേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നില്ലന്നുള്ളത് ഒരു വസ്തുതയാണ്. അതുകൊണ്ട് ഇവരുടെ ആരോഗ്യം മെച്ചപ്പെട്ടരീതിയിലല്ല. ഡി. ഡബ്ലിയു. സി. ആർ. എ. യുടെ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

സാമൂഹ്യരംഗത്തെ സ്ത്രീകളുടെ പ്രവർത്തനം ഇനിയുംകൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്. സാംസ്കാതികരംഗത്തെ പ്രവർത്തനങ്ങളിൽ മുഖ്യമായും സ്ത്രീകളുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിനായി പരിപാടികൾ നടപ്പിലാക്കുന്നത് വളരെ നല്ലതാണ്.

ഈ പഞ്ചായത്തിലെ 11 വാർഡുകളിലെയും ഗ്രാമസഭകളിൽനിന്നും ഉരുത്തിരിഞ്ഞുവന്ന പ്രശ്നങ്ങൾ താഴെക്കൊടുക്കുന്നു.

1. തൊഴിലില്ലായ്മ
2. വർദ്ധിച്ചുവരുന്ന വ്യാജമദ്യ വ്യവസായം
3. മദ്യപാനാസക്തി കൊണ്ടുള്ള പ്രശ്നം.
4. സ്ത്രീധന നിരോധന നിയമത്തിലെ അപാകത.
5. അടുക്കളയിലെ ആരോഗ്യകരമല്ലാത്ത സംവിധാനം.
6. സ്ത്രീകൾക്കുമാത്രമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുറവ്.
7. സ്വയംതൊഴിൽ കണ്ടെത്താനുള്ള വൈമുഖ്യം.
8. സാമ്പത്തിക സ്ഥാപനങ്ങളുടെ സഹായക്കുറവ്.
9. ആരോഗ്യം, ശുചിത്വം എന്നിവയെക്കുറിച്ചുള്ള അറിവില്ലായ്മ.
10. പൊതുപ്രവർത്തനങ്ങളിൽ പങ്കെടുക്കാനുള്ള വൈമുഖ്യം.

***സാദ്ധ്യതകൾ:-***

1. ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുകയും അതിനുള്ള അസംസ്കൃത വസ്തുക്കൾ കണ്ടെത്തുകയും ചെയ്യുക.
2. വനിതകൾക്കു ചെയ്യാൻ കഴിയുന്ന തൊഴിലിനെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുക.
3. മദ്യം, മയക്കുമരുന്ന് എന്നിവയ്ക്കെതിരായി പ്രചാരണം നടത്തുക.
4. സ്ത്രീധന നിരോധന നിയമം എല്ലാ അർത്ഥത്തിലും പ്രയോഗത്തിൽ വരുത്തുക.
5. മിശ്രവിവാഹം പ്രോത്സാഹിപ്പിക്കുക, അവർക്ക് ധനസഹായം നൽകുക.
6. ആരോഗ്യം, ശുചിത്വം എന്നിവയെക്കുറിച്ചുള്ള സെമിനാറുകൾ, സിനിമാപ്രദർശനം, ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുക.

7. വനിതാ സഹകരണസംഘങ്ങൾ രൂപീകരിക്കുക.
8. പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുക.
9. സാമൂഹ്യ അനീതിക്കെതിരായുള്ള നിയമ സംരക്ഷണം നൽകുക.
10. ഐ. സി. ഡി. എസ്., ഡി. ഡബ്ല്യു. സി. ആർ. എ. എന്നിവയുടെ ക്ഷേമ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക.
11. വിധവകൾക്കും അനാഥർക്കും ആവശ്യമായ സഹായം നൽകുക.
12. ഉദ്യാനകൃഷി, അടുക്കളത്തോട്ടം എന്നിവ പ്രോത്സാഹിപ്പിക്കുക.
13. ഇന്ധനക്ഷാമം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുക.
14. ശിശുക്ഷേമത്തിനായുള്ള ഡേകെയർ, ക്രഷുകൾ എന്നിവ സ്ഥാപിക്കുക.
15. ദേശീയ സമ്പാദ്യ പദ്ധതിയിലൂടെ സ്ത്രീകളെ സ്വാശ്രയ ശീലരാക്കുക.
16. പഞ്ചായത്തിലുള്ള വെയിറ്റിംഗ്ഷെഡ്, പൊതുമാർക്കറ്റ് എന്നിവിടങ്ങളിൽ സ്ത്രീകൾക്കുവേണ്ടി മൂത്രപ്പുരകൾ സ്ഥാപിക്കുക.
17. ബേക്കറി ഐറ്റംസ്, തഴപ്പായ നിർമ്മാണം, ഇലക്ട്രോണിക്ക് യൂണിറ്റ്, ധാന്യങ്ങൾ പൊടിച്ച് പായ്ക്കു ചെയ്യുക തുടങ്ങി വനിതകൾക്ക് ചെയ്യാവുന്ന സ്വയംതൊഴിൽ പദ്ധതിക്ക് ആവശ്യമായ ധനസഹായം നൽകുക.



6 | X

# സഹകരണം

ഈ പഞ്ചായത്തിൽ ഇരുപതാംനൂറ്റാണ്ടിന്റെ തുടക്കത്തിൽതന്നെ സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചിരുന്നു. 1923-ൽ രൂപീകരിക്കപ്പെട്ട വ്യവസായ വർദ്ധിനി സഹകരണസംഘമാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ സഹകരണസ്ഥാപനം. ഈ സംഘത്തിന്റെ രൂപീകരണത്തിൽ പ്രധാന പങ്കുവഹിച്ചവർ 95-ാം നമ്പർ എൻ. എസ്. എസ്. കരയോഗത്തിന്റെ ഭരണാരവാഹികളായിരുന്ന ശ്രീമാൻമാർ ഞാഞ്ഞൂർ മാധവൻപിള്ള, മാടയ്ക്കൽ കൃഷ്ണൻനായർ, പെരിയടത്ത് രാമകൃഷ്ണപിള്ള, വാണിയത്തോപ്പിൽ രാമൻപിള്ള, പുളിന്താനത്ത് ചെല്ലപ്പൻപിള്ള തുടങ്ങിയ കരയോഗ പ്രവർത്തകരായിരുന്നു. ഇതിനാവശ്യമായ സ്ഥലം സംഭാവന ചെയ്തതും എൻ. എസ്സ്. എസ്സ്. കരയോഗം തന്നെയായിരുന്നു. വ്യാവസായിക പുരോഗതിയായിരുന്ന സംഘത്തിന്റെ ലക്ഷ്യം. പ്രധാന പരിപാടിയായ നൂൽനൂൽപ്പിന് പില്ക്കാലത്ത് ആവശ്യമായ അസംസ്കൃത സാധനങ്ങളുടെ ലഭ്യത ക്കുറവും പ്രവർത്തകരുടെ കെടുകാര്യസ്ഥതയും ഇതിന്റെ പ്രവർത്തനം നിലയ്ക്കുവാൻ ഇടയാക്കി.അടുത്ത കാലത്ത് ഇതിനെ പുനരുദ്ധരിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

കാർഷിക മേഖലയായ അപ്പർകുട്ടനാട് ഉൾക്കൊള്ളുന്ന ഈ പഞ്ചായത്തിലെ കർഷകരുടെ അഭ്യുദയത്തെ ലാക്കാക്കി 1955-ൽ കർഷകസെന്റർ എന്നപേരിൽ ഒരു സഹകരണസംഘം നിലവിൽവന്നു. ആദ്യകാലത്ത് സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാതിരുന്നതിനാൽ ഇതിന്റെ പ്രവർത്തനം ഓരോ വീടുകൾ കേന്ദ്രീകരിച്ച് സമ്മേളിച്ചുപോന്നിരുന്നു. കൃഷിക്കാർക്ക് ആവശ്യമായ വളവും വിത്തും കീടനാശിനികളും ലഭ്യമാക്കുകയും ജലസേചനത്തിനാവശ്യമായ സംവിധാനം ഏർപ്പെടുത്തുകയുമായിരുന്നു ഈ സംഘത്തിന്റെ പ്രധാന ലക്ഷ്യം. കടക്കെണിയിൽ കുടുങ്ങിയിരുന്ന കർഷകർക്കാവശ്യമായ സാമ്പത്തികസഹായം വായ്പയായി നൽകുന്നതിനും ഈ സംഘത്തിനു കഴിഞ്ഞിരുന്നു. ഇതിന്റെ രൂപീകരണത്തിന് മുൻകൈയ്യെടുത്തുപ്രവർത്തിച്ചത് ദിവംഗതരായ സർവ്വശ്രീ. അമ്പലപ്പാട്ട് ദാമോദരനാശാൻ, പുളിന്താനത്ത് നീലകണ്ഠൻനായർ, മഠത്തിൽകടവ് മത്തായി, മരയ്ക്കാശ്ശേരിൽ ഗോവിന്ദൻനായർ, മാടേക്കാട്ടിൽ കൃഷ്ണൻനായർ തുടങ്ങിയവരും കോട്ടപ്പുറത്ത് ശ്രീ. കെ സി. ചെറിയാനും ആയിരുന്നു. കർഷകർക്ക് ആശ്വാസം നൽകുന്നതിനും, കാർഷികരംഗത്ത് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഈ സംഘത്തിന്റെ പ്രവർത്തനം സഹായിച്ചിട്ടുണ്ട്.

ഭൂപരിഷ്ക്കരണ നിയമം നിലവിൽവന്നതോടെ നിരവധി ആളുകൾക്ക് ഭൂമിയുടെ ഉടമസ്ഥത ലഭിക്കുവാൻ ഇടയായതിനാൽ പിൽക്കാലത്ത് ഈ സംഘത്തിലെ അംഗസംഖ്യ വർദ്ധിച്ചു. സ്വന്തം സ്ഥലവും കെട്ടിടവുമുണ്ടായി. അംഗത്വ വിഹിതവും സർക്കാരിൽനിന്നുള്ള സഹായവും സ്വരൂപിച്ച് ഇതിനുള്ള മൂലധനം കണ്ടെത്തി. എന്നാൽ ഇപ്പോഴതിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ നിന്നും വ്യതിചലിച്ചുകൊണ്ടിരിക്കയാണ്. 3900 ത്തിൽപരം അംഗങ്ങളും രണ്ടുകോടി നാല്പത്തിയയ്യായിരം രൂപ പ്രവർത്തനമൂലധനവുമുള്ള ഒരുവലിയ സ്ഥാപനമായി ഇത് വളർന്നുകഴിഞ്ഞിട്ടുണ്ട്. എങ്കിലും പ്രാരംഭകാലത്തെ ഉദ്ദേശലക്ഷ്യമായിരുന്ന കാർഷിക സേവനത്തിനുപരി ഒരു സാമ്പത്തിക സ്ഥാപനമായി മാറിക്കഴിഞ്ഞിരിക്കുന്നു.

ഉപഭോക്തൃ സഹകരണസംഘമായി രൂപീകരിക്കപ്പെട്ട "മംഗളോദയം കൺസ്യൂമർ സഹകരണസംഘം" 1975-ൽ നിലവിൽ വന്നു. കൺസ്യൂമർ സഹകരണ രംഗത്ത് ഈ പഞ്ചായത്തിലെ ആദ്യത്തെ കാൽവയ്പ്പായി

രുന്നിത്. 1389 അംഗങ്ങളും 1,76,700 രൂപ പ്രവർത്തന മൂലധനവുമുള്ള ഈ സംഘം ഇനിയും കൂടുതൽ കാര്യക്ഷമതയുള്ളതായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിപണനം ഈ സംഘത്തിലിപ്പോൾ നടക്കുന്നു.

താറാവുകർഷകരെ സഹായിക്കുന്നതിനായി ഇരമത്തൂർ താറാവ് വളർത്തൽ സംഘവും, മാവേലിക്കര താറാവ് വളർത്തൽ സഹകരണ സംഘവും ഈ പ്രദേശത്ത് പ്രവർത്തിട്ടു വരുന്നു. ഇതിന്റെ പ്രവർത്തന മേഖല ചെന്നിത്തല-തൃപ്പെരുന്തുറ പഞ്ചായത്തും തെക്കേക്കര പഞ്ചായത്തും ഉൾപ്പെടുന്നതാണ്. ഈ സംഘങ്ങളുടെ പ്രവർത്തനം മന്ദീഭവിച്ചിരിക്കയാണ്.

പട്ടികജാതി-പട്ടികവർഗ്ഗത്തിന്റെ ഉന്നമനത്തിനായി 1977-ൽ പ്രവർത്തിനമാരംഭിച്ച മറ്റൊരു സഹകരണസംഘമാണ് A 647 ഹരിജൻ വെൽഫയർ സഹകരണസംഘം. ഈ സംഘം മൂഖേന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വായ്പകൾ നൽകുകയും നിത്യോപയോഗസാധനങ്ങൾ വിപണനം ചെയ്യുകയും ചെയ്യുന്നുണ്ട്. അനുദിനം ക്ഷയിച്ചുകൊണ്ടിരിക്കുന്ന ഈ സ്ഥാപനത്തിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്തിക്കൊണ്ടുപോകാനാവശ്യമായ നടപടികൾ സ്വീകരിക്കണം.

മത്സ്യ വിപണന രംഗത്തു പ്രവർത്തിക്കുന്നതും ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയതിട്ടുള്ളതുമായയ ഒരു സംഘവും അഞ്ചാംവാർഡിലുണ്ട്. അതിന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കേണ്ടതാണ്.

മേൽപ്പറഞ്ഞ എല്ലാ സഹകരണസംഘങ്ങളുടേയും ഭരണം നിയന്ത്രിക്കുന്നതിന് തെരഞ്ഞെടുക്കപ്പെടുന്ന ഭരണസമതിയുണ്ട്. പലപ്പോഴും രാഷ്ട്രീയാടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പുനടത്തുന്നത്.

വിവിധ മേഖലകളിൽ സംഘടിപ്പിക്കപ്പെട്ടിട്ടുള്ള ഈ സംഘങ്ങളിൽ അതാതു മേഖലകളിലെ പ്രവർത്തനവുമായി പുലബന്ധംപോലുമില്ലാത്ത ആളുകൾ ഭരണസമതിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിനാൽ പല സംഘങ്ങളിലും കെടുകാര്യസ്ഥത നിലനില്ക്കുന്നു. അതുകൊണ്ട് അഴിമതി വർദ്ധിക്കാനിടയാകുന്നു. സെക്രട്ടറിമാരുടെ പൂർണ്ണ നിയന്ത്രണത്തിലാണ് മിക്കവാറും എല്ലാ സംഘങ്ങളും. പ്രവർത്തന മേഖലയുമായി ബന്ധമില്ലാത്ത ഭരണസമതിയംഗങ്ങൾ നോക്കുകുത്തികളായി മാറിനിൽക്കുന്ന ദയനീയ അനുഭവങ്ങളുമുണ്ട്. ചില സംഘങ്ങൾ സെക്രട്ടറിമാരുടെ ജീവനോപാധിയായി മാത്രം അധഃപതിച്ചിട്ടുമുണ്ട്. പഞ്ചായത്തിലെ സഹകരണസംഘങ്ങളുടെ പട്ടിക താഴെക്കൊടുക്കുന്നു.

| ക്രമ നമ്പർ | പേര് | സ്ഥാപിച്ച വർഷം | ആകെ അംഗങ്ങൾ | പ്രവർത്തന മൂലധനം | പ്രവർത്തന മേഖല | ക്രെഡിറ്റ് നോൺ ക്രെഡിറ്റ് |
|---|---|---|---|---|---|---|
| 1. | ചെന്നിത്തല വ്യവസായ വർദ്ധിനിസഹകരണ സംഘം Reg: No: 361 | 1923 | 482 | Rs. 2410.00 | വ്യവസായം | നോൺ ക്രെഡിറ്റ് |
| 2. | ചെന്നിത്തല തൃപ്പെരുന്തുറ സർവീസ് സഹകരണ ബാങ്ക് Reg: No: 3553 | 1955 | 3907 | 2450000 | നെൽകൃഷി ബാങ്കിംഗ് | ക്രെഡിറ്റ് |
| 3. | ചെറുകോൽ മംഗളോദയം കൺസ്യൂമർ സഹകരണ സംഘം | 1975 | 1389 | 100000 | കൺസ്യൂമർ | നോൺ ക്രെഡിറ്റ് |
| 4. | ചെന്നിത്തല തൃപ്പെരുന്തുറ പട്ടികജാതി സർവീസ് സഹകരണ സംഘം A 647 | 1977 | 509 | 300000 | പട്ടികജാതി ക്ഷേമം | ക്രെഡിറ്റ് |
| 5. | മാവേലിക്കര താറാവ് വളർത്തൽ സഹകരണ സംഘം | 1980 | 327 | 55000 | താറാവ് കൃഷി | ക്രെഡിറ്റ് |
| 6. | ചെന്നിത്തല ക്ഷീര വ്യവസായ സഹകരണ സംഘം A 5(5) | 1970 | 248 | 2480 | ക്ഷീര വിപണനം | നോൺ ക്രെഡിറ്റ് |
| 7. | ഇരമത്തൂർ ക്ഷീരോൽപ്പാദക സഹകരണ സംഘം A 222(D) | 1996 | 136 | 10000 | ക്ഷീര വിപണനം | നോൺ ക്രെഡിറ്റ് |
| 8. | ഇരമത്തൂർ താറാവ് വളർത്തൽ സഹകരണ സംഘം | 1978 | 430 | 55000 | താറാവ് കൃഷി | ക്രെഡിറ്റ് |

ഇന്നുനിലവിലുള്ള സംഘങ്ങൾ എണ്ണത്തിലും പ്രവർത്തനത്തിലും അപര്യാപ്തമാണ്. എല്ലാ മേഖലകളിലും സഹകരണസംഘങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കേണ്ടതാണ്. യുവജനങ്ങൾക്കും പ്രത്യേകിച്ച് വനിതകൾക്കും, പിന്നോക്ക വർഗ്ഗത്തിൽപ്പെട്ടവർക്കും പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും സഹകരണസംഘങ്ങൾ മുഖേന പ്രസ്തുത പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുകയും ചെയ്യാവുന്നതാണ്. ബുക്ക്ബയന്റിംഗ്, കക്കാനീറ്റൽ, കുടനിർമ്മാണം, സോപ്പുനിർമ്മാണം തുടങ്ങിയ ചെറുകിട വ്യവസായങ്ങൾ സഹകരണാടിസ്ഥാനത്തിൽ നടത്താവുന്നതാണ്. പ്രസ്സ്, ഹോട്ടൽ, പാരലൽ കോളേജുകൾ എന്നിവയും സഹകരണാടിസ്ഥാനത്തിൽ നടത്താവുന്നതാണ്. പഞ്ചായത്തിലുള്ള ഏക കൺസ്യൂമർ സഹകരണസംഘം അപര്യാപ്തമാണ്. വാർഡുകൾതോറും കൺസ്യൂമർ സഹകരണസംഘങ്ങൾ സ്ഥാപിച്ച് നിത്യോപയോഗ സാധനങ്ങളുടെ സംഭരണവും വിപണനവും നടത്തുന്നത് പ്രയോജനപ്രദമായിരിക്കും. ക്ഷീര സംഭരണവിതരണരംഗത്ത് കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ ഉണ്ടാകേണ്ടതാണ്.

സഹകരണമേഖലയിൽ വളരെ ഫലപ്രദമായ ഒരു സംവിധാനമാണ് അയൽക്കൂട്ടം. ജാതിമത ഭേദമെന്യേ ഒരു പ്രത്യക പ്രദേശത്തുള്ള ആൾക്കാർ–പത്തോ പതിനഞ്ചോ വീട്ടുകാർ ഒരുമിച്ചുകൂടുകയും, അതാതുസ്ഥലത്തിന് അനുയോജ്യമായ തരത്തിലുള്ള കൂട്ടായ പ്രവർത്തനങ്ങൾ നടത്തുന്നതിനും വേണ്ടിയാണ് ഈ അയൽക്കൂട്ടങ്ങൾ കൂടുന്നത്. സാമൂഹികബോധവും മതസൗഹാർദ്ദവും നിലനിർത്തുന്നതിനും ഉൽപാദനരംഗത്ത് കൂടുതൽ നേട്ടങ്ങൾ ഉണ്ടാക്കുന്നതിനും ഈ അയൽക്കൂട്ടങ്ങൾ സഹായകരമാകും.

ഗ്രാമസഭകളിൽനിന്ന് ഉയർന്നുവന്ന പ്രശ്നങ്ങളും പരിഹാരങ്ങളും:-

### *പ്രശ്നങ്ങൾ*

1. പഞ്ചായത്തിൽ ആകെ 8 സഹകരണസംഘങ്ങളുണ്ടെങ്കിലും ഒന്നൊഴികെ മറ്റൊന്നും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.
2. കൺസ്യൂമർ സഹകരണസംഘങ്ങൾ അപര്യാപ്തമാണ്.
3. ക്ഷീര സംഭരണ വിതരണരംഗത്ത് സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ല.
4. ചെറുകിട വ്യവസായ സഹകരണസംഘങ്ങൽ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല.
5. ലേബർ കോൺട്രാക്റ്റ് സംഘങ്ങളുടെ അഭാവം.
6. വനിതാ ക്ഷേമ സഹകരണസംഘങ്ങൾ ഒന്നുംതന്നെയില്ല.
7. പരമ്പരാഗത കൈത്തൊഴിലുകൾക്കും ചെറുകിടവ്യവസായങ്ങൾക്കും പ്രത്യേക പരിശീലന പരിപാടികളില്ല.
8. മിക്ക സംഘങ്ങൾക്കും സ്വന്തമായ കെട്ടിടവും സ്ഥലസൗകര്യങ്ങളുമില്ല.

### *പരിഹാരങ്ങൾ*

1. എല്ലാ വാർഡുകളിലും കൺസ്യൂമർ സംഘങ്ങൾ ഉണ്ടാക്കണം.
2. ക്ഷീര സഹകരണ സംഘങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുക.
3. കൈത്തറി, തുണിവ്യവസായങ്ങൾ, പായ്നെയ്ത്ത് മുതലായവയ്ക്ക് സഹകരണസംഘങ്ങൾ രൂപീകരിക്കുക.
4. ലേബർ കോൺട്രാക്ട് സൊസൈറ്റികൾ സംഘടിപ്പിക്കുക.
5. അയൽക്കൂട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ സംഘടിപ്പിച്ച് സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുക.
6. മാർക്കറ്റിംഗ് സർവ്വീസ് സഹകരണസംഘങ്ങൾ ഉണ്ടാക്കുക.

8. ഒൻപതാം വാർഡിൽ പ്രവർത്തിക്കുന്ന പട്ടികജാതി സഹകരണസംഘത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക.

9. സഹകരണ സംഘങ്ങളിൽ കൂടിയുള്ള വായ്പാ വിതരണ നടപടികൾ ലഘൂകരിക്കുക.

10. വിദേശത്തുനിന്നും തിരിച്ചുവരുന്നവരുടെ സഹകരണസംഘങ്ങൾ രൂപീകരിച്ച് പുത്തൻ വ്യവസായസംരംഭങ്ങൾ ആരംഭിക്കുക.



6

XI

# പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമം

1991 ലെ സെൻസസനുസരിച്ച് ഈ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ എണ്ണം മൊത്തം ജനങ്ങളുടെ 14 ശതമാനമാണ്. പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പൊതു അവസ്ഥയ്ക്കും, പുരോഗതിയ്ക്കും, ജീവിതരീതികൾക്കും ഒരു സമാനതയുള്ളതിനാൽ അവരുടെ സാമൂഹ്യ സാംസ്കാരിക സാമ്പത്തിക മണ്ഡലങ്ങളിൽ ഇപ്പോഴും അവശേഷിക്കുന്ന പ്രശ്നങ്ങളും ഏതാണ്ട് ഒരുപോലെയാണ്. ഈ പ്രശ്നങ്ങൾ ആഴത്തിൽ പഠിച്ച് പരിഹാരമാർഗ്ഗം കണ്ടെത്തുകയാണെങ്കിൽ അവരെക്കൂടി ജീവിതത്തിന്റെ മുഖ്യ ധാരയിൽ കൊണ്ടുവരാൻ കഴിയും.

ഈ പഞ്ചായത്തിൽ 11 വാർഡുകളുണ്ട്. 11 വാർഡുകളിലായി 25 കോളനികളുണ്ട്. ഇതിൽ രണ്ട് കോളനികൾ ഐ. എച്ച്. ഡി. പി. യും ഒരെണ്ണം ലക്ഷംവീടുകോളനിയും ഇരുപത്തിരണ്ടെണ്ണം സെറ്റിൽമെന്റ് കോളനിയുമാണ്. ഇവുടുത്തെ പട്ടികജാതി-പട്ടികവർഗ്ഗക്കാരിൽ ഭൂരിഭാഗവും പുറമ്പോക്ക് ഭൂമിയിലും, ആറിന്റെ തിട്ടകളിലും, പുഞ്ചതീരത്തുമായി താമസിക്കുന്നു. നേരിയ വിഭാഗം സ്വന്തം ഭൂമിയിലും വീടുവച്ച് താമസി ക്കുന്നു. മറ്റുള്ളവർ ടി' കോളനികളിലെ അന്തേവാസികളുമാണ്.

കോളനികളിലേയും മറ്റുള്ള താമസസ്ഥലങ്ങളിലേയും അടിസ്ഥാന ജീവിതസൗകര്യങ്ങൾ ഒട്ടുംതന്നെ തൃപ്തികരമായ സ്ഥിതിയിലല്ല. പാർപ്പിടം. കുടിവെള്ളം, ശുചിത്വം, വൈദ്യുതി, പ്രാഥമികാവശ്യങ്ങൾക്കുള്ള കക്കൂസ്, കുളിമുറി മുതലായവയിന്നും അവർക്ക് അപ്രാപ്യമാണ്. ഇവരുടെ വിദ്യാഭ്യാസം, സാമൂഹ്യസാംസ്കാ രികമായ പുരോഗതി, രാജകീയ പുരോഗതി, സാമ്പത്തിക പുരോഗതി ഇന്നും ബഹുദൂരം പിന്നിലാണ്. ജീവി തത്തിന്റെ മുഖ്യധാരയിലേക്ക് ഇവരെ കൈപിടിച്ചുകൊണ്ടുവരാൻ വളരെയേറെ ബുദ്ധിമുട്ടും അതോടൊപ്പം കാര്യക്ഷമമായ ആസൂത്രണ വൈദഗദ്ധ്യവും, അർപ്പണബോധവും പ്രകടമാക്കിയെങ്കിൽ മാത്രമേ സാദ്ധ്യമാകൂ.

വിദ്യാഭ്യാസം: കേരളം നൂറുശതമാനം സാക്ഷരത നേടിയെന്ന് അഭിമാനിക്കുന്നുണ്ടെങ്കിലും കോളനി കളിലുള്ള പഴയ തലമുറയിൽപ്പെട്ടവർ പലരും സാക്ഷരരല്ലയെന്നുള്ള സത്യം പറയാതിരിക്കാൻ വയ്യ. മുൻകാ ലങ്ങളിലെ ആളുകളെ അപേക്ഷിച്ച് വളർന്നുവരുന്ന യുവതലമുറ വിദ്യാഭ്യാസ കാര്യങ്ങളിൽ വളരെയേറെ പിന്നിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നു. ഇതിനുള്ള കാരണങ്ങൾ പലതാണ്. ആഹാരം, വസ്ത്രം എന്നിവയുടെ കുറവ്, യാത്രാസൗകര്യക്കുറവ്, മോശമായ സാമൂഹ്യചുറ്റുപാട്, ആവശ്യബോധമില്ലായ്മ, രക്ഷിതാക്കളുടെ

അനാസ്ഥ, സിനിമ, ടി. വി. എന്നിവയുടെ അമിതസ്വാധീനം എന്നിവ ഇവയിൽ ചിലതുമാത്രമാണ്.

ഗസറ്റഡ്, നോൺഗസറ്റഡ് തസ്തികകളിൽ ജോലിനോക്കുന്നവരും ക്ലാസ് IV ജീവനക്കാരും ഉൾപ്പടെ നേരിയശതമാനം ആളുകൾ ജോലിക്കാരുണ്ട്. താഴ്ന്ന കാറ്റഗറിയിലുള്ള ജോലിക്കാരാണ് കൂടുതൽപേരും. ഒരുവീട്ടിൽ ഒരംഗമെങ്കിലും എസ്. എസ്. എൽ. സി. കോഴ്സ് പൂർത്തിയാക്കി ജോലിയില്ലാതെ നില്പുണ്ട്. ഗ്രാഡുവേറ്റുകളും, പോസ്റ്റുഗ്രാഡുവേറ്റുകളും, ട്രേഡ് ടെസ്റ്റുകൾ പാസായി ജോലിയില്ലാതെ നില്ക്കുന്നവരുടെയും എണ്ണം കുറവല്ല. എസ്. എസ്.എൽ. സി. പാസ്സായി കോളേജിൽ ചേർന്ന് പഠിക്കുന്ന ഭൂരിപക്ഷം കുട്ടികളും പ്രീഡിഗ്രി പാസ്സാകാതെ പോകുന്ന അവസ്ഥാവിശേഷം നിലനിൽക്കുന്നു. ഇതിനാൽ അല്പമാത്രമായി നേടിയെടുത്ത പുരോഗതി, വിദ്യാഭ്യാസ മേഖലയിലെ ഈ മാന്ദ്യം കാരണം വികസനം കാണാതെ സ്തംഭിച്ച മട്ടാണ്. സാംസ്കാരികമായി മനുഷ്യൻ ഉയരണമെങ്കിൽ വിദ്യഭ്യാസം ആവശ്യമാണ്. ഒപ്പം സാമ്പത്തികവും. ഇതുരണ്ടും ഈ കൂട്ടർക്ക് ഇന്നും ബാലികേറാമലയാകുന്നുവെങ്കിൽ അവരുടെ പുരോഗതിയും ഊഹിക്കാവുന്നതാണ്.

ഈ വിഭാഗം സാമ്പത്തികമായി വളരെയേറെ പിന്നോക്കമാണ്. ഈ പഞ്ചായത്തിലെ മുഖ്യതൊഴിൽ നെൽകൃഷിയാണ്. അതുമായി ബന്ധപ്പെട്ട്, ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ വളരെയേറെ അദ്ധ്വാനിക്കേണ്ടിവരുന്ന കർഷകത്തൊഴിലാളികളാണ് ഭൂരിഭാഗവും.

ഒരു വിളമാത്രം കൃഷിചെയ്യുന്ന അപ്പർകുട്ടനാടിന്റെ ഭാഗമാണിവിടം. നെൽകൃഷിയുമായി ബന്ധപ്പെട്ട ജോലികൾ മൂന്നുമാസം മാത്രമേ ലഭിക്കുകയുള്ളു. ഈ വരുമാനംകൊണ്ട് ഒരു കുടുംബം ഒരുവർഷത്തെ ജീവിതം നയിക്കണം. അതിനാൽ കടമല്ലാതെ ഇക്കൂട്ടർക്ക് സമ്പാദ്യം ഇല്ല. ഒരു കൃഷിക്കുപകരം രണ്ടു കൃഷിയിറക്കിയാൽ തൊഴിലാളികൾക്കും തൊഴിലുടമകൾക്കും നാടിനും പുരോഗതി കൈവരിക്കാം.

സർക്കാരിൽ നിന്നും വിവിധ പദ്ധതികൾ അനുസരിച്ച് നൽകിവരുന്ന സാമ്പത്തിക സഹായങ്ങൾ യഥാർത്ഥ ഉപഭോക്താവിൽ എത്തുമ്പോൾ എവിയൊക്കെയോ കുറവുകൾ സംഭവിക്കുന്നു. വേണ്ടസമയത്ത് വേണ്ട വിധത്തിൽ ഉപയോഗിക്കാൻ കഴിയാതെ കടം മാത്രം അവശേഷിക്കുന്നു. പൊതുമേഖലാ ബാങ്കുകൾ, മറ്റ് സാമ്പത്തിക സ്ഥാപനങ്ങൾ എന്നിവ പട്ടികജാതി-പട്ടികവർഗ്ഗക്കാരരുടെ ക്ഷേമ സംരക്ഷണത്തിൽ ഒട്ടും തന്നെ താത്പര്യം എടുക്കുന്നില്ലെ എന്നതും വസ്തുതയാണ്.

സാംസ്കാരിക മേഖലയിലും ഇവിടുള്ള ഏകജാതി പട്ടികവർഗ്ഗവിഭാഗം പിന്നിലാണ്. ഈ വിഭാഗത്തിന് കലാസാംസ്കാരിക പൈതൃകം നൈസർഗ്ഗികമാണങ്കിലും വേണ്ട പ്രോത്സാഹനങ്ങൾ നൽകാൻ സാമ്പത്തിക ബാദ്ധ്യതയുള്ള കുടുംബങ്ങൾക്ക് കഴിയുന്നില്ല. സർക്കാരോ മറ്റ് ഏജൻസികളോ ഇവരെ പ്രോത്സാഹിപ്പിക്കാൻ ശ്രമിക്കാറുമില്ല. ഈ പഞ്ചായത്തിൽ ഈ വിഭാഗത്തിനുവേണ്ടി ഒരു കമ്മ്യൂണിറ്റി ഹാൾ മാത്രമാണുള്ളത്. അത് പുഞ്ചയുടെ നടുവിൽ പ്രധാന വീഥികളിൽനിന്നും അകലെ, ഇതുമൂലം ആളുകൾക്ക് എത്തിപ്പെടാൻ വളരെയേറെ പ്രയാസം നേരിടുന്നു. കലാ സാംസ്കാരിക സംഘടനകൾ പലതും രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. ഓണക്കാലത്തുമാത്രമായി ഇവയുടെ പ്രവർത്തനം ഒതുങ്ങിക്കൂടുന്നു. ഒരു നല്ല വായനശാലയോ ലൈബ്രറിയോ ഇല്ല. ഒരു പൊതുകളിസ്ഥലം ഇല്ല. ഒരു പൊതുസാംസ്കാരിക കേന്ദ്രത്തിന്റെ അഭാവം ഈ പഞ്ചായത്തിൽ എടുത്തുപറയാനുള്ളതാണ്. ഈ കുറവുകൾ നിലനിൽക്കെ പലരും ദേശീയതലത്തിലും സംസ്ഥാനതലത്തിലും കായികമത്സരങ്ങളിൽ മികവ് കാട്ടിയിട്ടുണ്ട് എന്നുള്ളത് അഭിമാനാർഹമാണ്. ഈ വർഷം മഹാത്മാ ഗേൾസ് ഹൈസ്കൂളിൽ നിന്നും ജസ്സി എന്ന പെൺകുട്ടിക്ക് ദേശീയതലത്തിൽ മത്സരിക്കുന്ന കബഡി ടീമിൽ അംഗമാകാൻ അവസരം ലഭിച്ചത് ഒരുദാഹരണം മാത്രം. ഒരു പൊതു ആരാധനാലയമില്ല. പൊതുശ്മശാനവുമില്ല. ചുരുക്കത്തിൽ ഇവയ്ക്കെല്ലാം ആധാരമായ സാമ്പത്തികം ഇക്കൂട്ടർക്ക് വേണ്ടവിധത്തിൽ ഇല്ലന്നുള്ളത് ഒരു സത്യം മാത്രം.

പട്ടികജാതി-പട്ടികവർഗ്ഗം സമുദായമൈത്രിയിലും സാഹോദര്യത്തിലും സന്മനോഭാവത്തിലും വിശ്വസിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരാണ്. അതിനുവേണ്ട ശ്രമവും ശ്രദ്ധയും എല്ലാവരിൽനിന്നും ഉണ്ടാകുന്നുവെന്നുള്ളത് എടുത്തുപറയേണ്ടിയിരിക്കുന്നു. രാഷ്ട്രീയ പ്രവർത്തകരും സാമൂഹ്യസാംസ്കാരിക പ്രവർത്തകരും ജീവതത്തിന്റെ നാനാ തുറകളിൽപ്പെട്ടവരുമായും ഇവർ നല്ല സ്നേഹബന്ധം സൃഷ്ടിച്ചെടുക്കുന്നു. തീരാശാപമായിരുന്ന ഉച്ചനീചത്വങ്ങളെ ഇത്തരം സാമൂഹ്യബന്ധങ്ങൾകൊണ്ട് ഒരളവുവരെ ഇല്ലാതാ

ക്കാൻ കഴിഞ്ഞിട്ടുണ്ട്. വിവാഹം, ആഘോഷം മറ്റ് പൊതുപരിപാടികൾ മുതലായവ സന്ദർഭങ്ങളിൽ എല്ലാ ജാതിമത വിഭാഗങ്ങളും സർവ്വാത്മനാ സഹകരിക്കുകയും ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുകയും ചെയ്യുന്നു. ഇവിടെ വിരോധവും വിദ്വേഷവും ആരും പ്രോത്സാഹിപ്പിക്കുന്നില്ല. മറിച്ച് സമൂഹമൈത്രി ഊട്ടിയുറപ്പിക്കുന്നു. എന്നാൽ ചില സമൂഹവും ചുരുക്കം വ്യക്തികളും ഈ മാറ്റം ഉൾക്കൊള്ളാൻ മടിച്ചുനിൽക്കുന്നു. അവർക്ക് കാലം മാപ്പുനൽകട്ടെ എന്നാഗ്രഹിക്കാം.

ശുദ്ധജല ദൗർലഭ്യം ഇവിടുത്തെ ആളുകൾക്ക് ഒരു ശാപം തന്നെയാണ്. മിക്ക കുടുംബങ്ങളും വെള്ള ക്കെട്ടുള്ള പ്രദേശത്താണല്ലോ താമസം. അവർക്ക് ഒരുകാലത്തും ശുദ്ധജലം ലഭിക്കുന്നില്ല. ഇതുമൂലം അവ രുടെ ആരോഗ്യം തകരാറലാകുകയും വരുംതലമുറയുടെ ഭാവിപോലും അപകടത്തിലാക്കുകയും ചെയ്യുന്നു. ശുചിത്വം മറ്റൊരു ഗുരുതരമായ പ്രശ്നമായി അവശേഷിക്കുന്നു. പ്രാഥമികാവശ്യങ്ങൾക്ക് കക്കൂസോ മറ്റു സംവിധാനങ്ങളോ ഇവിടില്ല. മരിച്ചാൽ കുഴിച്ചിടുന്നതിനുള്ള സൗകര്യംപോലും ഈ വിഭാഗത്തിനില്ലന്നുള്ളത് വളരെ കഷ്ടം തന്നെയാണ്. യാത്രാക്ലേശം വളരെയേറെ അനുഭവിക്കുന്നവരാണ് ഇവരിൽ പലരും. പ്രധാന റോഡുമായി ബന്ധിക്കുന്നതിന് അനുയോജ്യമായ ഗതാഗതമാർഗ്ഗങ്ങൾ ഇല്ല. വെള്ളപ്പൊക്കമായാൽ കുട്ടികളെ സ്കൂളിലയക്കുന്നതിനും, ജോലിസ്ഥലങ്ങളിൽ എത്തിച്ചേരുന്നതിനും, ദൈനദിന ജീവിതത്തിന് പൊതുമാർക്ക റ്റിലും കടയിലും എത്തിച്ചേരുന്നതിനുപോലും വളരെ ബുദ്ധിമുട്ട് അനുവേപ്പെടുന്നു. പുതിയ റോഡുകൾ നിർമ്മി ക്കുകയെന്നുള്ളതാണ് ഏക പോംവഴി.

കോളനികളിലും, റോഡുസൈഡുകളിലെ വീടുകളിലും, വൈദ്യുതി ലഭിച്ചിട്ടുണ്ടങ്കിലും ഒറ്റപ്പെട്ട താമ സസ്ഥലങ്ങളിലുള്ള വീട്ടുകാർക്ക് ഇതുവരെയും വൈദ്യുതി ലഭിച്ചിട്ടില്ല. വീടുകൾ മിക്കതും ഓടിട്ടവയാണ ങ്കിലും ഓലമേഞ്ഞ വീടുകളും പലയിടങ്ങളിലുമുണ്ട്. ചിലർക്ക് സ്വന്തമായി വീടുപോലുമില്ല. പുറമ്പോക്ക് ഭൂമി യിൽ താമസിക്കുന്നവർക്ക് പട്ടയംപോലും ലഭിച്ചിട്ടില്ല. സർക്കാരിൽനിന്നും സാമ്പത്തികസഹായം നൽകി ഉണ്ടാ ക്കിയിട്ടുള്ള വീടുകളുടെ പണി പലതും പൂർണ്ണമാകാതെയിരിക്കുന്നു. ഇങ്ങനെ നോക്കിയാൽ ഇവരുടെ പരാ ധീനതളുടെ എണ്ണം കൂടികൊണ്ടേയിരിക്കും. ഇത് പരിഹരിക്കുന്നതിന് ക്രിയാത്മകമായ സമീപനവും ശ്രമവും ആവശ്യമാണ്.

### *പ്രശ്നങ്ങൾ*

1. പാർപ്പിടങ്ങളുടെ കുറവ്.
2. പ്രാഥമികാവശ്യങ്ങൾക്കുള്ള സംവിധാനക്കുറവ്.
3. ശുദ്ധജല ദൗർലഭ്യം/ശുചുത്വമില്ലായ്മ.
4. വൈദ്യുതിയുടെ അഭാവം
5. ഗതാഗത സൗകര്യക്കുറവ്.
6. വിദ്യാഭ്യാസ പിന്നോക്കാവസ്ഥ.
7. സാമ്പത്തികമായുള്ള പിന്നോക്കാവസ്ഥ.
8. അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കാനുള്ള തടസ്സങ്ങൾ
9. ആനുകൂല്യങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ.
10. സാംസ്ക്കാരിക കേന്ദ്രത്തിന്റെ അഭാവം.
11. വായനശാല, ലൈബ്രറി എന്നിവയുടെ കുറവ്
12. തൊഴിൽ ദിനങ്ങളുടെ കുറവ്
13. തൊഴിൽ മേഖലയെക്കുറിച്ചുള്ള അറിവില്ലായ്മ.
14. സ്വയംതൊഴിൽ കണ്ടെത്താനുള്ള വൈമുഖ്യം.
15. ആരാധനാലയത്തിന്റെ അഭാവം.

16. കാർഷിക മേഖലയിലെ തൊഴിൽ പ്രശ്നങ്ങൾ

17. ഉച്ചനീചത്വങ്ങൾ

18. രാഷ്ട്രീയ സാമൂഹ്യ പ്രവർത്തനരംഗങ്ങളിൽ അർഹമായ സ്ഥാനങ്ങൾ നൽകാതിരിക്കൽ.

19. ഗുണകരമല്ലാത്ത സാമൂഹ്യ ചുറ്റുപാട്.

20. രാഷ്ട്രീയ പ്രസ്ഥാനങ്ങളോടുള്ള അമിതവും അന്ധവുമായ സമീപനം.

21. ലഭ്യമായ ആനുകൂല്യങ്ങൾ വേണ്ടവിധത്തിൽ ഉപയോഗിക്കുന്നില്ല.

***സാദ്ധ്യതകൾ:-***

സാമൂഹ്യ സാംസ്കാരിക, രാഷ്ട്രീയ, ഭരണമണ്ഡലങ്ങൾ എന്നുവേണ്ട ജീവിതത്തിന്റെ എല്ലാതുറകളിൽനിന്നും മാറ്റിനിർത്തിയിരിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പുരോഗതിക്കായി സാദ്ധ്യതകൾ വളരെയേറെയാണ്.

1. പാർപ്പിടം ഇല്ലാത്തവർക്ക് പാർപ്പിടം നൽകുക.
2. ഭൂമിയില്ലാത്തവർക്ക് പുറമ്പോക്കുഭൂമി പതിച്ചുനൽകുക.
3. പുറമ്പോക്ക് ഭൂമി കൈവശമുള്ളവർക്ക് പട്ടയം നൽകുക.
4. ഭാഗികമായും പൂർണ്ണമായും പണിതീർന്ന വീടുകളുടെ അറ്റകുറ്റപ്പണികൾക്ക് സാമ്പത്തികസഹായം നൽകുക.
5. വൈദ്യുതീകരിക്കാത്ത വീടുകൾക്ക് വൈദ്യുതി നൽകുക.
6. ഒരു നിശ്ചിതയൂണിറ്റ് വൈദ്യുതി ഉപയോഗിക്കുന്നവർക്ക് വൈദ്യുതിചാർജ്ജ് ഇല്ലാതാക്കുക.
7. തെരുവുവിളക്കുകൾ സ്ഥാപിക്കുക.
8. ഒരു കുടുംബത്തിൽ ഒരാൾക്കെങ്കിലും ജോലി നൽകുക.
9. പ്രാഥമികാവശ്യങ്ങൾക്കുള്ള കക്കൂസ് സൗജന്യമായി നിർമ്മിച്ചുനൽകുക.
10. നിർമ്മാണം നടത്തിയതും പൊട്ടിപ്പൊളിഞ്ഞുപോയതുമായവയ്ക്ക് സാമ്പത്തികസഹായം നൽകി ഉപയോഗയോഗ്യമാക്കുക.
11. ശുദ്ധജലം ലഭിക്കുന്നതിന് കൂടുതൽ കിണറുകൾ സ്ഥാപിക്കുക.
12. ശുചിത്വത്തെക്കുറിച്ച് ഒരവബോധം സൃഷ്ടിക്കുന്നതിന് പ്രഭാഷണം, ക്ലാസുകൾ, സെമിനാറുകൾ, സിനിമാപ്രദർശനങ്ങൾ എന്നിവ നടത്തുക.
13. വിദ്യാഭ്യാസ മേഖലയിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നഴ്സറി, ഡേകെയർ, ഫീഡിംഗ് സെന്ററുകൾ, മഹിളാസമാജങ്ങൾ, അംഗൻവാടികൾ, ട്യൂഷൻ സെന്ററുകൾ എന്നിവ സ്ഥാപിക്കുക.
14. കലാ സാംസ്കാരികരംഗത്ത് രജിസ്റ്റർ ചെയ്തുപ്രവർത്തിക്കുന്ന സംഘടനകൾക്ക് പ്രോത്സാഹനവും സാമ്പത്തികസഹായവും നൽകുക.
15. ടി. വി. സെന്ററുകൾ. ലൈബ്രറി, വായനശാല എന്നിവ പൊതു ഉപയോഗം പരിഗണിച്ച് സ്ഥാപിക്കുക.
16. ഗതാഗത സൗകര്യങ്ങൾ ഇല്ലാത്തിടത്ത് പുതിയ റോഡുകൾ കെട്ടി പ്രധാന പാതയുമായി ബന്ധിപ്പിക്കുക.
17. സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും വായ്പ മറ്റ് ആനുകൂല്യങ്ങൾ എന്നിവ ലഭിക്കുന്നതിനുള്ള സങ്കീർണ്ണങ്ങളായ നടപടിക്രമങ്ങൾ ലഘൂകരിക്കുക.
18. ചെറുകിട തൊഴിൽ സ്ഥാപനങ്ങൾ സ്ഥാപിച്ചുകൊടുക്കുക.

19. സ്വയംതൊഴിൽ കണ്ടെത്താൻ ആളുകളെ ബോധവാന്മാരാക്കുക.

20 ഇതിനുവേണ്ട സാമ്പത്തികസഹായം ലഭ്യമാക്കുന്നതിന് നടപടികൾ ആരംഭിക്കുക.

21. തൊഴിൽദിനങ്ങളുടെ എണ്ണം കാര്യമായതോതിൽ വർദ്ധിപ്പിക്കുന്നതിന് ചെന്നിത്തല പാടശേഖരത്തിൽ ഒരു കൃഷിക്കുപകരം രണ്ടാം കൃഷി നടപ്പിൽ വരുത്താനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുക.

22. പരമ്പരാഗത തൊഴിലുകൾക്ക് പ്രോത്സാഹനവും സാമ്പത്തിക സഹായകവും നൽകുക.

23. ഇതിനുവേണ്ട അസംസ്കൃത വസ്തുക്കൾ കുറഞ്ഞവിലയ്ക്ക് ലഭ്യമാക്കുക.

24. പുരോഗതിയുള്ളതും ചെറുതുമായ വ്യവസായ മേഖലകൾ കണ്ടെത്താനും പ്രയോജനപ്പെടുത്താനും ആവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുക. അവർക്കായി പ്രായോഗിക പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുക.

25. തൊഴിൽമേഖലയിൽ സമാധാനവും പരസ്പര സ്നേഹവും സൃഷ്ടിച്ചെടുക്കാൻ അന്തരീക്ഷം ഉണ്ടാക്കുക.

26. പദ്ധതിയനുസരിച്ച് പട്ടികജാതി-പട്ടികവർഗ്ഗത്തിനായി അനുവദിക്കുന്ന തുക വകമാറ്റി ചെലവിടാതെ ഇവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി മാത്രമുപയോഗിക്കുക.

27. വരുമാന വർദ്ധനവിനായി കുടുംബാടിസ്ഥാനത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

28. പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് സ്വന്തമായി ജോലിസ്ഥാപനങ്ങൾ ഉണ്ടാക്കുന്നതിന് സാമ്പത്തികസഹായം നൽകുക.

29. വിദേശങ്ങളിൽ ജോലിനേടിപ്പോകുന്നതിന് ആവശ്യമായ സാമ്പത്തികസഹായം ദേശസാൽകൃത ബാങ്കുകളിൽനിന്നും ലഭ്യമാക്കാൻ വേണ്ട നിയമം കൊണ്ടുവരിക.

30. പഞ്ചായത്തുതലത്തിൽ പ്രവർത്തിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഏതെങ്കിലും ഒന്ന് ഇവർ കൂടുതലായി താമസ്സിക്കുന്ന സ്ഥലത്ത് സ്ഥാപിക്കുക.

31. പൊതുശ്മശാനം സ്ഥാപിച്ചുകൊടുക്കുക.

32. പൊതുകളിസ്ഥലം, കമ്യൂണിറ്റിഹാൾ എന്നിവ സ്ഥാപിക്കുക.

33. ഇവർക്കായി ഒരു റേഷൻകടയ്ക്ക് ലൈസൻസ് കൊടുക്കുക.

34. ഗ്യാസ്, പെട്രോൾ മുതലായവയ്ക്ക് ഏജൻസി നൽകുമ്പോൾ ആനുപാതികമായി പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും ഏജൻസി നൽകുക.

35. പൊതുമേഖലാസ്ഥാപനങ്ങളിലും, സ്വകാര്യസ്ഥാപനങ്ങളിലും ഇവർക്ക് അർഹതപ്പെട്ട സംവരണം പാലിക്കാൻ നിയമം കൊണ്ടുവരുക.

36. രാഷ്ട്രീയഭരണ മണ്ഡലങ്ങളിലിവർക്ക് അർഹമായ പ്രാതിനിധ്യം അനുവദിക്കുക.

37. ഭരിക്കപ്പെടാൻ മാത്രമാകാതെ ഭരിക്കുന്നതിനും ഇവർക്ക് പങ്കാളിത്തം അനുവദിക്കുക.

38. വിവിധ വകുപ്പുകളിലെ സംവരണ സീറ്റുകളുടെ ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധം ചെയ്യുക.

39. വിവിധ കോർപ്പറേഷനുകളിലെ ചെയർമാൻ സ്ഥാനങ്ങൾ നൽകുമ്പോൾ ആനുപാതികമായി ഇവർക്ക് സ്ഥാനങ്ങൾ നൽകുക.

40. ദേവസ്വംബോർഡിൽ ഉണ്ടാകുന്ന ഒഴിവുകളിൽ സംവരണ തത്വം പാലിച്ച് നിയമനം നടത്തുക.

41. പി. എസ്. സി. യുടെ ചെയർമാൻ, അംഗങ്ങൾ എന്നിവരെ തെരഞ്ഞെടുക്കുമ്പോൾ അർഹമായ പ്രാതിനിധ്യം നിലനിർത്തുക.

42. ഭരണമണ്ഡലങ്ങളിൽ മന്ത്രീസ്ഥാനം നൽകുമ്പോൾ പട്ടികജാതി- പട്ടികവർഗ്ഗ ക്ഷേമവകുപ്പ് മാത്രം നൽകാതെ മറ്റുവകുപ്പുകളിൽ ഈ വിഭാഗത്തിൽനിന്നും മന്ത്രിമാരെ നിയമിക്കുക.



6 XII

# വിഭവ സമാഹരണം.

നമ്മുടെ പഞ്ചായത്ത് പ്രദേശം പ്രധാനമായും കാർഷികമേഖലയാണ്. ഭൂരിപക്ഷം ജനങ്ങളും കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നു. വ്യാവസായിക രംഗത്ത് കാര്യമായ പുരോഗതി കൈവരിക്കാൻ ഇനിയും നമുക്ക് കഴിഞ്ഞിട്ടില്ല. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിലും, കമ്പനികളിലും, നിർമ്മാണ മേഖലയിലും പണിയെടുക്കുന്നവർ ഈ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിൽ പൊതുവേ കാണുവാൻ കഴിയുന്ന ഉയർന്ന ജീവിത നിലവാരം ഗൾഫ് പണത്തിന്റെ പ്രതിഫലനം മാത്രമാണ്. പ്രധാനമായും മുൻപറഞ്ഞ വിവിധവിഭാഗം ജനങ്ങളുടെ ജീവിതനിലവാരവും, വരുമാനവും, ക്രയശേഷിയുമായും ബന്ധപ്പെട്ട് ചുമത്തപ്പെടുന്ന നികുതികളാണ് പഞ്ചായത്തിന്റെ തനത് വിഭവ സമാഹരണമേഖല. പ്രകൃതിസമ്പത്തിന്റെ നിയന്ത്രണ വിധേയമായ ചൂഷണവും അവയുടെ നിയമാനുസരണമായ വിപണനവും സാദ്ധ്യമാക്കിയാൽ പഞ്ചായത്തിന് അതുമൊരു വരുമാനമാർഗ്ഗമായി കരുതാം.

കാർഷികമേഖല ഇന്ന് പല പ്രതിസന്ധികളെയും നേരിടുകയാണ്. ഉയർന്ന കൃഷിച്ചെലവും ഉൽപ്പന്നങ്ങളുടെ വിലയിലെ അസ്ഥിരതയും കൃഷി ലാഭകരമല്ലാതാക്കിക്കൊണ്ടിരിക്കുന്നു. കാർഷികമേഖലയിലെ പ്രതിസന്ധികൾ പരിഹരിച്ചെങ്കിൽ മാത്രമേ കൃഷി മാന്യവും ആദായകരവുമായ തൊഴിലായി സ്വീകരിക്കാൻ കഴിയൂ. അങ്ങനെ വന്നാൽ പഞ്ചായത്തിന് ഇ മേഖലയിൽ നിന്നുമുള്ള വിഭവസമാഹരണം വർദ്ധിപ്പിക്കുന്നതിനും സഹായകമാകും.

വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന മേഖലയാണ് നമ്മുടേത്. ഏതാനും ചെറുകിട വ്യവസായങ്ങൾ മാത്രമാണ് ഈ പ്രദേശത്തുള്ളത്. നമ്മുടെ പഞ്ചായത്തിൽ തൊഴിൽരഹിതരുടെ എണ്ണം വളരെ കൂടുതലാണെങ്കിലും, അവരെ ചെറുകിട വ്യവസായരംഗത്തേക്ക് തിരിച്ചുവിടാൻ പഞ്ചായത്തിന് കാര്യമായി ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. താൽപര്യമുള്ള യുവാക്കൾക്ക് വ്യവസായസംരംഭങ്ങൾ ആരംഭിക്കുന്നതിന് ഇന്നുള്ള ഭയവും, ഔദ്യോഗിക മേഖലയിലും ധനകാര്യ ഏജൻസികളിലും നിന്ന് സാധാരണയുണ്ടാകാറുള്ള മെല്ലപ്പോക്ക് നയവും ഒഴിവാക്കിയാൽ ഈ മേഖലയിലേക്ക് കടന്നുവരുന്നതിന് പലരും തയ്യാറായേക്കും. അതിനാവശ്യമായ ബോധവൽക്കരണം നടത്തുവാൻ വ്യവസായ സെമിനാറുകൾ സംഘടിപ്പിക്കുന്നതിന് കഴിയണം.

കാർഷിക വ്യാവസായിക മേഖലകളിൽ ഫലപ്രദമായി ഇടപെടുന്നതിനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകിയാൽ അതുവഴി ജനങ്ങളുടെ ജീവിത നിലവാരമുയർത്തുന്നതിനും പഞ്ചായത്തുകൾക്ക് കൂടുതൽ വിഭവം കണ്ടെത്തുന്നതിനും കഴിയും. സർക്കാർ ഗ്രാന്റുകൾക്ക് ഭരണാധികാരികളെ സ്വാധീനിക്കേണ്ട നില മാറണം. പല നികുതികളിൽനിന്നും പഞ്ചായത്തുകൾക്കുള്ള വിഹിതം ലഭിക്കുന്നതിലുണ്ടാകുന്ന കാലതാമസവും ഒഴിവാക്കപ്പെടണം. ഓരോ മേഖലയിലും ഉപയോഗിക്കപ്പെടേണ്ട തുക ഒരുദിവസം മുമ്പേ ഉപയോഗിക്കാൻ കഴിഞ്ഞാൽ അതായിരിക്കും ഏറെ നന്ന്. അതാവും ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദവും. സർക്കാർ

ഗ്രാന്റുകൾ ജനസംഖ്യ, പട്ടികജാതി ജനസംഖ്യ, ദാരിദ്ര്യരേഖക്കുതാഴെയുള്ള ജനസംഖ്യ, സ്ത്രീകളുടെ എണ്ണം എന്നിങ്ങനെ ജനസംഖ്യാനുപാതികമായി മാത്രം വിതരണം ചെയ്യണം. ഗ്രാന്റുകളുടെ നീതിപൂർവ്വമായ വിതരണത്തിന് മുൻപറഞ്ഞ ഘടകങ്ങൾ ശ്രദ്ധിക്കണം.

വിവിധ മേഖലകളിലെ തൊഴിലാളികളെയും നികുതി നൽകുവാൻ ബാധ്യതയുള്ള എല്ലാ ജനങ്ങളെയും നികുതിദായകരായി മാറ്റുവാൻ കഴിയണം. നിലവിലുള്ള നികുതികൾ ലളിതവും യുക്തിസഹവുമായിരിക്കണം. നികുതി ജനത്തിന് ഭാരമാവാൻ പാടില്ല. പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്ക് വഹിക്കലാണ് നികുതി നൽകുകവഴി ചെയ്യുന്നതെന്ന് ജനങ്ങളെ മനസ്സിലാക്കുന്നതിനുതകുന്ന തരത്തിൽ ഫലപ്രദമായ ബോധവൽക്കരണമുണ്ടാവണം. വാർഡ് വികസന സമതികളും, വാർഡ് പ്രതിനിധികളും ബോധവൽക്കരണത്തിൽ പ്രധാന പങ്ക് വഹിക്കണം. വിവിധ നികുതികൾ ഒരേസമയം തന്നെ പിരിക്കാതെ, കെട്ടിടനികുതി, തൊഴിൽനികുതി, ഭൂനികുതി തുടങ്ങിയവ വിവിധ കാലങ്ങളിലായി പിരിച്ചെടുത്ത്, നികുതി നൽകുന്നവർക്ക് ഭാരമാകാതെ ശ്രദ്ധിക്കുകയും വേണം. പഞ്ചായത്തിന്റെ കണക്ക് സ്വയം ബോധ്യപ്പെടുവാൻ ഓരോ നികുതിദായകനും അവകാശമുണ്ട്. അവ കൃത്യമായി സൂക്ഷിക്കുന്നതിനും പഞ്ചായത്താഫീസിൽ പ്രസിദ്ധം ചെയ്യുന്നതിനും സംവിധാനമുണ്ടാക്കണം. നികുതിദായകനെ നേരിൽകണ്ട് നികുതി ഈടാക്കുന്നതിന് കഴിയത്തക്കവിധം കൂടുതൽ ജീവനക്കാരെ നിയമിക്കണം.

## പ്രധാന വരവിനങ്ങൾ 1991- '92 to '95 - '96

| ഇനം | '91 - '92 | '92 - '93 | '93 - '94 | '94 - '95 | '95 - '96 |
|---|---|---|---|---|---|
| കെട്ടിട നികുതി | 212346. 40 | 226983.90 | 327594.50 | 338172.25 | 362169.80 |
| തൊഴിൽ നികുതി | 68560. 00 | 78323.00 | 87126.00 | 102273.00 | 118760.00 |
| വിനോദ നികുതി | 7242. 00 | 10808.00 | - | - | - |
| ചന്ത | 3110. 00 | 38962.00 | 35990.00 | 19769.00 | 100633.00 |
| ലൈസൻസ് ഫീസ് | 2743.77 | 4611.50 | 5182.00 | 5858.00 | 8144.00 |
| വസ്തു കൈമാറ്റ നികുതി 75% | 204877. 00 | 189206.00 | 331827.00 | 279712.00 | 224725.00 |
| ഡെപ്പോസിറ്റ് | 207000. 00 | 64378.00 | 28835.00 | 203630.00 | 20910.00 |
| മറ്റുള്ളവ | 342393. 03 | 531155.85 | 328743.05 | 605287.40 | 1153452.60 |
| ആകെ | 1048272. 10 | 1144427.25 | 1145257.55 | 1554701.65 | 1988794.40 |

കെട്ടിട നികുതി,തൊഴിൽ നികുതി, വിനോദ നികുതി എന്നിവ ഉൾക്കൊള്ളുന്ന തനതു മേഖലയാണ് പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗം. പഞ്ചായത്തിലെ കെട്ടിടങ്ങളുടെയും, സ്ഥാപനങ്ങളുടേയും തരംതിരിച്ചുള്ള കണക്കു ചുവടെ

| | ഒന്നിൽ കൂടുതൽ നിലയുള്ളത് | ഒരു നില കെട്ടിടങ്ങൾ | | | മൊത്തം കെട്ടിടങ്ങൾ |
|---|---|---|---|---|---|
| | | കോൺക്രീറ്റ് | ഓട് | ഓല | |
| കെട്ടിടങ്ങൾ | 188 | 2962 | 3552 | 1134 | 7836 |

| സ്ഥാപനങ്ങൾ | വിദ്യാഭ്യാസം | ആരോഗ്യം | ചെറുകിട വ്യവസായം | കച്ചവടം/വ്യാപാരം |
|---|---|---|---|---|
| | 13 | 5 | 32 | 240 |




| വർഷം | MI | VTC | അടിസ്ഥാന നികുതി 75% | JRY | ഉപാധി രഹിത ഫണ്ട് | ആകെ |
|---|---|---|---|---|---|---|
| '91 - '92 | 20900 | 15074 | 140588 | 406600 | 207000 | 790158 |
| '92 - '93 | 20900 | 29827 | 124206 | 455086 | 218000 | 848019 |
| '93 - '94 | 20900 | - | 195592 | 359700 | 230000 | 806192 |
| '94 - '95 | 20900 | - | 184794 | 308950 | 315000 | 829642 |
| '95 - '96 | 22400 | 363794 | 224725 | 263600 | 328000 | 1202159 |

**മൊത്തം വരുമാനം '95 – '96**



### തനത് വരുമാനം '95 – '96




### സർക്കാർ ഗ്രാന്റ് '95 – '96




**1. കെട്ടിട നികുതി**

കെട്ടിട നികുതി പഞ്ചായത്തിന്റെ പ്രധാനപ്പെട്ട വരുമാന മാർഗ്ഗമാണ്. എന്നാൽ ഇത് ശാസ്ത്രീയമായി നിർണയിക്കുന്നതിന് കഴിയണം. കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണത്തിന്റെയും, ആർഭാട വസ്തുക്കളുടെ ഉപയോഗത്തിന്റെ അടിസ്ഥാനത്തിലുമാവണം നികുതി നിർണ്ണയിക്കേണ്ടത്. പഴയ കെട്ടിടങ്ങൾ പൊളിച്ചു പണിയുകയോ ഭാഗീകമായി പുതുക്കി പണിയുകയോ ചെയ്തിട്ടുള്ളതിന് പുതുതായ നികുതി നിർണ്ണയിച്ചാൽ കെട്ടിട നികുതിയിൽ ഇന്നുള്ള അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിനും പഞ്ചായത്തിന് ഗണ്യമായ വരുമാനം കണ്ടെത്തുന്നതിനും കഴിയും. നികുതി നിർണയിച്ചത് എങ്ങനെയെന്ന് ഓരോ വീട്ടുടമസ്ഥനെയും ബോദ്ധ്യപ്പെടുത്തുന്നത് അഴിമതി കുറയ്ക്കുന്നതിന് സഹായിക്കും.

വീടുകളല്ലാത്ത കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തേണ്ടതാണ്

കെട്ടിട നികുതി പരിച്ചെടുക്കുന്നതിന് കുറേക്കൂടി ഫലപ്രദമായ മാർഗ്ഗം സ്വീകരിക്കണം. അതാത് വർഷം കൃത്യമായി നികുതി നൽകുന്നതിന് നികുതിദായകനെ പ്രേരിപ്പിക്കുന്ന തരത്തിൽ ബോധവൽക്കരണം ഉണ്ടാവണം.

2. തൊഴിൽ നികുതി.

സർക്കാർ സ്ഥാപനങ്ങളിലും എയ്ഡഡ് സ്കൂളുകളിലും ജോലി ചെയ്യുന്നവരിൽ നിന്നാണിപ്പോൾ ഫലപ്രദമായി തൊഴിൽനികുതി ഈടാക്കുന്നത്. എല്ലാ മേഖലകളിലും, പണിയെടുക്കുന്നവരിൽനിന്നും, വ്യാപാരികളിൽനിന്നും, തൊഴിൽനികുതി ഈടാക്കുന്നതിന് കഴിയണം. കാർഷിക, നിർമ്മാണ മേഖലകളിലെ തൊഴിലാളികളെ ഗ്രൂപ്പ് ഇൻഷ്വറൻസിൽ ഉൾപ്പെടുത്തിയാൽ അംഗത്വമുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ കഴിയും. ഇത് എല്ലാ മേഖലകളിലേയും തൊഴിലാളികൾക്കും ബാധകമാക്കാവുന്നതാണ്. തൊഴിൽ ചെയ്യുന്ന മുഴുവൻ പേരേയും നികുതിദായകരാക്കി മാറ്റുവാൻ കഴിയണം.

3. വിനോദ നികുതി.

നമ്മുടെ പഞ്ചായത്തിൽ ഒരു തിയേറ്റർ പ്രവർത്തിച്ചിരുന്നു. ഏതാനും വർഷങ്ങൾക്ക് മുമ്പ് അത് കത്തി നശിച്ചതോടുകൂടി പഞ്ചായത്ത് പ്രദേശത്ത് തിയേറ്റർ ഇല്ലാതായി. നമ്മുടെ പഞ്ചായത്തിന്റെ പരിധിയിൽ ഒരു തിയേറ്റർ സ്ഥാപിക്കുന്നതിനുള്ള ശ്രമത്തെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇപ്പോൾ വിനോദ നികുതിയിനത്തിൽ പഞ്ചായത്തിന് വരുമാനമില്ല.

4. ഖനനം.

നമ്മുടെ പഞ്ചായത്തിലെ പുഴയിൽ നിന്നും, പുഴയോരങ്ങളിൽനിന്നും, പാടശേഖരങ്ങളിൽനിന്നും മണൽ, ചെളി തുടങ്ങിയ പ്രകൃതി വിഭവങ്ങൾ നിയന്ത്രണാതീതമായി ചൂഷണം ചെയ്യപ്പെടുന്നുണ്ട്. ഇത് ഫലപ്രദമായി നിയന്ത്രിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണം. നിയന്ത്രണവിധേയമായ ചൂഷണം അനുവദിക്കുകയും അതിൽ നിന്ന് പഞ്ചായത്ത് വരുമാനം കണ്ടെത്തുകയും വേണം. പുഴയോരങ്ങളിൽനിന്നും പാലം തുടങ്ങിയവയിൽനിന്നും നിശ്ചിത അകലം തീരുമാനിച്ച് നിയന്ത്രണങ്ങൾക്ക് വിധേയമായി മണൽ വാരുന്നതിന് അനുവദിക്കണം. ഓരോ വർഷവും ഈ അവകാശം ലേലം ചെയ്തുകൊടുക്കുന്നത് പഞ്ചായത്തിന് ഒരു വരുമാനമാർഗ്ഗമായിരിക്കും. യാതൊരു നിയന്ത്രണവുമില്ലാതെ മണൽവാരുന്നത് പരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകാറുണ്ട്. എടുക്കുന്ന മണലിന്റെ അളവിനുമേൽ പഞ്ചായത്തിനു നിയന്ത്രണമുണ്ടാവണം. എന്നാൽ മണൽ വാരുന്നത് നിശ്ചിത സമയത്തല്ലാത്തതിനാലും പല വഴിക്കും മണൽ കടത്തുന്നതിനാലും ഇതിന്റെ അളവ് നിയന്ത്രിക്കുക സാധ്യമല്ല. മണൽ വാരൽ തൊഴിലാളികളുടെ സഹകരണസംഘങ്ങൾ രൂപീകരിച്ച് മണൽ വാരുന്നതിനുള്ള കുത്തകാവകാശം അവർക്കുനൽകിയാൽ ഈ പ്രശ്നം പരിഹരിക്കാവുന്നതേയുള്ളൂ.

ചെലവ്

കഴിഞ്ഞ 5 വർഷക്കാലത്തെ പ്രധാന ചെലവിനങ്ങൾ ചുവടെ.

| ഇനം | '91 - '92 | '92 - '93 | '93 - '94 | '94 - '95 | '95 - '96 |
|---|---|---|---|---|---|
| ഭരണ ചെലവ് | 317081.85 | 339325.10 | 315775.80 | 497996.90 | 572283.00 |
| പൊതു മരാമത്ത് | 88620.00 | 168747.25 | 141750.25 | 497633.00 | 651912.60 |
| വിദ്യാഭ്യാസം | 34876.00 | 7109.00 | 7484.00 | 18244.75 | 18023.75 |
| ജലവിതരണം | - | 4271.50 | - | 5145.00 | 7250.00 |
| പൊതുജനാരോഗ്യം | 24426.00 | 33061.20 | 14566.00 | 20546.00 | 24381.00 |
| തെരുവുവിളക്ക് | 87743.00 | 104353.20 | 95408.20 | 164405.70 | 141820.00 |
| സാമൂഹിക ക്ഷേമം | 15184.30 | 11758.00 | 4359.90 | - | - |
| പഞ്ചായത്ത് സ്വത്ത് | 274752.70 | 244545.10 | 126530.00 | 53302.00 | 56550.00 |
| അസാധാരണ ചെലവ് | - | - | - | 258757.00 | 49520.00 |
| ആകെ | 842684.45 | 913170.35 | 705948.15 | 1516630.35 | 1521740.30 |

പഞ്ചായത്തിന്റെ പ്രധാന ചെലവിനം ഭരണപരമായ ചെലവുകളാണ്. ഭരണചെലവ് കഴിഞ്ഞ 5 വർഷങ്ങളായി മൊത്തം ചെലവിന്റെ 32.83% നും 44.73% നും മദ്ധ്യേ നിൽക്കുന്നു. ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും അംഗങ്ങളുടെ അലവൻസുകളും ഒഴിവാക്കാൻ കഴിയാത്ത ചെലവിനങ്ങളാണ്. എന്നാൽ അനാവശ്യവും ആർഭാടകരവുമായ ചെലവുകൾ പഞ്ചായത്തിന്റെ പൊതുധനസ്ഥിതി മനസ്സിലാക്കി മാത്രം അനുവദിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കണം. മരാമത്ത് പണികൾക്ക് ചെലവാക്കിയ തുകയിൽ 95-96 ൽ ഒരു കുതിച്ചുചാട്ടമുണ്ടായിട്ടുണ്ട്. വിദ്യാഭ്യാസത്തിനും സാമൂഹികക്ഷേമത്തിനും കൂടുതൽ ശ്രദ്ധയുണ്ടാവണം. പൊതുജനാരോഗ്യരംഗത്ത് പഞ്ചായത്ത് കാട്ടുന്ന കടുത്ത അനാസ്ഥ മനസ്സിലാക്കാം. ഏറെ പ്രധാനപ്പെട്ട ഈ മേഖലിയിൽ 5 വർഷം മുമ്പ് ചെലവഴിച്ച തുകയിൽനിന്നും പിന്നീട് പുറകോട്ട് പോയിരിക്കുന്നത് ടി രംഗത്തെ അനാസ്ഥയെയാണ് സൂചിപ്പിക്കുന്നത്. ഈ മേഖലയിൽ കൂടുതൽ ശ്രദ്ധിക്കുന്നതിന് കഴിയണം.

പ്രത്യക്ഷ ഉത്പാദന മേഖലയിൽ പഞ്ചായത്ത് സമീപകാലത്ത് കാര്യമായ പ്രവർത്തികൾ നടത്തിയിട്ടില്ല. കാരാഴ്മ മാർക്കറ്റനു സമീപം 11 കടമുറികളുള്ള ഒരു ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുവാൻ പഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്. ആയതിന് റൂറൽ ഡവലപ്പ്മെന്റ് ബോർഡിൽ നിന്നും 5,14,410 രൂപാ കടമെടുത്തിട്ടുണ്ട്. ടി കടം തിരിച്ചടയ്ക്കുന്നതിന് മൊത്തം ചെലവിന്റെ 6.2% ഉപയോഗിക്കപ്പെടുന്നു. ടി ഠതിൽ 61,153 രൂപാ ലഭിക്കുന്നു. കടം തിരിച്ചടയ്ക്കുന്നതിന് ഇത്രയും തുകതന്നെ തികയുന്നിധ ഠല എന്നത് ഖേദകരമാണ്.






## ധനകാര്യസ്ഥാപനങ്ങൾ

ഈ പഞ്ചായത്തിന്റെ പരിധിയിൽ S.B.T.യുടേയും കോർപ്പറേഷൻ ബാങ്കിന്റേയും ശാഖകളും ചെന്നിത്തല-തൃപ്പെരുന്തുറ സർവ്വീസ് സഹകരണ ബാങ്കുമാണ് പ്രധാനപ്പെട്ട ധനകാര്യസ്ഥാപനങ്ങൾ. ഇരുപതോളം സ്വകാര്യ ബാങ്കുകളും ഈ പഞ്ചായത്തിലുണ്ട്. നിക്ഷേപങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ വായ്പ വളരെ ക്കുറവാണ്. ദേശസാൽകൃത ബാങ്കുകളിൽ സംസ്ഥാനതല നിക്ഷേപ-വായ്പാ അനുപാതം 40% ആയിരിക്കേ നമ്മുടെ പഞ്ചായത്തിലെ നിക്ഷേപ-വായ്പാ അനുപാതം വെറും 15% മാത്രമാണ്. നമ്മുടെ പഞ്ചായത്തിൽ നിന്നും സമാഹരിക്കപ്പെടുന്ന നിക്ഷേപങ്ങൾ നമ്മുടെ പഞ്ചായത്തിലെ തന്നെ പ്രത്യുൽപാദനപരമായ മേഖല കളിൽ ഉപയോഗിക്കപ്പെടുന്നില്ല എന്നുള്ളത് ഇതിൽനിന്നും ബോധ്യമാകുന്നു. എന്നാൽ ചെന്നിത്തല-തൃപ്പെ രുന്തുറ സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനങ്ങൾക്ക് ഇതിൽ നിന്നും തികച്ചും വ്യത്യസ്ഥമാണ്. ടി ബാങ്കിൽ 96 സെപ്തംബർ വരെയുള്ള നിക്ഷേപം 1,80,00,000 രൂപയും വായ്പ 1.00,52,044.37 രൂപയു മാണ്. നിക്ഷേപ-വായ്പാ അനുപാതം ഏകദേശം 56% വരും. നമ്മുടെ പഞ്ചായത്തിലെ സാധാരണ കർഷ കർക്കാണ് ഭൂരിപക്ഷം വായ്പകളും നൽകപ്പെടുന്നത്. നൽകപ്പെടുന്ന ലോൺ തുകയുടെ ഏകദേശം 95% കാലാവധിക്കുള്ളിൽ തിരിച്ചടക്കപ്പെടുന്നു എന്നുള്ളത് സാധാരണഗതിയിൽ അത്ഭുതകരമാണ്. നാട്ടിൽപുറ ങ്ങളിലെ സാധാരണ കർഷകർക്ക് നൽകുന്ന വായ്പകൾ കാലാവധിക്കുള്ളിൽ തിരിച്ചടയ്ക്കപ്പെടുന്നില്ല എന്ന ബാങ്കുകളുടെ സാധാരണ പരാതിയുടെ മുനയൊടിക്കുന്നതാണ് പ്രസ്തുതത ബാങ്കിന്റെ പ്രവർത്തനരീതി. സുതാര്യവും ലളിതവുമായ വ്യവസ്ഥകളും, ആവശ്യമായ വേഗതയും ബാങ്കുലോണുകൾ അനുവദിക്കുന്ന തിലുണ്ടായൽ, ദേശസാൽകൃത ബാങ്കുകളിൽ നിന്നും കർഷകരും മറ്റ് ഉപഭോക്താക്കളും വായ്പകൾ എടു ക്കുന്നതിൽ കാട്ടുന്ന വിമുഖത പരിഹരിക്കപ്പെടാം. ചെറുകിട വ്യവസായ സംരംഭകർക്കും ഡി. എം. ആർ. വൈ. സ്കീമിലും മറ്റും നൽകപ്പെടുന്ന വായ്പകൾക്കും ഈ സ്ഥിതി തന്നെയാണുള്ളത്. ടി സ്കീമിൽ ഒരു വായ്പ നേടിയെടുക്കുന്നതിന് ഒരു പുരുഷായിസിലെ അദ്ധ്വാനശേഷി മുഴുവൻ നഷ്ടപ്പെടുത്തിയാലും ലഭി ക്കുന്ന തുക നിർദ്ദിഷ്ട പ്രോജക്ടുകൾക്ക് പര്യാപ്തമല്ലാതിരിക്കുന്ന സ്ഥിതി വ്യവസായ സംരംഭകരെ പിന്നോ ട്ടടിപ്പിക്കുന്നതിനു കാരണമാകുന്നു.

ഈ മേഖലയിലുള്ള ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വവും മാറേണ്ടതാണ്. വ്യവസായ സംരംഭകർക്ക് സഹായം നൽകുന്നതിനുള്ള ഗ്രീൻചാനൽ സംവിധാനങ്ങളും മറ്റും വെറും പ്രഹസനങ്ങൾ മാത്രമായിരിക്കുന്ന രീതി മാറണം. നമ്മുടെ പഞ്ചായത്തിൽ നിന്നും സ്വീകരിക്കപ്പെടുന്ന നിക്ഷേപത്തിന്റെ കുറഞ്ഞത് 50% എങ്കിലും നമ്മുടെ പഞ്ചായത്തിലെ തന്നെ കാർഷിക-വ്യാവസായിക മേഖലകളിൽ വായ്പകളായി അനുവദിച്ച് നിക്ഷേപ-വായ്പാ അനുപാതത്തിലെ ഭീമമായ വ്യത്യാസം ഒഴിവാക്കാൻ കഴിയണം.

പഞ്ചായത്ത് അംഗീകരിക്കുന്ന പദ്ധതികൾക്ക് ബാങ്ക് വായ്പകൾ എടുക്കുന്നതിനുള്ള സാദ്ധ്യത പുതിയ പഞ്ചയത്ത് ആക്ടിലുണ്ട്. അത് പ്രയോജനപ്പെടുത്തി പഞ്ചായത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാൻ കഴിയണം.

സ്വകാര്യ മേഖലയിലെ ധനകാര്യ സ്ഥാപനങ്ങൾക്കും ഈ പഞ്ചായത്തിലെ സാമ്പത്തിക മേഖല യിൽ കാര്യമായ സ്വാധീനമുണ്ട്. ലളിതമായ വ്യവസ്ഥകൾ കർശഷകരെയും വ്യാപാരികളെയും ഉയർന്ന പലിശ നിരക്കിലും അവരിൽനിന്നും വായ്പകൾ എടുക്കുന്നതിന് പ്രേരിപ്പിക്കുന്നു.

## ഗൾഫ് കുടിയേറ്റത്തിന്റെ സ്വാധീനം

നമ്മുടെ പഞ്ചായത്തിലെ ഒരു ഗണ്യമായ വിഭാഗം ജനങ്ങളുടെ ഉയർന്ന ജീവിതനിലവാരം ഗൾഫ് പണത്തിന്റെ പ്രതിഫലനമാണ്. ഗൾഫ് മേഖലയിലും പാശ്ചാത്യരാജ്യങ്ങളിലും ജോലിചെയ്യുന്ന വിദേശമലയാ ളികൾ നമുക്കുണ്ട്. ഇവർ നേടിത്തരുന്ന വിദേശനാണ്യം രാജ്യത്തിന്റെ മൊത്തത്തിലുള്ള വളർച്ചയ്ക്കും, വിക സനത്തിനും സഹായകമാകുന്നുണ്ടെങ്കിലും, പ്രാദേശികമായി അത് തീരെ പ്രയോജനപ്പെടുന്നില്ല. വിദേശ മല യാളികളുടെ കുടുംബങ്ങൾ താരതമ്യേന ഉയർന്ന ജീവിതനിലവാരം നിലനിർത്തുന്നവരാണെങ്കിലും സുര ക്ഷിതമായ സാമ്പത്തിക സ്ഥിതി കൈവരിച്ചവർ ഇവരിൽ 50 ശതമാനത്തോളമേ വരൂ. ഇവരുടെ സമ്പാദ്യ ങ്ങൾ ഭൂരിപക്ഷവും ബാങ്കുകളിലെ എൻ. ആർ. ഐ. നിക്ഷേപങ്ങളായി നിലനിൽക്കുന്നതല്ലാതെ പ്രത്യുൽപാ ദന മേഖലകളിൽ കാര്യമായി ഉപയോഗിക്കപ്പെടുന്നില്ല. ആഡംബരപൂർണ്ണമായ വീടുകൾ പണിയുന്നതിലും,

കൂടുതൽ ആർഭാടകരമായ ജീവിത സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനുമാണ് അവർ മുൻഗണന നൽകുന്നത്. ഇവരുടെ ഉപഭോഗ സംസ്കാരം ഇടത്തരക്കാരായ ജനങ്ങളിൽ ഒട്ടേറെ ദൂഷ്ഫലങ്ങൾ ഉളവാക്കുന്നുണ്ട്.

ഗൾഫ് മേഖലയിലെ തൊഴിലുറപ്പ് നഷ്ടപ്പെടുന്നതും ആ മേഖലയിലെ അനിശ്ചിതാവസ്ഥയും അവർ നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. വിദേശത്തുനിന്നും പണി നഷ്ടപ്പെട്ട് തിരികെയെത്തുന്നവരെ പുനരധിവസിപ്പിക്കുന്നതിന് സംസ്ഥാന തലത്തിൽ ശ്രമങ്ങൾ ഉണ്ടാകണം.

വിദേശത്തു പണിയെടുക്കുന്നവരും മടങ്ങിവന്നവരും ചേർന്ന് സഹകരണസംഘങ്ങൾ രൂപീകരിച്ച് ഓഹരി അടിസ്ഥാനത്തിൽ മൂലധനം സ്വരൂപിച്ച് സുരക്ഷിതമായ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് പ്രേരിപ്പിക്കുന്നതിനും ആവശ്യമായ വ്യവസായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും പഞ്ചായത്ത് തയ്യാറാകണം.

***ഗൾഫ് ജോലിക്കാരുടെ വാർഡു തിരിച്ചുള്ള കണക്ക്***

| I | II | III | IV | V | VI | VII | VIII | IX | X | XI |
|---|---|---|---|---|---|---|---|---|---|---|
| 64 | 125 | 65 | 89 | 91 | 117 | 53 | 89 | 61 | 127 | 94 |

(അവലംബം: സാമൂഹിക സാമ്പത്തിക സർവ്വെ 96)

***മറ്റു ധനാഗമന മാർഗങ്ങൾ***

പഞ്ചായത്തുവക ഷോപ്പിംഗ് കോംപ്ലക്സും ചന്തയും പഞ്ചായത്തിന് ഒരു നല്ല വരുമാന മാർഗ്ഗമാണ്. ചന്ത കാലാനുസൃതമായി അനുയോജ്യമായ തുകയ്ക്ക് ലേലം ചെയ്യുകയും ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടക വർഷാവർഷം പുതുക്കി നിശ്ചയിക്കുന്നത് പണത്തിന്റെ മൂല്യാധിഷ്ഠിത പരിഗണനയ്ക്ക് വിധേയമായും വേണം. പഞ്ചായത്തുവക സ്ഥലങ്ങളിലുള്ള മേലാദായം ഓരോ വർഷവും കാലാനുസൃതമായ തുകക്ക് ലേലം ചെയ്തു കൊടുക്കണം. ഫലപ്രദമായ രീതിയിൽ പരസ്യം ചെയ്തതിനുശേഷം മാത്രം മേലാദായം ലേലം ചെയ്യേണ്ടതും, ലേലത്തുക അതാതു വാർഡു മെമ്പർമാർ ബോധ്യപ്പെടേണ്ടതുമാണ്. ലേലത്തിൽ മത്സരബുദ്ധി നിലനിർത്താൻ ബോധപൂർവ്വം അംഗങ്ങൾ ശ്രമിക്കുകയും വേണം.

***വിഭവ സമാഹരണത്തിനുള്ള പുതിയ സാദ്ധ്യതകൾ***

1. നമ്മുടെ പഞ്ചാത്തിൽ 142 ഏക്കർ പുറമ്പോക്ക് ഭൂമിയുണ്ട്. പുഴ പുറമ്പോക്കായും വിവിധ മേഖലകളിലായും നിലവിലുള്ള പുറമ്പോക്കു ഭൂമികൾ അടിയന്തിരമായ അളന്നു തിട്ടപ്പെടുത്തണം. നാമമാത്രമായും, വ്യാപകമായും പുറമ്പോക്ക് കൈവശം വെച്ചിരിക്കുന്നവർ നമ്മുടെ പഞ്ചായത്തിലുണ്ട്. അളന്നു തിട്ടപ്പെടുത്തുന്ന പുറമ്പോക്ക് ഭൂമി, നാമമാത്രമായി കൈവശം വെച്ചിരിക്കുന്നവർക്ക് ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്ന വിലയുടെ (പൊന്നുംവില) 50% നിരക്കിൽ പതിച്ച് പട്ടയം നൽകണം. വ്യാപകമായി പുറമ്പോക്ക് ഭൂമി കൈവശം വച്ചിരിക്കുന്നവരിൽ നിന്നും അവ തിട്ടപ്പെടുത്തി തിരിച്ചെടുത്ത് പഞ്ചായത്തിന്റെ വിവിധ വികസനപ്രവർത്തനങ്ങൾക്ക് ഉപയുക്തമാക്കുകയും, യോജിക്കാത്തവം കൈവശക്കാർക്ക് മുൻപറഞ്ഞ 50% നിരക്കിൽ വിതരണം ചെയ്യുകയും വേണം. ഇങ്ങനെ ലഭിക്കുന്ന തുക പ്രത്യുൽപാദനപരമായ മേഖലയിൽ പഞ്ചായത്തിന് ഉപയോഗിക്കുന്നതിനും അതിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും കഴിയും.

2. നമ്മുടെ പഞ്ചായത്തിന്റെ വ്യാവസായിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് പഞ്ചായത്തിൽ ലഭ്യമാകുന്ന അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ചുള്ള വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് ശ്രമിക്കാവുന്നതാണ്. നമ്മുടെ പഞ്ചായത്തിലെ പ്രധാന കാർഷിക വിഭവം നെല്ലാണ്. നെല്ലിന്റെ വിപണി കർഷകന് നിയന്ത്രിക്കാൻ കഴിയുന്ന സ്ഥിതിയിന്നില്ല. പുറത്തുനിന്നും വരുന്ന കച്ചവടക്കാരുടെ താത്പര്യപ്രകാരമാണ് വിപണിയിൽ വില നിശ്ചയിക്കപ്പെടുന്നത്. മറ്റുവിളകൾക്കുള്ളതുപോലെ സംസ്ഥാനത്താകെ ഒരേകീകൃത വില നെല്ലിനില്ല. നെല്ലു സംസ്കരണ മേഖലയായ കാലടി ബാലരാമപുരം തുടങ്ങിയ പ്രദേശങ്ങളിലെ ഏജന്റുമാർ ആ പ്രദേശങ്ങളിൽ നിലനിൽക്കുന്നതിലും വളരെ കുറഞ്ഞ വില നൽകിയാണ് ഇവിടുത്തെ കർഷകരിൽ നിന്നും നെല്ലു വാങ്ങുന്നത്. ഈ ദുഃസ്ഥിതി പരിഹരിക്കുന്നതിന്, നമ്മുടെ പഞ്ചായത്തിൽ തന്നെ നെല്ലുസംസ്കരിക്കന്നതിന് ഒരാധുനിക മില്ല് (മോഡേൺ റൈസ് മിൽ) സ്ഥാപിക്കണം. ഇതിന് പഞ്ചായത്ത് ഭൂമി സൗജന്യമായി നൽകണം. കരമാർഗ്ഗവും, ജലമാർഗ്ഗവും ഗതാഗതസൗ

കര്യമുള്ള മേഖലയിൽ ഇതിനുവേണ്ടി ഭൂമി കണ്ടെത്തുവാൻ പഞ്ചായത്തിനു കഴിയും. മില്ല് സ്ഥാപിക്കുന്നതിന് ആവശ്യമായ മൂലധനത്തിന്റെ 50% പഞ്ചായത്ത് നൽകണം. ഇതിനാവശ്യമായ പണം (പുറമ്പോക്കു ഭൂമി കൈവശക്കാർക്ക് കുറഞ്ഞ നിരക്കിൽ നൽകി ലഭിക്കുന്ന തുകയിൽനിന്നും കണ്ടെത്തണം) ബാക്കി 50% കർഷകർക്ക് ഓഹരി നൽകി സ്വരൂപിക്കണം. ചെന്നിത്തല തൃപ്പെരുന്തുറ സർവ്വീസ് സഹകരണ സംഘത്തിന്റെ പ്രവർത്തനം മാതൃകയാക്കിയാൽ ഇത്തരം ഒരു സംരംഭം ലാഭകരമായി കൊണ്ടു പോകുവാൻ കഴിയും. കർഷകരുടെ ഉത്പന്നത്തിന് ന്യായമായ വില ലഭിക്കുന്നതിന് ഇതുമൂലം കഴിയും. മില്ല് ഓരോ വർഷവും നേടുന്ന ലാഭം ഓഹരി അടിസ്ഥാനത്തിൽ വീതിച്ചുനൽകാവുന്നതുമാണ്. മില്ലിന്റെ 50% ലാഭവിഹിതം പഞ്ചായത്തിന് ഗണ്യമായ വരുമാനവുമാകും.

3. കൃഷി ഭൂമി നികത്തിയിട്ടുള്ളവരിൽനിന്ന് സെന്റൊന്നുക്ക് ഒരു നിശ്ചിത തുക പഞ്ചായത്തിന് ഈടാക്കാം. മുമ്പു കൃഷിസ്ഥലമായിരുന്നതും നിലവിൽ നികത്തിയിട്ടുള്ളതും, എന്നാൽ വില്ലേജ് രേഖകളിൽ കൃഷി ഭൂമിയായി നിലനിൽക്കുന്നതുമായ ഭൂമിക്കുവേണം ഇങ്ങനെയൊരു ചെറിയ തുക ഈടാക്കാൻ.

5. പഞ്ചായത്തിൽ അറവുശാലകൾ നിർമ്മിക്കുകയും അറവുശാലകളിൽ അറക്കുന്ന മാടുകൾ നിർബന്ധമായും പഞ്ചായത്ത് വെറ്ററിനറി സർജൻ സർട്ടിഫൈ ചെയ്തവയായിരിക്കണം. ഇങ്ങനെ സർട്ടിഫൈ ചെയ്യുന്നതിന് നിശ്ചിത ഫീസ് (രണ്ടോ നാലോ രൂപാ) ഈടാക്കണം. കാലാന്തരത്തിലിത് പുതുക്കി നിശ്ചയിക്കാവുന്നതാണ്.

6. പഞ്ചായത്തിന്റെ കൈവശമുള്ളതോ വിവിധ സ്ഥലങ്ങളിൽ പുറമ്പോക്കായുള്ളതോ ആയസ്ഥലങ്ങളിൽ ആഴ്ച ചന്തകൾ ആരംഭിക്കണം. പഞ്ചക പദ്ധതിയിൽകൂടിയും മറ്റും പ്രോത്സാഹിപ്പിക്കപ്പെടുന്ന കർഷകരുടെ ഉത്പന്നങ്ങളും മറ്റു സാധനങ്ങളും ഇവിടെ വിപണനം ചെയ്യുന്നതിനു കഴിയും. ഇതിന് പഞ്ചായത്ത് നിശ്ചിത ഫീസ് ഈടാക്കുകയോ ലേലം ചെയ്തു നൽകുകയോ ചെയ്യാം.

7. ഒരു നിശ്ചിത കാലയളവിനുള്ളിൽ പൊളിച്ചു പണിയുകയോ ഭാഗീകമായി പുതുക്കി പണിയുകയോ ചെയ്തിട്ടുള്ള കെട്ടിടങ്ങൾക്ക് പുതുതായി നികുതി നിർണയിച്ച കെട്ടിട നികുതിയിലുള്ള അസന്തുലിതാവസ്ഥ പരിഹരിക്കണം.

8. മുഴുവൻ കച്ചവട സ്ഥാപനങ്ങൾക്കും ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്കും ലൈസൻസ് ഏർപ്പെടുത്തുകയും കാലാകാലങ്ങളിൽ ഫീസ് പിരിച്ചെടുക്കുകയും ചെയ്യുക. ഫീസ് അതാത് കാലങ്ങളിൽ തന്നെ പിരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

9. ഇഷ്ടിക ചൂളകൾക്ക് ലൈസൻസ് ഏർപ്പെടുത്തുകയും തൊഴിലാളികളെ ഗ്രൂപ്പ് ഇൻഷുറൻസിൽ ചേർക്കുകയും അംഗത്ത്വത്തിന്റെ അടിസ്ഥാനത്തിൽ ലളിതമായ തൊഴിൽ നികുതി ഈടാക്കുകയും വേണം.

10. പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിന് പരസ്യ നികുതി ഈടാക്കുകയും നികുതി നൽകാത്തവരുടെ പേരിൽ നടപടി സ്വീകരിക്കുകയും വേണം.

11. റോഡിന്റെ വശങ്ങളിൽ സോളാർ പാനലും ബൾബുകളും സ്ഥാപിക്കുന്നതിന് സ്പോൺസർഷിപ്പ് നൽകുകയും സ്പോൺസർമാരുടെ ചെറിയ പരസ്യ ബോർഡുകൾ അതിൽ സൗജന്യമായി സ്ഥാപിക്കുന്നതിന് അനുവദിക്കുകയും ചെയ്യുക.

12. എൻ. ആർ. ഐ. നിക്ഷേപങ്ങൾ പ്രത്യുൽപാദനപരമായ മേഖലകളിലേക്ക് തിരിച്ചുവിടുന്നതിന് വിദേശ ജോലിക്കരേയും തിരികെ വന്നവരെയും ചേർത്ത് സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് പ്രേരിപ്പിക്കുകയും ചെയ്യുക.

13. അഞ്ചുലക്ഷത്തിലധികം തുക ചെലവു വരുന്ന പൊതു വികസന നിർമ്മാണ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത്- വായ്പാ സ്ഥാപനങ്ങൾ പൊതു ജനങ്ങൾ എന്നിവരിൽനിന്നായി 40:30:30 എന്നതോതിൽ പണം സ്വരൂപിക്കാവുന്നതാണ്.

14. പഞ്ചായത്തിന്റെ എല്ലാ വികസന പ്രവർത്തനങ്ങളിലും അതാത് മേഖലകളിൽ സാങ്കേതിക പരിജ്ഞാനമുള്ളവരുടെ അറിവ് ഉപയോഗപ്പെടുത്തകയും പരിസരവാസികളുടെയും, സന്നദ്ധ സേവകരുടെയും മനു

ഷ്യാദ്ധ്യാനം ഉപയോഗപ്പെടുത്തുകയും വേണം. അത് പൊതു മുതൽ സൂക്ഷിക്കുന്ന പൗരബോധമുള്ളവരായി ജനങ്ങളെ മാറ്റുന്നതിന് സഹായിക്കും.

15. ഓരോ പ്രദേശത്തെയും വികസനപ്രവർത്തനങ്ങൾക്ക് ഗ്രാമസഭകൾ നിശ്ചയിക്കുന്ന പ്രകാരം സമ്പന്നസ്സുള്ള ജനങ്ങളിൽ നിന്ന് സംഭാവനകൾ സ്വീകരിക്കുകയും അപ്രകാരം ചെയ്യുന്നതിന് അവരെ പ്രേരിപ്പിക്കുകയും വേണം.

നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ അപ്രസക്തമല്ലാത്ത പങ്ക് നിറവേറ്റുവാൻ സന്നദ്ധ സംഘടനകൾക്ക് കഴിഞ്ഞിട്ടുണ്ട്. സ്കൂളുകൾ കേന്ദ്രീകരിച്ച് അദ്ധ്യാപക-രക്ഷകർതൃ സംഘടനകൾ പല നിർമാണ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. ചാങ്ങുവിള എൽ. പി. സ്കൂളിന് ചുറ്റുമതിൽ കെട്ടുന്നതിനും കളരിയ്ക്കൽ എൽ. പി. സ്കൂളിൽ പാചക ശാല, ചുറ്റുമതിൽ, ജലവിതരണം തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും മഹാത്മാ ഹൈസ്കൂളുകളിൽ സൈക്കിൾ ഷെഡ് നിർമ്മിക്കുന്നതിനും മറ്റ് ഒട്ടേറെ നിർമാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും പി. റ്റി. എ. യ്ക്ക് കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന നിരവധി യുവജന സംഘടനകൾ പുരകെട്ടിമേയൽ, വെയിറ്റിംഗ് ഷെഡ് നിർമാണം, ഓടകൾ വൃത്തിയാക്കൽ, രോഗികൾക്ക് സഹായമെത്തിക്കൽ തുടങ്ങിയ ഒട്ടേറെ സന്നദ്ധ സേവനങ്ങളും ജീവകാരുണ്യ പ്രവർത്തനങ്ങളും നിർവഹിക്കുവാൻ ശ്രദ്ധിച്ചിട്ടുണ്ട്. എന്നാൽ ഈ സംഘടനകൾക്ക് ഇനിയും ഒട്ടേറെ മേഖലകളിൽ ശ്രദ്ധ പതിപ്പിക്കുവാൻ കഴിയണം. പൊതു വഴികൾ വൃത്തിയാക്കൽ, സാംക്രമിക രോഗങ്ങൾ തടയുന്നതിന് ജനങ്ങളെ ബോധവത്കരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ കഴിയണം.

# ഉപസംഹാരം

ഈ പഞ്ചായത്തിലെ പതിനൊന്ന് ഗ്രാമ സഭകളിൽ നടന്ന ചർച്ചകളിൽ നിന്നുരുത്തിരിഞ്ഞ പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാര നിർദ്ദേശങ്ങളും പഠന പര്യടന സംഘങ്ങൾ സമാഹരിച്ച വസ്തുതകളും വിവിധ മേഖലകളെ സംബന്ധിക്കുന്ന ദ്വിതീയ വിവര ശേഖരണവും ഗ്രാമീണരിൽ നിന്ന് ലഭിച്ച നാട്ടറിവും സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു റിപ്പോർട്ടാണിത്. പഞ്ചായത്തിനെക്കുറിച്ചുള്ള പൊതു വിവരങ്ങളും പഞ്ചായത്ത് നിലവിൽ വന്നതിനുശേഷമുള്ള ഭരണപരമായ ചരിത്രവും നമ്മുടെ പ്രദേശത്തിന്റെ സാമൂഹിക സാംസ്കാരിക പശ്ചാതലവും ആമുഖത്തിലുൾപ്പെടുത്തിയിട്ടുണ്ട്.

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ നടപ്പിലാക്കിയ കേന്ദ്രീകൃതവും ഉദ്യോഗസ്ഥ മേധാവിത്വപരവും ജനപങ്കാളിത്തം ഇല്ലാത്തതുമായ എട്ട് പഞ്ചവത്സര പദ്ധതികളുടെ ആസൂത്രണ നയത്തിൽ നിന്ന് വ്യത്യസ്ഥമായി ജനപങ്കാളിത്തത്തോടുകൂടിയ വികേന്ദ്രീകൃത ആസൂത്രണ നയമാണ് ഒൻപതാം പഞ്ചവത്സര പദ്ധതിക്കുള്ളത്. പല പരീക്ഷണങ്ങളും നടത്തി വിജയിച്ചിട്ടുള്ള കേരള സംസ്ഥാനം തന്നെയാണ് ഈ കാര്യത്തിലും മുൻകൈയ്യെടുക്കുന്നത്. വിദ്യാഭ്യാസം, പൊതുജനാരോഗ്യം, ശിശുമരണനിരക്ക്, സാക്ഷരത, ആയുർദൈർഘ്യം തുടങ്ങി പല കാര്യങ്ങളിലും നാം മുൻപന്തിയിലാണെങ്കിലും കൃഷി, വ്യവസായം തുടങ്ങി ഉത്പാദന രംഗങ്ങളിൽ വളരെയേറെ പിന്നോക്കമാണ്. അതുമാത്രമല്ല കൂടാതെ ഉപഭോഗ സംസ്കാരം അനുദിനം വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ കുറവുകൾ പരിഹരിച്ചുകൊണ്ടുള്ള ആസൂത്രണത്തിന് മുൻതൂക്കം കൊടുക്കുന്നതിനാവശ്യമായ പ്രശ്നങ്ങളും നിർദ്ദേശങ്ങളും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അടുത്ത അഞ്ചു വർഷങ്ങളിൽ നമ്മുടെ പഞ്ചായത്തിൽ നടപ്പാക്കേണ്ട വിവിധ വികസന പ്രവർത്തനങ്ങളെ സംബന്ധിക്കുന്ന പദ്ധതികൾ തയ്യാറാക്കന്നതിന് ആധാരമായ വസ്തുതകൾ ഉൾക്കൊള്ളുന്ന ഈ റിപ്പോർട്ട് സമഗ്രമായി ചർച്ച ചെയ്യുന്നതിനും ഗുണപ്രദമായ നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കുന്നതിനും നമ്മുടെ പഞ്ചായത്ത് വികസന സെമിനാറിന് കഴിയണം. പ്രാദേശിക ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിൽ പദ്ധതികൾ തയ്യാറാക്കുമ്പോൾ അവ നടപ്പാക്കുന്നതിനാവശ്യമായ വിഭവങ്ങൾ സമാഹരിക്കുന്നതിനുള്ള ബാദ്ധ്യതയും നമ്മക്കുണ്ടെന്നോർക്കണം. "എല്ലാം സർക്കാരിൽ നിന്നു കിട്ടണം" എന്നുള്ള ചിന്താഗതിക്ക് മാറ്റം വരേണ്ടത് അനിവാര്യമാണ്. അതോടൊപ്പം ഇന്ന് നമ്മുടെ രാഷ്ട്രത്തെ ഗ്രസിച്ചിരിക്കുന്ന അഴിമതി വൈതാളിക രൂപം പൂണ്ടിരിക്കുന്നു എന്ന വസ്തുതയും നാം ഓർക്കേണ്ടതുണ്ട്. എല്ലാതലങ്ങളിലുമുള്ള അഴിമതി അവസാനിപ്പിക്കാതെ നമുക്ക് മുന്നോട്ട് പോകുവാൻ സാദ്ധ്യമല്ല. ജനപങ്കാളിത്തത്തോടുകൂടിയ ആസൂത്രണത്തിന് അഴിമതിയും ചൂഷണവും ഒരു പരിധി വരെ കുറയ്ക്കുന്നതിന് കഴിഞ്ഞെന്നു വരും. മേൽപ്പറഞ്ഞ എല്ലാകാര്യങ്ങളും ഉൾക്കൊണ്ടുകൊണ്ട് ഈ റിപ്പോർട്ട് വസ്തുനിഷ്ടമായി പരിശോധിക്കണമെന്ന് താത്പര്യപ്പെടുന്നു. പോരായ്മകൾ ധാരാളമുണ്ടാകാം. എല്ലാ വികസന മേഖലകളും ആഴത്തിൽ പരിശോധിക്കുവാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും പൂർണത കൈവരിക്കുവാൻ കഴിഞ്ഞതായി അവകാശപ്പെടുന്നില്ല. ആയതിനാൽ ഈ റിപ്പോർട്ട് വിശദമായി ചർച്ച ചെയ്ത് ആവശ്യമായ പുതിയ നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കുകയും കഴിവുള്ളത്ര കുറ്റമറ്റതാക്കിത്തീർക്കുകയും വേണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിങ്ങളുടെ പരിഗണനയ്ക്കായി സമർപ്പിച്ചുകൊള്ളുന്നു.

# ചെന്നിത്തല - തൃപ്പെരുന്തുറ ഗ്രാമ പഞ്ചായത്ത് സമഗ്ര വികസന രേഖ

## തിരുത്തുകൾ

| ക്രമ നമ്പർ | പേജ് നമ്പർ | |
|---|---|---|
| 1 | 8 | 1, 2, 4 വരികളിൽ 'ഒക്ടോബർ' എന്നത് 'സെപ്തംബർ' എന്ന് വായിക്കുക. |
| 2 | 23 | പട്ടിക - 1 നെല്ല് (ഒന്നാംവിള) '2360 ഹെക്ടർ' എന്നത് '236 ഹെക്ടർ' എന്ന് വായിക്കുക. |
| 3 | 27 | പട്ടിക VI ക്രമനമ്പർ - 1. ഷട്ടർ സംവിധാന വിവരം എന്ന കോളത്തിൽ 'ഉണ്ട്' എന്നത് 'ഇല്ല' എന്നും ബ്ലോക്ക് 13 എന്നത് 'ബ്ലോക്ക് 12' എന്നും തിരുത്തി വായിക്കുക. |
| 4 | 27 | പട്ടിക VI ക്രമനമ്പർ - 3. 'മേച്ചേരിൽ തോട്' എന്നത് 'കിഴക്കംവേലിൽ തോട്' എന്ന് തിരുത്തി വായിക്കുക. |
| 5 | 35 | മത്സ്യബന്ധനം 4-ാം വരിയിൽ '200-ഓളം' എന്നത് '500 - ഓളം' എന്ന് തിരുത്തി വായിക്കുക. |
| 6 | 44 | പട്ടിക.<br>ക്രമനമ്പർ 4. അവസാന കോളത്തിൽ 'A' എന്നത് 'G' എന്ന് തിരുത്തി വായിക്കുക.<br>ക്രമനമ്പർ 5. ചുറ്റുമതിൽ എന്ന കോളത്തിൽ 'ഉണ്ട്' എന്നത് 'ഇല്ല' എന്ന് തിരുത്തുക.<br>ക്രമനമ്പർ 9. ചുറ്റുമതിൽ കോളത്തിൽ 'ഇല്ല' എന്നത് 'ഉണ്ട്' എന്ന് തിരുത്തുക. |
| 7 | 54 | പട്ടിക II ക്രമനമ്പർ 17. '1500' m. എന്നത് '500' m. എന്നും 'പറക്കടവ് തൈത്തറമുക്ക്' എന്നത് 'വേണാട്ട് പീടികയിൽ തൈത്തറമുക്ക്' എന്നും തിരുത്തി വായിക്കുക. |
| 8 | 54 | പട്ടിക II - ൽ ക്രമനമ്പർ 28 -ൽ മഹാത്മാ ഗേൾസ് ഹൈസ്കൂൾ പടി-നാടാലിയ്ക്കൽപടി (1000 m, 4m) എന്നത് തിരുത്തി മഹാത്മാ ഗേൾസ് ഹൈസ്കൂൾപടി-പേരകത്ത്പടി എന്ന് തിരുത്തുക. |

## *ചെന്നിത്തല - തൃപ്പെരുന്തുറ ഗ്രാമ പഞ്ചായത്ത് സമഗ്രവികസന രേഖ*

അടിയിൽ സൂചിപ്പിച്ചിരിക്കുന്ന ആവശ്യങ്ങൾ/നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വിഷയ ഗ്രൂപ്പുകളിൽ നൽകിയിരിക്കുന്ന സാദ്ധ്യതകൾക്കൊപ്പം ചേർക്കുക:-

### *കൃഷി - ജലസേചനം*

1. വെള്ളപ്പൊക്ക - വരൾച്ചാ നിയന്ത്രണത്തിന് തടയണകൾ നിർമ്മിക്കുക.
2. 5, 6 ബ്ലോക്ക് പാടശേഖരങ്ങളിലെ വെള്ളം ഒഴുകി പോകുന്നതിന് തടസ്സം സൃഷ്ടിക്കുന്ന മാന്നാർ പഞ്ചായത്ത് അതിർത്തിയിലെ ബണ്ട് പുനർനിർമ്മിച്ച് ബുദ്ധിമുട്ട് ഒഴിവാക്കുക.
3. 3-ാം വാർഡിൽ പാക്കാല മുതൽ ഉളുന്തി വരെ ജലനിർഗ്ഗമനത്തിന് തോട് നിർമ്മിക്കുക.
4. കണ്ണാടി പാടത്ത് ലിഫ്റ്റ് ഇറിഗേഷൻ സൗകര്യം ഉണ്ടാക്കുക.
5. പറക്കടവിന് കിഴക്കുവശം നിലവിലുള്ള ചീപ്പിന് ഷട്ടർ, റാമ്പ് എന്നിവ നിർമ്മിക്കുക.
6. മൂന്നും നാലും ബ്ലോക്ക് പാടശേഖരങ്ങളെ വേർതിരിക്കുന്ന ബണ്ട് ചിറ സൈഡ് വാൾ കെട്ടി ബലപ്പെടുത്തുക.
7. 4-ാം ബ്ലോക്ക് പാടശേഖരത്തിന്റെ പടിഞ്ഞാറെ ബണ്ട് ചിറയിൽ രണ്ട് തൂമ്പുകൾ സ്ഥാപിക്കുക.
8. 11-ാം വാർഡിൽ നാരായണത്തുകുളത്തിൽ നിന്നും വടക്കോട്ടുള്ള തോടിന്റെ ആഴവും വീതിയും വർദ്ധിപ്പിക്കുക.
9. 8-ാം ബ്ലോക്ക് പാടശേഖരത്തിന് സ്ഥിരമായി മോട്ടോർ തറയും കെട്ടിടവും നിർമ്മിക്കുക.
10. 4-ാം വാർഡിൽ കണ്ണാടിപ്പാടത്ത് വേണാട്ട് ജംങ്ഷൻ തൈത്തറപ്പടി റോഡിലെ സൈഡ് കെട്ടി സംരക്ഷിക്കുക.

## മൃഗ സംരക്ഷണം - മത്സ്യബന്ധനം

1. കന്നുകാലി കർഷകർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിക്കുക.
2. പശു, എരുമ എന്നിവയെ വാങ്ങുവാൻ സബ്സിഡി നൽകി പ്രോത്സാഹിപ്പിക്കുക.
3. മൃഗാശുപത്രിക്ക് പഞ്ചായത്ത് സ്വന്തമായി കെട്ടിടം നിർമ്മിക്കുകയും ആവശ്യമുള്ള ഉപകരണം ലഭ്യമാക്കുകയും ചെയ്യുക.
4. പമ്പിംങ് നടത്തുന്ന പെട്ടിമുഖത്ത് വല കെട്ടുന്നതു മൂലം മത്സ്യകുഞ്ഞുങ്ങൾ നശിക്കുന്നത് കർശനമായി തടയുകയും കീടനാശിനിയുടെ അമിത ഉപയോഗത്തിനെതിരെ ബോധവൽകരണം നടത്തുകയും ചെയ്യുക.
5. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ഓഫീസ് താലൂക്ക് കേന്ദ്രങ്ങളിൽ പ്രവർത്തനം ആരംഭിക്കുക.

## വിദ്യാഭ്യാസം

1. ചെന്നത്തല സൗത്ത് LPS ന് മുന്നുവശവും, ഹരിജനോദ്ധാരണി LPS, തൃപ്പെരുന്തുറ UPS, കാരാഴ്മ ഈസ്റ്റ് LPS എന്നിവയ്ക്കു ചുറ്റുമതിൽ നിർമ്മിക്കുക.
2. ചെന്നിത്തല ഗവ: മോഡൽ UPS -ൽ പെൺകുട്ടികൾക്കായി മൂത്രപ്പുര നിർമ്മിക്കുക.
3. ഈ പഞ്ചായത്തിൽ ITI, ITC തുടങ്ങിയ സാങ്കേതിക വിദ്യാലയങ്ങൾക്ക് അനുമതി നൽകുക.
4. സ്കൂളുകളിൽ ക്വാളിഫൈഡ് ലൈബ്രേറിയൻ പോസ്റ്റ് അനുവദിക്കുക.

## ഗതാഗതം - ഊർജ്ജം

**പട്ടിക II -ൽ ചേർക്കേണ്ട (ടാർ ചെയ്യേണ്ടത്)**

| വാർഡ് | നീളം | വീതി | റോഡിന്റെ പേര് |
|---|---|---|---|
| I | 850 m | 6 m | നിലയ്ക്കാവിളപ്പടി - പുത്തൻകുളങ്ങര |
| III | 1 km | 6 m | ശുഭാനന്ദാശ്രമം - കാരാഴ്മ ക്ഷേത്രം |
| IV | 250 m | 5 m | വേണാട്ട് പടി - തൈത്തറപടി |
| VI | 200 m | 6 m | തുമ്പിനാത്ത് കോളനി - ചാർവേലിൽ |
| XI | 350 m | 5 m | കളരിക്കൽതറ - മുക്കത്തു കോളനി |
| VII | 1.5 km | 5 m | കാരിക്കുഴി - മുണ്ടുവേലിൽ കടവ് |
| V | 300 m | 6 m | കണ്ടത്തിൽ ജംഗ്ഷൻ - ഈഴക്കടവ് |

**പട്ടിക III -ൽ ചേർക്കേണ്ടത് (ഗ്രാവൽ ചെയ്യേണ്ടത്)**

| വാർഡ് | നീളം | വീതി | റോഡിന്റെ പേര് |
|---|---|---|---|
| V | 200 m | 3 m | ആയിക്കാട്ട് ജംഗ്ഷൻ - പുല്ലംപ്ലാവിൽ ജംഗ്ഷൻ |
| V | 750 m | 4 m | പറക്കടവ് - പഞ്ചായത്ത് കടവ് |
| VII | 100 m | 4 m | കോട്ടപ്പുറംപടി - കടവിൽപടി |
| X | 450 m | 3.5 m | കിടങ്ങല്ലൂർപടി - കരുവേലി മുളപ്പുറത്ത് |
| XI | 400 m | 4 m | മർത്തോമാപള്ളി - കോട്ടക്കുഴി |
| VII | 700m | 6 m | തിരുമാലക്കേരി - കോതകേരിൽ |

**പട്ടിക IV -ൽ ചേർക്കേണ്ടത് (ഗ്രാവൽ ചെയ്യേണ്ട എർത്ത് റോഡുകൾ)**

| വാർഡ് | നീളം | വീതി | റോഡിന്റെ പേര് |
|---|---|---|---|
| VIII | 1000 m | 4 m | കളരിയ്ക്കൽപടി - നാടാലയ്ക്കൽപടി |
| VI | 200 m | 3 m | കരുമ്പിൽപടി - ഞാറക്കുഴി |
| VIII | 950 m | 3 m | വാഴക്കൂട്ടംകടവ് - വാഴക്കൂട്ടത്തിൽപടി സൈഡ് വാൾ കെട്ടി സംരക്ഷിക്കുക. |

**പട്ടിക V -ൽ ചേർക്കേണ്ടത് (റീടാറിങ്ങ് ചെയ്യേണ്ട റോഡുകൾ)**

| വാർഡ് | നീളം | വീതി | റോഡിന്റെ പേര് |
|---|---|---|---|
| XI | 500 m | 6 m | ഐക്കര ജംഗ്ഷൻ - പരുത്തിപള്ളിക്കടവ് |
| XII | 700 m | 6 m | കാരാഴ്മ ജംഗ്ഷൻ - പട്ടരുകാട് ജംഗ്ഷൻ |
| III | 1000 m | 6 m | വെട്ടത്തുവിള - മഠത്തുംപടി ജംഗ്ഷൻ |
| XIV | 1200 m | 6 m | കല്ലുംമൂട് - കോയിക്കുളം |
| X | 800 m | 6 m | അമ്പലപ്പാട്ട് പടി - കല്ലൂരേത്ത് പടി |

39. IV, VI വാർഡുകളിലെ ശാന്തിവനം - വലിയപെരുമ്പുഴ റോഡിലെ 3 കലുങ്കുകൾ വീതികൂട്ടി പുനർനിർമ്മിക്കുക.

40. തിരുവല്ല - മാവേലിക്കര PWD റോഡിൽ കല്ലുംമൂട് ജങ്ഷന് തെക്കുവശം ഉള്ള വളവിൽ സെൻട്രൽ മെറിഡിയൻ കെട്ടി രണ്ട് വഴി ഗതാഗതം ഉറപ്പാക്കുക.

41. ശാസ്താംപടി - കാട്ടിൽമുക്ക് റോഡിലെ കലുങ്കുകൾ പുനൻനിർമ്മിക്കുകയും സൈഡ് ഭിത്തി നിർമ്മിക്കുകയും ചെയ്യുക.

## ഊർജ്ജം

18. ചെന്നിത്തല - മാന്നാർ ഭാഗത്ത് പുതിയ ഇടക്ട്രിക്കൽ സബ്സ്റ്റേഷൻ സ്ഥാപിക്കുക.
19. കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദനം നടത്തുന്നതിന് ഉള്ള സാദ്ധ്യത ഉപയോഗപ്പെടുത്തുക.
20. വൈദ്യുതി ഉപയോഗം കൂടുതലുള്ള സിംഗിൾ ഫേസ് ലൈനുകൾ ത്രീഫേസ് ലൈനുകളാക്കുക.
21. XI -ാം വാർഡിൽ KE - 85 പോസ്റ്റിൽ ഫ്ളൂറസന്റ് വിളക്ക് സ്ഥാപിക്കുക.

## പട്ടിക III -ൽ ചേർക്കേണ്ടത്

| | വാർഡ് | പേര് |
|---|---|---|
| 57. | II, VI | കാട്ടിൽമുക്ക് - ഗുരുമന്ദിരം |
| 58. | IX | കന്ന്യേത്തറ - കരുവേലിൽ മുളപ്പുറം |
| 59. | II | പട്ടരുകാട്ടിൽ പടി - ബഥേൽ ജംഗ്ഷൻ |
| 60. | VII | വാഴക്കൂട്ടം കടവ് - പറയങ്കേരിക്കടവ് |
| 61. | | കോട്ടപ്പുറം - പഞ്ചായത്ത് കടവ് |
| 62. | VII | മുണ്ടോലിക്കടവ് - പറങ്കാംമൂട്ടിൽ |
| 63. | | വാഴക്കൂട്ടംകടവ് - വാഴക്കൂട്ടത്തിൽപടി |
| 64. | XI | ഏരൂർപടി - ചെമ്പോട്ടിൽപടി |
| 65. | VII | വാഴക്കൂട്ടംകടവ് - പാമ്പനംചിറ |
| 66. | IV | കോണാട്ട്പടി - ചാങ്ങുവിള ജംഗ്ഷൻ |
| 67. | IV | കാട്ടിൽമുക്ക് - ചാങ്ങുവിള ജംഗ്ഷൻ |
| 68. | IV | വല്യത്ത് ജംഗ്ഷൻ - മാർത്തോമാ ചർച്ച് |
| 69. | IV | ആറ്റുപുറം ജംഗ്ഷൻ - മാർത്തോമാ പള്ളി ജംഗ്ഷൻ |
| 70. | II, III | കാരാഴ്മ ജംഗ്ഷൻ - മനാദിയിൽ |
| 71. | VIII | പയ്യമ്പള്ളിൽപടി - ശ്രീരംഗം പടി |
| 72. | VIII | പാണ്ടവത്ത്പടി - ആറ്റുപുറം പടി |
| 73. | VIII | തായംകുളംപടി - കൊടുവേലിൽപടി |
| 74. | VIII | പാലപ്പള്ളിൽപടി - ചാണാച്ചേരിൽപടി. |

## കുടിവെള്ളം - ആരോഗ്യം

1. സ്കൂൾ ഹെൽത്ത് പ്രോഗ്രാമിൽ ഹോമിയോ-ആയുർവേദ ചികിത്സാ വിഭാഗങ്ങളെ ഉൾപ്പെടുത്തുക.
2. ചെന്നിത്തല പഞ്ചായത്തിൽ ഒരു പ്രകൃതി ചികിത്സാകേന്ദ്രം തുടങ്ങുക.
3. ശാസ്ത്രീയ രീതിയിലുള്ള ഒരു അറവുശാല സ്ഥാപിക്കുക.

*Opening Shortly*

Tel: Off: 0479-303259
Res: 0479-300762

# VAISAKH

## HARDWARES

Karazhma Market Jn., Chennithala P. O., Mavelikara - 690 105,
Alappuzha Dist, Kerala.

Dealers in: SANITARY FITTINGS, PLUMBING MATERIALS,
PUMPSET, CEMENT, PAINTS, IRON ETC..

**Our Sister Concerns:**

**HOTEL PARADISE**
**PIONEER MATCH INDUSTRIES**

Phone: 312287,

ആശംസകൾ!

# സൂര്യാ

## ഹാർഡ് വെയേഴ്സ്

**കോയിക്കൽ ജംഗ്ഷൻ, കുട്ടമ്പേരൂർ പി. ഒ., മാന്നാർ**

**Branch: ഇലഞ്ഞിമേൽ**

കമ്പി, സിമന്റ്, പെയിന്റ്, എ. സി. ഷീറ്റ്, പ്ളംബിംഗ് മെറ്റീരിയൽസ്, സാനിട്ടറി വെയേഴ്സ് മുതലായവ മിതമായ വിലയ്ക്ക് ലഭിക്കുന്നതിന് സമീപിക്കുക.

# വികസന രേഖ തയ്യാറാക്കിയ ഗ്രൂപ്പുകൾ

**കൃഷി ജലസേചനം:**

രാജൻ കന്ന്യത്തറ.
മാധവൻ നായർ കാട്ടൂർ.
റ്റി. എം. കുര്യൻ. തോപ്പിൽ.
കെ. ഗോപാലൻ.
വർഗീസ് മാത്യു

**മൃഗ സംരക്ഷണം-മത്സ്യ ബന്ധനം**

കെ. നാരായണപിള്ള
പി. വിജയകുമാർ
റ്റി. ജെ. ജോസഫ്
ഡോ. മഞ്ജുശ്രീ

**വിദ്യാഭ്യാസം**

ജി. ഗംഗാധരൻ നായർ
എൻ. ഗോപിനാഥൻ ആചാരി
വി. കെ. രാജപ്പൻ നായർ
കെ കാർത്ത്യായനികുഞ്ഞമ്മ

**വ്യവസായം**

എൻ. ആർ. ബി. നായർ
വേണാട്ട് ചന്ദ്രശേഖരൻ നായർ
ലിസ്സി ഡാനിയേൽ
ചെറുപുഷ്പം തോബിയാസ്

**ഗതാഗതം - ഊർജ്ജം**

എൻ. ആർ. ബി. നായർ
ശശിധരൻ, വെട്ടുവേലിത്തറ
ഗോപാലകൃഷ്ണൻ ഗോകുലം
രാമകൃഷ്ണൻ നായർ (കെ. എസ്. ഇ. ബി.)

**പാർപ്പിടം / സാമൂഹ്യ ക്ഷേമം**

കെ. നാരായണപിള്ള
സോമശേഖരൻ (വി. ഈ. ഓ)
സി. പി. ഗോപാലൻ ആചാരി
പൊന്നമ്മ പോളയിൽ
കെ. ഗോപി

**പൊതുജനാരോഗ്യം - കുടിവെള്ളം**

എം. സുകുമാരൻ നായർ
തുമ്പിനാത്ത് രാധാകൃഷ്ണൻ
ഗോപാലകൃഷ്ണപണിക്കർ
ബിന്ദു ബി.
സിരി സത്യദേവൻ

**സംസ്കാരം**

ജി. ഗംഗാധരൻ നായർ
എം. ഗോപിനാഥൻ ആചാരി
രാജേന്ദ്രൻ അമൃത
രാമകൃഷ്ണൻ നായർ, വാഴപ്പള്ളിൽ
ആർ. പുരന്ദരദാസ്

**വനിതക്ഷേമം.**

റ്റി. സുകുമാരി
ഈശ്വരിപിള്ള
പൊന്നമ്മ പോളയിൽ
ഷീല തോമസ്

**സഹകരണം**

ലിസ്സി ഡാനിയേൽ
ജെയിൻ ജോർജ്
സുനിൽകുമാർ പി. എസ്.
റ്റി. കെ. രാഘവൻ

**പട്ടികജാതി/പട്ടിക വർഗ്ഗ ക്ഷേമം**

കെ. ചെല്ലപ്പൻ
റ്റി. ചെല്ലമ്മ
കെ. സി. പുരുഷോത്തമൻ
റ്റി. കെ. രാഘവൻ

**വിഭവ സമാഹരണം**

ആർ. ചന്ദ്രശേഖരൻനായർ
ജെയിൻ ജോർജ്
സി. കെ. പുഷ്കരൻ

**റിപ്പോർട്ട് അവലംബം**

ഗ്രാമസഭകൾ
ദ്വിതീയ വിവര ശേഖരണം
പഠന പര്യടനം
നാട്ടറിവ്/കേട്ടറിവ്

**കവർ ഡിസൈൻ**

രാജേന്ദ്രൻ അമൃത (ഗാലക്സി)


ചെന്നിത്തല-തൃപ്പെരുന്തുറ ഗ്രാമ പഞ്ചായത്ത്
മാന്നാർ
11-ാം വാഡ്
10-ാം വാഡ്
1-ാം വാഡ്
8-ാം വാഡ്
9-ാം വാഡ്
2-ാം വാഡ്
3-ാം വാഡ്
7-ാം വാഡ്
6-ാം വാഡ്
4-ാം വാഡ്
5-ാം വാഡ്
മാവേലിക്കര